ISSN-0971-8397

# യോജന

ഒക്ടോബർ 2016 | ഒരു വികസന പത്രിക | ₹ 30



## ടെക്സ്റ്റൈൽ മേഖല


**കൈത്തൊഴിൽ രംഗത്തെ സുസ്ഥിര വികസനം**
സ്മൃതി ഇറാനി

**സാമൂഹിക അഭിവൃദ്ധിക്കായി ക്ഷേമപദ്ധതികൾ**
അജയ് തംത

**ഭാരതം കൈത്തറിയിൽ നെയ്ത സംസ്കാരം**
ജയ ജയ്റ്റ്ലി

**ഫോക്കസ്**

ഖാദി : നവരാഷ്ട്ര നിർമ്മിതിയുടെ ചാലക ശക്തി
വി.കെ.സക്സേന

**പ്രത്യേക ലേഖനം**

ടെക്നിക്കൽ ടെക്സ്റ്റൈൽസ് : ഒരു വിപണി വിശകലനം
പ്രകാശ് വാസുദേവൻ




*(2015, ആഗസ്ത് 7ലെ ദേശീയ കൈത്തറി ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി കൈത്തറിയുടെ ലോഗോ പ്രകാശനം നിർവ്വഹിക്കുന്നു)*

## ദേശീയ കൈത്തറി ദിനമായ 2016 ആഗസ്റ്റ് 7ാം തീയതി പ്രധാനമന്ത്രി നൽകിയ സന്ദേശം

- കൈത്തറി മേഖലയ്ക്കു ഉത്തേജനം നൽകും വിധം നമ്മുടെ നിത്യജീവിത്തിൽ കൈത്തറി ഉല്പന്നങ്ങൾ കൂടുതലായി ഉപയോഗിക്കുമെന്നു ദേശീയ കൈത്തറിദിനത്തിൽ നമുക്കു പ്രതിജ്ഞയെടുക്കാം
- വൈവിധ്യവും പരിസ്ഥിതിസൗഹൃദവുമായ നമ്മുടെ കൈത്തറിമേഖല എണ്ണമറ്റ നെയ്ത്തുകാരുടെ തൊഴിൽ മാർഗമായതിനാൽ നമ്മുടെ പിന്തുണ അവർക്കു പ്രേരകമാകട്ടെ.
- ധാരാളം സ്ത്രീകൾ കൈത്തറി മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നതിനാൽ ഈ മേഖലയിലെ വളർച്ചയെന്നത് വനിതാശാക്തീകരണത്തിന്റെ മുഖ്യ മാർഗവുമാകുന്നു.

## 2016 ജനുവരി 31 ലെ 'മൻ കി ബാത്ത്" പരിപാടിയിൽ നിന്നും

- ഖാദിയെന്നത് വ്യത്യസ്തമായ വ്യക്തിത്വത്തിന്റെ അടയാളമാണ്. ഇപ്പോൾ അത് യുവതലമുറയുടെ ആകർഷണകേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്നു. നൈസർഗികവും പ്രകൃതിപരവുമായ ആരോഗ്യപരിപാലനത്തിൽ താല്പര്യപ്പെടുന്നവർക്കുള്ള സമ്പൂർണ്ണ പരിഹാരമായി ഇതു മാറുന്നു.
- സാങ്കേതിക വിദ്യാവികസനത്തിൽ സദാ ബോധവാനും കർക്കശക്കാരനുമായിരുന്ന ഗാന്ധിജി ഇതിന്റെ അമരക്കാരനായിരുന്നു. ജനുവരി 30 ാം തീയതി ബാപ്പുജിയെ നമ്മൾ സ്മരിക്കുന്ന വേളയിൽ നിങ്ങൾ ധരിക്കുന്ന പല വസ്ത്രങ്ങളിൽ ഒരെണ്ണമെങ്കിലും ഖാദിയാക്കി ഇതിൽ പങ്കാളിയാവുക.

## 2015 ലെ ദേശീയ കൈത്തറി ദിനത്തിലെ പ്രധാനമന്ത്രിയുടെ പ്രസംഗം

- കൈത്തറിമേഖലയിൽ അന്തർലീനമായിരുന്ന ശക്തിയെ നാം കമ്പോളവൽക്കരിക്കേണ്ടതുണ്ട്. കൈത്തറി മേഖലയിൽ അസംസ്കൃതവസ്തുവായി പരുത്തി, പട്ട്, കമ്പിളി, ചണം മുതലായ പ്രകൃതി ജന്യനാരുകളാണ് ഉപയോഗിക്കുന്നത്. സസ്യങ്ങളിൽ നിന്നെടുക്കുന്ന ചായങ്ങളും മറ്റ് പ്രകൃതിജന്യ വസ്തുക്കളും ഉപയോഗപ്പെടുത്തി നമുക്കതിനെ കൂടുതൽ പരിസ്ഥിതി  സൗഹൃദമാക്കാൻ സാധിക്കും. നമ്മുടെ കൈത്തറി പാരമ്പര്യത്തെ ഇന്ത്യയുടെയും ലോകത്തിന്റെയും പരിഷ്ക്കാരത്തിന്റെ നെറുകയിൽ തന്നെ നാം പ്രതിഷ്ഠിക്കേണ്ടതുണ്ട്.
- സമീപകാലത്തായി നാം തുടങ്ങിയ ഡിജിറ്റൽ ഇന്ത്യാ പ്രസ്ഥാനം ഉടൻ എല്ലാ ഇന്ത്യാക്കാരെയും ഇന്റർനെറ്റ് വഴി ബന്ധിപ്പിക്കും. ഇപ്പോൾ ചെറുപ്പക്കാരായ ഉപഭോക്താക്കൾ ഇന്റർനെറ്റ് വ്യാപാരത്തിലൂടെ വ്യാപകമായി സാധനങ്ങൾ വാങ്ങുന്നുണ്ട്. അതിനാൽതന്നെ ഇന്റർനെറ്റ് വ്യാപാരത്തിലൂടെ കൈത്തറി ഉല്പന്നങ്ങൾ വിൽക്കുന്നതിന്റെ സാധ്യതകൾ വിപുലപ്പെടുത്തേണ്ടതാണ്.
- പണിശാലകൾ, തറിയന്ത്രങ്ങൾ, മറ്റു അസംസ്കൃത സാധനങ്ങൾ എന്നിവയ്ക്കായി നെയ്ത്തുകാർക്ക് നൽകുന്ന സാമ്പത്തിക സഹായം ഇപ്പോൾ ബാങ്ക് അക്കൗണ്ടു വഴി നേരിട്ടു ലഭ്യമാക്കുന്നുണ്ട്.  ബ്ലോക്ക് തലത്തിൽ കൈത്തറി സംഘങ്ങൾ വികസിപ്പിക്കുന്നതിനു ശക്തമായ കാൽവയ്പു നടത്തുകയുണ്ടായി. മുമ്പ് ഓരോ കൈത്തറി സംഘങ്ങൾക്കും, നൽകിയിരുന്ന സാമ്പത്തിക സഹായമായിരുന്ന 60 ലക്ഷം രൂപ ഇപ്പോൾ 2 കോടി  രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.
- ചെറുകിട, ഇടത്തരം വ്യവസായങ്ങളുടെ സാമ്പത്തിക പ്രശ്നങ്ങൾക്കു പരിഹാരമായാണ് മുദ്രാബാങ്കുകൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. ഈ ബാങ്കിന് 20,000 കോടി രൂപയുടെ ആസ്തിയും 3000 കോടി രൂപയുടെ വായ്പാഗ്യാരന്റിയുമുണ്ട്. ഈ ബാങ്ക് നൽകുന്ന വായ്പയുടെ 60% ഉം അമ്പതിനായിരം രൂപയിൽ താഴെയുള്ള ഹ്രസ്വവായ്പകൾക്കായി നീക്കിവച്ചിരിക്കുന്നതിനാൽ കൈത്തറി മേഖലയിലെ നെയ്ത്തുകാർക്ക് വലിയ ഗുണം ലഭിക്കുമെന്നതു തീർച്ചയാണ്.

ഒക്ടോബർ 2016

വാല്യം 45 | ലക്കം 03

# യോജന

മലയാളം പതിപ്പ്

*ചീഫ് എഡിറ്റർ:*
**ദീപിക കച്ചൽ**

*സീനിയർ എഡിറ്റർ:*
**ധന്യ സനൽ കെ.**

*എഡിറ്റർ ഇൻ ചാർജ്:*
**ജെ. മഹേഷ് കുമാർ**




**ഈ ലക്കത്തിൽ**

# ടെക്സ്റ്റൈൽ മേഖല

**മലയാളം പതിപ്പ് :** റ്റി.സി 25/139, ഗവണ്മെന്റ് പ്രസ് റോഡ്, തിരുവനന്തപുരം - 695 001. **ഫോൺ : 0471 - 2323826**
**ഇ-മെയിൽ** : yojanamal50@yahoo.co.in

**വെബ്സൈറ്റ്** : www.yojana.gov.in

**ഇ-മെയിൽ** : yojanace@gmail.com

വരിസംഖ്യ/ബിസിനസ് സംബന്ധമായ വിവരങ്ങൾക്ക് : pdjucir@gmail.com

ആസൂത്രണവും വികസനവും ലക്ഷ്യമാക്കി മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ബംഗാളി, തമിഴ്, അസമിയ, മറാഠി, തെലുങ്ക്, ഗുജറാത്തി, ഉറുദു, പഞ്ചാബി, കന്നട, ഒറിയ എന്നീ 13 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നത്.

ഇംഗ്ലീഷ് യോജനയുടെ വരിസംഖ്യാ സംബന്ധമായ അന്വേഷണങ്ങൾക്ക് എഴുതേണ്ട വിലാസം:
ബിസിനസ് മാനേജർ (സർക്കുലേഷൻ ആന്റ് അഡ്വർടൈസ്മെന്റ്) പബ്ലിക്കേഷൻസ് ഡിവിഷൻ, റൂം നം. 48-53, സൂചനാ ഭവൻ, സിജിഒ കോംപ്ലക്സ്, ലോധി റോഡ് ന്യൂഡൽഹി 110 003

**വരിസംഖ്യ: ഒരു വർഷം 230/-, രണ്ടു വർഷം 430/-, മൂന്നു വർഷം 610/-**

യോജനയിൽ അച്ചടിച്ചു വരുന്ന ലേഖനങ്ങളിലെ അഭിപ്രായം ലേഖകരുടേതായിരിക്കും; അവ സർക്കാരിന്റേതാകണമെന്നില്ല. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും യോജനയ്ക്ക് ഉത്തരവാദിത്തമില്ല.

യോജനയുടെ ഉദ്ദേശ്യം വികസനത്തിന്റെ സന്ദേശം നാടെങ്ങും എത്തിക്കുകയാണ്. പക്ഷേ ഇതിൽ ഔദ്യോഗികാഭിപ്രായങ്ങൾക്കു മാത്രമല്ല സ്ഥാനം നല്കപ്പെടുക. ജനാഭിലാഷങ്ങളുടെയും നൈരാശ്യങ്ങളുടെയും കണ്ണാടി കൂടിയാണ് യോജന.

കവർ : ജി.പി. ധോപെ




## ലേഖനങ്ങൾ ക്ഷണിക്കുന്നു

**സമ്പദ് വ്യവസ്ഥ, ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ മേഖലകളിലെ പ്രവണതകൾ എന്നിവ സ്ഥിതിവിവര കണക്കുകളോടെ വിശകലനം ചെയ്യുന്ന**

# ലേഖനങ്ങൾ

**വിദഗ്ദ്ധരിൽനിന്നും ഗവേഷണ വിദ്യാർത്ഥികളിൽനിന്നും**

## ക്ഷണിക്കുന്നു

*വിലാസം:*

പത്രാധിപർ, യോജന, ഗവ. പ്രസ്സ് റോഡ്, തിരുവനന്തപുരം 695 001

ഇ-മെയിൽ :

**yojanamal50@yahoo.co.in**

യോജന
• ഒക്ടോബർ 2016 •വാല്യം 45 •ലക്കം മൂന്ന്

# ഉള്ളടക്കം

## ടെക്സ്റ്റൈൽ മേഖല

7 കൈത്തൊഴിൽ രംഗത്തെ സുസ്ഥിര വികസനം
സ്മൃതി ഇറാനി
11 സാമൂഹിക അഭിവൃദ്ധിക്കായി ക്ഷേമപദ്ധതികൾ
അജയ് തംത
14 ഭാരതം കൈത്തറിയിൽ നെയ്ത സംസ്കാരം
ജയ ജയ്റ്റ്‌ലി
18 ഫോക്കസ്
ഖാദി: നവരാഷ്ട്ര നിർമ്മിതിയുടെ ചാലക ശക്തി
വി.കെ സക്സേന
22 പ്രത്യേക ലേഖനം
ടെക്നിക്കൽ ടെക്സ്റ്റൈൽസ്: ഒരു വിപണി വിശകലനം
ഡോ. പ്രകാശ് വാസുദേവൻ
28 ടെക്സ്റ്റൈൽ മേഖലയുടെ വികസനത്തിനായി ക്ലസ്റ്റർ സമീപനം
ഡോ. എ.കെ. കൃഷ്ണ കുമാർ
33 ചണ വ്യവസായം ഇന്ത്യയിൽ: സാധ്യതകളും വെല്ലുവിളികളും
സുബ്രതാ ഗുപ്ത
39 ആഗോള വസ്ത്രവിപണിയും ഇന്ത്യൻ സാഹചര്യവും
ആർ.കെ. ഡാൽമിയ
43 ഖാദി: ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ പ്രതീകം
എ. അണ്ണാമലൈ
47 ഇന്ത്യയിലെ സിൽക്ക് വ്യവസായം
ബി എസ് അംഗാഡി, കെ കെ ഷെട്ടി, എച്ച് നാഗേഷ് പ്രഭു
55 ഇന്ത്യൻ വസ്ത്ര വ്യവസായ രംഗത്തെ പുതിയ പ്രവണതകൾ
അദിഥി ദാസ് റാവത്
61 ഖാദിയും തൊഴിലവസരങ്ങളും
പി.എൻ.അജയകുമാർ
65 കേരളത്തിന്റെ തനിമ കാക്കുന്ന കൈത്തറി മേഖല
അനിൽകുമാർ പി.വൈ.
68 കേരളത്തിലെ വസ്ത്ര വ്യവസായം: തൊഴിൽ സാധ്യതകളും സ്ത്രീ പ്രാതിനിധ്യവും
അയോണ നെൽസൺ, ഡോ. ബിജു ടി.
74 ഐ.എഫ്.ടി.കെ: ഫാഷൻ ഡിസൈനിംഗ് പഠനത്തിനായി ഒരു സർക്കാർ സംരംഭം
അധ്യ. പി.കെ. ശങ്കരൻകുട്ടി

## അടുത്ത ലക്കം

നവംബർ 2016

**നികുതി പരിഷ്കരണം**

# രാജ്യം ഭാവി നെയ്യുന്നു

നാനാവർണ്ണങ്ങളാലും ചിത്രങ്ങളാലും, മനോഹരമായ ഇന്ത്യൻ വസ്ത്രങ്ങൾ വിശ്വപ്രസിദ്ധമാണ്. ഇന്ത്യയെപ്പോലെ വൈവിദ്ധ്യമായ സംസ്കാരവും വിശാലമായ വസ്ത്രപാരമ്പര്യവും സമ്മേളിക്കുന്ന മറ്റൊരു രാജ്യവും ലോകത്തിലില്ലായെന്നു തന്നെ പറയാം. രാജസ്ഥാനിലെ ബഡാനി, ബംഗാളിലെ കാന്ത, ഗുജറാത്തിലെ ടാഞ്ചോയ്, തമിഴ്നാട്ടിലെ കാഞ്ചീപുരം എന്നിവയിലെല്ലാം അതാത് പ്രാദേശിക സംസ്കാരവും, പാരമ്പര്യവും സമ്മേളിക്കുന്നു. നമ്മുടെ ബനാറസ് സിൽക്ക്, ഒറീസ പട്ട്, ടാസർ, മൂഗ, ചന്ദേരി എന്നീ വസ്ത്രയിനങ്ങൾ ലോകം മുഴുവൻ അറിയപ്പെടുന്നവയും ഏവരുടെയും അംഗീകാരം ലഭിച്ചവയുമാണ്.

പരുത്തി വസ്ത്രങ്ങളുടെ നിർമ്മാണത്തിലും ഉപയോഗത്തിലും എക്കാലത്തും ഇന്ത്യ മുൻപന്തിയിൽ തന്നെയുണ്ട്. ധോത്തി, കുർത്ത, സാരി മുതലായ ഏതു തരത്തിലുള്ള വേഷമായാലും പരുത്തി വസ്ത്രങ്ങൾ എന്നത് ചരിത്രപരമായി തന്നെ സാധാരണക്കാരുടെ വസ്ത്രമാണ്. പരുത്തിയുടെ ഉല്പാദനത്തിന്റെ സിംഹഭാഗവും ഭാരതത്തിൽ നിന്നായതിനാൽ പണ്ടു കാലത്ത് നമ്മുടെ നാട്ടിൽ പരുത്തിവ്യവസായവും പ്രബലമായിരുന്നു. എന്നാൽ കൊളോണിയൽ കാലത്ത് ബ്രിട്ടന്റെ തെറ്റായ നയങ്ങൾ മൂലം ബ്രിട്ടീഷ് നിർമ്മിത പരുത്തി വസ്ത്രങ്ങൾ വാങ്ങാൻ നമ്മൾ നിർബന്ധിതരായി. ഈ നടപടികൾ ഇന്ത്യയിൽ ദേശീയ പ്രസ്ഥാനം ശക്തിപ്പെടുന്നതിനുള്ള മുഖ്യകാരണങ്ങളിലൊന്നായി. തുടർന്ന് ഖാദിയുടെ ആവിർഭാവം ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ മുഖമുദ്രയായി മാറി.

ഗ്രാമീണ സ്ത്രീകൾ ഉൾപ്പെടെയുള്ള വലിയ വിഭാഗം ജനങ്ങൾക്ക് തൊഴിൽ നൽകാൻ ശേഷിയുള്ള ഖാദിമേഖല മാന്യമായ ഉപജീവനമാർഗം കൂടിയാണ്. മറ്റു വസ്ത്രങ്ങളോടൊപ്പം ഒരു ഖാദിവസ്ത്രമെങ്കിലും ധരിക്കാനായി 'മൻ കി ബാത്ത്' പരിപാടിയിലൂടെ പ്രധാനമന്ത്രി ഇന്ത്യൻ യുവത്വത്തോട് ആഹ്വാനം ചെയ്യുകയുണ്ടായി. ഏറ്റവും വൃത്തിയുള്ളതും വളരെ ഈടുനിൽക്കുന്നതുമായതിനാൽ പരിസ്ഥിതിക്കു കോട്ടം വരുത്തുന്ന കൃത്രിമ നാരുകൊണ്ടുണ്ടാക്കുന്ന മറ്റു വസ്ത്രങ്ങൾക്കു പകരം നിൽക്കാൻ ഖാദിക്കു കഴിയും. സമ്പന്നമായ പൗരാണിക പാരമ്പര്യവും ആധുനിക കണ്ടെത്തലുകളും ഇഴകലർന്ന കൈത്തറി വസ്ത്രം പരിസ്ഥിതി സൗഹൃദ ഉത്പന്നമാണ്. പരമ്പരാഗത കൈത്തറി ഉല്പന്നങ്ങൾക്ക് അർഹമായ സ്ഥാനം നൽകി അവയെ ഭാരതത്തിന്റെയും, ലോകത്തിന്റെയും പരിഷ്ക്കാരത്തിന്റെ കേന്ദ്രസ്ഥാനത്തു പ്രതിഷ്ഠിക്കേണ്ടതാണെന്നു പ്രധാനമന്ത്രി പ്രസ്താവിക്കുകയുണ്ടായി.

ചരിത്രാതീതകാലം മുതൽ തന്നെ ഇന്ത്യൻ പട്ടു വസ്ത്രങ്ങൾ ലോകപ്രസിദ്ധമാണ്. ഇത് രത്നങ്ങൾ, മയിലുകൾ, സുഗന്ധദ്രവ്യങ്ങൾ എന്നിവയോടൊപ്പം കയറ്റുമതി ചെയ്യപ്പെട്ടിരുന്ന മുഖ്യ ഇനമായിരുന്നു. ഇന്ത്യൻ പട്ടു വസ്ത്രങ്ങൾക്കും മസ്ലിൻ തുണിത്തരങ്ങൾക്കും ലോകത്തെല്ലായിടത്തും ആവശ്യക്കാരുണ്ടായിരുന്നു. ഇന്ത്യയുടെ വടക്കുകിഴക്കൻ മേഖലയിലും ദക്ഷിണേന്ത്യയിലും പട്ടുനൂൽ വ്യവസായം ധാരാളം പേർക്ക് തൊഴിൽ നൽകുന്നു. ഒരു നാര് എന്ന നിലയിൽ സാധന സാമഗ്രികൾ പൊതിയാനായി മാത്രം ഉപയോഗിച്ചിരുന്ന ചണം കൊണ്ട് അടുത്തകാലത്ത് ഫാഷൻ ഡിസൈനർമാരുടെ ശ്രമഫലമായി വസ്ത്രം ഉൾപ്പെടെയുള്ള വസ്തുക്കൾ വൻതോതിൽ നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നു. വൈദ്യശാസ്ത്രം, സിവിൽ എഞ്ചിനിയറിംഗ്, ആട്ടോമൊബൈൽ മുതലായ മേഖലകളിൽ ഇന്ന് പ്രയോഗത്തിലുള്ള സാങ്കേതിക വസ്ത്രം വിപണന മൂല്യം ഏറിയ മറ്റൊരു ടെക്സ്റ്റൈൽ ഉത്പന്നമാണ്.

വസ്ത്ര നിർമ്മാണ വിപണന രംഗത്ത് ലോകത്തിൽ രണ്ടാം സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളത്. കൃഷി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നത് വസ്ത്രവ്യവസായമാണ്. 45 ദശലക്ഷം പേർക്ക് പ്രത്യക്ഷമായും 60 ദശലക്ഷം പേർക്ക് പരോക്ഷമായും ഈ മേഖല തൊഴിൽ നൽകുന്നു. രാജ്യത്തിന്റെ മൊത്തം അഭ്യന്തര ഉല്പാദനത്തിന്റെ 4% സംഭാവന നൽകുന്ന കരകൗശല വിദഗ്ധർക്ക് ആധുനിക സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കുന്നതിനും അവരുടെ ക്ഷേമത്തിനുമായി സർക്കാർ നെയ്ത്തു സേവന കേന്ദ്രങ്ങൾ, സംഘങ്ങൾ, ഇന്റർനെറ്റ് വിപണനം തുടങ്ങി പല പദ്ധതികളും ആവിഷ്കരിച്ചു നടപ്പാക്കുന്നുണ്ട്.

2015-16 ലെ കണക്കു പ്രകാരം ഇന്ത്യയിൽ നിന്നുള്ള ആകെ കയറ്റുമതിയുടെ 14% ഉം ആഗോള കയറ്റുമതിയുടെ 5.65%ഉം ഇന്ത്യൻ തുണിത്തരങ്ങളാണ്. ഇന്ത്യൻ വസ്ത്ര കയറ്റുമതിക്ക് ചൈന, ബംഗ്ലാദേശ്, യൂറോപ്യൻ യൂണിയൻ, വിയറ്റ്നാം, യുഎസ്എ, കമ്പോഡിയ മുതലായ രാജ്യങ്ങളുമായി കിടമത്സരം നേരിടേണ്ടിവരുന്നു. എന്നിരുന്നാലും വസ്ത്രവ്യവസായ രംഗത്ത് നേരിട്ടുള്ള വിദേശനിക്ഷേപം, ഇൻകുബേഷൻ സെന്ററുകളുടെ സ്ഥാപിക്കൽ, വിപണി വികസന സഹായങ്ങൾ തുടങ്ങി നിരവധി സർക്കാർ അനുകൂല നയങ്ങളുടെയും പദ്ധതികളുടെയും ഫലമായി നമ്മുടെ രാജ്യത്തെ വസ്ത്രവ്യവസായ മേഖല ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ മുൻനിരയിൽ തുടരുക മാത്രമല്ല ലോക കയറ്റുമതിയിൽ പുതിയ ഉയരങ്ങൾ കീഴടക്കുമെന്നതും തീർച്ചയാണ്.



# കൈത്തൊഴിൽ രംഗത്തെ സുസ്ഥിര വികസനം

**സ്മൃതി ഇറാനി**

ഇന്ത്യയുടെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തിൽ അവിഭാജ്യ ഘടകമാണ് നമ്മുടെ കരകൗശല - കൈത്തറി വ്യവസായ മേഖല. വികേന്ദ്രീകൃതവും അസംഘടിതവും തൊഴിലാളി പ്രധാനവുമായ കുടിൽ വ്യവസായം എന്ന നിലയിൽ ഈ മേഖല ഇന്ത്യയുടെ സമ്പന്നവും അതുല്യവുമായ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുന്നു. അതോടൊപ്പം ഗ്രാമപ്രദേശങ്ങളിലും നഗരപ്രാന്തങ്ങളിലും ജീവിക്കുന്ന ലക്ഷക്കണക്കിന് കരകൗശല വിദഗ്ധർക്കും നെയ്ത്തുകാർക്കും തൊഴിലവസരങ്ങൾ നല്കുകയും രാജ്യത്തിന് ഗണ്യമായ വിദേശ നാണ്യം നേടിത്തരികയും ചെയ്യുന്നു.

രാജ്യത്തെ ഗ്രാമീണ കർഷിക സമൂഹങ്ങൾ ദ്വിതീയ വരുമാന സ്രോതസ് എന്ന നിലയിലാണ് പരമ്പരാഗതമായി നെയ്ത്ത്, കൈത്തൊഴിൽ മേഖലകളെ ആശ്രയിക്കുന്നത്. രാജ്യത്ത് 23 ദശലക്ഷം ആളുകളാണ് മേഖലകളെ ആശ്രയിച്ച് ഇന്ന് ഉപജീവനം കഴിക്കുന്നത്. കയറ്റുമതി വരുമാനത്തിലൂടെയുള്ള ഈ മേഖലയുടെ പ്രകടമായ സംഭാവന അവഗണിക്കാനാവാത്തതുമാണ്. ഇന്ത്യൻ കരകൗശല ഉത്പ്പന്നങ്ങൾ ലോകത്തിൽ എല്ലാ രാജ്യങ്ങളിലേയ്ക്കും കയറ്റുമതി ചെയ്യപ്പെടുന്നു. പ്രധാന വിപണികൾ അമേരിക്ക, ഇംഗ്ലണ്ട്, ഗൾഫ് രാജ്യങ്ങൾ, ജർമ്മനി, ഫ്രാൻസ്, ലാറ്റിനമേരിക്ക, ഇറ്റലി, നെതർലന്റ്, കാനഡ, ഓസ്ട്രേലിയ എന്നീ രാജ്യങ്ങളാണ്. സാംസ്കാരിക തലത്തിൽ ഇവ ഇന്ത്യയുടെ സമ്പന്നവും പുരാതനവുമായ കരകൗശല വൈദഗ്ദ്ധ്യത്തിന്റെ വാഹകരും കരകൗശല വസ്തുക്കളുടെ സൗന്ദര്യത്തിന്റെ ഏറ്റവും മികച്ച പ്രതീകങ്ങളുമാണ്.

ഈ മേഖലയുടെ ശക്തി എന്നു പറയുന്നത് കുറഞ്ഞ വേതനത്തിന് ധാരാളമായി ലഭിക്കുന്ന വിദഗ്ധ തൊഴിലാളികൾ, പ്രദേശികമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യത, കുറഞ്ഞ മുതൽമുടക്ക്, ലോകവ്യാപകമായി അംഗീകാരം ലഭിച്ചിട്ടുള്ള അതുല്യമായ കരകൗശല വൈഗ്ദ്ധ്യം എന്നിവയാണ്. ഈ മികവുകൾ എല്ലാം ഉണ്ടെങ്കിലും താഴ്ന്ന വിദ്യാഭ്യാസ നിലവാരം, ആധുനിക സാങ്കേതിക വിദ്യകളെ കുറിച്ചുള്ള പരിമിതമായ ജ്ഞാനം, അസംസ്കൃത വസ്തുക്കൾ പുറത്തു നിന്നും വാങ്ങുന്നതിന് വേണ്ടത്ര പണത്തിന്റെ അഭാവം തുടങ്ങി നിരവധി വെല്ലുവിളികൾ ഈ മേഖല നേരിടുന്നുണ്ട്. യന്ത്രവത്കൃത ഉത്പ്പന്നങ്ങൾ മുന്നോട്ടു വയ്ക്കുന്ന മത്സരമാണ് മറ്റൊരു പ്രശ്നം. യന്ത്രത്തറികളിൽ നിന്നും കൃത്രിമ നാരുകളിൽ നിന്നും കനത്ത ഭീഷണിയാണ് കൈത്തറി മേഖല നേരിടുന്നത്. ഗ്ലാസ്, മെലാമിൻ എന്നീ വസ്തുക്കൾ പരിസ്ഥിതി സൗഹൃദമായ ഉത്പ്പന്നങ്ങളായി വിപണിയിലെത്തിയതോടെ, മൺപാത്രങ്ങളും മറ്റും പിന്തള്ളപ്പെട്ടു പോയിരിക്കുന്നു. ഇത്തരം പ്രശ്നങ്ങൾക്കു മധ്യേയും ഈ മേഖല വർഷം തോറും ക്രമാനുഗതമായ വളർച്ച നേടുന്നു എന്നത് ശ്രദ്ധേയമാണ്.

കൈത്തൊഴിൽ മേഖലയിലെ നിക്ഷേപം ഗ്രാമീണ സമൂഹങ്ങളുടെ സാമ്പത്തിക, പാരിസ്ഥിതിക സാമൂഹിക അവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന് വൻ സാധ്യതകളാണ് വാഗ്ദാനം ചെയ്യുന്നത്. കൈത്തൊ

ഴിൽ ഉത്പ്പന്നങ്ങളുടെ ആഗോള വിപണി 2019 ൽ 700 ദശ ലക്ഷം ഡോളർ പിന്നിടുമെന്നാണ് വിദഗ്ധ മതം. ഇതിൽ ഇന്ത്യയുടെ വിഹിതമാകട്ടെ കേവലം 2 ശതമാനവും. വളർച്ചയ്ക്കുള്ള വൻ സാധ്യത നമുക്ക് മുന്നിലുണ്ട്. പാരിസ്ഥിതിക നേട്ടങ്ങളും ഉണ്ട്. പ്രകൃതിദത്തവും, പ്രാദേശികമായി ലഭിക്കുന്നതുമായ അസംസ്കൃത ജൈവ വസ്തുക്കളും മറ്റും ഉപയോഗിച്ച് ഉത്പാദനം നടത്തുന്നതിനാൽ അന്തരീക്ഷത്തിലേയ്ക്കുള്ള കാർബൺ ബഹിർഗമനം കുറയ്ക്കാൻ സാധിക്കുന്നു. കൈത്തൊഴിൽ ഉത്പ്പന്നങ്ങൾ വാങ്ങുമ്പോൾ നമുക്ക് ലഭിക്കുന്നത് വീട്ടിലിരുന്ന് ജോലിചെയ്ത് തുച്ഛമായ വരുമാനം നേടി ഉപജീവനം കഴിക്കുന്ന സ്ത്രീകളെ സഹായിക്കാനുള്ള അവസരം കൂടിയാണ് . അതുവഴി സാധുക്കളായ ആ സ്ത്രീകളുടെ സമൂഹത്തിലെ അവസ്ഥയും ജീവിതനിലവാരവും അല്പം കൂടി ഉയരാനുള്ള ഒരു കൈതാങ്ങ് നാം നല്കുന്നു. ഈ മേഖലയുടെ സാധ്യതകളെ സംരക്ഷിക്കുന്നതിന് പരമ്പരാഗത കലകൾ സംരക്ഷിക്കുക, കൈത്തൊഴിൽ മേഖലയെ ശാക്തീകരിക്കുക, ഇതിൽ ജോലിചെയ്യുന്ന തൊഴിലാളികളെ വരുമാനം വർധിപ്പിക്കുക തുടങ്ങി വിവിധ തരത്തിലുള്ള നിക്ഷേപം ആവശ്യമാണ്. ഒരു മൂല്യ ശൃംഖലയിലൂടെ ഈ കലാകരന്മാരെ ഒന്നിപ്പിക്കണം. ഈ മേഖലയിലെ ഉത്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന കലാകാരന്മാരെ അവർ ചെയ്യുന്ന തൊഴിലിന്റെ മൂല്യം ഓർമ്മിപ്പിക്കണം. അവരുടെ തൊഴിൽ വൈദഗ്ധ്യം നിരന്തര പരിശീലനത്തിനലൂടെ പുതുക്കിക്കൊണ്ടിരിക്കണം.

നെയ്ത്തുകാരുടെ വരുമാനം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മികച്ച ഉത്പ്പന്നങ്ങൾ നിർമ്മിക്കുന്നതിന് നൈപുണ്യ വികസനം, ആധുനിക സാങ്കേതിക വിദ്യയിൽ പരിശീലനം എന്നിവയൊക്കെ സംഘടിപ്പിക്കാൻ ടെക്സ്റ്റൈൽ മന്ത്രാലയം 'വീവേഴ്സ് സർവീസ് സെന്റേഴ്സ് ഓഫീസി'നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നെയ്ത്തുകാർക്ക് പുതിയ ഡിസൈനുകൾ നല്കുക, കമ്പ്യൂട്ടർ സഹായത്തോടെ ഡിസൈനുകൾ സ്വന്തമായി രൂപകല്പന ചെയ്യുക, നെയ്ത്തുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, വസ്ത്ര നിർമ്മാണത്തിനു മുമ്പും ശേഷവുമുള്ള പ്രവർത്തനങ്ങൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുക തുടങ്ങിയവയ്ക്ക് ഈ ഓഫീസ് വേണ്ട സഹായം നൽകും. കൂടാതെ വിവിധ വില്പന-പ്രദർശന മേഖലകളിൽ ഉത്പ്പന്നങ്ങൾ കൊണ്ടുപോകുന്നതിനും നേരിട്ട് വില്പന നടത്തുന്നതിനുമുള്ള സൗകര്യങ്ങളും ഇവർ ചെയ്തുകൊടുക്കും.

കൈത്തറി മേഖലയിൽ തൊഴിൽ ചെയ്യുന്ന ദശലക്ഷക്കണക്കിന് നെയ്ത്തുകാരുടെ ജീവിത നിലവാരം ഉയർത്തുക, ഇന്ത്യയിലെയും അന്താരാഷ്ട്ര വിപണികളിലെയും മാറിവരുന്ന അഭിരുചികൾക്കനുസരിച്ച് ഉത്പ്പന്നങ്ങൾ പരിഷ്കരിക്കുക, നെയ്ത്തുകാരുടെ അടിസ്ഥാന സൗകര്യങ്ങളും ആരോഗ്യ പരിപാലന സംവിധാനങ്ങളും മെച്ചപ്പെടുത്തുക, നൂതന ഡിസൈനുകൾ ഉപയോഗിക്കുന്നതിനും കഴിവുകൾ വർധിപ്പിക്കുന്നതിനും നെയ്ത്തുകാർക്ക് പ്രത്യേക ക്ലാസുകൾ സംഘടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് മെഗാ ഹാൻഡ്ലൂം ക്ലസ്റ്റർ പദ്ധതിയിലൂടെയാണ്.

ഈ വർഷത്തെ ദേശീയ കൈത്തറി ദിനത്തിൽ (ഓഗസ്റ്റ് 7) കൈത്തറി വ്യവസായത്തിൽ സംരംഭകത്വം, നൈപുണ്യ വികസനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി ടെക്സ്റ്റൈൽ മന്ത്രാലയവും, നൈപുണ്യ വികസന, സംരംഭകത്വ മന്ത്രാലയവും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഈ കരാർ പ്രകാരം രണ്ടു മന്ത്രാലയങ്ങളും സംയുക്തമായി കൈത്തറി നെയ്ത്തു തൊഴിലാളികൾക്കായി വൻകിട സ്ഥാപനങ്ങളുടെ സഹകരണത്തോടെ നൈപുണ്യ വികസനം, സംരംഭകത്വ വികസനം എന്നിവയിൽ വിവിധ പരിശീലന പരിപാടികൾ നടത്തും.

രണ്ടാമതായി പരമ്പരാഗത കൈവേലകൾ കാലത്തിനു അനുയോജ്യമായ വിധത്തിൽ, നഗര ജീവിത ശൈലികൾക്ക് ചേരുന്ന രീതിയിൽ പരിഷ്കരിക്കും. ഇന്ത്യൻകരകൗശല ഉത്പ്പന്നങ്ങളെ ബ്രാൻഡിങ് പോലുള്ള ശാക്തീകരണ നടപടികളിലൂടെ ആഗോള വിപണിയിലെ ഉത്പ്പന്നങ്ങളുമായി മത്സരിക്കാനാവും വിധം പ്രാപ്തമാക്കും. വർദ്ധിച്ച ആഭ്യന്തര വിപണനവും അന്താരാഷ്ട്ര വിപണികളും ലക്ഷ്യമാക്കി ഇന്ത്യൻ ഹാൻഡ്ലൂം ബ്രാൻഡ് രജിസ്റ്റർ ചെയ്തു കഴിഞ്ഞു. പ്രഥമ ദേശീയ ഹാൻഡ് ലൂം ദിനത്തിൽ (2015 ഓഗസ്റ്റ് 7 ന്) പ്രധാനമന്ത്രി ഇതിന്റെ ഉദ്ഘാടനം നിർവഹിക്കുകയുണ്ടായി. ഉന്നത നിലവാരവും ഗുണമേന്മയും പുലർത്തുന്ന കൈത്തറി ഉത്പ്പന്നങ്ങളാണ് ഈ ശ്രേണിയിൽ ബ്രാൻഡ് ചെയ്യുന്നത്. നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള അസംസ്കൃത വസ്തുക്കളുടെ സംസ്കരണം, സൗന്ദര്യവത്ക്കര

ണം, നെയ്ത്ത്, ഡിസൈൻ, ഇതര ഗുണമേന്മാ മാന ദണ്ഡങ്ങൾ എന്നിവയിൽ സാമൂഹിക പാരിസ്ഥിതിക നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്ന അതീവ പ്രകൃതി സൗഹൃദ ഉത്പ്പന്ന സംരംഭമാണ് ഇത്.

ഉപഭോക്താക്കളുടെ അഭിരുചികൾക്കനുസൃതമായി ഡിസൈനിലും ഗുണമേന്മയിലും ആവശ്യമായ മാറ്റങ്ങൾ വരുത്താൻ കൈത്തൊഴിലാളികൾക്ക് വിദഗ്ധരുടെ മാർഗനിർദ്ദേശം ലഭിക്കുന്നില്ല എന്നതാണ് ഈ മേഖല നേരിടുന്ന മറ്റൊരു പ്രശ്നം. ഈ പ്രശ്നം പരിഹരിക്കുന്നതിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി അവരുടെ പാഠ്യപദ്ധതിയിൽ ക്രാഫ്റ്റ് ക്ലസ്റ്റർ ഇനിഷ്യേറ്റീവ് എന്ന വിഷയം കൂടി ഉൾപ്പെടുത്തി രാജ്യത്തിന്റെ വിദൂര ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന കൈത്തൊഴിലാളികൾക്കൊപ്പം സഹകരിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം നല്കിയിരിക്കുകയാണ്. നവീന ഡിസൈൻ, സാങ്കേതിക വിദ്യകൾ, ഉപകരണങ്ങൾ എന്നിവയുടെ കാര്യത്തിൽ നെയ്ത്തുകാരും കൈത്തൊഴിലാളി സമൂഹവും നേരിടുന്ന വെല്ലുവിളികൾ മനസിലാക്കുന്നതിന് വിദ്യാർത്ഥികൾക്ക് ഇത് അവസരം ഒരുക്കും. ഇതിലൂടെ ആധുനിക വിപണികളിൽ അവർ അഭിമുഖീകരിക്കുന്ന വെല്ലുവിളികളും മനസിലാക്കാനാവും. ചെന്നൈയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി ഇപ്പോൾ കോഴിക്കോടു ക്ലസ്റ്ററുമായി (വടകര, കൊയ്ലാണ്ടി, കോഴിക്കോട്) ചേർന്ന് പ്രവർത്തിക്കുന്നു. ഈ പ്രദേശത്ത് പരമ്പരാഗതമായി നടന്നു വരുന്ന രണ്ട് വ്യവസായങ്ങൾ, കൈത്തറി നെയ്ത്തും ഉരു നിർമ്മാണവും ആണ് ഇവർ വിഷയമാക്കിയിരിക്കുന്നത്. കൈത്തറി മേഖലയിൽ ഇവിടെ ഏകദേശം 30 സഹകരണ സംഘങ്ങൾ ഉണ്ട്. ബേപ്പൂരിലെ കരകൗശല വിഭാഗം തൊഴിലാളികളാണ് പരമ്പരാഗത പായ് കപ്പലുകളായ ഉരുവിന്റെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നത്.

താങ്ങാവുന്ന വിലയ്ക്ക് അസംസ്കൃത സാധനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുകയും വിപണികളിൽ നിന്ന് ശരിയാം വണ്ണമുള്ള പിന്തുണ ഉറപ്പാകുകയും ചെയ്താൽ തൊഴിലിലെ ഗുണമേന്മയും മികച്ച വേതനവും നിലനിർത്താനും മെച്ചപ്പെടുത്താനും കൈത്തൊഴിലാളികൾക്ക് സാധിക്കും. നേരിട്ടുള്ള വിപണി മാർഗ്ഗങ്ങളുടെ അഭാവവും, നഗരങ്ങളിലേയ്ക്ക് കടന്നു ചെന്ന് ഉപഭോക്താക്കളെ സമീപിക്കാനുള്ള ബുദ്ധിമുട്ടും ശരാശരി കൈത്തൊഴിലാളികൾ ഇന്നു നേരിടുന്ന വെല്ലുവിളികളാണ്. അതിനാൽ കരകൗശല തൊഴിലാളികൾക്കും ക്ലസ്റ്ററുകൾക്കും വിപണിയുമായി ബന്ധപ്പെടാൻ ഒരു ശൃംഖല ശക്തിപ്പെടുത്തണം. ഇതിനായി സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തണം.

കൈത്തറി ഉത്പ്പന്നങ്ങൾ ഇ-കൊമേഴ്സ് വഴി വിപണനം ചെയ്യാനുള്ള സംവിധാനം ഒരുക്കുക എന്നതാണ് ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെ പരിഗണനയിലുള്ള ഒരു വിഷയം. കൈത്തറി ഉത്പ്പന്നങ്ങളുടെ ഇ-മാർക്കറ്റിങ് പ്രോത്സാഹിപ്പിക്കുന്നതിന് സുതാര്യവും, മത്സരക്ഷമവും, ഫലപ്രദവുമായ വ്യത്യസ്ത ഇ-കൊമേഴ്സ് വേദികളെ കണ്ടെത്തി ചുമതലപ്പെടുത്തണം. ഇത്തരം വിപണികൾ സൃഷ്ടിച്ചുകൊണ്ട്, മാന്യമായ വരുമാനവും ജീവിത ഉപാധിയും ലഭ്യമാക്കി കരകൗശല തൊഴിലാളികളെ ശാക്തീകരിക്കാൻ സാധിക്കും. ഗവൺമെന്റ്, സാമ്പത്തിക സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ വിവിധതരം ഘടകങ്ങളുടെ പങ്കാളിത്തം വർധിപ്പിച്ചുകൊണ്ടുള്ള ബഹുമുഖ സമീപനത്തിലൂടെ കരകൗശല മേഖലയ്ക്ക് നേട്ടങ്ങളുണ്ടാക്കാൻ സാധിക്കും. സഹകരണാടിസ്ഥാനത്തിലുള്ള ഒരു ചുറ്റുപാട് സൃഷ്ടിച്ചുകൊണ്ട് വിവിധ രീതിയിൽ സഹായിക്കാൻ സാധിക്കുന്ന ഭിന്ന ശ്രേണിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളെ കരകൗശല മേഖലയ്ക്കു പിന്നിൽ അണിനിരത്താൻ സാധിക്കും. ഇതിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ് അക്വാ വീവ്സ് ഓഫ് നോർത്ത് ഈസ്റ്റേൺ ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ. അസാം കേന്ദ്രീകരിച്ചുള്ള ഈ സംഘടന ആ മേഖലയിലെ ജലാശയങ്ങളിൽ വളർന്ന്, ജലം ഉപയോഗ ശൂന്യവും മലിനവുമാക്കുന്ന ഒരിനം സസ്യത്തിന്റെ നാരുകൾ കൊണ്ട് ബാഗുകൾ, അലങ്കാര വസ്തുക്കൾ, ഗാർഹിക ഉപയോഗത്തിനുള്ള സാധനങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്നു. തായ്ലൻഡ്, മലേഷ്യ തുടങ്ങിയ രാജ്യങ്ങളെ അനുകരിച്ച് അഹമ്മദാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ നല്കുന്ന വിദഗ്ധ ഉപദേശവും ഡിസൈനുകളും സ്വീകരിച്ച് വൈവിധ്യമാർന്ന ഉത്പ്പന്നങ്ങൾ നിർമ്മിക്കുകയും അവയ്ക്ക് ആഭ്യന്തര വിപണി കൂടാതെ നേപ്പാൾ, ജപ്പാൻ തുടങ്ങി വിദേശ മാർക്കറ്റുകൾ കീഴടക്കുക കൂടി ചെയ്തിരിക്കുന്നു.

ഇന്ത്യയിലെ കൈത്തറികളും കരകൗശല വസ്തുക്കളും വിപുലമായ രീതിയിൽ വൈവിധ്യവത്

ക്കരിക്കപ്പെട്ടു കഴിഞ്ഞു. രാജ്യത്തെ വ്യത്യസ്ത പ്രദേശങ്ങൾ വ്യത്യസ്ത തരം ഉത്പ്പന്നങ്ങൾക്ക് പ്രശസ്തമാണ്. ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരമായ സ്ഥാനം, കാലാവസ്ഥ, സംസ്കാരം എന്നിവയൊക്കെ ഇതിനെ ബാധിക്കുന്ന ഘടകങ്ങളാണ്.

നമ്മുടെ 143 തുണിത്തരങ്ങൾക്കും കരകൗശല വസ്തുക്കൾക്കും ഭൗമശാസ്ത്ര സൂചകം ലഭിച്ചിരിക്കുന്നു എന്നത് വലിയ സന്തോഷം നല്കുന്ന കാര്യമാണ്. ഇന്ത്യയുടെ ഹൃദയ ഭൂമിയിൽ നിന്ന് നിർമ്മിക്കുന്ന, എഡി 1305 മുതലുള്ള പൗരാണിക പാരമ്പര്യം അവകാശപ്പെടുന്ന ചന്ദേരി പട്ട് ഉൾപ്പെടെയുള്ള തുണിത്തരങ്ങൾക്കാണ് ഭൗമശാസ്ത്ര സൂചകം ലഭിച്ചിരിക്കുന്നത്. അതുപോലെ രാജസ്ഥാനിലെ ബാരൺ ജില്ലയിലെ പ്രശസ്തമായ കൈത്തൂൺ ഗ്രാമത്തിലും മറ്റും നിർമ്മിക്കുന്ന പരുത്തി, പട്ട് നൂലുകൾ മാത്രം ഉപയോഗിച്ച് വിദഗ്ധ ശൈലികളിൽ അതി സുന്ദരമായി നെയ്യുന്ന കോട്ടാ ദോരിയ സാരികളും ഈ ശ്രേണിയിൽ ഉൾപ്പെടുന്നു.

ഇന്ത്യയുടെ പ്രശസ്തി വിദേശങ്ങളിൽ എത്തിച്ച പോച്ചാമ്പള്ളി പട്ട്, കാഞ്ചീവരം പട്ട്, ശ്രീകലാഹസ്തി കാലാംകാരി, മഹേശ്വർ, ബംഗാളിലെ പ്രാദേശിക സ്ത്രീ നെയ്ത്തുകാർ പരമ്പരാഗത സാങ്കേതിക രഹസ്യ ശൈലിയിൽ നിർമ്മിക്കുന്ന കാന്ത, ജംദാനി പട്ട്, ബലൂചാരി, ഒറീസ ഇകത് തുടങ്ങി നൂറ്റാണ്ടുകളുടെ നിർമ്മാണ രഹസ്യം സൂക്ഷിക്കുന്ന അതി സമർത്ഥരായ നെയ്ത്തുകാർ നിർമ്മിക്കുന്ന വിവിധ ഇനം തുണിത്തരങ്ങൾക്കും ഭൗമശാസ്ത്ര സൂചകം ലഭിച്ചിരിക്കുന്നു എന്നത് നമുക്ക് അഭിമാനകരമാണ്.

ഭൗമശാസ്ത്ര സൂചകം വഴി രാജ്യത്തെ നെയ്ത്തുകാരുടെയും കലാകാരന്മാരുടെയും പരമ്പരാഗതമായ അറിവുകൾ സംരക്ഷിക്കപ്പെടുന്നു. അവയുടെ സാങ്കേതിക വിദ്യയ്ക്ക് നിയമ പരിരക്ഷയും ലഭിക്കുന്നു. പരമ്പരാഗത സാങ്കേതിക വിദ്യകളും കരകൗശലശൈലികളും ഉപയോഗിച്ച് നിർമ്മിക്കുന്ന ശില്പങ്ങളും മറ്റു കരകൗശല വസ്തുക്കളും നെയ്യുന്ന തുണിത്തരങ്ങളും അതാത് കലാകരാന്മാരുടെ സ്വന്തമായി മാറുകയാണ് ഭൗമശ്സ്ത്ര സൂചകത്തിലൂടെ.

വിപുലമായി യന്ത്രവത്ക്കരിക്കപ്പെട്ട ആധുനിക ടെക്സ്റ്റൈൽ യുഗത്തിൽ ഇന്ത്യയുടെ അസംഖ്യം കരകൗശല, കൈത്തറി വൈദഗ്ധ്യത്തിനു പിന്നിലുള്ള നൈപുണ്യത്തിന്റെ, സാങ്കേതിക രഹസ്യങ്ങളുടെ, പരമ്പരാഗത അറിവിന്റെ സുസ്ഥിരത ഉറപ്പുവരുത്തുക വലിയ വെല്ലുവിളി തന്നെയാണ്. ഗ്രാമങ്ങളിലെ യുവാക്കളാകട്ടെ പരമ്പരാഗത കുടുംബ തൊഴിലുകളോട് വിമുഖത പുലർത്തുന്നതായാണ് കാണുന്നത്. മാത്രവുമല്ല ഈ ഉത്പന്നങ്ങൾക്ക് നല്ല വിലയോ വിപണിയോ കണ്ടത്താൻ വലിയ ബുദ്ധിമുട്ടും നേരിടുന്നു. നമ്മുടെ പരമ്പരാഗത കരകൗശല ഉത്പ്പന്നങ്ങളുടെ മൂല്യം സംബന്ധിച്ച് ആളുകളെ ബോധവത്ക്കരിക്കേണ്ടിയിരിക്കുന്നു. ഈ മേഖലയിൽ പ്രവർത്തിക്കുന്ന കലാകാരന്മാരുടെ മക്കളുടെ വിദ്യാഭ്യാസം, പരിശീലനം, വിപണന സൗകര്യം, കുടുംബങ്ങൾക്കും സമൂഹങ്ങൾക്കും വേണ്ട മാന്യമായ വേതന വ്യവസ്ഥ എന്നിവ ഉറപ്പുവരുത്താനുള്ള ശക്തമായ നടപടികളാണ് രാജ്യത്തിന് ആവശ്യം.

*(കേന്ദ്ര ടെക്സ്റ്റൈൽസ് വകുപ്പ് മന്ത്രിയാണ് ലേഖിക)*

*വിജ്ഞാനപാത*

## ദേശീയ കൈത്തറി ദിനം (National Handloom Day)

രാജ്യത്തെ കൈത്തറി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് പൊതുജന ബോധവത്കരണത്തിനായി 2015 മുതൽ ആഗസ്ത് 7-ാം തീയതി ദേശീയ തലത്തിൽ കൈത്തറി ദിനമായി ആചരിച്ചുവരുന്നു. 1905ൽ ഇതേ ദിവസമായിരുന്നു ഇന്ത്യയിൽ സ്വദേശി പ്രസ്ഥാനത്തിന് ഔപചാരികമായി തുടക്കം കുറിച്ചത്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ നിർണായക പങ്ക് വഹിച്ച സ്വദേശി പ്രസ്ഥാനത്തിന്റെ ഓർമ്മയ്ക്കായിട്ടാണ് ആഗസ്ത് 7 ദേശീയ കൈത്തറി ദിനമായിട്ട് ആചരിക്കാൻ കേന്ദ്രഗവണ്മെന്റ് തീരുമാനമെടുത്തത്. 2016-ൽ ഗുജറാത്തിലെ വാരണാസിയിൽ വച്ച് നടന്ന ദേശീയ കൈത്തറി ദിനാഘോഷത്തിൽ കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രി സ്മൃതി ഇറാനി കൈത്തറി മേഖലയിൽ മികച്ച സംഭാവനകൾ നൽകുന്നവർക്കായി ഏർപ്പെടുത്തിയിട്ടുള്ള കബീർ പുരസ്കാരങ്ങൾ സമ്മാനിച്ചു.

# സാമൂഹിക അഭിവൃദ്ധിക്കായി ക്ഷേമപദ്ധതികൾ

അജയ് തംത

ഇന്ത്യയിലെ അതിപുരാതനവും വിപുലവുമായ വ്യവസായങ്ങളിൽ ഒന്നാണ് വസ്ത്ര നിർമ്മാണം. നാലായിരം വർഷങ്ങൾക്കു മുമ്പ് ഭാരതത്തിൽ നിലനിന്നിരുന്ന ഹാരപ്പൻ സംസ്കാരത്തിലെ ജനങ്ങൾക്ക് നൂൽ നൂല്പ്പും നെയ്ത്തും അറിയാമായിരുന്നു എന്ന് പുരാവസ്തു പഠനങ്ങളും ഗവേഷണങ്ങളും ചൂണ്ടിക്കാണിക്കുന്നു. വസ്ത്ര വ്യവസായ മേഖലയിലെ വളർച്ചയുടെ ഐശ്വര്യസമ്പന്നമായ ആ ജൈത്രയാത്ര കഴിഞ്ഞ നാല് സഹസ്രാബ്ദം വരെ എതിരില്ലാതെ തുടർന്നു. ഇന്നും രാജ്യത്തെ ദശലക്ഷക്കണക്കിന് വസ്ത്രനിർമാണ തൊഴിലാളികൾക്ക് ഈ വ്യവസായം ഉപജീവന മാർഗമായി തുടരുന്നു. ഇനിയും ലക്ഷക്കണക്കിനു തൊഴിലാളികൾക്ക് തൊഴിൽ നല്കാൻ വസ്ത്ര നിർമ്മാണ മേഖല പരിശ്രമിക്കുന്നു. ഗുണമേന്മയുള്ള ഉത്പ്പന്നങ്ങൾ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ വസ്ത്ര നിർമ്മാണ വ്യവസായത്തിലെ തൊഴിലാളികൾക്ക് ആരോഗ്യകരമായ തൊഴിൽ സാഹചര്യങ്ങൾ ഉറപ്പു വരുത്താൻ ഇന്ത്യാ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്ത്ര വ്യവസായ മേഖലയുടെ വ്യാപ്തിയും അതിലെ വൈവിധ്യമാർന്ന വിഭാഗങ്ങളും കണക്കിലെടുത്ത് എല്ലാത്തരം തൊഴിലാളികളെയും അവിടെ ആവശ്യമുണ്ട്. അവരുടെയെല്ലാം ക്ഷേമത്തിനായി ഇന്ത്യാ ഗവൺമെന്റ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. യന്ത്രത്തറി മേഖലയിൽ ക്ഷേമ പദ്ധതികളും ഗ്രൂപ്പ് ഇൻഷുറൻസ് (ജിഐഎസ്) പദ്ധതിയും നടപ്പിലാക്കിയത് ഇത്തരത്തിലാണ്.

സമൂഹത്തിലെ ഏറ്റവും താഴ്ന്ന വരുമാന ശ്രേണിയിലുള്ളവരും അനാരോഗ്യകരമായ ചുറ്റുപാടുകളിൽ ജീവിക്കുന്നവരുമായ യന്ത്രത്തറി തൊഴിലാളികൾക്ക് ഒരു തരത്തിലുമുള്ള ജീവൻ രക്ഷാ, ആരോഗ്യ രക്ഷാ ഇൻഷുറൻസ് പദ്ധതികളും അടുത്തകാലം വരെയും ഉണ്ടായിരുന്നില്ല. 2003 ലാണ് ഇവർക്ക് ഗ്രൂപ്പ് ഇൻഷുറൻസ് ഏർപ്പെടുത്തിത്. 12-ാം പദ്ധതിയിലും ഇത് തുടരുന്നു.

വിദ്യാഭ്യാസ സഹായ പദ്ധതി പ്രകാരം ഇൻഷുർ ചെയ്തിരിക്കുന്ന തൊഴിലാളിയുടെ രണ്ടു കുട്ടികൾക്ക് 9-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെ പ്രതിവർഷം പരമാവധി 24000 രൂപ വരെ പഠനസഹായമായി ലഭിക്കും. ഇതിനായി നെയ്ത്തുകാരൻ 80 രൂപ വാർഷിക വിഹിതം അടയ്ക്കണം. ബാക്കി 390 രൂപ കേന്ദ്ര ഗവൺമെന്റ് അടയ്ക്കും.

## നെയ്ത്തുകാരുടെ പുനരധിവാസ പദ്ധതി

ജോലി ചെയ്യുന്ന യൂണിറ്റോ അതിന്റെ ഏതെങ്കിലും വിഭാഗമോ അടച്ചു പൂട്ടിപ്പോയാൽ ഈ പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ഇടക്കാല ആശ്വാസം ലഭിക്കും. ഇന്ത്യയിൽ ഇതുവരെ പൂട്ടിപ്പോയ 98 തുണിമില്ലുകളിലെ 1,17,751 തൊഴിലാളികൾക്ക് 2016 ആഗസ്റ്റ് വരെ 319.66 കോടി രൂപ ഈ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

## കൈത്തറി തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികൾ

യന്ത്രത്തറികളിൽ ജോലി ചെയ്യുന്നവരിൽ നിന്ന് അധികമൊന്നും വ്യത്യസ്തമല്ല കൈത്തറി തൊഴിലാളികളുടെയും സാമ്പത്തിക സാമൂഹിക അവസ്ഥ. രാജ്യമെമ്പാടും വ്യാപിച്ചു കിടക്കുന്ന വിഭാഗമാണ് കൈത്തറി തൊഴിലാളികൾ. വിദൂരങ്ങളായ ആദിവാസി മേഖലകളിൽ പോലും ഇവരുണ്ട്. ഇക്കാരണത്താലാണ് ഇവരുടെ സാമൂഹിക സുരക്ഷ പ്രതിദിനം കൂടുതൽ സങ്കീർണമായി വരുന്നത്. ഈ നെയ്ത്തുകാരുടെ ക്ഷേമത്തിനായി ഇന്ത്യാ ഗവൺമെന്റ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്.

### 1) മഹാത്മാഗാന്ധി വീവർ ഇൻഷുറൻസ് സ്കീം (MGBBY)

മഹാത്മഗാന്ധി വീവർ ഇൻഷുറൻസ് പദ്ധതിയുടെ കീഴിൽ നെയ്ത്തുകാർക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നു. ഇപ്രകാരം ഇൻഷുർ ചെയ്യപ്പെട്ട

നെയ്ത്തുകാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ചുവടെ പറയുന്നു.

1. സ്വാഭാവിക മരണത്തിന് 60,000 രൂപ.
2. അപകടമരണമാണെങ്കിൽ 1,50,000 രൂപ.
3. അപകടത്തെ തുടർന്നുള്ള സ്ഥിര അംഗവൈകല്യത്തിന് 1,50,000 രൂപ.
4. അപകടത്തെ തുടർന്നുള്ള ഭാഗിക അംഗവൈകല്യത്തിന് 75,000 രൂപ.

### 2) ആരോഗ്യ ഇൻഷുറൻസ് പദ്ധതി (എച്ച് ഐ എസ്)

12-ാം പദ്ധതിയിൽ മന്ത്രിസഭയുടെ സാമ്പത്തികകാര്യ സമിതി തൊഴിൽ മന്ത്രാലയത്തിന്റെ രാഷ്ട്രീയ സ്വസ്ഥ്യ ബിമ യോജനയുടെ മാതൃകയിൽ നെയ്ത്തുകാരുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിക്ക് അംഗീകാരം നല്കി. നിലവിൽ ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയമാണ് ഈ പദ്ധതി കൈകാര്യം ചെയ്യുന്നത്. 2016 മാർച്ച് 29ന് ആരോഗ്യ മന്ത്രാലയം കൈത്തറി തൊഴിലാളികൾക്കും രാഷ്ട്രീയ സ്വസ്ഥ്യ ബീമ യോജനയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതു സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഇതനുസരിച്ച് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുന്ന തൊഴിലാളിക്ക് 30,000 രൂപയുടെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. അസാം, ബിഹാർ, ചത്തിസ്ഗഡ്, ഗുജറാത്ത്, ഹരിയാന, ഹിമാചൽ പ്രദേശ്. ജാർക്കണ്ട്, കർണാടക, കേരളം, മണിപ്പൂർ, മേഘാലയ, മിസോറാം, ഒഡീഷ, പഞ്ചാബ്, രാജസ്ഥാൻ, ത്രിപുര, ഉത്തർ പ്രദേശ്, ഉത്തരാഖണ്ഡ്, ബംഗാൾ എന്നീ 19 സംസ്ഥാനങ്ങളിലാണ് രാഷ്ട്രീയ സ്വാസ്ഥ്യ ബിമ യോജന നടപ്പാക്കിയിരിക്കുന്നത്. രാഷ്ട്രീയ സ്വാസ്ഥ്യ ബിമ യോജന നടപ്പാക്കാത്ത തമിഴ്നാട്ടിൽ അതിന്റെ തന്നെ മാതൃകയിൽ മറ്റൊരു ആരോഗ്യ ഇൻഷുറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന് മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ട്. ഇതുപ്രകാരം ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുന്ന രോഗികൾക്ക് ചികിത്സാസഹായമായി 30,000 രൂപയും കിടപ്പു രോഗികളല്ലാത്തവർക്ക് 7500 രൂപയും സഹായ ധനമായി ലഭിക്കും. ഈ പദ്ധതി പ്രകാരം 2015 ഒക്ടോബർ 1 വരെ 1,44,294 നെയ്ത്തുകാർക്ക് ആനുകൂല്യങ്ങൾ നല്കി കഴിഞ്ഞു. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് രാഷ്ട്രീയ സ്വാസ്ഥ്യ ബിമ യോജനയുടെ ഉദ്യോഗസ്ഥരുമായി ചർച്ചകൾ നടത്തുന്നതിന് സംസ്ഥാന കൈത്തറി വകുപ്പു ഡയറക്ടറേറ്റുകളുടെ ആഭിമുഖ്യത്തിൽ ടെക്സ്റ്റൈൽ മന്ത്രാലയം കാലാകാലങ്ങളിൽ ശില്പശാലകൾ സംഘടിപ്പിക്കാറുണ്ട്.

## കരകൗശല മേഖലയിലെ നെയ്ത്തുകാർക്കുള്ള ക്ഷേമ പദ്ധതികൾ

ഇന്ത്യയുടെ കരകൗശല വ്യവസായം രാജ്യത്തെ ഗ്രാമങ്ങളിലും വിദൂര ആദിവാസി പ്രദേശങ്ങളിലുമെല്ലാം അതി സമ്പന്നവും ഇതര മേഖലകളെയെല്ലാം വെല്ലുന്നതുമാണ്. ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്കായി ഇന്ത്യാ ഗവൺമെന്റ് വിവിധ ക്ഷേമ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

### 1) രാജീവ് ഗാന്ധി ശില്പി സ്വാസ്ഥ്യ ബിമാ യോജന

2006 -07 ൽ പരീക്ഷണാടിസ്ഥാനത്തിൽ രാജ്യത്ത് നടപ്പാക്കിയ ഈ പദ്ധതി പിന്നീട് 11,12 പദ്ധതികളിലും തുടരുകയായിരുന്നു. കരകൗശല മേഖലയിൽ തൊഴിൽ ചെയ്യുന്ന കലാകാരന്മാർക്ക് വൈദ്യസഹായം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിന് തൊഴിലാളി 30 രൂപ അടയ്ക്കണം. പദ്ധതി ചെലവിന്റെ 75 ശതമനം കേന്ദ്ര ഗവൺമെന്റാണ് വഹിക്കുന്നത്. ബാക്കി 25 ശതമാനം അതാത് സംസ്ഥാന ഗവൺമെന്റുകളും. ജമ്മുകാശ്മീർ, വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ ചെലവിന്റെ 90 ശതമാനവും കേന്ദ്ര ഗവൺമെന്റു തന്നെയാണ് വഹിക്കുന്നത്.

പദ്ധതി പ്രകാരം തൊഴിലാളികൾക്കും കുടുംബാഗങ്ങൾക്കും ഇൻഷുറൻസ് ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. കുടുംബത്തിലെ ഏതെങ്കിലും അംഗത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചാൽ 30,000 രൂപയുടെ ധനസഹായം ലഭിക്കും. കിടപ്പുരോഗികളല്ലാതെ ചികിത്സ തേടുന്നവർക്ക് 7500 രൂപയും ലഭിക്കും. 2017 ഏപ്രിൽ 1 മുതൽ ഈ പദ്ധതിയെ രാഷ്ട്രിയ സ്വസ്ഥ്യ ബിമ യോജനയിൽ ലയിപ്പിക്കും. നടത്തിപ്പിനായി കുടുംബ ക്ഷേമ മന്ത്രാലയത്തെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതുവരെ 23,74,938 കരകൗശല മേഖലയിലെ കലാകാരന്മാർ പദ്ധതിയിൽ അംഗങ്ങളായിക്കഴിഞ്ഞു.

### 2) ആം ആദ്മി ബിമ യോജന

കരകൗശല മേഖലയിലെ കലാകാരന്മാർക്കായി ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ 2004-05 ൽ ജനശ്രീ ബിമ യോജന എന്ന പേരിൽ ഒരു ഇൻഷുറൻസ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. മന്ത്രിസഭയുടെ സാമ്പത്തിക കാര്യ സമിതി 11-ാം പദ്ധതിയിൽ ഇതിന് അംഗീകാരം നല്കിയശേഷം ധനവ്യയ സമിതിയുടെ ശിപാർശ പ്രകാരം അതിനെ ആം ആദ്മി ബിമ യോജന എന്ന് പുനർനാമകരണം ചെയ്യുകയായിരുന്നു. ആം ആദ്മി ബിമ യോജനയെ പ്രധാൻ മന്ത്രി ജീവൻ ജ്യോതി ബിമ, പ്രധാൻ മന്ത്രി സുരക്ഷ ബിമ യോജന എന്നിവയിൽ ലയിപ്പിക്കാനുള്ള ആലോചനയും നടന്നുവരുന്നുണ്ട്.

## ദരിദ്ര കലാകാരന്മാർക്ക് സാമ്പത്തിക സഹായം

കരകൗശല കലാകാരന്മാർക്ക് അവരുടെ വിശ്രമ ജീവിത സമയത്ത് സാമ്പത്തിക സഹായം നല്കാനുള്ള പദ്ധതിയാണ് ഇത്. ദേശീയ, സംസ്ഥാന പുരസ്കാരങ്ങൾ നേടിയിട്ടുള്ളവരും, വാർഷിക വരുമാനം 30000 രൂപയിൽ കവിയാത്തവരും, 60 വയസിനു മേൽ പ്രായമുള്ളവരുമായ നിർധന കലാകാരന്മാർക്ക് പ്രതിമാസം 3000 രൂപ വീതം ധനസഹായം നല്കുന്ന പദ്ധതിയാണ് ഇത്. ഈ പദ്ധതി പ്രകാരം 2014 മുതൽ 2016 വരെ 1035 കലാകാരന്മാർക്കായി 164.06 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം ലഭ്യമാക്കി കഴിഞ്ഞു.

## ചണ തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികൾ

### 1) ചണത്തൊഴിലാളി ക്ഷേമ പദ്ധതി - ചണ മില്ലിലെ ശുചിത്വം

ചണമില്ലിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും അവരുടെ കുടുംബാഗംങ്ങൾക്കും ശുചിത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഇതനുസരിച്ച് മില്ലുകളിലെ സ്ത്രീ-പുരുഷ തൊഴിലാളികൾക്ക് ശുചിമുറികൾ, വാഷ് ബെയ്സിനുകൾ തുടങ്ങിയവ സ്ഥാപിക്കും. മൊത്തം 40 ലക്ഷമാണ് പദ്ധതി ചെലവ്. ഇതിന്റെ 90 ശതമാനം നാഷണൽ ജ്യൂട്ട് ബോർഡ് നല്കും.

### 2) ചണത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ

ഈ പദ്ധതി പ്രകാരം ചണമില്ലിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ മക്കൾക്ക്, പ്രത്യേകിച്ച് പെൺമക്കൾക്ക് വിദ്യാഭ്യാസത്തിനായി സാമ്പത്തിക സഹായം നല്കി വരുന്നു. ഇത്തരം തൊഴിലാളി കുടുംബങ്ങളിൽ നിന്ന് സെക്കണ്ടറി സ്കൂൾ പരീക്ഷ പാസാകുന്ന ഓരോ പെൺകുട്ടിക്കും 5000 മുതൽ 10000 രൂപ വരെ ധനസഹായം ലഭിക്കും. 12-ാം ക്ലാസ് പരീക്ഷ വരെയാണ് ഈ സഹായം. 2015-16 മുതൽ ഈ സ്കോളർഷിപ്പ് ബിരുദ തലത്തിൽ 15000 രൂപയും ബിരുദാനന്തര തലത്തിൽ 20,000 രൂപയുമായി ഉയർത്തിയിട്ടുണ്ട്. മാത്രവുമല്ല എൻജിനിയറിങ്, ടെക്നോളജി, മാനേജ്മെന്റ്, സിഎ, സിഎസ്, ഐസി ഡബ്ലിയു എ ഐ തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവരുടെ വാർഷിക ട്യൂഷൻഫീസിന്റെ നിശ്ചിത ശതമാനം സാമ്പത്തിക സഹായവും നല്കും. 2013 -14 സാമ്പത്തിക വർഷത്തിൽ 6733 വിദ്യാർത്ഥികൾ ഈ ആനുകൂല്യത്തിന് അർഹരായി.

### 3) പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലുള്ള ചണമിൽ തൊഴിലാളികൾക്ക് ലൈഫ് ഇൻഷുറൻസ്

ചണമില്ലുകളിൽ പണിയെടുക്കുന്ന പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലുള്ള തൊഴിലാളികൾക്കായി 2016 ഓഗസ്റ്റ് മുതൽ 2019 മാർച്ച് വരെ പ്രാബല്യമുള്ള ലൈഫ് ഇൻഷുറൻസ് പദ്ധതിയാണ് ഇത്. പ്രധാന മന്ത്രി ജീവൻ ജ്യോതി ബിമ യോജന, പ്രധാന മന്ത്രി സുരക്ഷ ബിമ യോജന എന്നിങ്ങനെ രണ്ടു വിധത്തിലാണ് ഇത് നടപ്പാക്കുന്നത്.

കാലാകാലങ്ങളിൽ വസ്ത്ര നിർമ്മാണ മേഖലയിലെ തൊഴിലാളികൾക്ക് പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടോ എന്ന് ടെക്സ്റ്റൈൽ മന്ത്രാലയം നിരീക്ഷിക്കും. തൊഴിലാളികളുടെ താല്പര്യങ്ങൾക്ക് മന്ത്രാലയം മുൻഗണന നല്കും. അവരുടെ ക്ഷേമത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ തുടരുകയും ചെയ്യും.

*(കേന്ദ്ര ടെക്സ്റ്റൈൽസ് വകുപ്പ് സഹമന്ത്രിയാണ് ലേഖകൻ)*





# ഭാരതം കൈത്തറിയിൽ നെയ്ത സംസ്ക്കാരം

**ജയ ജയ്റ്റ്‌ലി**

ആത്മീയതയിൽ ആണ്ടു മുങ്ങിയ ഒരു രാജ്യമായി ഇന്ത്യ പലപ്പോഴും വിവരിക്കപ്പെടാറുണ്ട്. ഇന്ത്യയിൽ നിന്നും പൗരസ്ത്യ ദേശത്തേക്ക് കൊണ്ടുപോകപ്പെട്ട തുണിയിൽ വരച്ചതോ അച്ചടിച്ചതോ ആയ പ്രാർഥനാ പതാകകൾ ബുദ്ധിസത്തിന്റെ സന്ദേശം വഹിച്ചിരുന്നു. വിശുദ്ധിയുടെ ആധാരങ്ങളാൽ പ്രചോദിതമായിരുന്ന പട്ടുവസ്ത്രങ്ങൾ ക്ഷേത്രങ്ങളിലെ ദേവതമാരെയോ രാജാക്കന്മാരുടെ കഴിവുകളെയോ വാഴ്ത്തുന്ന ശ്ലോകങ്ങൾ കസവു നൂലുകൾ കൊണ്ട് നെയ്തവയായിരുന്നു. ദീർഘ സുമംഗലിയാകാനുള്ള ആശംസകൾ വധുക്കളുടെ സാരിത്തുമ്പുകളിൽ നെയ്തു ചേർത്തിരുന്നു. ഇതിഹാസ പദ്യശകലങ്ങളോ ഭജനപ്പാട്ടുകളോ ഒഡീഷയിൽ നിന്നുള്ള കൈത്തറി സാരികളുടെ വല്ലവങ്ങളെ അലങ്കരിച്ചിരുന്നു. ഏതവസരത്തിലേക്കും ആശംസകൾ വിശുദ്ധങ്ങളായി ഇന്ത്യയിൽ പരിഗണിച്ചിരുന്നു. ആദ്യ ശമ്പളം വാങ്ങുന്ന ഒരു യുവാവ് തന്റെ മാതാവിന് ഒരു കൈത്തറി സാരി വാങ്ങിക്കൊടുക്കുന്നത് പോലും കൃതജ്ഞതാ നിർഭരവും ബഹുമാന സൂചകവുമായ ഒരു കർത്തവ്യമായി കരുതിപോന്നിരുന്നു.

സാമുദായിക പ്രത്യേകതകൾക്കും സാംസ്കാരത്തിനും അനുസരിച്ച് ധരിക്കുന്ന അടിസ്ഥാന വസ്ത്രമെന്നതിനപ്പുറം മിക്കവാറും എല്ലാത്തരം കൈത്തറി വസ്ത്രങ്ങൾക്കും ഒരു പ്രത്യേക അർത്ഥമോ ലക്ഷ്യമോ ഉണ്ട്. തെക്കേ അമേരിക്കയിലെയും ആഫ്രിക്കയിലെയും ചുരുക്കം ചില പരമ്പരാഗത സമുദായങ്ങൾ ഇത്തരം തുണി ഉല്പാദിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നുണ്ടെങ്കിലും ഇന്ത്യയിലെ ജനങ്ങൾ ചെയ്യുന്നതു പോലെ തുടർച്ചയായും വിശാലമായും ഇത് ചെയ്തുപോരുന്നില്ല. ഇന്ത്യയിൽ നെയ്യുന്ന ഓരോ കൈത്തറി തുണിയെയും ഓരോ പ്രദേശവുമായി ബന്ധപ്പെടുത്താൻ കഴിയുന്നതാണ്.

ഇന്ത്യയിലേക്കുള്ള മുഗളരുടെ വരവിനു മുൻപ് തുന്നൽപ്പണി ചെയ്യാതെ ധരിക്കാനാണ് തുണികൾ നെയ്തിരുന്നത്. ലുങ്കികൾ, വേഷ്ടികൾ, മുണ്ടുകൾ, ഉത്തരീയങ്ങൾ, തലപ്പാവുകൾ, മേലങ്കി, മേൽകുപ്പായം, ഷാളുകൾ എന്നിവ പുരുഷന്മാർക്കും സാരികൾ, കൈലികൾ, കെട്ടുറൗക്ക, മൂടുപടം, ചേലകൾ, ഷാളുകൾ എന്നിവ തരാതരം നീളത്തിൽ സ്ത്രീകൾക്കായും കൈത്തറിയിൽ നെയ്തെടുത്തിരുന്നു. മുഗൾ രാജാക്കന്മാർ നാനാവിധത്തിലുള്ള വിദഗ്ധരെ കൊണ്ടു വന്നതിൽ തയ്യൽക്കാരും പെട്ടിരുന്നു. പേർഷ്യൻ ഷെർവാണി, പൈജാമ, സാൽവാർ, കുർത്ത, ഷരാര, തിളങ്ങുന്ന ലഹംഗ തുടങ്ങിയവയെല്ലാം ആവശ്യാനുസരണം ബനാറസ് പട്ടിൽ നിന്നും ബംഗാൾ മസ്ലിനിൽ നിന്നും നിർമ്മിക്കുകയും പതിനാലും പതിനഞ്ചും നൂറ്റാണ്ടിലെ ഇന്ത്യയിലും യൂറോപ്പിലുമുള്ള രാജസഭാംഗങ്ങൾക്കായി തുന്നിച്ചെടുക്കുകയും ചെയ്തിരുന്നു. പിന്നീട് ബ്രിട്ടീഷുകാർ ഇന്ത്യ ഭരിക്കാനായി എത്തുകയും മാഞ്ചസ്റ്ററിലെയും ലങ്കാഷയറിലെയും തുണിമില്ലുകളിൽ യന്ത്രവൽക്ക

രണം കടന്നുവരികയും ചെയ്തതോടെ സാമ്രാജ്യത്വ കൊളോണിയൽ ഭരണം ഇന്ത്യൻ കൈത്തറി നെയ്ത്തിനെ തകർക്കാൻ തുടങ്ങി. ഇതിനായി യുക്തി രഹിതമായ നികുതികളും അതിലും വഷളായ നടപടികളും സ്വീകരിക്കുകയും ചെയ്തു.

തുടർച്ചയാണ് ഇന്ത്യയിലെ കൈത്തറി പാരമ്പര്യത്തെ നിലനിർത്താൻ സഹായിച്ചത്. ഒന്നാമതായി ആ വസ്ത്രത്തിന്റെ ഗുണവും ഡിസൈനും വിശുദ്ധിയെ പ്രചോദിപ്പിക്കുന്നതിലൂടെ സവിശേഷത യാർജ്ജിച്ചു. രണ്ടാമതായി അതു ധരിക്കുന്ന ഒരു വ്യക്തിക്ക് ഒരു സമുദായത്തിന്റെ, പ്രദേശത്തിന്റെ അല്ലെങ്കിൽ മതത്തിന്റെ അനന്യമായ അനുഭവം വാഗ്ദാനം ചെയ്യുന്നു. മൂന്നാമതായി ജാതിവ്യവസ്ഥയുടെ കലർപ്പില്ലാത്ത സാമൂഹിക ഭദ്രത ഉറപ്പുവരുത്തുന്നു. ദക്ഷിണേന്ത്യയിലെ വിജയനഗര സാമ്രാജ്യത്തിന്റെയും ബ്രാഹ്മണി രാജവംശങ്ങളുടെയും കാലത്ത് ക്ഷേത്രങ്ങൾക്കും ഭരണാധികാരികൾക്കും കയ്യയച്ച് ധനസഹായം നൽകിയിരുന്ന ധനികരും ശക്തരുമായിരുന്ന നെയ്ത്തുകാരുടെ സംഘടന (വീവേഴ്സ് ഗിൽഡ്) പോലെ പിന്നീടുള്ള കാലഘട്ടങ്ങളിൽ അത്തരം സംഭവങ്ങൾ ആവർത്തിച്ചില്ല. അക്കാലത്തെ ചൂഷകരായ കച്ചവടക്കാരുടെ ദുർനടത്തയും അതേതുടർന്ന് നിലവിൽ വന്ന സാമൂഹ്യ അസമത്വവും മൂലമായിരുന്നു അത്.

## സാമൂഹിക കൂട്ടായ്മകൾ

കൈത്തറി നെയ്ത്തുകാർ എല്ലാത്തരം ഉപഭോക്താക്കൾക്കും വസ്ത്രം വിതരണം ചെയ്തിരുന്നു. മുഗൾന്മാരുടെ വരവിനെ തുടർന്ന് തുണി തയ്ച്ചു തുടങ്ങിയതോടെ പ്രഭുക്കന്മാരും സമ്പന്നവിഭാഗങ്ങളും ചെലവേറിയ വസ്ത്രങ്ങളിലേക്കു തിരിയുകയും താഴ്ന്ന വിഭാഗങ്ങൾ പഴയമാതിരി തന്നെ വസ്ത്രം ധരിക്കുകയോ ട്രൗസർ, ബ്ലൗസ്, കുർത്ത തുടങ്ങി ചെറിയ തോതിൽ തുന്നിയ വസ്ത്രങ്ങൾ ഉപയോഗിക്കുകയോ ചെയ്തു.

## ഭരണ നിർവ്വഹണം - സ്വതന്ത്ര ഇന്ത്യയിൽ

സ്വാതന്ത്ര്യ പ്രാപ്തിക്കു മുമ്പ് ഏതു തുണിയുടേയും വില നിശ്ചയിച്ചിരുന്നത് അതതു കാലത്തെ ഭരണാധികാരികൾ കൊണ്ടുവരുന്ന നിയന്ത്രണങ്ങളോടൊപ്പം വിപണി ശക്തികൾ കൂടിയായിരുന്നു. മഹാത്മാഗാന്ധിയുടേയും ദേശീയ ഖാദി പ്രസ്ഥാനത്തിന്റെയും ശ്രമഫലമായാണ് 1947നു ശേഷം തൊഴിലാളികൾക്ക് ക്ഷേമ, വികസന പദ്ധതികളും സഹായ പദ്ധതികളും സർക്കാർ ഏർപ്പാടാക്കിയത്. എന്നാൽ സ്വാതന്ത്ര്യാനന്തര വ്യവസായവൽക്കരണം യന്ത്രവൽകൃത മിൽത്തുണികളും സിന്തറ്റിക്കും യന്ത്രത്തറികളും കൊണ്ടുവന്നത് ചെലവുകുറഞ്ഞതും തൊഴിലാളികൾക്ക് സൗകര്യപ്രദവുമായി മാറിയതതോടെ നെയ്ത്തു തൊഴിലാളികളുടെ എണ്ണത്തിൽ കാര്യമായ കുറവു വന്നു.

എൺപതുകളുടെ മദ്ധ്യത്തോടെ യന്ത്രത്തറികളുടെ ത്വരിത വളർച്ചയ്ക്കൊപ്പം ഇവ തമ്മിലുള്ള വ്യത്യാസം ഉപഭോക്താക്കൾക്കു മനസ്സിലാക്കികൊടുക്കാനോ കടന്നുകയറ്റം നിയന്ത്രിക്കാനോ കഴിയാതെ വന്നു. ഇത് കൈത്തറി വ്യവസായത്തിന് ഹാനി വരുത്തി. സർക്കാർ ഏജൻസികൾ കൈത്തറി മേഖലയ്ക്ക് നൽകിപ്പോന്നിരുന്ന സഹായങ്ങൾ സ്വകാര്യ മേഖലയുടെ കണ്ണഞ്ചിപ്പിക്കുന്ന പരസ്യങ്ങൾക്കു മുന്നിൽ വേണ്ട ഫലം ചെയ്തില്ല. ഔദ്യോഗിക ഇടപെടലുകൾ ഉദ്ദേശ്യശുദ്ധിയുള്ളതായിരുന്നുവെങ്കിലും ഭാവനാരഹിതമായും അവഗണിക്കപ്പെട്ട രീതിയിലും ഉദാസീനവുമായാണ് നടപ്പിലാക്കപ്പെട്ടത്.

എങ്കിലും കഴിഞ്ഞ പതിറ്റാണ്ടുകളിൽ നിയമ പരിരക്ഷയും ആഗോള സ്വതന്ത്ര വിപണിയുടെ അവസരങ്ങളും ഇല്ലാതിരുന്നിട്ടും നിരവധിയായ സർക്കാർ ഇടപെടലുകളും സഹായങ്ങളുമാണ്, എണ്ണത്തിൽ വല്ലാതെ കുറഞ്ഞുപോയെങ്കിലും കൈത്തറിയേയും ഖാദിയേയും നിലനിർത്താൻ സഹായിച്ചതെന്ന വസ്തുത അംഗീകരിക്കേണ്ടതാണ്. സർക്കാരിന്റെ വിശ്വകർമ്മ പ്രൊജക്ടും 80 കളിൽ നടത്തിയ പ്രദർശന മേളകളും 70കളുടെ അവസാനത്തിലും 80 കളിലുമായി രാജ്യത്തെമ്പാടും സർക്കാർ സംഘടിപ്പിച്ച നൂറുകണക്കിനു കൈത്തറി വില്പന മേളകളും ചില ഉദാഹരണങ്ങളാണ്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടായി വിപണി വീണ്ടും സജീവമാകാൻ തുടങ്ങിയിട്ടുണ്ട്. ശക്തമായ വിപണന വേദികളുമായുള്ള കൂട്ടിയിണക്കലും, ഫാഷൻ വ്യവസായ ഘടകങ്ങളും എല്ലാം തന്നെ നെയ്ത്ത് തൊഴിലാളികളും അധികൃതരും തിരിച്ചറിഞ്ഞുവരുന്ന ഈ സാഹചര്യത്തിൽ കൈത്തറി മേഖല പുനരുദ്ധരിക്കപ്പെടുന്നുണ്ടെന്ന് പറയാനാവും.

## പുനരുജ്ജീവനത്തിന് പുതു സമീപനങ്ങൾ

കൈത്തറി മേഖലയുടെ പുനരുജ്ജീവനത്തിന് അടിയന്തിര പുനഃപരിശോധന ആവശ്യമാണ്. നിലവിലുള്ള പദ്ധതികൾക്ക് പകരം വയ്ക്കേണ്ടത് കൂടുതൽ യാഥാർത്ഥ്യബോധമുള്ള രൂപകല്പനകളും വികസനത്തിനു വേണ്ടിയുള്ള പദ്ധതികളുമാണ്. 'മുദ്രാ'വായ്പകൾ, സ്റ്റാർട്ടപ്പുകൾക്കും സ്കിൽ ഇന്ത്യാ പദ്ധതികൾക്കും ഉള്ള സഹായം ഇവയൊക്കെ നേടുന്നതിലേക്ക് അനൗപചാരികമായി സ്വയം തൊഴിൽ ചെയ്യുന്ന ഈ കൈത്തൊഴിൽ തൊഴിലാളികളെ നയിക്കാൻ കൂടുതൽ ഉദാര സമീപനം ആവശ്യമാണ്. ഇതിന് ബാങ്കുജീവനക്കാർക്ക് കൂടുതൽ പരിശീലനം ആവശ്യമാണ്.

ഗുണമേന്മയുള്ള നൂല് ന്യായവിലക്ക് ലഭ്യമാകുന്നതിനുള്ള പ്രയാസം; ചണം, ജൈവപരുത്തി, നാരുകൾ തുടങ്ങിയവയ്ക്കു പകരം വയ്ക്കാനുള്ള വസ്തുക്കൾ എന്നിവ സംബന്ധിച്ച് കൂടുതൽ വ്യക്തത വരേണ്ടിയിരിക്കുന്നു. പുതിയ വസ്ത്രങ്ങളും തുണിത്തരങ്ങളും കൈത്തറിയിൽ നെയ്യുന്നതിന് ഉപയുക്തമായതും ഫാഷൻ വ്യവസായത്തിന്റെ ആവശ്യങ്ങൾക്ക് യോജിച്ച വിധത്തിലുള്ളതുമായ പുതിയ നിരീക്ഷണങ്ങൾ നടത്താൻ വസ്ത്ര നിർമ്മാണ ഫാഷനും ഡിസൈൻ രംഗത്തുള്ളവർ കൂടുതലായി ഈ മേഖലയിലേക്ക് കടന്നുവരണം.

പ്രകൃതിദത്ത ചായംമുക്കലിനുള്ള പരിശീലനം, കൈത്തറിയുടെ പുനരുദ്ധാരണം, പദ്ധതി നടപ്പാക്കൽ എന്നിവയ്ക്കുള്ള പ്രോത്സാഹനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിലൂടെ പരിസ്ഥിതി മലിനീകരണം വൻതോതിൽ കുറയ്ക്കാൻ സഹായിക്കുമെന്നു മാത്രമല്ല അതിന് ആഗോള അംഗീകാരവും ലഭിക്കും. പ്രകൃതിദത്ത ചായംമുക്കലിന്റെ ഭാഗമായി ഉണ്ടാകുന്ന മലിനജലം മണ്ണിനിണങ്ങുന്നതായിരിക്കും. പ്രകൃതിദത്ത ചായം മുക്കലിനെപ്പറ്റിയുള്ള വിപുലമായ വിജ്ഞാനശേഖരം ഇന്ത്യയിലെമ്പാടും ഇപ്പോഴും നിലനില്ക്കുന്നതിനാൽ സ്വാഭാവിക ചായങ്ങൾക്ക് ഭാവിയിലേക്കുള്ള ഒരു മുതൽക്കൂട്ടാകാൻ കഴിയുന്നതാണ്.

ഈറ, കൈത, വാഴനാരുകകൾ തുടങ്ങി നിരവധിയായ സ്വാഭാവിക നാരുകളുടെ ഉപയോഗം വികസിപ്പിക്കുവാൻ കഴിയുന്നതാണ്. ഇത്തരത്തിലുള്ള അസംസ്കൃത വസ്തുക്കൾക്ക് കൈത്തറി മേഖലയിലെ പ്രകൃതിജന്യ വിഭവ സൃഷ്ടിയിലേക്ക് നെയ്ത്തുകാരെ തിരികെ കൊണ്ടുവരാൻ കഴിയും,

ഓൺലൈൻ വ്യാപാര ഭീമന്മാരായ ആമസോണും ഫ്ളിപ്കാർട്ടും ഇൻഡിമാർട്ടും കരകൗശല കൈത്തറി മേഖലകളിലേക്കു കൂടി വ്യാപിച്ചതോടെ വിപണന അവസരങ്ങൾ അതിവേഗം വർധിക്കുന്നുണ്ട്. ഓർഡർ അനുസരിച്ചും സമയബന്ധിതമായും സ്വമേധയാ സാധനങ്ങൾ വിതരണം ചെയ്യാനാവും വിധം ഈ വിപണത്തിലെ നേട്ടങ്ങളും സാധ്യതകളും നെയ്ത്തുകാർ മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. ഫേസ്ബുക്ക് അക്കൗണ്ടുകളും വെബ്സൈറ്റുകളും വഴി തങ്ങളുടെ പ്രവർത്തികളെ തുറന്നുകാട്ടാൻ കരകൗശല വിദഗ്ധർ സ്വമേധയാ പഠിച്ചുകൊണ്ടിരിക്കുകയാണ്.

ഒരു സംസ്ഥാനത്തു നിന്നും മറ്റൊരു സംസ്ഥാനത്തേക്ക് സാധനങ്ങൾ വില്പനക്കായി അയക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ (നിലവിലുള്ള അന്തർ സംസ്ഥാന ചരക്ക് അയക്കലും സ്വീകരിക്കലും സംബന്ധിച്ചുള്ള നിയമങ്ങൾ) സങ്കീർണ്ണവും പലർക്കും അറിവില്ലാത്തതുമാണ്. പുതിയ GST ബിൽ നിലവിൽ വരുന്നതോടെ ഇതിനു പരിഹാരമാകുമെന്ന് പ്രതീക്ഷിക്കാം.

പ്രാദേശിക മാർക്കറ്റിൽ ഗാർഹിക വിപണനത്തിലൂടെ വില്പന വർദ്ധിപ്പിക്കാനുള്ള ഒരു പ്രത്യേക ശ്രമം നടത്തേണ്ടതുണ്ട്. ഇന്ത്യൻ അഭിരുചിക്കിണങ്ങും വിധം വൈവിദ്ധ്യപൂർണ്ണവും വിഭിന്ന നിലവാരത്തിലുള്ളതുമായ വിപണികൾ വികസിപ്പിക്കേണ്ടതുണ്ട്. കൈത്തറിത്തുണിയുടെ പേരിൽ യന്ത്രത്തുണി കയറ്റുമതി ചെയ്യാനുള്ള സാഹചര്യം ഒഴിവാക്കണം. വിശ്വാസ്യതക്കെതിരായ വലിയൊരു ചോദ്യമായിരിക്കും ഇത് ക്ഷണിച്ചുവരുത്തുക.

സർക്കാരുമായി സുതാര്യവും ആത്മാർത്ഥവുമായ പങ്കാളിത്തത്തോടെ സഹകരിച്ചു പ്രവർത്തിക്കാനുള്ള സർക്കാരിതര സംഘടന (NGO) കളുടെ ശേഷി മുഴുവനായി ഇനിയും ഉപയോഗപ്പെടുത്തപ്പെട്ടിട്ടില്ല. ഈ വിഭവശേഷി വികസിപ്പിക്കേണ്ടതാണ്. വസ്തുനിഷ്ഠ യാഥാർത്ഥ്യങ്ങൾ അടിസ്ഥാനമാക്കി കൂടുതൽ ഫലവത്തായ പദ്ധതികൾ രൂപപ്പെടുത്തുന്നതിനും അവരവരുടെ പ്രദേശങ്ങളിൽ മാതൃകാപരമായി പ്രവർത്തിക്കാനുമുള്ള സർക്കാതിര സംഘടന

(NGO) കളുടെ അപേക്ഷ ക്ഷണിക്കുന്നതിന് പ്രത്യേക ശ്രമം വേണം.

1980കളിൽ രാജ്യത്തെമ്പാടും രൂപീകരിച്ചു പ്രവർത്തിച്ചുപോന്ന നിരവധി നെയ്ത്തു സേവന കേന്ദ്രങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. ഒരു പ്രദേശത്ത് നന്നായി പ്രവർത്തിക്കുന്നവയെപ്പറ്റി മറ്റുള്ളവർക്ക് അറിവുണ്ടാവില്ല. നെയ്ത്തുകാരെ പരസ്പരം ബന്ധപ്പെടുത്തി ശക്തമായ ആശയവിനിമയം നടത്താനും ഉത്പന്ന പ്രദർശനത്തിനും വികസനത്തിനുമായുള്ള കേന്ദ്രങ്ങളായി ഇത്തരം സേവനങ്ങൾ മാറണം. ഇവയുടെ അവസ്ഥ ഉയർത്താനും കാലികമാക്കാനും ഡിജിറ്റൽവൽക്കരിക്കാനും ശേഖരിക്കപ്പെട്ട ഡാറ്റ പങ്കുവയ്ക്കാനും കഴിയണം. അവയുടെ പ്രവർത്തനത്തെപ്പറ്റി സ്വതന്ത്രപഠനം നടത്തുന്നത് നന്നായിരിക്കും. ഡിമാന്റ് ഉയരുന്ന അവസരങ്ങളിൽ നെയ്ത്തു രംഗത്ത തൊഴിൽ പരിശീലകരുടെ അടുത്തെത്തി പഠിപ്പിക്കാനും ഉത്പാദനം കൂട്ടാനും സഹായിക്കാനുമായി നെയ്ത്താശാൻമാരെ (Master Weavers) നൽകാനും ഇവർക്കു കഴിയും. വരും തലമുറയ്ക്കായി വിവരങ്ങൾ രേഖപ്പെടുത്തി വയ്ക്കുവാനും (Documentation) ശ്രമിക്കണം.

### പുനരുത്ഥാനം

ഇന്ന് കൈത്തറിയോട് പ്രോത്സാഹജനകമായ ഒരു സമീപനം നിലവിലുണ്ട്. മറ്റ് ആഗോള ബ്രാൻഡുകളിൽ നിന്നു വ്യത്യസ്തമായി ശുദ്ധമായ നൂലിൽ നിർമ്മിച്ച ഇന്ത്യൻ കൈത്തറി വസ്ത്രം നൽകുന്നത് അതുല്യത, ആചാരപരത, പൈതൃകവും പാരമ്പര്യവും ഇണങ്ങിച്ചേരുന്ന അനുഭൂതി, തെരഞ്ഞെടുക്കാൻ അനേകായിരം ഇനങ്ങൾ, മനഃപൊരുത്തം, ഓരോ വാരത്തുണിക്കും ഒരു സംസ്കാരത്തിന്റെ കഥ പറയാനുണ്ടാവും എന്നിവയാണ്.

കൈത്തറി പ്രോത്സാഹനം പ്രചരിപ്പിക്കാനുള്ള നിരവധി നടപടികൾക്ക് സമൂഹ മാധ്യമങ്ങളുടെയടക്കം സഹായം ഉണ്ടായിട്ടുണ്ട്. ടെക്സ്റ്റൈൽസ് മന്ത്രി തുടക്കം കുറിച്ച 'കൈത്തറി ധരിക്കൂ' 'നൂറു സാരികൾ' തുടങ്ങിയ പരിശ്രമങ്ങൾ, പൊതുജനങ്ങളുടെ പ്രോത്സാഹനം ഇവയെല്ലാം ചേർന്ന് കൈത്തറിയിലേക്ക് ഒരു കൂട്ടം പുതിയ ഉപഭോക്താക്കളെ എത്തിച്ചിട്ടുണ്ട്. നെയ്ത്തു സമൂഹത്തിന്റെ സാമ്പത്തിക ശാക്തീകരണത്തോടൊപ്പം അവരുടെ അർത്ഥവത്തായ സാമൂഹിക അംഗീകാരത്തിനായി ബഹുജന പങ്കാളിത്തം ഇനിയും ഉണ്ടാവേണ്ടിയിരിക്കുന്നു.

*(കൈത്തറി, കരകൗശല തൊഴിലാളികളുടെ ദേശീയ സംഘടനയായ ദാസ്താകാരി ഹാത് സമിതിയുടെ പ്രസിഡന്റാണ് ലേഖിക)*

**വിജ്ഞാനപാത**

## ഇന്ത്യയിലെ വിവിധതരം പട്ടുകൾ

രാജ്യത്തെ പട്ട് ഉത്പാദനത്തിൽ 80 ശതമാനത്തോളം മൾബറി സിൽക്ക് വിഭാഗത്തിൽ പെടുന്നു. കർണ്ണാടക, ആന്ധ്ര, തമിഴ്നാട്, പശ്ചിമബംഗാൾ, ജമ്മുകാശ്മീർ തുടങ്ങിയ സംസ്ഥാനങ്ങളാണ് മൾബറി പട്ട് ഉത്പാദനത്തിൽ മുന്നിട്ടു നിൽക്കുന്നവ.

ട്രോപ്പിക്കൽ ടസ്സർ വിഭാഗത്തിലുള്ള പട്ട് പ്രധാനമായും ഉത്പാദിപ്പിക്കുന്നത് ജാർഖണ്ഡ്, ചത്തീസ്ഗഡ്, ബീഹാർ, മഹാരാഷ്ട്ര, മദ്ധ്യപ്രദേശ്, ആന്ധ്രാ, ഒറീസ സംസ്ഥാനങ്ങളാണ്. അതേസമയം ഓക് ടസ്സർ ഉത്പാദനത്തിൽ മുന്നിട്ട് നിൽക്കുന്ന സംസ്ഥാനങ്ങൾ മണിപ്പൂർ, മിസോറാം, നാഗാലാൻഡ്, ഉത്തരാഖണ്ഡ്, ജമ്മുകാശ്മീർ എന്നിവയാണ്.

എറി പട്ടിന്റെ പ്രധാന മേഖല ആസം ഉൾപ്പെടെയുള്ള വടക്കുകിഴക്കൻ സംസ്ഥാനങ്ങളാണ്. പട്ടുനൂൽ പുഴുവിനെ കൊല്ലാതെ പട്ട് ഉൽപാദിപ്പിക്കുന്ന രീതി ആയതിനാൽ എറി പട്ടിനെ അഹിംസാ പട്ട് എന്നും പീസ് (peace) പട്ട് എന്നും അറിയപ്പെടുന്നു. സ്വർണ്ണ വർണമുള്ള മുഗാ പട്ടും പ്രധാനമായി നിർമ്മിക്കുന്നത് ബംഗാൾ, ആസാം, മറ്റു വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ തുടങ്ങിയവയാണ്.

## രാജ്യത്തെ ആദ്യ മെഗാ സിൽക്ക് ക്ലസ്റ്റർ കർണ്ണാടകയിൽ

125 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന രാജ്യത്തെ ആദ്യ മെഗാ സിൽക്ക് ക്ലസ്റ്റർ, പട്ടുനൂൽ നെയ്ത്തൽ, അസംസ്കൃത പട്ടുനൂലിനെ ഉൽപന്നമാക്കുക തുടങ്ങിയവയ്ക്കായി മികച്ച സൗകര്യങ്ങൾ ഉള്ള കേന്ദ്രമായി വിഭാവനം ചെയ്യുന്നു. മൈസൂറിനടുത്തുള്ള ബെലാവാഡി ഗ്രാമത്തിലെ നിർദ്ദിഷ്ട പദ്ധതി 2016 ഓടെ പൂർണ്ണ സജ്ജമാക്കുവാൻ കേന്ദ്ര സർക്കാർ പദ്ധതിയിടുന്നുണ്ട്.

# ഖാദി: നവരാഷ്ട്ര നിർമ്മിതിയുടെ ചാലക ശക്തി



**വി.കെ സക്സേന**

ആധുനിക രാഷ്ട്ര നിർമ്മാണത്തെ കുറിച്ചാണ് നാം ഇപ്പോൾ തുടർച്ചയായി ചിന്തിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ശാസ്ത്രീയ മനോഭാവവും, സാങ്കേതിക ശക്തിയും, സൈനിക ബലവും, കലാമികവും, ആധുനിക സൗകര്യവികസനമെല്ലാം പ്രാധാന്യമർഹിക്കുന്നു. എങ്കിലും മുന്നോട്ടു പോകുന്നതിന് ഏറ്റവും പ്രധാനം നമ്മുടെ അടിസ്ഥാന ശേഷികൾ തിരിച്ചറിയുക എന്നതു തന്നെ. ഓരോ രാജ്യവും ഏറ്റവും കടപ്പെട്ടിരിക്കുന്നത് അതിനെ നിലനിർത്തുന്ന ഭക്ഷ്യധാന്യ സ്രോതസ്സുകളോടാണ്. ഒരു സ്വപ്നം യാഥാർത്ഥ്യമാകുന്നതിന് നാം ഏറ്റവും ആശ്രയിക്കുന്നതാകട്ടെ, നമുക്കൊപ്പം എന്നും ഉണ്ടാകണമെന്നാഗ്രഹിക്കുന്ന ഈ അടിസ്ഥാന വിഭവങ്ങളെ തന്നെയാണ്.

ബ്രിട്ടീഷ് ഭരണത്തിനു ശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഒരു രാഷ്ട്രമെന്ന നിലയിൽ നാം നമ്മുടെ വളരെ വ്യത്യസ്തമായ സംസ്കാരത്തിലൂടെയും പരമ്പരാഗതമായ ജീവിതരീതികളിലൂടെയും മുന്നോട്ടു നീങ്ങുകയാണ്. നമ്മുടെ ഭാവി ഏറ്റവും താഴെ തട്ടിൽ നിന്നുള്ള കൂട്ടായ ശക്തിയിലാണ് എന്ന് വർഷങ്ങൾക്കു മുൻപു തന്നെ മഹാത്മജി തിരിച്ചറിഞ്ഞിരുന്നു. ഇറക്കുമതി ചെയ്ത മൂല്യങ്ങളുടെ അടിത്തറമേൽ അത് പടുത്തുയർത്താനാവില്ല എന്നും അദ്ദേഹം മനസിലാക്കിയിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യ ഭരണത്തിന്റെ നടുവിൽ 1920 ലാണ് ദേശീയതയുടെ ശക്തമായ രാഷ്ട്രീയ ആയുധം എന്ന നിലയിൽ സ്വദേശി പ്രസ്ഥാനത്തിന്റെ ഭാഗമായി ഗാന്ധിജി ഖാദിക്ക് തുടക്കം കുറിച്ചത്. സ്വാതന്ത്ര്യത്തിന്റെ വേഷം എന്ന് വിശേഷിപ്പിച്ചുകൊണ്ട് ഇന്ത്യയുടെ സ്വാശ്രയത്വത്തിന്റെ നിത്യ പ്രതീകമായി അദ്ദേഹം ഖാദിയെ ജനമധ്യത്തിൽ പ്രതിഷ്ഠിച്ചു. അതിലൂടെ ഇന്ത്യയ്ക്ക് സ്വയം നിലനില്ക്കാൻ ശേഷിയുണ്ട് എന്ന് അദ്ദേഹം ബ്രിട്ടീഷുകാരെ കാണിച്ചുകൊടുത്തു. അതേസമയം അനുദിന ജീവിതത്തിന്റെ ഇഴകൾ കൊണ്ട് സ്വന്തം ഭാവിയുടെ ഊടും പാവും തീർക്കാൻ തങ്ങൾക്കു സ്വാതന്ത്ര്യമുണ്ട് എന്ന ആത്മാഭിമാനം ഇന്ത്യക്കാരിലേയ്ക്ക് അദ്ദേഹം സന്നിവേശിപ്പിച്ചു.

അങ്ങനെ ഖാദിയും ഗ്രാമീണ ഉത്പ്പന്നങ്ങളും ഇന്ത്യൻ ദേശീയതയുടെ മഹത്തായ സ്രോതസായി. ഇന്ത്യൻ സമൂഹം ഗ്രാമീണ ജനങ്ങളുടെ മഹത്തായ പരിശ്രമങ്ങളുടെയും സംഭാവനകളുടെയും മുകളിലാണ് പടുത്തുയർത്തപ്പെട്ടിരിക്കുന്നത് എന്ന യാഥാർത്ഥ്യം ഇതിലൂടെ നാം ലോകത്തിനു കാണിച്ചുകൊടുക്കുകയും ചെയ്തു. അങ്ങനെയാണ് ഖാദി വെറും ഒരു തുണിക്കഷണമല്ല; അത് സമാധാനത്തിന്റെ സന്ദേശവാഹകയാണ്, സ്വാതന്ത്ര്യത്തിന്റെയും ദേശീയതയുടെയും പ്രതീകമാണ് എന്ന് നാം മനസിലാക്കുന്നത്.

സ്വാതന്ത്ര്യ പ്രാപ്തിക്കു ശേഷമാണ് 1956 ലെ ഖാദി ഗ്രാമോദ്യോഗ കമ്മീഷൻ നിയമ പ്രകാരം ഇന്ത്യാ ഗവൺമെന്റിന്റെ വ്യവസ്ഥാപിത സ്ഥാപനമായി നാം ഖാദി ഗ്രാമോദ്യോഗ കമ്മീഷൻ രൂപീകരിക്കുന്നത്. നമ്മുടെ രാഷ്ട്രത്തെ നിർമ്മിച്ച സ്വാശ്രയ

ശക്തിക്കുള്ള അംഗീകാരമായി ഇത് മാറി. അനന്തമായ മാനവവിഭവശേഷി സ്വന്തമായുള്ള നമ്മുടെ രാഷ്ട്രം അധ്വാനിക്കാൻ തയാറായിരുന്നു; പക്ഷെ ഉപകാരപ്രദമായ ദേശീയ ഉത്പ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി മനുഷ്യവിഭവ ശേഷിയെ സംഘടിതമായി തിരിച്ചുവിടാനും, വ്യക്തികൾക്ക് ഉപജീവനത്തിനും വളർച്ചയ്ക്കും ആവശ്യമായ പിന്തുണ നല്കാനും പര്യാപ്തമായ സാമ്പത്തിക വിഭവങ്ങൾ നമുക്ക് ഇല്ലാതെ പോയി. ഏറെ താമസിയാതെ ഖാദി-ഗ്രാമീണ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന മാർഗം രാജ്യത്തിന്റെ സുസ്ഥിര വളർച്ചക്ക് നിർണായകമാണെന്ന് രാജ്യം തിരിച്ചറിഞ്ഞു.

ഇന്ന് ലോകത്തിലെ ഏറ്റവും വലിയ ഗ്രാമീണ ഉത്പാദന പദ്ധതിയാണ് ഖാദി വ്യവസായ മേഖല. ആയിരക്കണക്കിന് കുടുംബങ്ങളാണ് ഇതിലൂടെ തങ്ങളുടെ ഉത്പ്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി സങ്കീർണമായ വിപണന സങ്കേതങ്ങൾ കൂടാതെ നേരിട്ട് ഗുണഭോക്താക്കളിലെത്തിക്കുന്നത്. ഗ്രാമീണ സമൂഹങ്ങൾക്ക് ഇത് അവരുടെ അധ്വാനത്തിന് വലിയ പ്രതിഫലം ലഭ്യമാക്കുന്നു. ഉപഭോക്താക്കൾക്ക് തങ്ങളുടെ പണത്തിനു മൂല്യമുള്ള ഉത്പന്നവും ലഭിക്കുന്നു. രാഷ്ട്രത്തിനാകട്ടെ അത് അമൂല്യമായ പൈതൃക ആസ്തിയും വികസന പ്രാപ്തിയും സമ്മാനിക്കുന്നു.

ഇന്ത്യയിൽ ഏകദേശം 5000 സ്ഥാപനങ്ങളും 3.20 ലക്ഷം ചെറുകിട സംരംഭകരും ഉൾപ്പെടുന്ന വിശാലമായ ശൃംഖലയാണ് ഖാദി ഗ്രാമോദ്യോഗിന്റെ പരിപാടികളും ലക്ഷ്യങ്ങളും നടപ്പാക്കുന്നത്.ഖാദിഗ്രാമോദ്യോഗിന്റെ വിവിധ പദ്ധതികളിലായി ഒരു കോടിയിലധികം ആളുകൾ ഉത്പാദക പ്രവർത്തനങ്ങളിൽ സജീവമാണ്. ഖാദിയുടെ പ്രവർത്തനങ്ങൾ പ്രധാനമായും സ്ത്രീകളെ കേന്ദ്രീകരിച്ചാണ് നടക്കുന്നത്. ഖാദിരംഗത്തെ 80 ശതമാനം വിദഗ്ധരും സ്ത്രീകളാണ്. ഗ്രാമീണ വ്യവസായ പരിപാടികളിൽ സ്ത്രീകളുടെ വിഹിതം 30 ശതമാനമാണ്. ഖാദി ഗ്രാമോദ്യോഗ് വകുപ്പ് വിവിധ ഉത്പന്നങ്ങളുടെ വിപണനത്തിലൂടെ പ്രതിവർഷം നേടുന്നത് 40000 കോടി രൂപയാണ്. ഇതിൽ 40 ശതമാനം തിരികെ ഗ്രാമങ്ങളിൽ ഖാദിയുടെ പ്രവർത്തനങ്ങൾക്കായി തിരികെ നൽകുന്നു.

ലോകം ഇന്ന് കാലാവസ്ഥാ വ്യതിയാനത്തിന്റെ ദുരന്തഫലങ്ങളെ കുറിച്ച് വളരെ ഉത്ക്കണ്ഠയോടെ ചർച്ച ചെയ്യുകയാണ്. വ്യവസായശാലകളിൽ നിന്ന് കണക്കറ്റ ഹരിതഗൃഹവാതകങ്ങൾ അന്തരീക്ഷത്തിലേയ്ക്ക് പുറം തള്ളുമ്പോൾ, ഖാദി വ്യവസായത്തിൽ നിന്ന് കാർബൺ വാതക ബഹിർഗമനം പൂജ്യമാണെന്ന് ലോകത്തിനു മുമ്പിൽ ഇന്ത്യക്കു സ്ഥാപിക്കേണ്ടിയിരിക്കുന്നു. ഇതര രാജ്യങ്ങളിലെ കൃത്രിമ തുണിമില്ലുകൾ സൃഷ്ടിക്കുന്ന വൻ പരിസ്ഥിതി മലിനീകരണം നിലനിൽക്കുന്ന സാഹചര്യത്തിലാണ് ഇന്ത്യയുടെ ഈ മാതൃക എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. തുണിയുടെ ആഗോളാടിസ്ഥാനത്തിലുള്ള വാർഷിക ഉത്പാദനം 60 ദശലക്ഷം കിലോഗ്രാമാണ്. ഇത്രയും വ്സ്ത്രം ഉത്പാദിപ്പിക്കാൻ 1,074 ദശലക്ഷം കിലോവാട്ട് വൈദ്യുതി(അല്ലെങ്കിൽ 132 ദശലക്ഷം മെട്രിക് ടൺ കൽക്കരി)യും 6-9 ശതലക്ഷം ലിറ്റർ ജലവും ഉപയോഗിക്കുന്നുണ്ട്. ഈ കൃത്രിമ വസ്ത്ര നിർമ്മാണ വ്യവസായമാണ് കൂടുതലായി ഹരിതഗൃഹവാതകം (മൊത്തം ഉത്പാദിപ്പിക്കുന്ന കാർബണിന്റെ 1/20) അന്തരീക്ഷത്തിലേയ്ക്ക് പുറം തള്ളുന്നത്.

എന്നാൽ ഖാദി വ്സ്ത്രങ്ങളാകട്ടെ കൈകൊണ്ട് നെയ്യപ്പെടുന്നതാണ്. ഇതിന്റെ ഉത്പാദനത്തിൽ വൈദ്യുതി ഉപയോഗിക്കുന്നേയില്ല. ഇത് പൂർണമായും കാർബൺ രഹിത ജൈവ ഉത്പന്നമാണ്. ഭാവിയുടെ നൂൽ എന്ന നിലയിൽ വസ്ത്ര വ്യവസായത്തിൽ ഖാദിക്ക് വലിയ സ്ഥാനമാണ് കൈവരാൻ പോകുന്നത്. ഈ അടിസ്ഥാനത്തിലാവണം ഖാദിയുടെ വർത്തമാന കാല പ്രസക്തിയും ശുദ്ധവും സുസ്ഥിരവുമായ ആവാസ വ്യവസ്ഥയ്ക്കായി ഖാദിയുടെ പങ്കും സംബന്ധിച്ച് നാം ആഗോള വേദിയിൽ അവതരിപ്പിക്കേണ്ടത്. പ്രധാനമന്ത്രി നരേന്ദ്രമോദി അദ്ദേഹത്തിന്റെ മൻ കി ബാത്തിൽ പറഞ്ഞിരുന്നു - 'ഇന്ത്യയുടെ ഗ്രാമങ്ങളെ മുഴുവൻ ഖാദിഗ്രാമോദ്യോഗിന്റെ ശൃംഖലയിലൂടെ ബന്ധിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.കാരണം കോടിക്കണക്കിന് ആളുകൾക്ക് അത് തൊഴിൽ നല്കും'. ഖാദിക്ക്, പ്രത്യേകിച്ച് കരകൗശല തൊഴിലാളികൾക്ക് പ്രധാനമന്ത്രി നൽകുന്ന ഈ പ്രാധാന്യം സൂചിപ്പിക്കുന്നത് രാഷ്ട്ര നിർമ്മാണത്തിൽ ഈ മേഖലയ്ക്ക് നല്കാൻ സാധിക്കുന്ന പങ്കിനെയാണ്. പ്രധാനമന്ത്രി അടുത്ത കാലത്ത് ഉയർത്തിക്കാട്ടിയ ഒരു മുദ്രാവാക്യം 'ആസാദി കെ പഹ്‌ലെ ഖാദി ഫോർ നേഷൻ ഓർ ആസാദി കെ

ബാദ് ഭി ഖാദി ഫോർ നേഷൻ' (ഖാദി ഇന്ത്യയുടെ ദേശീയ സ്വത്ത്: സ്വാതന്ത്ര്യത്തിനു മുമ്പും പിമ്പും) എന്നായിരുന്നു. നാം ഖാദിയടെ ഉപയോഗം പ്രോത്സാഹിപ്പിക്കണം. ഒരു ഖാദി ഉത്പന്നമെങ്കിലും വാങ്ങണം. നിങ്ങൾ ഖാദി ഉത്പന്നം വാങ്ങുമ്പോൾ അതിലൂടെ ഒരു പാവപ്പെട്ടവന്റെ വീട്ടിൽ പുരോഗതിയുടെ ദീപം തെളിക്കുകയാണ് ചെയ്യുന്നത് - പ്രധാനമന്ത്രി ഓർമ്മിപ്പിച്ചു. ഈ ആഹ്വാനത്തിനു ശേഷം കഴിഞ്ഞ വർഷം ഖാദി ഉത്പന്നങ്ങളുടെ വില്പന 29 ശതമാനം വർധിച്ചിരുന്നു. ഈ പ്രവണത ഇപ്പോഴും തുടരുന്നു.

വസ്ത്രം എന്ന നിലയിൽ ആധുനിക സമൂഹത്തിന്റെ മാറി വരുന്ന ആവശ്യങ്ങൾ നിറവേറ്റാൻ ഖാദിക്കു സാധിക്കുന്നുണ്ട്. ഇന്ന് ഉപഭോക്താക്കളുടെ വ്യത്യസ്തങ്ങളായ താല്പര്യങ്ങൾ കണക്കിലെടുത്ത് കോട്ടൺ, പോളിസ്റ്റർ, സിൽക്ക് തുടങ്ങി വ്യത്യസ്ത തുണിത്തരങ്ങളാണ് ആയിരക്കണക്കിന് ഖാദി ഉത്പാദന കേന്ദ്രങ്ങളിൽ നിർമ്മിക്കുന്നത്. 'ഒരു നൂല് ഒരു രാഷ്ട്രം' എന്നതാണ് ഖാദിയുടെ പുതിയ ടാഗ് ലൈൻ. ബ്രാൻഡിങ്ങും മാറ്റി, വെറും ഖാദി എന്നത് ഖാദി ഇന്ത്യ എന്നാക്കി. ഒരു നൂല് ഒരു രാഷ്ട്രം എന്ന ടാഗ് ലൈനിനു കീഴിൽ ഖാദി വില്ലേജ് വ്യവസായ കമ്മീഷണറേറ്റ് 2016 മെയ് 5 മുതൽ ജൂൺ 4 വരെ ശ്രീനഗറിൽ ഒരു മാസക്കാലത്തേയ്ക്ക് നാഷണൽ ഖാദി എക്സിബിഷൻ സംഘടിപ്പിക്കുകയുണ്ടായി. സ്വാതന്ത്ര്യ ലബ്ധിക്കു ശേഷം ഇതാദ്യമായാണ് ജമ്മു കാഷ്മീരിൽ ഇത്തരം ഒരു മേള നടക്കുന്നത്. രാജ്യത്തെ 198 ഖാദി സ്ഥാപനങ്ങളിൽ നിന്നുള്ള ഉത്പന്നങ്ങൾ അവിടെ പ്രദർശിപ്പിക്കപ്പെട്ടു. ഇതിൽ 56 സ്ഥാപനങ്ങൾ ജമ്മു കാശ്മീരിൽ നിന്നുള്ളവയായിരുന്നു. ഒരു ലക്ഷത്തിലധികം ആളുകൾ സന്ദർശിച്ച പ്രദർശനമേള വൻ വിജയമായിരുന്നു. രണ്ടു കോടി രൂപയുടെ വില്പനയാണ് നടന്നത്. കാശ്മീരിലെ പാമ്പോറിൽ 2016 മെയിൽ ഖാദി ഗ്രാമേദ്യോഗ കമ്മീഷൻ 25 ചർക്കകളും 5 തറികളും ഉൾപ്പെടുന്ന ഒരു ഉത്പാദക യൂണിറ്റ് കൂടി ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജമ്മുവിലെ നഗ്രോട്ട ഗ്രാമത്തിലെ സൈനിക നടപടി ബാധിത കുടുംബങ്ങൾക്കായി ഒരു നാപ്കിൻ നിർമാണ യൂണിറ്റും തുടങ്ങിയിട്ടുണ്ട്. 296 സ്ത്രീകൾ ഇവിടെ ജോലി ചെയ്യുന്നു.

ആഗോള ഫാഷൻ രംഗത്തേയ്ക്ക് ഖാദിയുടെ ഉജ്വലമായ മുന്നേറ്റം ലക്ഷ്യമാക്കി ലോക പ്രശസ്ത ഫാഷൻ ഡിസൈനറായ ശ്രീമതി റിത്തു ബേരിയെ ഖാദി ഗ്രാമോദ്യോഗ് കമ്മിഷന്റെ ഉപദേശകയായി നിയമിച്ചിരിക്കുകയാണ്. ആധുനിക ഡിസൈനിലും ഫാഷനിലുമുള്ള റെഡിമെയ്ഡ് ഖദർ വസ്ത്രങ്ങൾ രൂപകല്പന ചെയ്ത് രാജ്യത്തും വിദേശത്തും എത്തിക്കുകയാണ് ഇതിലൂടെ കമ്മിഷന്റെ ലക്ഷ്യം.

ഈ പശ്ചാത്തലത്തിൽ ഖാദി മേഖലയിലെ ഉത്പാദനപരമായ ജോലികളിൽ രാജ്യത്തെ പാവങ്ങളെയും ഗ്രാമീണസമൂഹത്തെയും പങ്കാളികളാക്കുക എന്ന അതി ബൃഹത്തായ ഉത്തരവാദിത്തം കൂടി ഖാദി ഗ്രാമോദ്യോഗ കമ്മീഷണറേറ്റിന് ഉണ്ട്. ഇത്തരത്തിൽ ഖാദി പ്രധാന ഉത്പന്നമാക്കി ഗ്രാമീണ വ്യവസായങ്ങളെ വ്യത്യസ്തമായ രീതിയിൽ സംവിധാനം ചെയ്ത്, പ്രോത്സാഹിപ്പിച്ച്, നിലനിർത്തി ഇന്ത്യയുടെ ഗ്രാമ വികസനത്തിനുള്ള പ്രധാന ഉപാധിയാക്കി മാറ്റാനുള്ള നിയോഗം കൂടി ഖാദി ഗ്രാമോദ്യോഗ കമ്മിഷണറേറ്റിനു നല്കപ്പെട്ടിരിക്കുകയാണ്. രാഷ്ട്രപിതാവിന്റെ ആഹ്വാനം ശ്രവിച്ച് അദ്ദേഹം കാണിച്ച സ്വാശ്രയത്വത്തിന്റെ മാർഗത്തിലൂടെ മുന്നേറിയ നമ്മുടെ അജ്ഞാതരായ സ്വാതന്ത്ര്യ സമര സേനാനികളുടെ സ്മാരക ചിഹ്നമായ ചർക്ക ഇന്ന് ഇന്ത്യയിലെ അജ്ഞാതരായ ഗ്രാമീണ ജനകോടികളുടെ തൊഴിലിന്റെ മഹത്വം പ്രഘോഷിക്കുന്ന ചിഹ്നം കൂടിയാണ്. പരുത്തി നൂൽ ഉത്പാദിപ്പിച്ചുകൊണ്ട് അക്രമരഹിത സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ പടയാളികളായി പങ്കെടുത്ത എല്ലാവരെയും ഓർമ്മിക്കാനോ യഥാവിധി ചരിത്രത്തിൽ പൂർണമായി അടയാളപ്പെടുത്താനോ നമുക്ക് സാധിച്ചിട്ടില്ല. പക്ഷെ ഇന്ന് ചർക്കയെ പ്രകീർത്തിക്കുമ്പോൾ നാം അവരെയെല്ലാം പ്രതീകാത്മകമായി ആദരിക്കുകയാണ്. ഈ വീക്ഷണകോണിലൂടെ നോക്കുമ്പോൾ തലസ്ഥാനത്ത് തന്നെ നമ്മുടെ ശ്രദ്ധയെ സ്ഥിരം ആകർഷിക്കാൻ തക്കവിധം സ്വരാജിന്റെ ഈ പ്രതീകം സ്ഥാപിക്കേണ്ടത് അതിനെ മറക്കാതിരിക്കാനുള്ള ഏറ്റവും അനുയോജ്യമായ നടപടിയാണ്.

ചർക്കയുടെ പ്രാധാന്യം മനസിലാക്കിയാകണം 30 അടി നീളവും 17 അടി ഉയരവും, നാലു ടൺ ഭാരവുമുള്ള, ബർമ്മ തേക്കിൻ തടിയിൽ നിർമ്മിതമായ

ലോകത്തിലെ ഏറ്റവും വലിയ ചർക്ക, ഖാദി ഗ്രാമോദ്യോഗ് കമ്മിഷണറേറ്റ് ന്യൂഡൽഹിയിലെ ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിലെ ടെർമിനൽ 3-ൽ സ്ഥാപിച്ചിരിക്കുന്നത്. ഇതുവഴി കടന്നു പോകുന്ന ലോകത്തിന്റെ നാനാഭാഗത്തുനിന്നുമുള്ള യാത്രക്കാർ ഇന്ത്യയുടെ ഈ ചരിത്ര സ്മാരകത്തിനു മുന്നിൽ ഒരു നിമിഷം നിശ്ചലരാകുന്നു. ഡൽഹി അന്താരാഷ്ട്ര വിമാനത്താവളം ദേശീയ വ്യോമപാതയിലേയ്ക്കുള്ള കവാടം കൂടിയാണ്. ഈ വ്യോമ കവാടത്തിലെ ചർക്കയുടെ സാന്നിധ്യം നമ്മുടെ സ്വാതന്ത്ര്യ മോഹങ്ങൾക്കു ചിറകു നല്കിയ 1924 ലെ സ്വരാജിനുവേണ്ടിയുള്ള ഗാന്ധിജിയുടെ ആഹ്വാനത്തെ അനുസ്മരിപ്പിക്കുകയും കൂടി ചെയ്യുന്നു.

ഖാദി ഗ്രാമോദ്യോഗ് കമ്മിഷണറേറ്റിന്റെ മറ്റൊരു സുപ്രധാന ദൗത്യമാണ് ഗ്രാമങ്ങളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നത്. പിഎംഇജിപി (PMEGP) വഴിയായി രാജ്യത്ത് രണ്ടു ദശലക്ഷം തൊഴിലവസരങ്ങൾ ഇതിനോടകം സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞു. തൊഴിൽ പദ്ധതിയിൽ ഖാദി ഗ്രാമോദ്യോഗ് കമ്മിഷണറേറ്റിന്റെ ഏറ്റവും വലിയ പരിശ്രമം എന്നു പറയുന്നത് ഗ്രാമീണ ജനങ്ങളുടെ നഗരങ്ങളിലേയ്ക്കു ജോലിതേടിയുള്ള കുടിയേറ്റം തടയുകയും അതുവഴി അവരുടെ പരമ്പരാഗത കഴിവുകൾ പ്രോത്സാഹിപ്പിച്ച് ഗ്രാമങ്ങളെ അഭിവൃദ്ധിയിലേയ്ക്ക് നയിക്കുകയും ചെയ്യുക എന്നതാണ്.

ഖാദി ഗ്രാമോദ്യോഗ് കമ്മിഷണറേറ്റിന്റെ വിവിധങ്ങളായ പദ്ധതികളും സംരംഭങ്ങളും മാറ്റി നിർത്തിയാൽ ദുർബലഗ്രാമീണവ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കുക, വില്പന ഇരട്ടിയാക്കുക, കരകൗശല തൊഴിലാളികളുടെ വേതനം വർധിപ്പിക്കുക എന്നിവയാണ്. കൈത്തറികളിൽ സൗരോർജ്ജം ഉപയോഗിക്കുന്നതിനെ കുറിച്ചു ഖാദി ഗ്രാമോദ്യോഗ് കമ്മീഷണറേറ്റ് ആലോചിക്കുന്നുണ്ട്. അതുവഴി തൊഴിലാളികളുടെ കായികാധ്വാനം കുറച്ചുകൂടി ലഘൂകരിക്കാനാകും. നെയ്ത്തുകാർക്ക് ഇൻഷുറൻസ് നടപ്പാക്കുക, അവർക്കായി ആരോഗ്യ സേവന ശൃംഖല രൂപപ്പെടുത്തുക, അവരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക, അവരുടെ പരിശ്രമങ്ങൾക്ക് ആഗോളാടിസ്ഥാനത്തിലുള്ള അംഗീകാരങ്ങൾ ലഭ്യമാക്കുക തുടങ്ങിയവയാണ് ഇപ്പോൾ ഖാദി ഗ്രാമോദ്യോഗ് കമ്മിഷണറേറ്റിന്റെ മുന്നിലുള്ള ഭാവി പദ്ധതികൾ.

ചുരുക്കത്തിൽ, മനുഷ്യ ചരിത്രത്തിൽ ഏറ്റവും മികച്ച സുസ്ഥിര സാമൂഹിക സാമ്പത്തിക മാതൃക എന്ന നിലയിൽ ആധുനിക ഇന്ത്യയിലും ലോകത്തിലും ഖാദി ഗ്രാമ വ്യവസായങ്ങളുടെ പ്രസക്തി വർധിക്കുകയാണ്.

*(ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ ചെയർമാനാണ് ലേഖകൻ)*

**വിജ്ഞാനപാത**

## കമ്പിളി വ്യവസായം ഇന്ത്യയിൽ

ചെമ്മരിയാടുകളുടെ എണ്ണത്തിൽ ലോകത്തിൽ മൂന്നാം സ്ഥാനത്താണ് ഇന്ത്യ. 2014-15 ലെ കണക്കുകൾ അനുസരിച്ച് 65 ദശലക്ഷം ചെമ്മരിയാടുകൾ 48 ദശലക്ഷം കിലോ അസംസ്കൃത കമ്പിളി ഉത്പാദിപ്പിക്കുന്നു. പ്രകൃതിദത്തമായ നാരുകളുടെ ഉത്പാദനത്തിൽ, കമ്പിളിയുടെ കാര്യത്തിൽ മാത്രം രാജ്യം സ്വയം പര്യാപ്തത ഇനിയും കൈവരിച്ചിട്ടില്ല. ഒരു ഇന്ത്യൻ ചെമ്മരിയാടിൽ നിന്നും പ്രതിവർഷം ഉത്പ്പാദിപ്പിക്കുന്ന രോമം 0.9 കിലോ ആണ്. ഇത് അന്താരാഷ്ട്ര ശരാശരിയായ 204 കിലോയേക്കാൾ താഴെ ആണ് എന്നതു കൊണ്ടുതന്നെ രാജ്യത്തിന് പലപ്പോഴും ഇറക്കുമതി ചെയ്ത കമ്പിളി ഉപയോഗിക്കേണ്ടതായി വരുന്നു. ചെമ്മരിയാടിനൊപ്പം, പശ്മിനാ ആടുകളുടേയും അംഗോറാ മുയലുകളുടേയും രോമം കമ്പിളി വ്യവസായത്തിനായി ഉപയോഗിക്കുന്നു. പ്രധാനമായും ആസ്ട്രേലിയയിൽ നിന്നും, ന്യൂസിലാന്റിൽ നിന്നുമാണ് ഇന്ത്യ ചെമ്മരിയാടിന്റെ രോമം ഇറക്കുമതി ചെയ്യുന്നത്. രാജ്യത്തെ കമ്പിളി വ്യവസായം പ്രോത്സാഹിപ്പിക്കുവാനായി സെൻട്രൽ വൂൾ ഡെവലപ്മെന്റ് ബോർഡ് 1987ൽ ജോദ്പൂരിൽ സ്ഥാപിക്കുകയുണ്ടായി.

# ടെക്നിക്കൽ ടെക്സ്റ്റൈൽസ്: ഒരു വിപണി വിശകലനം

ഡോ. പ്രകാശ് വാസുദേവൻ



മനുഷ്യ ജീവിതത്തിൽ അതിപ്രധാന പങ്കാണ് വസ്ത്രങ്ങൾക്കുള്ളത്. വേഷങ്ങളുടെ നിർമ്മാണത്തിൽ മാത്രമായി അതിനെ പരിമിതപ്പെടുത്താനാവില്ല. ജനനം മുതൽ മരണം വരെ - വസ്ത്രേതര മേഖലകളിൽ പോലും അതിനു സ്വാധീനമുണ്ട്. പ്രത്യേക ഉപയോഗങ്ങൾക്കായി നിർമ്മിക്കപ്പെടുന്ന തുണികളാണ് ടെക്നിക്കൽ ടെക്സ്റ്റൈൽസ് എന്ന് അറിയപ്പെടുന്നത്. വേഷങ്ങൾ തുന്നാൻ ഉപയോഗിക്കുന്ന തുണികൾക്കുമപ്പുറം സാങ്കേതിക ഉപയോഗങ്ങൾക്കുള്ള നിരവധി സവിശേഷതകളോടെ നിർമ്മിക്കുന്ന തുണികളാണ് അവ.

നിർമാണ വസ്തുക്കൾ, ഘടന, മിനുക്കുപണികൾ, രൂപാന്തരീകരണ സങ്കേതങ്ങൾ തുടങ്ങിയവയെല്ലാം വിവിധ തരം ടെക്നിക്കൽ ടെക്സ്റ്റൈൽസിന്റെ ഉത്പാദനത്തിന് ഉപയോഗിക്കാവുന്നതാണ്. തുണികൾ വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് മനുഷ്യർക്ക് പുതിയ കാര്യമല്ല. ഇന്നുപയോഗിക്കുന്ന വ്യാവസായിക തുണികളുമായി താരതമ്യപ്പെടുത്തുമ്പോൾ മുൻ കാലങ്ങളിൽ ഉപയോഗിച്ചിരുന്നവ ഘടനയിൽ അതീവ ലളിതമായിരുന്നു എന്നുകാണാം. ഇപ്പോഴത്തെ ടെക്നിക്കൽ ടെക്സ്റ്റൈൽസ് അവയുടെ ഉപയോഗം, ഈട് തുടങ്ങിയ തലങ്ങളിൽ വളരെ മുന്നിലാണ്. അതിനു കാരണം നിർമ്മിതിയിൽ ഉപയോഗിച്ചിരിക്കുന്ന വസ്തുക്കൾ, അവയുടെ ഘടന, രാസപദാർത്ഥങ്ങളുടെ അവയുടെ മിശ്രണം തുടങ്ങിയവയാണ്.

വ്യാവസായിക രംഗത്ത് പ്ലാസ്റ്റിക്, ലോഹങ്ങൾ, കടലാസ്, ഫിലിം തുടങ്ങിയവയ്ക്ക് ബദൽ എന്ന നിലയിൽ ഓരോന്നിന്റെയും പ്രത്യേകതകളുടെ അടിസ്ഥാനത്തിലാണ് ഈ തുണികൾ ഉപയോഗിക്കുന്നത്. ആധുനിക ടെക്നിക്കൽ ടെക്സ്റ്റൈൽസ് വളരെ ഉപയോഗപ്രദമാണ്. ഘടനയിൽ അതീവ സങ്കീർണവും. കാരണം അതിന്റെ നിർമ്മാണ പ്രക്രിയയുടെ ശാസ്ത്രം തുടങ്ങുന്നതു തന്നെ ഗുണമേന്മയുള്ള പോളിമറുകൾ, അസംസ്കൃത വസ്തുക്കൾ, നാരുകൾ, നൂൽ, തുണി, വസ്ത്രങ്ങൾ, ഉത്പ്പന്നങ്ങൾ എന്നിവ തെരഞ്ഞെടുക്കുന്നതു മുതൽ ആരംഭിക്കുന്നു. ഈ പ്രക്രിയയിലുടനീളം ഉത്പ്പന്നത്തിന്റെ നിർദ്ദിഷ്ട ഉപയോഗമാണ് മുന്നിൽ കാണുന്നത്.

പല ടെക്നിക്കൽ ടെക്സ്റ്റൈൽസ് ഉത്പ്പന്നങ്ങളും നിർമ്മിക്കുന്നത് നാരുകളായിട്ടാണ്. ശാസ്ത്രീയ ആവശ്യത്തിനുള്ള പഞ്ഞി, രക്തസ്രവം പെട്ടെന്ന് നിർത്താനുള്ള തുണികൾ, സർജിക്കൽ കോട്ടൺ ഉത്പ്പന്നങ്ങൾ തുടങ്ങിയവ ഉദാഹരണങ്ങളാണ്. കിടക്ക വിരികൾ, സർജിക്കൽ ഗൗണുകൾ, കമ്പളങ്ങൾ, ഇരിപ്പിട തുണികൾ, ബാൻഡേജുകൾ, മുറിവുകൾ തടയുന്ന കൈയുറകൾക്കും മറ്റുമുള്ള തുണികൾ തുടങ്ങിയവ പോലെ നെയ്ത് എടുക്കുന്നവ; ഹെർണിയ ശസ്ത്രക്രിയക്കുള്ള മെഷ്, സ്പോർട്സ് വസ്ത്രങ്ങൾ, കമ്പ്രഷൻ വസ്ത്രങ്ങൾ, ശൂന്യാകാശ വസ്ത്രങ്ങൾ, മാസ്കുലാർ ഗ്രാഫ്റ്റുകൾ, ട്യൂബുലാർ ബാൻഡേജ്, മത്സ്യ വലകൾ, സാറ്റലൈറ്റ് ആന്റിന തുടങ്ങിയവ പോലെ തുന്നി എടുക്കുന്നവ; ടിഷ്യു എൻജിനിറിങ്ങിനുള്ള തട്ടുകൾ, ഫിൽറ്റർ പടലങ്ങൾ, തുടയ്ക്കാനുള്ളവ, ഉപയോഗശേഷം ഉപേക്ഷിക്കാനുള്ളവ, വിള ആവരണം, വിത്തു പുതകൾ, കള നിയന്ത്രണ തുണികൾ, ഇൻസുലേഷൻ ടേപ്പുകൾ തുടങ്ങി നെയ്ത്ത് ഇതര തുണികൾ; തുന്നലുകൾ, ചരടുകൾ, സ്റ്റെന്റുകൾ, ലിഗ്മെന്റുകൾ, ഡയപ്പറുകൾ, നാപ്കിൻ തുടങ്ങി പിന്നിയെടുക്കുന്നവ എന്നിങ്ങനെ വിവിധ തരം വസ്ത്ര ഘടനാ സങ്കേതങ്ങൾ ഉപയോഗിച്ച് ടെക്നിക്കൽ ടെക്സ്റ്റൈൽ ഉത്പ്പന്നങ്ങൾ നിർമ്മിക്കുന്നു.

പല ടെക്നിക്കൽ ടെക്സ്റ്റൈൽ ഉത്പ്പന്നങ്ങളും നിർമ്മിക്കുന്നത് പ്രത്യേക മിനുക്കുപണികളും ലേപനങ്ങളും കൊണ്ടാണ്. ഉദാഹരണത്തിന് അഗ്നി പ്രതിരോധം, അണുപ്രതിരോധം, ദ്രാവക പ്രതിരോധം, തുടങ്ങി വിവിധ ഉദ്ദേശ്യങ്ങളുള്ള തുണികൾ ഉണ്ട്. അതായത് അഗ്നി ശമന സേനാംഗങ്ങൾക്ക് തീ പിടിക്കാത്ത വസ്ത്രങ്ങൾ വേണം. മുങ്ങൽ വിദഗ്ധർക്കു വേണ്ടത് വെള്ളം കയറാത്ത വസ്ത്രങ്ങളാണ്.

## നിയന്ത്രണ ഘടകങ്ങളും അവസരങ്ങളും

- ചില പ്രത്യേക മേഖലകളിൽ ടെക്നിക്കൽ ടെക്സ്റ്റൈൽ ഉപയോഗം നന്നേ വർധിച്ചിട്ടുണ്ട്. ഉദാഹരണത്തിന് വാഹനങ്ങളിലെ തുണികൾക്ക് വൻ തോതിൽ ആവശ്യം ഉണ്ടായിരിക്കുന്നു. വാഹന വ്യവസായ മേഖലയുടെ വളർച്ചയാണിതുനു കാരണം. ഇന്ത്യൻ നഗരങ്ങളിൽ ഉയർന്നു വരുന്ന ആധുനിക ആശുപത്രികൾ, മെഡിക്കൽ ടൂറിസം എന്നിവ ടെക്നിക്കൽ ടെക്സ്റ്റൈൽ നിർമ്മാണ മേഖലയ്ക്ക് കുതിപ്പ് നല്കുന്നു. തുടയ്ക്കാനുള്ള തുണികൾ, സാനിട്ടറി നാപ്കിൻ, ഡയപ്പറുകൾ തുടങ്ങിയവയുടെ ഉപയോഗം മുൻ കാലങ്ങളെ അപേക്ഷിച്ച് കുത്തനെ ഉയർന്നിരിക്കുന്നു.
- ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയ ആധുനിക വാർത്താ വിനിമയ ഉപാധികൾ സാധാരണമായതോടെ ഭൂരിപക്ഷം ഇന്ത്യൻ ഉപഭോക്താക്കളും ടെക്നിക്കൽ ടെക്സ്റ്റൈൽ ഉപയോഗിക്കുന്നതിന്റെ ഗുണം എന്തെന്നും അത് എങ്ങനെ ലാഭകരമായി ഉപയോഗിക്കാമെന്നും നല്ലവണ്ണം മനസിലാക്കിയിരിക്കുന്നു.
- വ്യാവസായിക തുണിത്തരങ്ങൾ ഉയർന്ന സാങ്കേതിക വിദ്യാ കേന്ദ്രീകൃതമാണ്. അത് ഇന്ത്യയിലെ വ്യാപാരികൾക്ക് താരതമ്യേന പുതിയ മേഖലയുമാണ്. അതിനാൽ പുതിയ സംരംഭകർക്ക് ആഭ്യന്തര വിപണിയിൽ വലിയ മത്സരമില്ല.
- ഏറ്റവുമധികം ജനസംഖ്യയുള്ള ലോകത്തിലെ രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ. ഉയർന്ന ജീവിത കാലവും ഇന്ത്യൻ പൗരന്മാരുടെ പ്രത്യേകതയാണ്. ഇതെല്ലാം രാജ്യത്ത് ടെക്നിക്കൽ ടെക്സ്റ്റൈൽ ആവശ്യകത ഉയർത്തുന്നു. പ്രത്യേകിച്ചും ആരോഗ്യസംരക്ഷണത്തിനുള്ള തുണികൾക്ക്.
- ശക്തവും സംഘടിതവുമായ ചെറുകിട വില്പനശൃംഖലയും ഉപഭോക്താക്കളെ തേടി വീടുകളിൽ എത്തുന്ന വിതരണ സംവിധാനവും ഓൺ ലൈൻ ബിസിനസും, ടെക്നിക്കൽ ടെക്സ്റ്റൈൽ വില്പനയ്ക്ക് ഭാവിയിൽ വളർച്ച പ്രതീക്ഷിക്കുന്നു.
- ലോകരാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യയിൽ ടെക്നിക്കൽ ടെക്സ്റ്റൈൽസിന്റെ ഗാർഹിക ഉപയോഗം വളരെ കുറവാണ്. എന്നാൽ സാധ്യതകൾ വളരെ കൂടുതലാണു താനും. ജനങ്ങളിൽ ടെക്നിക്കൽ ടെക്സ്റ്റൈൽസിനെ കുറിച്ച് അവബോധവും

അഭിരുചിയും വളർത്താനാകുമെങ്കിൽ വൻ വിപണിയാണ് ഇതിനെ കാത്തിരിക്കുന്നത്.

- ലോകത്തിലെ രണ്ടാമത്തെ വസ്ത്രാധിഷ്ഠിത സമ്പദ് വ്യവസ്ഥയാണ് ഇന്ത്യയുടേത്. അതിനാൽ അതിശക്തമായ ഒരു വിതരണശൃംഖലയുടെ, കയറ്റുമതി - ഇറക്കുമതി ബന്ധത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിന്റെ സാന്നിധ്യം ഇവിടെ ഉണ്ട്. അത് ടെക്നിക്കൽ ടെക്സ്റ്റൈൽ മേഖലയ്ക്ക് പ്രയോജനപ്രദമാണ്.

2020 ആകുമ്പോഴേയ്ക്ക് ടെക്നിക്കൽ ടെക്സ്റ്റൈൽ വിപണി 42.2 ദശലക്ഷം മെട്രിക് ടണ്ണിന്റെ വളർച്ച നേടുമെന്നാണ് ഒരു റിപ്പോർട്ട്. അതായത് 2015 -2020 കാലത്ത് 4.68 ശതമാനം വളർച്ചാ നിരക്കാണ് പ്രതീക്ഷിക്കുന്നത്. മറ്റൊരു റിപ്പോർട്ടു പ്രകാരം 2014 -19 കാലഘട്ടത്തിൽ 3.71 ശതമാനം വളർച്ചാ നിരക്കും പ്രവചിച്ചിരിക്കുന്നു. മൂല്യം കണക്കാക്കുമ്പോൾ ടെക്നിക്കൽ ടെക്സ്റ്റൈൽ മേഖലയുടെ വാർഷിക വളർച്ചാ നിരക്ക് 8 മുതൽ 19 ശതമാനം വരെയാണ്. മൊത്തം ഉത്പാദന വളർച്ച 11 ശതമാനവും. ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 0.75 ശതമാനമാണ് വ്യാവസായിക തുണിയുടെ സംഭാവന. ഇത് ഇന്ത്യൻ തുണി വ്യവസായത്തിന്റെ 12 ശതമാനം വരും. ചൈനയിൽ ഇത് 20 ശതമാനമാണ്. 2017 -18 സാമ്പത്തിക വർഷത്തിൽ ആഗോള ടെക്നിക്കൽ ടെക്സ്റ്റൈൽ വ്യവസായം 1,16,217 കോടിയിലേയ്ക്ക് വളരുമെന്നാണ് കരുതുന്നത്. ടെക്നിക്കൽ ടെക്സ്റ്റൈൽസിന്റെ ആഗോള ഉത്പാദനത്തിൽ ഇന്ത്യയുടെ വിഹിതം വറും 3 ശതമാനം മാത്രമാണ്. ചൈനയും യൂറോപ്പുമാണ് 75 ശതമാനവുമായി മുന്നിൽ.

## വെല്ലുവിളികൾ

- പ്രത്യേകമായി ആവശ്യമുള്ള അസംസ്കൃത വസ്തുക്കളുടെ അഭാവം - പരമ്പരാഗത തുണിത്തരങ്ങളുടെ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യതയിൽ ഇന്ത്യയ്ക്ക് വ്യത്യസ്തമായ ചില മേൽക്കൈയുണ്ട്. അതിനു കാരണം സുശക്തമായ വിതരണ ശൃംഖല തന്നെ. എന്നാൽ ടെക്നിക്കൽ ടെക്സ്റ്റൈൽസിനുള്ള അസംസ്കൃത വസ്തുക്കൾ ഇതുപോലെ സുലഭമല്ല. ഇന്ത്യ ഇത്തരം വസ്തുക്കൾ ഇറക്കുമതി ചെയ്യുകയുമാണ്. ഇത് ചെലവ് , സമയം എന്നിവയെ മാത്രമല്ല, അത്യന്തികമായി മത്സര ക്ഷമതയെയും ബാധിക്കുന്നു.

- സാങ്കേതിക വിദ്യയുടെ അഭാവം - പരമ്പരാഗത തുണിത്തരങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ സാങ്കേതിക വിദ്യയുടെ കാര്യത്തിൽ ഇന്ത്യ വളരെ മുന്നിലാണ്.പക്ഷെ സാങ്കേതിക തുണിത്തരങ്ങൾ അഥവാ ടെക്നിക്കൽ ടെക്സ്റ്റയിൽസ് എന്ന വ്യാവസായിക തുണി ഉത്പ്പന്നങ്ങളുടെ കാര്യത്തിൽ ആധുനിക സാങ്കേതിക വിദ്യകൾ ഒന്നും ഇന്ത്യയുടെ കൈവശം ഇല്ല, അസംസ്കൃത വസ്തുക്കളുടെ കാര്യത്തിലും അങ്ങനെ തന്നെ. സാങ്കേതിക വസ്ത്രങ്ങളുടെ നിർമ്മാണത്തിനാവശ്യമായ മെഷിനറികൾ പോലും ഇന്ത്യ ഇറക്കുമതി ചെയ്യുകയാണ്. അങ്ങനെ പദ്ധതി ചെലവ് പിന്നെയും വർധിക്കുന്നു.

- വിദഗ്ധ മനുഷ്യവിഭവ ശേഷിയുടെ അഭാവം ടെക്നിക്കൽ തുണിത്തരങ്ങൾ സങ്കീർണ ഘടനകൾ ഉള്ളതാകയാൽ അതിന്റെ നിർമാണത്തിന് നല്ല അറിവും വൈദഗ്ധ്യവും ആവശ്യമുണ്ട്. ഉദാഹരണത്തിന് മെഡിക്കൽ ടെക്സ്റ്റൈൽ നിർമ്മിക്കുന്നതിന് വൈദ്യശാസ്ത്രം, തുണിനിർമ്മാണം, ജിയോ ടെക്സ്റ്റൈൽ എന്നിവയ്ക്കൊപ്പം സിവിൾ എൻജിനിയറിങ്ങും, ടെക്സ്റ്റൈൽ എൻജിനിയറിങ്ങും അറിഞ്ഞിരിക്കണം.

- കൃത്യമായ നിയമങ്ങളുടെയും മാനദണ്ഡങ്ങളുടെയും അഭാവം: ഇന്ത്യയിൽ ടെക്നിക്കൽ തുണികളുടെ നിർമ്മാണ വ്യവസായം ശൈശവ ദശയിലാകയാൽ പല ടെക്നിക്കൽ ഉത്പ്പന്നങ്ങളുടെയും നിലവാരം ലഭ്യമല്ല.അതിനാൽ അടിയന്തരമായി ഈ നിലവാരങ്ങൾ രൂപീകരിക്കേണ്ടിയിരിക്കുന്നു. ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ ഉത്പ്പന്നങ്ങൾ നിർമ്മിക്കാൻ ഇത് ആ വ്യവസായങ്ങൾക്ക് സഹായകമാകും.

- പൊതുജന ബോധവത്ക്കരണത്തിന്റെ അഭാവം: രാജ്യത്തെ ജനസംഖ്യയിൽ നല്ല ശതമാനവും ഇന്നും ഗ്രാമങ്ങളിൽ ദരിദ്രമായ അവസ്ഥയിൽ തന്നെയാണ് ജീവിക്കുന്നത്. അവരിൽ അധികം പേർക്കും എന്താണ് ടെക്നിക്കൽ വസ്ത്ര ഉത്പന്നങ്ങൾ എന്തെന്നറിയില്ല. അത് വാങ്ങാനുള്ള ശേഷിയുമില്ല.

- ലോക നിലവാരത്തിലുള്ള ഗവേഷണം, ഉത്പന്ന വികസനം എന്നിവയുടെ അഭാവം: ഇന്ത്യയിലെ സർവകലാശാലകൾ, കോളേജുകൾ, ഗവേഷണ കേന്ദ്രങ്ങൾ എന്നിവ ഈ മേഖലയിലേയ്ക്ക് കൂടുതലായി ശ്രദ്ധിക്കുകയും ലോക നിലവാരത്തിലുള്ള ഉത്പ്പന്നാധിഷ്ഠിത ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് മൂലധന നിക്ഷേപം നടത്തുകയും ചെയ്യണം.

- ഏകീകൃത കോഡ് വ്യവസ്ഥയുടെ അഭാവം: കയറ്റുമതിക്കുള്ള ടെക്നിക്കൽ ടെക്സ്റ്റൈൽ ഉത്പ്പന്നങ്ങൾ തിരിച്ചറിയുന്നതിനും വേർതിരിക്കുന്നതിനുമായി (HSN കോഡ് പോലെ)ഒരു ഏകീകൃത കോഡിംങ് സംവിധാനം ആവശ്യമുണ്ട്.

- ടെക്നിക്കൽ ടെക്സ്റ്റൈൽ മേഖല സംഘടിതമാകണം: ഇന്ത്യയിലെ ടെക്നിക്കൽ ടെക്സ്റ്റൈൽ വ്യവസായം ഇപ്പോഴും ചെറുകിട ഇടത്തരം സംരംഭക മേഖലയിലാണ്. പരമ്പരാഗത തുണി വ്യവസായത്തെക്കാൾ വികേന്ദ്രീകൃതവുമാണ്.

- വ്യവസായ കേന്ദ്രീകൃമായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം: ടെക്നിക്കൽ ടെക്സ്റ്റൈൽ വ്യവസായം വികസിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ വളരെ ആവശ്യമാണ്. ചരക്കു നീക്കം,ജലലഭ്യത, മാലിന്യ നിർമ്മാർജനം, പലിശോധന ശാലകൾ, വാർത്താവിനിമയം, ഇന്റർനെറ്റ് തുടങ്ങിയ സംവിധാനങ്ങൾ തീർച്ചയായും ഉണ്ടാകണം.

- മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനങ്ങളുടെയും നിയമങ്ങളുടെയും അഭാവം: ടെക്നിക്കൽ ടെക്സ്റ്റൈൽ ഉത്പ്പന്നങ്ങളുടെ മാലിന്യ നിർമ്മാർജ്ജനത്തിന് അടിയന്തിരമായ സംവിധാനം ഉണ്ടാകണം. വൻതോതിൽ ഉണ്ടാകുന്ന സാനിറ്ററി പാഡുകൾ,ഡയപ്പറുകൾ,ആശുപത്രി മാലിന്യങ്ങൾ തുടങ്ങിയവ സുരക്ഷിതമായും പരിസ്ഥിതി സൗഹൃദവുമായ രീതിയിൽ നീക്കം ചെയ്യേണ്ടതാണ്.

## മെഡിക്കൽ ടെക്സ്റ്റൈൽസ് പ്രോത്സാഹിപ്പിക്കാനുള്ള ഗവൺമെന്റ് സംരംഭങ്ങൾ

മെഡിക്കൽ ടെക്സ്റ്റൈൽ മേഖലയെ ഉത്തേജിപ്പിക്കാൻ താഴെ പറയുന്ന ചില പദ്ധതികൾ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്.

ഈ മേഖലയിൽ ഒരു മികവിന്റെ കേന്ദ്രം (സെന്റർ ഫോർ എക്സലൻസ്) വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിരിക്കുന്ന പദ്ധതിയാണ് ഗ്രോത്ത് ആൻഡ് ഡെവലപ്മെന്റ് ഓഫ് ടെക്നിക്കൽ ടെക്സ്റ്റൈൽസ്. അതോടൊപ്പം ടെക്നിക്കൽ ടെക്സ്റ്റൈലുകൾ സംബന്ധിച്ച ബോധവത്ക്കരണം നടത്തുക, കൃത്യമായ വിവര ശേഖരണത്തിനായി അടിസ്ഥാന സർവെ നടത്തുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യത്തിലുണ്ട്.

ടെക്സ്റ്റൈൽ മന്ത്രാലയം ടെക്നോളജി മിഷൻ ഓൺ ടെക്നിക്കൽ ടെക്സ്റ്റൈൽസിനു കീഴിൽ രണ്ടു മിനി ദൗത്യങ്ങൾ ആരംഭിച്ചിരിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും മെച്ചപ്പെടുത്തുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. പരിശോധനാ സൗകര്യങ്ങൾ, വിദഗ്ധ മനുഷ്യവിഭവ ശേഷി, ഗവേഷണം, നിലവാര ക്രോഡീകരണം, സംരംഭകത്വ പ്രോത്സാഹനം, വിപണി വികസനം, ഹാർമൊണൈസ്ഡ് സിസ്റ്റം (എച്ച് എസ് )കോഡ് കണ്ടെത്തൽ, ഇങ്കുബേഷൻ കേന്ദ്ര സ്ഥാപനം തുടങ്ങിയവയാണ് അവയിൽ പ്രധാനം. ചില ശ്രമങ്ങൾ ചുവടെ:

- ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ പാർക്കുകൾ സ്ഥാപിക്കാനുള്ള പദ്ധതി. പ്രധാന ടെക്നിക്കൽ ടെക്സ്റ്റൈലുൾക്ക് കസ്റ്റംസ് തീരുവയിൽ ഇളവ് ലഭ്യമാക്കിയിട്ടുണ്ട്.
- കയറ്റുമതിക്ക് നികുതിഇളവ്.
- ദേശീയവും അന്തർദേശീയവുമായ ഉത്പ്പന്ന ഗു

ണനിലവാര പരിശോധയും വിലിരുത്തലും നടത്തുന്നതിനുള്ള അംഗീകൃത സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള ഒരു മികവിന്റെ കേന്ദ്രം രൂപീകരിക്കും. പുസ്തകങ്ങൾ, സാമ്പിളുകൾ തുടങ്ങിയവ അടങ്ങിയ റിസോഴ്സ് സെന്റർ തുറക്കും. വിദേശ രാജ്യങ്ങളിലെ സ്ഥാപനങ്ങളുടെയും പരിശോധനാ ശാലകളുടെയും സഹകരണത്തോടെ ഗവേഷണത്തിനും ഉത്പ്പന്ന വികസനത്തിനുമുള്ള സൗകര്യങ്ങൾ ഇതിന്റെ ഭാഗമായി ഏർപ്പെടുത്തും. ടെക്നിക്കൽ ടെക്സ്റ്റൈൽ വ്യവസായവുമായി ബന്ധപ്പെട്ട വ്യക്തികൾക്ക് പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തും. ഗുണഭോക്താക്കൾക്ക് ആശയങ്ങൾ പങ്കുവ്ക്കുന്നതിനുള്ള കൺസൾട്ടൻസി സൗകര്യം. കൂടാതെ താഴെ പറയുന്ന സൗകര്യങ്ങളും ഉണ്ടായിരിക്കും.

- ടെക്നിക്കൽ ടെക്സ്റ്റൈൽ മേഖലയിലെ പുതിയ സംരംഭകർക്കായി ഇങ്കുബേഷൻ സെന്റർ.
- മികവിന്റെ കേന്ദ്രം വഴി വ്യവസായികൾക്കും സംരംഭകർക്കുമായി കൺസൾട്ടൻസി സേവനങ്ങൾ.

## ഗവൺമെന്റ് നടപടികൾ

- നിലവിലുള്ള മികവിന്റെ കേന്ദ്രം വഴി പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പുകൾ പ്രോത്സാഹിപ്പിക്കുന്നു
- വിദഗ്ധ മനുഷ്യവിഭവ ശേഷി വികസനം ഉറപ്പാക്കുന്നു.
- കയറ്റുമതി പ്രോത്സാഹനം
- ടെക്നിക്കൽ ടെക്സ്റ്റൈലിനു വേണ്ടി എച്ച് എസ് എൻ കോഡ് കണ്ടെത്തൽ.
- വിദേശത്തു നിന്നുള്ള ടെക്നിക്കൽ ടെക്സ്റ്റൈൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഈ മേഖലയിൽ നേരിട്ടുള്ള വിദേശ നിക്ഷേപം പ്രോത്സാഹിപ്പിക്കൽ.
- സ്ഥിര സംവിധാനത്തിലൂടെ ടെക്നിക്കൽ ടെക്സ്റ്റൈൽ ഉപയോഗിക്കുന്നതിനുള്ള ബോധവത്ക്കരണം.
- ടെക്നിക്കൽ ടെക്സ്റ്റൈൽസിൽ നിയമങ്ങളുടെയും ചട്ടങ്ങളുടെയും രൂപീകരണം.
- സ്ഥാപനങ്ങളിൽ ടെക്നിക്കൽ ടെക്സ്റ്റൈൽ ഉപയോഗം പ്രോത്സാഹിപ്പിക്കൽ
- ടെക്നിക്കൽ ടെക്സ്റ്റൈൽ നിർമ്മിക്കാനുള്ള യന്ത്രങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കൽ

## ഉപസംഹാരം

വസ്ത്ര നിർമ്മാണ മേഖലയിൽ ഉയർന്നു വരുന്ന ഏറ്റവും പുതിയ വ്യവസായ ശാഖയാണ് ടെക്നിക്കൽ ടെക്സ്റ്റൈൽസ്. വൈദ്യശാസ്ത്രം, സൈനികം, എൻജിനിയറിങ്, വാഹന വ്യവസായം തുടങ്ങി വൈവിധ്യമാർന്ന മേഖലകളിലെല്ലാം ടെക്നിക്കൽ ടെക്സ്റ്റൈൽസിന് വ്യത്യസ്തങ്ങളായ ഉപയോഗങ്ങളുണ്ട്. ശുദ്ധിയാക്കൽ, സംരക്ഷണം, നിരോധനം, വൃത്തിയാക്കൽ, ശാക്തീകരണം, കൂടുതൽ കാലം ഈട് നല്കൽ തുടങ്ങിയ ആവശ്യങ്ങൾക്കാണ് ഇത്തരം തുണികൾ ഉപയോഗിക്കുന്നത്. ആഗോള ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യയിൽ ടെക്നിക്കൽ ടെക്സ്റ്റൈൽസിന്റെ പ്രതിശീർഷ ഉപഭോഗം വളരെ കുറവാണ്. എന്നാൽ മറ്റു രാജ്യങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ ഇന്ത്യയിൽ ഈ വ്യവസായ ശാഖയ്ക്ക് വലിയ സാധ്യതകളാണ് ഉള്ളത്. കുറഞ്ഞ കൂലി നിരക്കുകൾ, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, വലിയ ആഭ്യന്തര വിപണി എന്നിവയാണ് നമ്മുടെ രാജ്യത്തുള്ള അനുകൂല ഘടകങ്ങൾ. ഇന്ന് ഗവൺമെന്റ് നയങ്ങളുടെ സഹായത്തോടെ ഈ വ്യവസായത്തിന് അനന്തമായ സാധ്യതകൾ തുറക്കുകയാണ്. പരമ്പരാഗത വസ്ത്ര നിർമ്മാണ വ്യവസായത്തെ പിന്തള്ളി ശക്തമായ വൈവിധ്യവത്ക്കരണവുമായി ടെക്നിക്കൽ ടെക്സ്റ്റൈൽസ് വ്യവസായം മുന്നേറും എന്നകാര്യത്തിൽ സംശയമില്ല.

*(കോയമ്പത്തൂർ ആസ്ഥാനമായ സൗത്ത് ഇന്ത്യാ ടെക്സ്റ്റൈൽ റിസർച്ച് അസോസിയേഷന്റെ (SITRA) ഡയറക്ടറാണ് ലേഖകൻ)*



# ടെക്സ്റ്റൈൽ മേഖലയുടെ വികസനത്തിനായി ക്ലസ്റ്റർ സമീപനം

ഡോ. എ.കെ. കൃഷ്ണ കുമാർ

ആഗോള വ്യാപാരത്തിൽ ഓരോ രാജ്യത്തിനും പ്രത്യേകം ക്വോട്ട നിശ്ചയിച്ചുകൊണ്ടുള്ള സംവിധാനത്തിന് വന്ന മാറ്റം തുണി വ്യവസായത്തെയും വ്യാപാരത്തെയും കഴിഞ്ഞ ദശകത്തിൽ വളരാൻ ഏറെ സഹായിച്ചു. ഉത്പാദന ചെലവ് പ്രത്യേകിച്ച് തൊഴിൽ ചെലവ് കുറഞ്ഞ കേന്ദ്രങ്ങളിലേക്ക് ഓർഡറുകൾ വൻതോതിൽ എത്തിയതോടെ തുണിത്തരങ്ങളുടെയും വസ്ത്രങ്ങളുടെയും വ്യാപാരം കാര്യമായി വർദ്ധിച്ചു. വൻകിട ബ്രാൻഡുകൾ ഏഷ്യയിലെ ഉത്പാദക രാജ്യങ്ങളിൽ നിന്ന് സംഭരണം തുടങ്ങി.

ടെക്സ്റ്റൈൽ - വസ്ത്ര മേഖലയിലെ ആഗോള മൂല്യ ശൃംഖലയിൽ ഈ സംഭവ വികാസങ്ങൾ സ്വാധീനിച്ചു. അമേരിക്ക, യൂറോപ്യൻ യൂണിയൻ, ജപ്പാൻ തുടങ്ങിയ വികസിത രാജ്യങ്ങൾ രൂപകൽപ്പന, വിപണനം, ചില്ലറ വില്പന തുടങ്ങി മൂല്യവർദ്ധിത മേഖലകളിൽ ശ്രദ്ധയൂന്നിയപ്പോൾ ചൈന, ഇന്ത്യ, ബംഗ്ലാദേശ്, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങൾ ഉത്പാദനരംഗത്ത് ശ്രദ്ധ നൽകി. ക്വോട്ട സമ്പ്രദായം 2005 -ൽ എടുത്തു കളഞ്ഞ ശേഷം ടെക്സ്റ്റൈൽ രംഗത്തെ ലോകവ്യാപാരം 454 ബില്യൺ ഡോളറിൽ നിന്ന് 2013 ൽ 766 ബില്യൺ ഡോളറായി 6% വർദ്ധിച്ചു. വികസ്വര രാജ്യങ്ങളും അവികസിത രാജ്യങ്ങളും ഇന്ന് ആഗോള ടെക്സ്റ്റൈൽ കയറ്റുമതിയിൽ 70% വിഹിതം സംഭാവന ചെയ്യുന്നു. ആഗോള തുണിവ്യാപാരത്തിന്റെ 75% കേന്ദ്രീകരിച്ചിരിക്കുന്നത് യൂറോപ്പ്, യു.എസ്, ചൈന, ജപ്പാൻ എന്നിവിടങ്ങളിലാണ്.

മുന്നോട്ട് നോക്കുമ്പോൾ, ആഗോളതുണി വ്യാപാരം പ്രതിവർഷം 6% കണ്ട് വളർന്ന് 2025 ൽ 1600 ബില്യൺ ഡോളറിലെത്തുമെന്ന് കണക്കാക്കുന്നു. വസ്ത്ര വിപണിയിലെ വളർച്ച മുന്നിട്ട് നിൽക്കുന്നത് വികസ്വര രാജ്യങ്ങൾക്കും മറ്റ് പിന്നോക്ക രാജ്യങ്ങൾക്കും മികച്ച അവസരങ്ങൾ തുറന്നു നൽകുന്നു.

## ഇന്ത്യയിലെ ടെക്സ്റ്റൈൽ മേഖല

ആഗോള ടെക്സ്റ്റൈൽ വിപണിയിൽ പ്രമുഖ സ്ഥാനമാണ് നമ്മുടെ രാജ്യത്തിനുള്ളത്. പ്രകൃതി വിഭവ സമ്പത്തും താഴെ കൊടുത്തിരിക്കുന്ന ശേഷികളുമാണ് ഇതിന് നമ്മെ പ്രാപ്തരാക്കുന്നത്:

i) പട്ടിന്റെയും പരുത്തിയുടെയും ഉത്പാദനത്തിൽ ലോകത്ത് രണ്ടാം സ്ഥാനം.

ii) ലോകത്തിലെ രണ്ടാമത്തെ വലിയ ടെക്സ്റ്റൈൽ ഉത്പാദക രാജ്യം.

iii) തറികളുടെ കാര്യത്തിൽ ലോകത്ത് 63% വിഹിതം.

iv) ലോകത്തെ 24% സ്പിൻഡിലുകളും 80% റോട്ടറുകളും സ്വന്തം.

v) വിദഗ്ധ മാനവശേഷിയുടെയും ഗവൺമെന്റ് സബ്സിഡികളുടെയും പിൻബലം.

നമ്മുടെ ആഭ്യന്തര തുണി-വസ്ത്ര വ്യവസായം 2014 ലെ 99 ബില്യൺ ഡോളറിൽ നിന്ന് 2023 ൽ 223 ബില്യൺ ഡോളറായി വളരുമെന്നാണ് പ്രതീക്ഷ. ഇവയുടെ കയറ്റുമതി ഇതേ കാലത്ത് 40 ബില്യൺ ഡോളറിൽ നിന്ന് 220 ബില്യൺ ഡോളറായി വർദ്ധിക്കുമെന്നും കണക്കാക്കപ്പെടുന്നു. ടെക്സ്റ്റൈൽ വ്യവസായം ഇന്ത്യൻ സമ്പദ് വ്യവസ്ഥയ്ക്ക് എത്രമാത്രം സുപ്രധാനമാണ് എന്ന് നോക്കാം.

i) രാജ്യത്തിന്റെ കയറ്റുമതി വരുമാനത്തിൽ 13% വിഹിതം.

ii) മൊത്തം വ്യവസായ ഉത്പാദനത്തിൽ 14% വിഹിതം.

iii) കാർഷിക മേഖലയ്ക്ക് പിന്നിൽ രണ്ടാമത്തെ തൊഴിൽദായക മേഖലയായ ഇത് 45 ദശലക്ഷം പേർക്ക് നേരിട്ട് തൊഴിൽ നൽകുന്നു.

iv) മൊത്തം ആഭ്യന്തര ഉത്പ്പാദനത്തിൽ 4% വിഹിതം.

പരുത്തി, പട്ട്, കമ്പിളി തുടങ്ങി സ്വാഭാവിക നാരുകൾ മുതൽ പോളിസ്റ്റർ, വിസ്കസ്, നൈലോൺ, അക്രിലിക് തുടങ്ങി കൃത്രിമ നാരുകൾ വരെയുള്ളവയുടെ വർദ്ധിച്ച ഉത്പാദന ശേഷിയും കുറഞ്ഞ തൊഴിൽ ചെലവും ഗവൺമെന്റ് നയങ്ങളും ഇന്ത്യയിലെ തുണി വ്യവസായത്തിന് അനുകൂല ഘടകങ്ങളാണ്. ടെക്സ്റ്റൈൽ രംഗത്ത്, വസ്ത്രനിർമ്മാണ മേഖലയാണ് മൂല്യവർധനയിലും തൊഴിൽ നൽകുന്നതിലും മുന്നിട്ട് നിൽക്കുന്നത്. വനിതകൾക്ക് തൊഴിലെടുക്കാൻ യോജിച്ചതായതിനാൽ വസ്ത്രനിർമ്മാണ മേഖല നമ്മുടെ സാമൂഹ്യരംഗത്തും സുപ്രധാന സ്വാധീനമാണ്. കൈത്തറി വസ്ത്രങ്ങൾ, കൈത്തറി പ്രിന്റിംഗ്, സിൽക്ക് നെയ്ത്ത്, സാരികൾ തുടങ്ങി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറിക്കിടക്കുന്ന ക്ലസ്റ്ററുകളും തുണി വ്യവസായ മേഖലയിൽ സവിശേഷ ശ്രദ്ധ ആകർഷിക്കുന്നു.

ഇടത്തരം, വൻകിട സ്പിന്നിംഗ് മില്ലുകളും ചെറുകിട നെയ്ത്തുകാരും വേണ്ടത്ര നിക്ഷേപം ഉണ്ടാകാത്ത സംസ്കരണ മേഖലയും അതിവേഗം വളരുന്ന വസ്ത്ര വിപണിയും അടങ്ങുന്നതാണ് ഇന്ത്യൻ ടെക്സ്റ്റൈൽ വ്യവസായം. പരുത്തി, സിൽക്ക്, ബനിയൻ, കാഷ്വൽ തുടങ്ങി വ്യത്യസ്ത കൂട്ടങ്ങൾ അഥവാ ക്ലസ്റ്ററുകളായാണ് ഈ മേഖലയുടെ പ്രയാണം.

ഗുജറാത്ത്, തമിഴ്നാട്, മഹാരാഷ്ട്ര തുടങ്ങിയ ചില സംസ്ഥാനങ്ങൾ ഈ രംഗത്ത് മുന്നിൽ നിൽക്കുന്നു. എന്നാൽ മൂല്യ ശൃംഖലയപ്പാടെ ഒരു കൂട്ടത്തിൽ കേന്ദ്രീകരിച്ചതായി കാണാനാവില്ല.

## ഇന്ത്യൻ ടെക്സ്റ്റൈൽ വ്യവസായം: ആഗോള മത്സരക്ഷമത

36.13% വിഹിതത്തോടെ തുണിവസ്ത്ര വ്യാപാരത്തിൽ ചൈനയാണ് ഒന്നാം സ്ഥാനത്ത്; 5.13% വിഹിതവുമായി ഇന്ത്യ രണ്ടാമതാണ്. അതിവേഗം വളരുന്ന വിയറ്റ്നാം 3.71% വിഹിതവുമായി തൊട്ടുപിന്നിലുണ്ട്. എന്നാൽ വസ്ത്രങ്ങളുടെ കാര്യത്തിൽ, ആഗോള വ്യാപാരത്തിൽ ഇന്ത്യയുടെ വിഹിതം 4.33% മാത്രമാണ്. ലോകത്തിൽ അഞ്ചാം സ്ഥാനവും. രണ്ടുമുതൽ നാല് വരെ സ്ഥാനങ്ങളിൽ ബംഗ്ലാദേശ്, വിയറ്റ്നാം, ഇറ്റലി എന്നീ രാജ്യങ്ങളാണ്.

വിഭവശേഷി, നിലവിലിരിക്കുന്ന അനുകൂല സ്ഥിതി, സംരംഭക മികവ്, മിതമായ തൊഴിൽ ചെലവ് തുടങ്ങിയ അനുകൂല ഘടകങ്ങൾ ഉണ്ടെങ്കിലും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ കാര്യത്തിൽ ശക്തമായ വെല്ലുവിളിയാണ് മറ്റു രാജ്യങ്ങൾ നമുക്ക് നൽകുന്നതെന്ന് മേൽ പ്രസ്താവിച്ച കാര്യങ്ങൾ വെളിപ്പെടുത്തുന്നു. മുന്നോട്ട് നോക്കിയാൽ, ആഗോള ടെക്സ്റ്റൈൽ വസ്ത്ര വ്യാപാരത്തെ രൂപപ്പെടുത്തുന്നതിൽ സ്വതന്ത്രവ്യാപാര കരാറുകൾ നിർണ്ണായക പങ്ക് വഹിക്കും എന്ന് പ്രതീക്ഷിക്കാം. ബംഗ്ലാദേശ്, വിയറ്റ്നാം, കമ്പോഡിയ, മധ്യ അമേരിക്കൻ രാജ്യങ്ങൾ, സബ് സഹാറൻ ആഫ്രിക്കൻ രാജ്യങ്ങൾ തുടങ്ങിയ

വയ്ക്ക് അനുകൂലമായി രൂപപ്പെടുത്തിയവയാണ് സ്വതന്ത്ര വ്യാപാര കരാറുകൾ. അതായത് വസ്ത്ര വ്യാപാരത്തിൽ ഇന്ത്യയുടെ വിഹിതം വർദ്ധിപ്പിക്കുകയും മൂല്യശൃംഖലയിലെ അറ്റുപോയ കണ്ണികൾ കൂട്ടിയിണക്കുകയും ചെയ്താൽ മാത്രമെ അനന്ത സാധ്യതകൾ തുറന്നു നൽകുന്ന ടെക്സ്റ്റൈൽ വ്യവസായരംഗത്ത് നിർണ്ണായക ശക്തിയായി ഉയർന്നുവരാൻ ഇന്ത്യക്ക് സാധിക്കു.

## ടെക്സ്റ്റൈലിനായി ക്ലസ്റ്ററുകൾ

നെയ്ത്ത്, വസ്ത്ര നിർമ്മാണം തുടങ്ങിയ മേഖലകളിലായി ചിതറിക്കിടക്കുന്നതാണ് ഇന്ത്യൻ ടെക്സ്റ്റൈൽ മേഖലയുടെ സവിശേഷത. അനേകം ചെറുകിട-ഇടത്തരം സംരംഭങ്ങൾ ഇതിലുണ്ട്. നവീന സാങ്കേതിക വിദ്യക്കായി വൻ നിക്ഷേപം നടത്താൻ കഴിയാത്തതും ചെറു സംരംഭങ്ങളുടെ കുറഞ്ഞ നടത്തിപ്പ് ചെലവുമാണ് ഇതിന് പ്രധാന കാരണം. കൂടാതെ, പല ഗവൺമെന്റ് പദ്ധതികളും ഇത്തരം യൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകുന്നത് അവയെ കൂടുതൽ മത്സരക്ഷമമാക്കുന്നു. കരാർ അടിസ്ഥാനത്തിൽ നെയ്ത്തു ജോലികളും അതുപോലെ തന്നെ വൻകിട കമ്പനികൾ സംഭരിച്ചു നൽകുന്ന തുണിത്തരങ്ങൾ ഉപയോഗിച്ച് വസ്ത്ര നിർമ്മാണമേഖലയും പ്രവർത്തിക്കുന്നു.

വികേന്ദ്രീകൃത പവർലൂം മേഖല നെയ്ത്തു രംഗത്തെ ചെറുകിട-ഇടത്തരം സംരംഭകരെ പ്രതിനിധീകരിക്കുന്നു. 5.40 ലക്ഷം പവർലൂം യൂണിറ്റുകളിലായി ആകെ 24.69 ലക്ഷം പവർ ലൂമുകൾ തുണി ഉല്പാദനത്തിന്റെ 60% ഉം നിർവഹിക്കുന്നു. കൂടാതെ 62 ലക്ഷം പേർക്ക് തൊഴിലും നൽകുന്നു. പലതരം സാങ്കേതിക വിദ്യാതലങ്ങൾ ഇതിൽ ഉണ്ട്. ഒന്നേകാൽ ലക്ഷം ഷട്ടിൽ ലസ് ലൂമുകൾ ഈ രംഗത്തുണ്ട്. ഇവയിൽ മുക്കാൽ പങ്കും പഴയതും യാതൊരു ഗുണമേന്മാനിരീക്ഷണ സംവിധാനം ഇല്ലാത്തതും ആണ്. എന്നാൽ കഴിഞ്ഞ 7-8 വർഷങ്ങളിൽ പവർ ലൂം മേഖലയിൽ പുതിയ സാങ്കേതിക വിദ്യകൾ കടന്നു വന്നിട്ടുണ്ട്. കഴിഞ്ഞ 8 വർഷത്തിനിടെ കൂട്ടിച്ചേർത്ത 5.45 ലക്ഷം പവർ ലൂമുകളിൽ ഒരു ലക്ഷത്തോളം ഷട്ടിൽ ലസ് ലൂമുകൾ ആണ്. പവർ ലൂം മേഖല പോലെ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ മേഖലയിലും ചെറുകിട ഇടത്തരം യൂണിറ്റുകളാണ് പ്രധാനം. വൻകിട ബ്രാൻഡുകൾക്കും ചില്ലറ വില്പനശാലകൾക്കുമായി ഇവർ ജോലി ഏറ്റെടുത്തു ചെയ്തുവരുന്നു.

നെയ്ത്ത്, വസ്ത്ര നിർമ്മാണ മേഖലയിലെ യൂണിറ്റുകളുടെ ഉയർന്ന എണ്ണം എന്നിവ ഇന്ത്യയിലെ പ്രത്യേകതകളാണ്. തൊഴിൽ നിയമങ്ങൾ, നിക്ഷേപം, ഭൂമി തുടങ്ങി വിഭവ സമ്പാദനത്തിലെ പ്രയാസങ്ങൾ മുതലായവ വൻകിട യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രതികൂല ഘടകങ്ങളായി മാറുമ്പോൾ, ഉയർന്ന സബ്സിഡികളും മറ്റും ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് കൂടുതൽ അനുകൂല ഘടകങ്ങളായി മാറുന്നു.

## സംയോജിത ടെക്സ്റ്റൈൽ പാർക്കുകൾ

കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയം 1999 ൽ കൊണ്ടുവന്ന സാങ്കേതിക വിദ്യാ മെച്ചപ്പെടുത്തൽ ഫണ്ട്, പദ്ധതി വ്യവസായത്തിൽ കാര്യമായ നിക്ഷേപങ്ങൾ കൊണ്ടുവരുന്നതിന് ഇടയാക്കി. അടിസ്ഥാന സൗകര്യ ലഭ്യത, കയറ്റുമതി പ്രോത്സാഹനം തുടങ്ങിയവയ്ക്കും മന്ത്രാലയം ക്ലസ്റ്റർ തലത്തിൽ പദ്ധതികൾ തയ്യാറാക്കി.

ടെക്സ്റ്റൈൽ മേഖലയിലെ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഘടനാപരമായ സമീപനം ഉറപ്പുവരുത്താൻ 2005-ൽ സംയോജിത ടെക്സറ്റൈൽ പാർക്കുകൾ എന്ന പദ്ധതി തയ്യാറാക്കി. ടെക്സ്റ്റൈൽ യൂണിറ്റുകൾക്ക് ലോക നിലവാരത്തിലുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്തുകയായിരുന്നു ലക്ഷ്യം. അന്താരാഷ്ട്ര പരിസ്ഥിതി മാനദണ്ഡങ്ങൾ പാലിക്കുന്നതിലും സാമൂഹ്യ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിലും പദ്ധതി സഹായം നൽകി. സ്വകാര്യ മേഖലയുടെ ഉടമസ്ഥതയിലുള്ള പ്രത്യേക സംവിധാനം അഥവാ എസ്പിവി (Special Purpose Vehicle) കൾക്കായിരിക്കും പാർക്കുകളുടെ നടത്തിപ്പ് ചുമതല. അവരവരുടെ കൈവശമിരിക്കുന്ന ഭൂമിയുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാകും പാർക്കിലെ ഓരോ യൂണിറ്റിനും എസ്പിവിയിലുള്ള സ്ഥാനം. കേന്ദ്ര-സംസ്ഥാന പങ്കാളിത്തം കുറച്ചും കൺസൾട്ടൻസികൾ വ്യത്യസ്തമായി ഉപയോഗപ്പെടുത്തിയും പദ്ധതി ശ്രദ്ധ നേടിവരുന്നു. ഭൂമി വികസനത്തിൽ മൂന്നാം കക്ഷിയെ ഇല്ലാതാക്കി.

പാർക്കിലെ സംരംഭകരെ സംഘടിപ്പിക്കുന്നതിലും പിന്തുണക്കുന്നതിലും നിരീക്ഷിക്കുന്നതിലും ആവശ്യങ്ങൾ കണ്ടറിഞ്ഞ് നൽകുന്നതിലും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ഇടപെടുന്നു.

ടെക്സ്റ്റൈൽ മേഖലയിൽ ഗ്രീൻഫീൽഡ് വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിൽ Scheme for Integrated Textile Parks (SITP) നാഴികക്കല്ലായി. ആവശ്യാനുസരണമുള്ള അടിസ്ഥാന സൗകര്യങ്ങൾ പാർക്കിൽ ഒരുക്കാമെന്നതയിരുന്നു ഇവയുടെ മറ്റൊരു ഗുണം. അതുപോലെ, ടെക്സ്റ്റൈൽ മേഖലക്ക് അനുസൃതമായ മലിന ജല പ്ലാന്റുകൾ, ജല-വൈദ്യുത വിതരണ ശൃംഖലകൾ തുടങ്ങിയവ ആവശ്യാനുസരണം ലഭ്യമാക്കി. പരിശോധനാ ലാബുകൾ, നൈപുണ്യ വികസന കേന്ദ്രങ്ങൾ തുടങ്ങിയ പൊതുവായ സൗകര്യങ്ങളും ഒരുക്കി. അങ്ങനെ ഒരു വികസന പരിസ്ഥിതി ഇത്തരം പാർക്കുകൾക്കു ചുറ്റും വളർന്നു വന്നു.

പദ്ധതി നടത്തിപ്പിന് മന്ത്രാലയത്തെ സഹായിക്കാനായി പ്രൊഫഷണൽ ഏജൻസികളെ ചുമതലപ്പെടുത്താമെന്നതായിരുന്നു സംയോജിത പാർക്കുകളുടെ മറ്റൊരു പ്രത്യേകത. പദ്ധതിയെപ്പറ്റിയുള്ള വിവരങ്ങൾ നൽകാനും നിർദ്ദേശങ്ങൾ സ്വീകരിക്കുവാനും അവ അധികാര സ്ഥാനങ്ങളിൽ വേണ്ടവിധം അവതരിപ്പിക്കുന്നതിനും മറ്റും ഏജൻസികൾ സഹായിക്കുന്നു.

ക്ലസ്റ്റർ വികസന മാതൃകയിൽ ഒരു പ്രത്യേക മേഖലക്കായുള്ള ആദ്യ നിക്ഷേപ പദ്ധതിയായാണ് SITP കണക്കാക്കപ്പെടുന്നത്. ഭക്ഷ്യസംസ്കരണം, ഇലക്ട്രോണിക്സ്, തുകൽ വ്യവസായം, മൂലധന വസ്തുക്കൾ തുടങ്ങിയവക്കായും പിന്നീട് ഇത്തരം പാർക്കുകൾ നിലവിൽ വന്നു. രാജ്യത്താകെ ഇതുവരെ 72 ടെക്സ്റ്റൈൽ പാർക്കുകൾ നിലവിൽ വന്നു. ഇവയിൽ 32 എണ്ണം പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. 30000 കോടി രൂപയുടെ മൂലധന നിക്ഷേപവും നാലര ലക്ഷത്തോളം തൊഴിലവസരങ്ങളും നൽകുന്ന ഇവ നമ്മുടെ സാമൂഹ്യ-സാമ്പത്തിക മേഖലകളിൽ വേണ്ടത്ര ചലനങ്ങൾ സൃഷ്ടിക്കും.

പ്രത്യേക സാമ്പത്തിക മേഖല (SEZ) യിൽ നിന്ന് വ്യത്യസ്തമായി SITP യിൽ ബന്ധപ്പെട്ട വ്യവസായ മേഖല തന്നെ പ്രത്യേക നടത്തിപ്പ് സംവിധാനത്തിന് രൂപം നൽകുകയാണ്. നികുതി നിയന്ത്രണ ചട്ടങ്ങളിൽ കാര്യമായ ഇളവുകൾ ഉണ്ടായിട്ടും പ്രത്യേക സാമ്പത്തിക മേഖലകളുടെ പ്രകടനം സംയോജിത ടെക്സ്റ്റൈൽ പാർക്കുകളുടേതിന് തുല്യം മാത്രമായിട്ടേ കണക്കാക്കാനാകൂ എന്ന് ലോക ബാങ്ക് പറയുന്നു.

നേരത്തെ ഉണ്ടായിരുന്ന ക്ലസ്റ്റർ പദ്ധതികൾ വേണ്ടത്ര വിജയിച്ചിരുന്നില്ല. സ്ഥലം കണ്ടെത്തുക, രൂപകൽപ്പന തുടങ്ങിയ കാര്യങ്ങൾ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ചുമതലയിലായിരുന്നു. സ്ഥാപന നടത്തിപ്പ് ബന്ധപ്പെട്ട വ്യവസായ മേഖലയെ തന്നെ ഏല്പിക്കുന്നതിന്റെ പ്രാധാന്യം ഇത് എടുത്തുകാട്ടുന്നു. വിശാഖപട്ടണത്ത് നേരിട്ടുള്ള വിദേശ നിക്ഷേപ സംരംഭമായ ബ്രാൻഡിക്സ് ഇന്ത്യ അപ്പാരൻ സിറ്റി മുതൽ തിരുപ്പൂർ പല്ലടത്ത് 90 ചെറുകിട-ഇടത്തരം സംരംഭങ്ങൾ ചേർന്ന് രൂപം നൽകിയ പല്ലടം ഹൈടെക് വീവിംഗ് പാർക്ക് വരെ നിരവധി വിജയകരമായ നിക്ഷേപങ്ങൾക്ക് SITP വഴി ഒരുക്കി.

## പഠനങ്ങൾ

1. **ബ്രാൻഡിക്സ് ഇന്ത്യ അപ്പാരൽ സിറ്റി പ്രൈവറ്റ് ലിമിറ്റഡ്:** 1000 ഏക്കറിൽ പരന്നു കിടക്കുന്ന ഈ വസ്ത്ര-ടെക്സ്റ്റൈൽ പാർക്ക് 134 കോടി രൂപ ചെലവിൽ സ്ഥാപിച്ചിരിക്കുന്ന ഉത്പാദന യൂണിറ്റുകൾക്ക് ലോക നിലവാരത്തിലുള്ള സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നു. പാർക്കിലെ 19 യൂണിറ്റുകളിലായി 1100 കോടി രൂപയുടെ നേരിട്ടുള്ള വിദേശ നിക്ഷേപമുണ്ട്. സ്പിന്നിംഗ്, ഡയിംഗ്, വീവിംഗ്, വസ്ത്ര സംസ്കരണം, നിർമ്മാണം തുടങ്ങി വിവിധ ജോലികളിലായി 19000ത്തിലധികം പേർ തൊഴിലെടുക്കുന്ന ഇവിടെ 60000 വരെ ആളുകൾക്ക് തൊഴിൽ നൽകാൻ ശേഷിയുണ്ട്. 200 മെഗാവാട്ട് സബ് സ്റ്റേഷൻ, 60 ദശലക്ഷം ലിറ്റർ ജലം നൽകാൻ ശേഷിപ്പുള്ള പ്ലാന്റ്, സംസ്കരിച്ച മലിന ജലം ഒടുക്കിക്കളയാനുള്ള പൈപ്പ് ലൈൻ, 400 ദശലക്ഷം ലിറ്റർ മഴവെള്ളം സംഭരിക്കാൻ ശേഷിയുള്ള കുളം തുടങ്ങിയ സൗകര്യങ്ങൾ ഇവിടെയുണ്ട്. 1400 കോടി രൂപ പ്രതിവർഷ വിറ്റു വരവുള്ള പാർക്കിന് അത് 4800 കോടി രൂപയിൽ ഉയർത്താനും കഴിവുണ്ട്.

2. **പല്ലടം ഹൈടെക് വീവിംഗ് പാർക്ക്:** രാജ്യത്തെ ഇത്തരത്തിലുള്ള ആദ്യ പാർക്കാണിത്. 55.42 കോടി രൂപ പദ്ധതി ചെലവുള്ള പാർക്ക് 65 ഏക്കറിൽ വ്യാപിച്ചു കിടക്കുന്നു. പല്ലടത്തെയും സമീപത്തെയും 90 ചെറുകിട യൂണിറ്റുകളെ ചേർത്തിണക്കി സ്ഥാപിച്ചിരിക്കുന്ന പാർക്കിൽ 2500 പേർ നേരിട്ടും 3500 പേർ അല്ലാതെയും തൊഴിലെടുക്കുന്നു. മറ്റൊരു 230 കോടി രൂപയുടെ നിക്ഷേപം കൂടി നേടിയെടുത്ത പാർക്കിന് ഇപ്പോൾ 1100 കോടി രൂപയുടെ പ്രതിവർഷം വിറ്റുവരവുണ്ട്. ഇത് 2000 കോടി രൂപയായി ഉയർത്താനും കഴിയും.

## മുന്നോട്ടുള്ള മാർഗം

വിശാഖപട്ടണം ബ്രാൻഡിക്സ് ഇന്ത്യ അപ്പാരൽ സിറ്റി പോലെ ഗ്രീൻഫീൽഡ് ക്ലസ്റ്ററുകളും പല്ലടം ഹൈടെക് വീവിംഗ് പാർക്ക് പോലെ ബ്രൗൺ ഫീൽഡ് ക്ലസ്റ്ററുകളും സ്ഥാപിക്കാൻ SITPക്ക് ഇതിനും കഴിഞ്ഞിട്ടുണ്ട്. പല പാർക്കുകളിലും ചെറുകിട ഇടത്തരം യൂണിറ്റുകൾക്കാണ് പ്രാമുഖ്യം. ഇവിടുത്തെ ക്ലസ്റ്ററുകളിലെ യൂണിറ്റുകളിൽ സംരംഭകർ തന്നെ നിക്ഷേപം നടത്തിയവയാണ്. വിഭവ ശേഖരണം, വിപണനം, മാനവ വിഭവശേഷി തുടങ്ങിയവയ്ക്കായി പാർക്കിലെ യൂണിറ്റുകൾ സമീപത്തെ ടെക്സ്റ്റൈൽ വ്യവാസയത്തെയാണ് ആശ്രയിക്കുന്നത്. എന്നാൽ ബ്രാൻഡിക്സിന്റെ കാര്യത്തിൽ പാർക്കിനുള്ളിൽ തന്നെ അനുബന്ധ സൗകര്യങ്ങളും ലഭ്യമാണ്. നൈപുണ്യവികസനം, ഗതാഗത സൗകര്യം തുടങ്ങിയവയ്ക്കായി എസ്.പി.വി കനത്ത നിക്ഷേപം നടത്തിയിട്ടുണ്ട്. തുറമുഖത്തിന് സമീപമാണെന്നതിനാൽ കയറ്റുമതിക്കും സൗകര്യമാണ്.

മനുഷ്യവിഭവ ശേഷിക്ക് ഏറെ പ്രാധാന്യമുള്ള തുണി വ്യവസായത്തിന് ദശലക്ഷക്കണക്കിന് യുവാക്കൾക്കും വനിതകൾക്കും തൊഴിൽ നൽകാൻ കഴിയും എന്നത് ചെറിയ കാര്യമല്ല. നിക്ഷേപങ്ങളിൻമേലുള്ള ആദായം ആകർഷകമാണെന്ന് ഉറപ്പുവരുത്താൻ തക്കവണ്ണം അനുകൂലപരിതസ്ഥിതി സംജാതമാകണം. ആഗോള തലത്തിൽ തന്നെ മത്സരക്ഷമമായ സൗകര്യങ്ങൾ വേണം ലഭ്യമാക്കേണ്ടത്. നൂൽ നൂൽപ്പ്, നിറം നൽകൽ, സംസ്കരണം, കട്ടിംഗ്, തുന്നൽ, ലേബൽ പതിപ്പിക്കൽ, പാക്കേജിംഗ് തുടങ്ങിയവക്കെല്ലാം സൗകര്യങ്ങൾ ഉള്ള വിശാലമായ സംവിധാനങ്ങൾ ആണ് ആവശ്യം. ഒരേ സ്ഥലത്ത് തന്നെ എല്ലാ സൗകര്യങ്ങളും ലഭ്യമാക്കുകയാണ് പ്രധാനം.

ടെക്സ്റ്റൈൽ-വസ്ത്ര മേഖലക്കായി നിർമ്മാണ മേഖലകൾ വികസിപ്പിക്കുന്നത് ഈ സാഹചര്യത്തിലാണ്. സ്ഥിരമായി നിക്ഷേപങ്ങൾ ആകർഷിക്കാനായി പ്രത്യേകമായി വേർതിരിച്ച നിക്ഷേപ മേഖലകൾ സ്ഥാപിക്കുകയും അവിടെ ആഭ്യന്തര-വിദേശ വിപണികൾക്കായി നിർമ്മാണ സൗകര്യങ്ങൾ സ്ഥാപിക്കുകയുമാണ് ഇത് ലക്ഷ്യമിടുന്നത്. 1500–2500 ഏക്കർ വിസ്തൃതിയിൽ സ്ഥാപിക്കുന്ന ഇവിടെ എല്ലാ സൗകര്യങ്ങളും ലഭ്യമായിരിക്കും.

പ്രത്യേക ജില്ലയോ ബ്ലോക്കുകളോ ടെക്സ്റ്റൈൽ നിർമ്മാണ മേഖലയായി വേർതിരിച്ചു കൊണ്ട് സംസ്ഥാന ഗവൺമെന്റുകളാണ് Manufacturing Regions for Textile Apparel Sector (MRTA) വികസിപ്പിക്കുക. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം, വിമാനത്താവളം, തുറമുഖം തുടങ്ങിയ സൗകര്യങ്ങൾ കണക്കാക്കി അതത് സംസ്ഥാനങ്ങൾക്ക് തന്നെ മേഖല തിരഞ്ഞെടുക്കാം. സംസ്ഥാന നയം അനുസരിച്ച് സംസ്ഥാന ഗവൺമെന്റിന് പദ്ധതി നടത്തിപ്പിന് വേണ്ട എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തുകയും കൂടുതൽ ആനുകൂല്യങ്ങൾ പരിഗണിക്കുകയും ചെയ്യാം. ഐ.ടി.ഐ കളും മറ്റും മുഖേന ടെക്സ്റ്റൈൽ എൻജിനീയറിംഗ് കോഴ്സുകൾ തുടങ്ങിയും പിന്തുണ നൽകാവുന്നതാണ്.

കേന്ദ്ര ഗവൺമെന്റിന്റെ പിന്തുണയോടെ നിർദ്ദിഷ്ട മേഖലയെ കൂടുതൽ ശക്തിപ്പെടുത്താം. നേരിട്ടുള്ള വിദേശ നിക്ഷേപം ആകർഷിക്കാൻ അടിസ്ഥാന സൗകര്യ ലഭ്യത സഹായിക്കും. ആഭ്യന്തര നിക്ഷേപം വർദ്ധിക്കുന്നതു കൂടാതെ ഗവൺമെന്റിന്റെ മെയ്ക്ക് ഇൻ ഇന്ത്യ ഉദ്യമങ്ങളും ഇതുമൂലം വേഗത കൈവരിക്കും. ഇത്തരം നടപടികളിലൂടെ ആഗോള ടെക്സ്റ്റൈൽ വ്യവസായ രംഗത്ത് നിർണ്ണായക ശക്തിയായി വളരാൻ ഇന്ത്യക്ക് കഴിയും എന്നതിൽ തർക്കമില്ല.

*(IL & FS ക്ലസ്റ്റർ ഡവലപ്മെന്റ് ഇനിഷ്യേറ്റീവ് ലിമിറ്റഡിൽ എക്സിക്യൂട്ടീവ് ഡയറക്ടറാണ് ലേഖകൻ)*



# ചണ വ്യവസായം ഇന്ത്യയിൽ: സാധ്യതകളും വെല്ലുവിളികളും

സുബ്രതാ ഗുപ്ത

പരുത്തി കഴിഞ്ഞാൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഉത്പാദിപ്പിക്കുന്ന രണ്ടാമത്തെ പ്രകൃതദത്ത നാരുകളാണ് ചണം. സാമൂഹ്യ, സാമ്പത്തിക, പാരിസ്ഥിതിക മേഖലകളുമായി ബന്ധപ്പെടുത്തി ചണത്തിനു നിരവധി ഗുണങ്ങളുണ്ട്. ഇതു പ്രകൃതിദത്തമാണ്. മലിനീകരണം സൃഷ്ടിക്കുന്ന പ്ലാസ്റ്റിക്കിനു പകരമായി പലയിടത്തും ഉപയോഗിക്കാവുന്നതും മണ്ണിൽകിടന്നു നശിച്ചുപോകുന്നതുമാണ്.

കാർഷികമേഖലയിൽനിന്നു നോക്കുമ്പോഴും ഇതിനു ചില ഗുണങ്ങളുണ്ട്. കർഷകർക്ക് ഇത് അധികവരുമാനം നേടിക്കൊടുക്കുന്നു. ഉയർന്ന മഴയുള്ള പ്രദേശങ്ങളിലും മറ്റു കൃഷികളൊന്നും സാധിക്കാത്ത താഴ്ന്നയിടങ്ങളിൽ പോലും ഇതു കൃഷി ചെയ്യാൻ സാധിക്കും. ഏതാണ്ട് 40 ലക്ഷത്തോളം കർഷകർ ചണക്കൃഷിയിൽ ഏർപ്പെട്ടിട്ടുണ്ടെന്നാണ് കണക്കാക്കുന്നത്. ചണത്തിൽനിന്നുള്ള നൂൽ ഉത്പാദനം, മറ്റു ചണ ഉത്പന്ന നിർമാണം എന്നിവ വഴി മൂന്നര ലക്ഷം പേർക്കു കൂടി തൊഴിൽ ലഭിക്കുന്നു. ചുരുക്കത്തിൽ കിഴക്കൻ, വടക്കു കിഴക്കൻ സംസ്ഥാനങ്ങളുടെ സമ്പദ്ഘടനയിൽ ചണം പ്രധാന പങ്കു വഹിക്കുന്നു. ഇവിടുത്തെ കൃഷിയിലും വ്യവസായത്തിലും ചണത്തിനു ഒരുപോലെ പ്രാധാന്യമുണ്ട്.

ചണം ഏറ്റവും പ്രയോജനകരമായ പ്രകൃതിദത്ത നാരുകളാണെന്നു കഴിഞ്ഞ 200 വർഷമായി തെളിയിച്ചുകൊണ്ടിരിക്കുന്നു. ഈ നാരുകളുടെ ശക്തി കണക്കിലെടുത്ത് പാക്കിംഗ് വസ്തുക്കളായും കയറായും മറ്റും ഉപയോഗിച്ചുപോരുന്നു. ഇവ പരുത്തി നൂലിനേക്കാൾ പരുക്കനായതിനാൽ വസ്ത്രനിർമാണത്തിനു യോജിച്ചതല്ല. ഇവയുടെ മുഖ്യ ഉപയോഗം പാക്കിംഗ് ആവശ്യത്തിനുതന്നെയാണ്.

സിന്തറ്റിക് നൂലുകളുടെ വരവ് പാക്കിംഗ് വസ്തുവെന്ന നിലയിൽ ചണത്തിന്റെ പ്രിയം കുറച്ചു. കുറഞ്ഞ ചെലവിൽ സിന്തറ്റിക് നൂലുകൾ ഉത്പാദിപ്പിക്കുവാൻ കഴിയുന്നുവെന്നതാണ് ചണത്തിന്റെ പ്രിയം കുറയാനുള്ള മുഖ്യകാരണം. എന്നാൽ പരി

സ്ഥിതിയെക്കുറിച്ചു ആശങ്കകൾ ഉയർന്നതോടെ മറ്റു പ്രകൃതിദത്ത നൂലുകൾക്കൊപ്പം ചണനാരുകളും ശക്തമായി മടങ്ങിവരുവാനുള്ള തയാറെടുപ്പിലാണ്.

കുറഞ്ഞ ചെലവിലുള്ള പ്ലാസ്റ്റിക് പാക്കേജിംഗ് വസ്തുക്കൾ ചണംകൊണ്ടുള്ള പാക്കിംഗ് വസ്തുക്കളെ വിപണിയിൽനിന്നു പിന്തള്ളി. സിമന്റ്, വളം തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമാതാക്കൾ ചണത്തിൽനിന്നും പ്ലാസ്റ്റിക്ക് പാക്കേജിംഗ് വസ്തുക്കളിലേക്കു നീങ്ങി. ചണമില്ലുകളേയും ചണം കൃഷിക്കാരേയും നിലനിർത്തുമായിരുന്ന മറ്റു ചണം ഉത്പന്നങ്ങളുടെ അഭാവത്തിൽ മുഖ്യ ഉത്പന്നങ്ങളിലൊന്നായ ചണചാക്കുകളുടെ ആവശ്യം വർധിപ്പിക്കുന്നതിനായി നിയമം വരെ നടപ്പിലാക്കി.

## ജൂട്ട് പാക്കേജിംഗ് മെറ്റീരിയൽ ആക്ട് (JPM Act) ഗുണമോ ദോഷമോ?

ജൂട്ട് പാക്കേജിംഗ് മെറ്റീരിയൽസ് (കമ്പൽസറി യൂസ് ഇൻ പാക്കേജിംഗ് കമോഡിറ്റീസ്) ആക്ട്-1987ന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഓരോ വർഷവും ചണംകൊണ്ടുള്ള പാക്കേജിംഗ് വസ്തുക്കൾ ഉപയോഗിക്കേണ്ട ഉത്പന്നങ്ങളുടെ പട്ടിക തയാറാക്കി പ്രസിദ്ധീകരിക്കുന്നു. ഈ ഉത്പന്നങ്ങൾ പായ്ക്ക് ചെയ്യാൻ ചണംകൊണ്ടുള്ള വസ്തുക്കൾ ഉപയോഗിച്ചിരിക്കണം. ഈ നിയമം ഇന്ത്യയിലെ ചണം വ്യവസായത്തിനു കഴിഞ്ഞ മൂന്നു ദശകങ്ങളിൽ മികച്ച പിന്തുണയാണ് ഉണ്ടാക്കിക്കൊടുത്തത്.

മറ്റൊരു പ്രധാന ചണം ഉത്പാദന രാജ്യമായ ബംഗ്ലാദേശിൽ ഇത്തരത്തിലുള്ള സംരക്ഷണനിയമമൊന്നും ഈ അടുത്തുകാലം വരെയില്ലായിരുന്നു. 2010 ഒക്ടോബർ 12-ന് ബംഗ്ലാദേശ് ജൂട്ട് പാക്കേജിംഗ് മെറ്റീരിയൽ ആക്ട് പാസാക്കുകയും 2012 സെപ്റ്റംബർ മുതൽ ഈ നിയമം പ്രാബല്യത്തിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. എങ്കിലും 2014 അവസാനം വരെ ഈ നിയമം നടപ്പാക്കിയിട്ടില്ലെന്നാണ് കാണുന്നത്. ഇന്ത്യയെപ്പോലെ ബംഗ്ലാദേശ് ഗവൺമെന്റ് ഉത്പന്നങ്ങൾ പാക്കേജ് ചെയ്യുന്നതിനായി നേരിട്ടു ചണചാക്കുകളൊന്നും വാങ്ങുന്നില്ല. അവരുടെ പിന്തുണ പരോക്ഷമാണ്. ചണചാക്കുകൾ ഉപയോഗിക്കുവാൻ ഉപഭോക്താക്കളെ അവർ പ്രോത്സാഹിപ്പിക്കുന്നുവെന്നു മാത്രം. ഇന്ത്യയിൽ ധാന്യങ്ങൾ, പഞ്ചസാര തുടങ്ങിയവ പായ്ക്ക് ചെയ്യുവാൻ ചണ ചാക്കുകൾ ഉപയോഗിക്കണമെന്നാണ് നിയമം. ധാന്യങ്ങൾ നിറയ്ക്കുന്നതിന് ആവശ്യമുള്ള ചാക്കുകളിൽ നല്ലൊരു ഭാഗവും ചണമില്ലുകളിൽനിന്നു ഗവൺമെന്റ് നേരിട്ടു വാങ്ങുകയാണ്.

ഭക്ഷ്യധാന്യങ്ങൾ, പഞ്ചസാര എന്നിവയുടെ പാക്കിംഗിൽ ചണചാക്കുകൾ നിർബന്ധമാക്കിയ സാഹചര്യത്തിൽ അതിന്റെ ഡിമാണ്ട് കഴിഞ്ഞ ദശകത്തിൽ തുടർച്ചയായി വർധിച്ചുവരികയായിരുന്നു. 2006-07-ൽ ഗവൺമെന്റ് നാലു ലക്ഷം ടൺ വാങ്ങിയ സ്ഥാനത്ത് 2015-16-ൽ അത് 8.3 ലക്ഷം ടൺ ആയി ഉയർന്നു. ഒരു ദശകത്തിൽ ഏതാണ്ട് 107 ശതമാനം വർധന!

ഈ കാലയളവിൽ അസംസ്കൃത ചണത്തിന്റെ ഉത്പാദനം 18 ലക്ഷം ടണ്ണിൽനിന്നു 14.4 ലക്ഷം ടണ്ണിലേക്കു താഴ്ന്നു. എന്നാൽ അസംസ്കൃത ജ്യൂട്ടിന്റെ ഗവൺമെന്റ് ഉപഭോഗം 22.3 ശതമാനത്തിൽനിന്ന് 57.6 ശതമാനത്തിലേക്ക് ഉയർന്നു. അതേപോലെ ഗവണ്മെന്റിന്റെ വാങ്ങൽ നിരക്ക് ചണ വ്യവസായമേഖല ഉത്പാദിപ്പിക്കുന്ന എല്ലാ ഉത്പന്നങ്ങളിലും കൂടി 68.1 ശതമാനത്തിലേക്ക് ഉയർന്നിട്ടുണ്ട്. പത്തുവർഷം മുമ്പിത് 29.5 ശതമാനമായിരുന്നു.

ഈ സംരക്ഷണകാലയളവിൽ ഇന്ത്യൻ ചണ വ്യവസായം വൈവിധ്യവത്കരിക്കുകയും പുതിയ ഉത്പന്നങ്ങളും വിപണികളും സൃഷ്ടിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിച്ചിരുന്നു. മറിച്ച്, ചണ വ്യവസായം നിലനിൽപ്പിനായി ജെപിഎം ആക്ടിനെ ആശ്രയിക്കുന്നതായാണ് കാണാൻ കഴിഞ്ഞത്. മാത്രവുമല്ല, സ്വകാര്യമേഖലയിൽ ഉത്പന്നങ്ങൾ വിറ്റഴിക്കുവാനുള്ള വ്യവസായത്തിന്റെ കഴിവും നഷ്ടപ്പെടുകയാണ് ഉണ്ടായത്. ആഭ്യന്തര വിപണിയിലും കയറ്റുമതി വിപണിയിലും സ്ഥിതി വ്യത്യസ്തമല്ല.

ബംഗ്ലാദേശുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യൻ ചണവ്യവസായത്തിന്റെ കുറഞ്ഞ മത്സരക്ഷമതയുടെ കാരണം ഭാഗികമായി ഈ സംരക്ഷണമാണെന്നു പറയാം. ഇന്ത്യൻ ചണവ്യവസായത്തെ വൈവിധ്യവത്കരിക്കുവാനാവശ്യമായ സഹായ

ങ്ങളും ആനുകൂല്യങ്ങളുമൊന്നും ജെപിഎം ആക്ട് ഒട്ടും തന്നെ ലഭ്യമാക്കിയിട്ടില്ലെന്നു വ്യക്തമാണ്. പുതിയ ഉത്പന്നങ്ങളുടെ വികസനവും പുതിയ വിപണികളുടെ സൃഷ്ടിയും ഇപ്പോഴും വളരെ ചെറിയ തോതിലാണ് സംഭവിക്കുന്നത്.

ഇന്ത്യൻ ചണവ്യവസായത്തിനു സംരക്ഷണം നൽകിയിട്ടും അസംസ്കൃത ചണത്തിന്റെ ഉത്പാദനം താഴുന്ന പ്രവണതയാണ് കാണിക്കുന്നത്. എന്നാൽ ബംഗ്ലാദേശിൽ നേരെ മറിച്ചും. അതായത് അവിടെ ഉത്പാദനം മെച്ചപ്പെടുകയാണ്. എന്തിന്, കയറ്റുമതി മേഖലയിൽപോലും ബംഗ്ലാദേശ് ഇന്ത്യയേക്കാൾ മികച്ച പ്രകടനമാണ് സ്ഥിരതയോടെ കാഴ്ചവച്ചുപോരുന്നത്. ബംഗ്ലാദേശിന്റെ ശരാശരി വാർഷിക കയറ്റുമതി വരുമാനം (ഇന്ത്യൻ രൂപയിൽ) 8878.7 കോടി രൂപയാണ്. ഇന്ത്യൻ കയറ്റുമതിയാകട്ടെ 1730.8 കോടി രൂപയും.

ഇന്ത്യൻ ചണ മില്ലുകൾക്ക് വിദേശവിപണിയിൽ ശ്രദ്ധേയമായ മുന്നേറ്റം കാഴ്ച വയ്ക്കാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല, ബംഗ്ലാദേശിൽനിന്നുള്ള ചെലവു കുറഞ്ഞ ഇറക്കുമതിയിൽ, ആഭ്യന്തര വിപണിയിലെ പങ്കും കുറഞ്ഞുവരികയുമാണ്. വിപണിയിലെ മുഖ്യ എതിരാളിയായ ബംഗ്ലാദേശുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യൻ ചണവ്യവസായത്തിന്റെ മത്സരക്ഷമത കുറഞ്ഞുവരികയാണ്. ബംഗ്ലാദേശ് ഗവൺമെന്റിന്റെ ആസൂത്രിത നയങ്ങളും ആ രാജ്യത്തിന്റെ ഉത്പദനച്ചെലവിലുള്ള അനുകൂലതയും ഇന്ത്യൻ ഉത്പാദകരുടെ അലസതയുമാണ് മത്സരക്ഷമത കുറയുന്നതിനുള്ള കാരണങ്ങൾ.

ബംഗ്ലാദേശിലെ ചണമില്ലുകൾക്ക് ചെലവിൽ 20 –30 ശതമാനം വരെ കുറവുണ്ടാകാറുണ്ട്. അവിടുത്തെ ജോലിക്കാരുടെ വേതനം ഇന്ത്യയിലേതിനേക്കാൾ 30 ശതമാനത്തോളം കുറവാണ്. വൈദ്യുതി ചാർജ് 35 ശതമാനത്തോളം താഴ്ന്ന നിരക്കിലാണ്. ഇതോടൊപ്പം ചണ ഉത്പന്നങ്ങൾക്ക് 10 ശതമാനം സബ്സിഡിയും (നൂലിന് 7.5 ശതമാനം സബ്സിഡിയുണ്ട്) ചേരുമ്പോൾ ബംഗ്ലാദേശിന് ഇന്ത്യയെ എല്ലാ വിദേശ വിപണികളിൽനിന്നും പുറത്താക്കാൻ സാധിക്കും. ബംഗ്ലാദേശിൽനിന്നു ഡ്യൂട്ടിയില്ലാതെ ചണം ഉത്പന്നങ്ങളുടെ ഇറക്കുമതിയെന്നാൽ അതിനർത്ഥം ഇന്ത്യൻ വിപണിയിൽനിന്നുപോലും ഇന്ത്യൻ ചണം ഉത്പന്നങ്ങളെ പുറത്താക്കാൻ ബംഗ്ലാദേശിനു സാധിക്കുമെന്നാണ്. ചണച്ചാക്കുകളുടെ വലിയ ഉപഭോക്താക്കളായ കന്നുകാലിത്തീറ്റ, കോഴിത്തീറ്റ വ്യവസായങ്ങൾ ഇറക്കുമതിയിലേക്ക് പൂർണമായും മാറുമെന്നാണ് കരുതുന്നത്. ബംഗ്ലാദേശിൽനിന്നുള്ള ഇറക്കുമതിയെത്തുടർന്ന് ആന്ധ്രപ്രദേശിലെ രണ്ടു ചണ മില്ലുകൾ അടുത്തകാലത്താണ് പൂട്ടിയത്.

## ചണനൂലുകളുടേയും വസ്ത്രങ്ങളുടേയും മെച്ചപ്പടുത്തൽ

ഇന്ത്യൻ ചണ വ്യവസായത്തിന്റെ സ്ഥിരമായ പ്രശ്നമെന്നത് ശരാശരിയിലോ അതിനു താഴെയുള്ളതോ ആയ നൂലിന്റെ ഗുണമേന്മയാണ്. ഇന്ത്യൻ ഉത്പാദനത്തിന്റെ മൂന്നിൽ രണ്ടു ഭാഗത്തിലധികവും ഇത്തരത്തിൽ ഗുണം കുറഞ്ഞ നാരുകളാണ്. ഈ നിലവാരത്തിലുള്ള നാരുകൾ പ്രധാനമായും പരുക്കൻ നൂൽ ഉത്പാദിപ്പിക്കാനാണ് ഉപയോഗിക്കുന്നത്. പരുക്കൻ നാരുകൾ ഇന്ത്യ ഉത്പാദിപ്പിക്കുമ്പോൾ ഇവിടുത്തെ ചണമില്ലുകൾ ചാക്കുകൾ മാത്രം നിർമിക്കാൻ നിർബന്ധിതരാകുന്നു. ഈ ചാക്കുകൾക്കു വിപണി നൽകാൻ ഗവൺമെന്റിനു ബാധ്യതയുമുണ്ട്.

എന്നാൽ ഈ യുക്തി പൂർണമായും ശരിയല്ല. മികച്ച ഗുണമേന്മയുള്ള ചണം ഉത്പാദിപ്പിക്കുവാൻ കർഷകർക്കു പ്രചോദനപരമായി യാതൊന്നുമില്ല എന്നതാണ് സത്യം. പ്രത്യേകിച്ചു മികച്ചയിനം ചണത്തിനു ആവശ്യത്തിനു ഡിമാണ്ട് ഇല്ലാത്ത സാഹചര്യത്തിൽ. ശരാശരിക്കും അതിനും താഴെയും ഗുണമേന്മയുള്ള നാരുകൾക്കു വൻ ഡിമാണ്ട് നിലനിൽക്കുന്ന സാഹചര്യത്തിൽ അധിക പ്രയത്നമെടുത്ത് മികച്ചയിനം നാരുകൾ ഉത്പാദിപ്പിക്കാൻ കർഷകർ മുതിരുകയില്ല.

ചണത്തിനു പ്രിയമുണ്ടാക്കുന്നതിലെ വെല്ലുവിളി ചണനാരുകൾ സംസ്കരിച്ച് ഉയർന്ന മൂല്യമുള്ള ഉത്പന്നങ്ങൾ ഉണ്ടാക്കുകയെന്നതിലാണ്. ഇതിന് ഉതപാദിപ്പിക്കുന്ന നാരുകളുടെ മേന്മ മെച്ചപ്പെടുത്തണം. മികച്ചയിനം നൂലുകൾക്കുവേണ്ടി ഉത്പാദനക്രമം മെച്ചപ്പെടുത്തണം. ഇതിന്റെ ഫലമായി മികച്ചയിനം ചണവസ്ത്ര ഉത്പന്നങ്ങൾ നിർമിക്കാൻ

സാധിക്കും. ചണ സാമ്പത്തികശാസ്ത്രത്തിലെ ഈ മാറ്റം നാരുകൾക്കു മെച്ചപ്പെട്ട വില ലഭ്യമാക്കും.

മേന്മയുള്ള ചണനാരുകൾ ഉത്പാദിപ്പിക്കാൻ നല്ല കാർഷികരീതികൾ പിന്തുടരാൻ കർഷകരെ പ്രോത്സാഹിപ്പിക്കണം. ഇതിനായി മികച്ച വിത്തുകൾ നൽകണം. നിരയായുള്ള നടീൽ രീതി സ്വീകരിക്കണം. സമയത്തു കളകൾ പറിക്കണം. ഇപ്പോഴത്തെ കൃഷിരീതി എല്ലാ ചെടികളുടേയും ആരോഗ്യകരമായ വളർച്ചയെ സഹായിക്കുന്ന വിധത്തില്ല. സമയത്ത് വളവും കീടനാശിനികളും ലഭിക്കുകയെന്നതും വളർച്ചയിൽ വളരെ പ്രധാനപ്പെട്ടതാണ്.

ഈ പ്രശ്നങ്ങളെയെല്ലാം ഒരു പരിധിവരെ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ 2015-ൽ ആരംഭിച്ച പദ്ധതിയാണ് Jute ICARE (Jute Improved Cultivation and Advanced Retting Exercise). കൃഷിക്കാർക്ക് സബ്സിഡി നിരക്കിൽ സർട്ടിഫൈ ചെയ്ത വിത്തുകൾ നൽകുക, നിരയായി ചണം നടുന്നതിനുള്ള ഡ്രില്ലുകൾ നൽകുക, കളപറിക്കുന്ന യന്ത്രങ്ങൾ നൽകുക, വെള്ളം കുറച്ചുപയോഗിക്കുന്ന നവീന ചീയിക്കൽ സാങ്കേതികവിദ്യകൾ നൽകുക തുടങ്ങിയവ വഴി മേൽപറഞ്ഞ പ്രശ്നങ്ങൾക്കു പരിഹാരം കാണുവാൻ സാധിക്കും.

ചണം അഴുകുന്നതിനായി കണ്ടെത്തിയ മൂന്നു സാങ്കേതികവിദ്യകൾ വളരെ പ്രതീക്ഷ നൽകുന്നതാണ്. ചണച്ചെടിയുടെ തോലുരിച്ച് എടുക്കുന്ന നീണ്ട തണ്ട് വിവിധ എൻസൈമുകളുടെ മിശ്രിതമടങ്ങിയ സിന്തറ്റിക് ടാങ്കുകളിലെ വെള്ളത്തിൽ ചീയാൻ ഇടുകയാണ് ഒരു രീതി. കുറഞ്ഞ വെള്ളത്തിൽ ഒരാഴ്ചയ്ക്കുള്ളിൽ അഴുകൽ പ്രവർത്തനം പൂർത്തിയാക്കുന്നു. (സാധാരണ 18-22 ദിവസമാണ് ചീയലിനു വേണ്ടിവരുന്നത്.)

വിവിധ ബാക്ടീരിയകളുടെ കൺസോർഷ്യം ഉപയോഗിച്ചു ചണച്ചെടിയെ അഴുക്കുവാൻ സഹായിക്കുന്നതാണ് രണ്ടാമത്തെ സാങ്കേതികവിദ്യ. ഇപ്പോൾ കർഷകർ ഉപയോഗിച്ചുവരുന്ന വെള്ളമുപയോഗിച്ചാൽ 10-12 ദിവസത്തിനുള്ളിൽ ചണത്തണ്ട് ചീയിച്ചെടുക്കുവാൻ കഴിയുന്ന ഈ സാങ്കേതിക വിദ്യ ജ്യൂട്ട്- ഐകെയറിന്റെ കീഴിൽ നടപ്പാക്കിയ ട്രയൽ പദ്ധതിയാണ്.

വിവിധ മൈക്രോബുകളുടെ കൺസോർഷ്യം ഉപയോഗിച്ചു ചണച്ചെടി ചീയിക്കുന്നതിനു ഐജെഐആർഎയുടെ (IJIRA) ട്രയൽ പദ്ധതിയാണ് മൂന്നാമത്തെ സാങ്കേതികവിദ്യ. ഈ രണ്ടു സാങ്കേതികവിദ്യകളും കർഷകർക്കു സ്വീകരിക്കാൻ കഴിയുന്ന ലളിതമായ ചീയിക്കൽ രീതികളാണ്. കാരണം ഇവ രണ്ടും ഇപ്പോൾ കർഷകർ ചെയ്തുപോരുന്ന ചീയിക്കൽ രീതിയോട് ഏതാണ്ട് സമാനമാണ്. ഈ സാങ്കേതികവിദ്യകൾ ചീയൽ സമയം വെട്ടിക്കുറയ്ക്കുന്നുവെന്നു മാത്രമല്ല നാരുകളുടെ ഗ്രേഡ് 1-1.5 ഗ്രേഡ് ഉയർത്തുകയും ചെയ്യുന്നു.

മെച്ചപ്പെട്ട കൃഷിരീതികളും മെച്ചെപ്പെട്ട അഴുകൽ സാങ്കേതികവിദ്യകളും ഒരുമിച്ചുചേരുമ്പോൾ ഉത്പാദനക്ഷമതയിൽ കുറഞ്ഞതു 15 ശതമാനമെങ്കിലും വർധനയുണ്ടാക്കും. ഇത് കർഷകരുടെ വരുമാനം കുറഞ്ഞത് 25 ശതമാനം കണ്ടെങ്കിലും വർധിപ്പിക്കും.

ശരാശരിക്കും അതിനും താഴെയുമുള്ള ഗ്രേഡിൽനിന്നു മെച്ചപ്പെട്ട ഗ്രേഡിലേക്ക് ചണനാരുകൾ മാറുമ്പോൾ ഇവ സംസ്കരിച്ച് നല്ല നൂലാക്കി മാറ്റുവാൻ ഉപയോഗിക്കുന്ന യന്ത്രസാമഗ്രികളും നല്ലതോതിൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇപ്പോൾ ചണമില്ലുകളിൽ ഉപയോഗിക്കുന്ന സാങ്കേതികവിദ്യ വർഷങ്ങൾ പഴക്കമുള്ളതാണ്. ഒരു പക്ഷേ, അതിന് ബ്രിട്ടീഷ് കാലഘട്ടത്തോളം പഴക്കമുണ്ടാകും. ജൂട്ട് ടെക്നോളജി മിഷന്റെ പിന്തുണയോടെ ഈ അടുത്തകാലത്തു സ്ഥാപിച്ച പുതിയ യന്ത്രങ്ങളിലുപയോഗിക്കുന്ന സാങ്കേതിക വിദ്യപോലും 1980-കളിലേതാണ്.

രാജ്യത്തെ പരുത്തി, സിന്തറ്റിക് നൂലുകളുടെ സാമ്പത്തികത്തെ മാറ്റിമറിക്കുന്ന രീതിയിൽ ടെക്സ്റ്റൈൽ വ്യവസായത്തിൽ അടുത്തകാലത്തുണ്ടായ വികസനങ്ങൾ ചണവ്യവസായത്തിലേക്ക് ഇനിയും എത്തിച്ചേർന്നിട്ടില്ല. മറ്റ് നാരുകളുടെ ആവശ്യത്തിനായി വികസിപ്പിച്ച സാങ്കേതികവിദ്യകളുടെ അടിസ്ഥാനത്തിൽ ചണം സംസ്കരണ യന്ത്രങ്ങൾ വികസിപ്പിക്കുന്നതിനുള്ള നിരവധി പദ്ധതികൾ ആരംഭത്തിലാണ്. ആധുനിക യന്ത്രങ്ങളുടെയും മേന്മയുള്ള നാരുകളുടെയും വർധിച്ച ലഭ്യത ചണമില്ലുകൾക്കു

## ചണം ഉത്പാദനവും കയറ്റുമതിയും : ഇന്ത്യ-ബംഗ്ലാദേശ് താരതമ്യം

| വർഷം | അസംസ്കൃത ചണം ഉത്പാദനം ('000 ബെയിൽസ്) | | മൊത്തം കയറ്റുമതി (ദശലക്ഷം രൂപയിൽ) | |
|---|---|---|---|---|
| | ഇന്ത്യ | ബംഗ്ലാദേശ് | ഇന്ത്യ | ബംഗ്ലാദേശ് |
| 2008-09 | 8200 | 5172 | 12161.6 | 56045.8 |
| 2009-10 | 9000 | 5945 | 8594.6 | ലഭ്യമല്ല |
| 2010-11 | 10000 | 7803 | 18541.5 | 90946.0 |
| 2011-12 | 10250 | 7405 | 20949.6 | 81941.4 |
| 2012-13 | 9300 | 7572 | 19918.0 | 96578.7 |
| 2013-14 | 9000 | 8000 | 21219.5 | 89172.7 |
| 2014-15 | 7200 | ലഭ്യമല്ല | 18138.1 | 97295.9 |
| 2015-16 | 6500 | ലഭ്യമല്ല | 18893.9 | 109565.5 |

മികച്ച ചണനൂലുകൾ ഉത്പാദിപ്പിക്കാൻ പ്രോത്സാഹനമാകും. മികച്ച ചണം ഉപയോഗിച്ച് മറ്റ് ഉത്പന്നങ്ങൾ നിർമിക്കുന്ന കമ്പനികളുടേയും ഉപഭോക്താക്കളുടേയും ആവശ്യത്തിനനുസരിച്ച് മികച്ച ചണവസ്ത്രങ്ങൾ ഉത്പാദിപ്പിക്കാൻ ആധുനിക ഉത്പാദന സംവിധാനങ്ങൾ ഈ വ്യവസായത്തെ സഹായിക്കും. എന്നു മാത്രമല്ല, ഉത്പാദനക്ഷമത വർധിപ്പിക്കുവാനും ഇതു സഹായിക്കും.

### ഉത്പാദന രംഗത്തെ സാധ്യതകൾ

സംസ്കരിച്ച ചണ നാരുകളും മിശ്രിതവും അല്ലാത്തതുമായ ചണവസ്ത്രങ്ങളും ഉപയോഗിച്ച് ഹാൻഡ് ബാഗ്, ഷോപ്പിംഗ് ബാഗ്, ചെരുപ്പുകൾ, പൂക്കൂട, ആഭരണങ്ങൾ, ചുവർ ചിത്രങ്ങൾ തുടങ്ങി വൈവിധ്യമാർന്ന ഉത്പന്നങ്ങൾ വൻതോതിൽ നിർമിക്കുവാൻ സാധിക്കും. ഫർണീഷിംഗ് ഉത്പന്നങ്ങളാണ് മറ്റൊന്ന്. ചണംകൊണ്ടുള്ള കാർപ്പറ്റുകൾ പാശ്ചാത്യ രാജ്യങ്ങളിലും പശ്ചിമേഷ്യൻ രാജ്യങ്ങളിലും വളരെ പ്രിയമാർജ്ജിച്ചിട്ടുള്ളവയാണ്.

ചണത്തിന്റെ പാഴ്വസ്തുക്കളിൽനിന്നുള്ള ഹാൻഡ്മേഡ് പേപ്പർ, ഭക്ഷണ മേശകളിൽ ഉപയോഗിക്കുന്ന അനുബന്ധ സാധന സാമഗ്രികൾ, കുഷൻ കവർ, ടിവി കവർ, ഓഫീസ് സാധന സാമഗ്രികൾ, കലണ്ടർ തുടങ്ങിയ വളരെ വൈവിധ്യമാർന്ന ഉത്പന്നങ്ങൾ നിർമ്മിച്ച് ജനപ്രിയമാക്കിക്കൊണ്ടിരിക്കുകയാണ്. പരിസ്ഥിതി സൗഹൃദങ്ങളായ ഇത്തരം ഉത്പന്നങ്ങൾക്കു അല്പം വില കൂടുതൽ നൽകാനും ജനങ്ങൾ തയാറാകുന്നു. സിന്തറ്റിക് ഉത്പന്നങ്ങൾക്കു പകരം ചണംകൊണ്ടുള്ള ഉത്പന്നങ്ങൾ എന്നത് ക്രമേണ അംഗീകരിക്കപ്പെട്ടുവരികയാണ്.

ബാഗ്, ഗൃഹാലങ്കാര വസ്തുക്കൾ തുടങ്ങിയ വൈവിധ്യമാർന്ന ഉത്പന്നങ്ങൾ നിർമിക്കുന്ന ചെറുകിട ഉത്പാദന മേഖല ചണം കൃഷിചെയ്യുന്ന മേഖലയിൽ സ്വയംതൊഴിലിന് അവസരമൊരുക്കുന്നു. പ്രത്യേകിച്ചും സ്വയം സഹായഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുള്ള സ്ത്രീകൾക്ക്.

രാജ്യാന്തര ബ്രാൻഡുകളായ ഹാരോഡ്സ്, സാൽവേറ്റർ ഫെറാഗാമോ, മാർക്സ് ആൻഡ് സ്പെൻസർ, ഐകെഇഎ തുടങ്ങിയ കമ്പനികൾ ചണം കൊണ്ടു നിർമിച്ച ഉത്പന്നങ്ങളും ചണ തുണിത്തരങ്ങളും വിപണനം ചെയ്യുന്നുണ്ട്. പ്രശസ്ത ഷോപ്പിംഗ് ശൃംഖലകളായ വാൽമാർട്ട്, കാരിഫോർ, ബ്രിട്ടീഷ് ഹൈപ്പർമാർക്കറ്റുകളായ ടെസ്കോ, എഎസ്ഡിഎ, വെയിറ്റ്റോസ്, സെയിൻസ്ബെറി തുടങ്ങിയവ ചണം കൊണ്ടുള്ള ഷോപ്പിംഗ് ബാഗുകൾ വിൽക്കുന്നുണ്ട്.

കൂടുതൽ കൂടുതൽ ഡിസൈനുകൾ സൃഷ്ടിക്കുകയെന്നതാണ് ഇപ്പോഴത്തെ ആവശ്യം. ഉപഭോക്താക്കളുടെ മാറുന്ന അഭിരുചിക്കനുസരിച്ച് മികച്ച

ഗുണനിലവാരമുള്ളതും വൈവിധ്യമാർന്നതുമായ ഉത്പന്നങ്ങൾ പശ്ചാത്യ വിപണിയിലേക്ക് എത്തിക്കേണ്ടിയിരിക്കുന്നു. ഗ്ലോസ്റ്റർ ലൈഫ്സ്റ്റൈൽ, ആൻജസ്, ക്ലബ്ബ്, ആർബർ, ബാലിഫാബ്സ് തുടങ്ങിയ ഇന്ത്യൻ ബ്രാൻഡുകൾ ഈ വിപണിയിലേക്ക് ചില മുന്നേറ്റങ്ങൾ നടത്തിയിട്ടുണ്ട്.

കൈത്തറി ഉത്പന്നങ്ങൾ കൂടാതെ, പരുക്കൻ ചണനാരുകൾ ഉപയോഗിച്ചു ടെക്നിക്കൽ ടെക്സ്റ്റൈൽ വിഭാഗത്തിൽ നെയ്യാത്ത തുണിത്തരങ്ങൾ ഉത്പാദിപ്പിക്കാൻ സാധിക്കും. ഹോം ഇൻസുലേഷൻ, എയർ കണ്ടീഷനിംഗ്, വാഹനങ്ങളുടെ ഉൾവശത്തെ ഉപയോഗം തുടങ്ങിയ ഒട്ടേറെ ആവശ്യങ്ങൾക്ക് ഇത്തരം തുണിത്തരങ്ങൾ ഉപയോഗിക്കാം.

നിർമാണ മേഖലയിൽ മനുഷ്യനിർമിത സിന്തറ്റിക് ഭൂവസ്ത്രങ്ങൾക്കു പകരമായി ചണത്തിൽനിന്നുള്ള നവീനമായ ടെക്നിക്കൽ ടെക്സ്റ്റൈൽ പ്രയോജനപ്പെടുത്താൻ കഴിയും. മണ്ണുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾക്കു പരിഹാരം കാണുവാൻ പ്രത്യേകമായി വികസിപ്പിച്ചെടുക്കുന്ന ഇത്തരം ചണവസ്ത്രങ്ങൾ ഉപയോഗിക്കാനാവും. റോഡ് നിർമാണം, തീരസംരംക്ഷണം, കിഴക്കാംതൂക്കായി കിടക്കുന്ന ഭൂമിയുടെ മാനേജ്മെന്റ്, തുടങ്ങി റെയിൽവേ ട്രാക്കുകളുടെ നിർമാണത്തിൽ വരെ പ്രത്യേക ചണവസ്ത്രങ്ങൾ ഉപയോഗിക്കാനാകും. ചണ ഭൂവസ്ത്രങ്ങളുടെ പരിസ്ഥിതി സൗഹൃദ സ്വഭാവം കണക്കിലെടുത്ത് രാജ്യത്തൊട്ടാകെ സിവിൽ എൻജിനീയറിംഗ് ജോലികളിൽ ഇവ ഉപയോഗിക്കുവാൻ കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ട്.

രാജ്യത്തെ ഏതാണ്ട് 210-ലധികം മേഖലകളിൽ ചണഭൂവസ്ത്രങ്ങൾ ഉപയോഗിച്ചുവരുന്നു. അതും വ്യത്യസ്തമായ കാലാവസ്ഥയും മണ്ണിന്റെ സവിശേഷ സാന്നിധ്യവുമുള്ള മേഖലകളിൽ. ലക്ഷ്യം കണ്ടതിനു ശേഷം സ്വയം നശിച്ച് ഇല്ലാതാകുന്ന ചണഭൂവസ്ത്രങ്ങളുടെ സ്വഭാവം മറ്റു ഭൂവസ്ത്രങ്ങളുടെ മേൽ ഇവയ്ക്ക് മേൽക്കൈ നേടിക്കൊടുത്തിട്ടുണ്ട്.

### ജെപിഎം ആക്ട്: അനുബന്ധ വിവരങ്ങൾ

ചണത്തിന്റെ സാധ്യതകൾ അനവധിയാണ്. സാങ്കേതികവിദ്യയും ഉത്പന്നങ്ങളും ഇവിടെയുണ്ട്. ഈ ഉത്പന്നങ്ങളെ വാണിജ്യാടിസ്ഥാനത്തിൽ അവതരിപ്പിക്കുകയും ഉയർന്ന തോതിൽ വരുമാനം ഉണ്ടാക്കുകയും ചെയ്യുന്ന തരത്തിലുള്ള സംരംഭകത്വം ഇവിടെയില്ല എന്നതാണ് പ്രശ്നം.

ബംഗ്ലാദേശിന്റെ ഉദാഹരണം നോക്കുക. അവർ ചണമേഖലയെ അവരുടേതായ വിധത്തിൽ വളരുവാൻ വിട്ടിരിക്കുകയാണ്. അവരുടെ ഈ നയം അസംസ്കൃത ചണത്തിന്റെ ഉത്പാദനത്തിലും ചണ ഉത്പന്നങ്ങളുടെ കയറ്റുമതിയിലും മികച്ച വളർച്ച ഉണ്ടാക്കിയിരിക്കുകയാണ്. ഒരിക്കൽ നിശ്ചിതനിലയിൽ എത്തിച്ചേർന്നതോടെ ബംഗ്ലാദേശ് ഗവൺമെന്റ് ചണ പാക്കേജിംഗ് പലതിനും നിർബന്ധമാക്കി ഈ വ്യവസായത്തിന് വലിയ പിന്തുണ നൽകി.

എന്നാൽ ഇന്ത്യ ഇതിനു വിപരീതമായ പാതയിലൂടെയാണ് സഞ്ചരിക്കുന്നത്. ജെപിഎം (JPM) ആക്ട് വ്യവസായത്തിനു വലിയ പിന്തുണ നൽകുന്നു, ശേഷിച്ചത് മറ്റ് ഉത്പന്നങ്ങൾക്കു പോകുന്നു. ഫലം ചണവ്യവസായം അതിന്റെ നിലനിൽപ്പിനായി കൂടുതലായി ജെപിഎം ആക്ടിനെ ആശ്രയിക്കുന്നു. മാത്രവുമല്ല വിലനിയന്ത്രണം ഇവയുടെ മത്സരക്ഷമത വീണ്ടും ചോർത്തിക്കളയുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ ജെപിഎം ആക്ട് അനുസരിച്ചുള്ള സംരക്ഷണത്തെക്കുറിച്ചു പുനർവിചിന്തനത്തിനുള്ള സമയം അതിക്രമിച്ചിരിക്കുകയാണ്. ഈ മേഖലയിൽ മത്സരക്ഷമതയും വളർച്ചയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ ഉണ്ടാവണം. ചണമില്ലുകളിലെ തൊഴിലാളികൾക്കു കൂടുതൽ വരുമാനം ലഭ്യമാക്കണം. ഇന്ത്യൻ ചണവ്യവസായം ജെപിഎം ആക്ടിനപ്പുറത്തേക്ക് നോക്കുന്നില്ലെങ്കിൽ, ആഗോളതലത്തിൽ മത്സരക്ഷമത നേടാൻ ശ്രമിക്കുന്നില്ലെങ്കിൽ ഇതൊന്നും സംഭവിക്കുവാൻ പോകുന്നില്ല. ഉത്പന്നത്തിന്റെ നവീകരണത്തിനും വൈവിധ്യവത്കരണത്തിനും ആവശ്യമായ പിന്തുണ നൽകിയാൽ മാത്രമേ ചണ വ്യവസായം ഇനിയും നിലനിന്നു പോരുകയുള്ളൂ.

*(കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രാലയത്തിനു കീഴിൽ ജൂട്ട് വിഭാഗം കമ്മീഷണറാണ് ലേഖകൻ)*



# ആഗോള വസ്ത്രവിപണിയും ഇന്ത്യൻ സാഹചര്യവും

ആർ.കെ. ഡാൽമിയ

ആഗോള സമ്പദ്ഘടന വളരുകയാണെങ്കിലും വളർച്ചയ്ക്കു വേഗം കുറവാണ്. ദിവസം ചെല്ലുന്തോറും വളർച്ചയുടെ വേഗം കുറഞ്ഞു വരികയുമാണ്. 2015-ൽ ആഗോള ജിഡിപി വളർച്ചയായ 2.4 ശതമാനത്തിന് അനുരൂപമായി 2.7 ശതമാനം വളർച്ച മാത്രമാണ് വ്യാപാരരംഗത്തുണ്ടായത്. ചൈനീസ് സമ്പദ്ഘടനയുടെ തളർച്ച, നല്ലൊരു പങ്ക് വികസ്വരരാജ്യങ്ങളിലേയും സാമ്പത്തിക മാന്ദ്യം, ക്രൂഡോയിലിന്റേയും അനുബന്ധ ഉത്പന്നങ്ങളുടേയും വിലയിടിവ്, കറൻസിയിലെ വന്യമായ വ്യതിയാനം തുടങ്ങി വിവിധ കാരണങ്ങളാണ് വ്യാപാര വളർച്ച ദുർബലാമാകാൻ കാരണമെന്ന് 2016 ജൂലൈയിലെ ലോക വ്യാപാര സംഘടനയുടെ (WTO) റിപ്പോർട്ട് പറയുന്നു.

ഇപ്പോഴത്തെ സാഹചര്യത്തിൽ ലോക വ്യാപാരമേഖലയിൽ ഉയർന്നുവരുന്ന ചില സാമ്പത്തിക മാതൃകകളെപ്പറ്റി പരാമർശിക്കുന്നത് ഗുണകരമാകും. ആദ്യമായി, ഡോളർ മൂല്യത്തിലുള്ള വ്യാപാരത്തിൽ വളർച്ച കുറഞ്ഞു വരികയാണെങ്കിലും മൊത്തം വ്യാപാരം തുടർന്നും സ്ഥിരതയോടെ നിൽക്കുന്നുവെന്നതാണ് ശ്രദ്ധേയം. ചിലപ്പോൾ നേരിയ ഉയർച്ചയും കാണിക്കുന്നുണ്ട്. രണ്ടാമത്, വ്യാപാരത്തിന്റെ സങ്കലനമാണ്. ഉത്പന്നങ്ങളുടെ വ്യാപാരം കുറയുകയും മൂല്യവർധന വരുത്തിയ ചരക്കുകളുടെ വ്യാപാരം വർധിക്കുകയും ചെയ്യുന്നു. മൂന്നാമത്, ഏഷ്യൻ ഫാക്ടറികളിൽനിന്നുള്ള സപ്ലൈ കുറഞ്ഞതിനൊപ്പം ഏഷ്യയിൽനിന്നുള്ള ഡിമാണ്ട് ( 2011-13 കാലയളവിൽ വളർച്ച ത്വരിതപ്പെടുത്തിയത് ഇതാണ്) യൂറോപ്പിലേക്ക് മാറുകയും ചെയ്തതാണ് ദുർബലമാണെങ്കിലും ഈ വ്യാപാര വളർച്ചയ്ക്കു വഴിതെളിച്ചത്.

2015-ൽ ആഗോള വ്യാപാര രംഗത്ത് വളർച്ചയുണ്ടായെങ്കിലും ഡോളർ വരുമാനത്തിൽ വ്യാപാരത്തിന്റെ മൂല്യം 13 ശതമാനം കുറഞ്ഞ് 16 ലക്ഷം കോടി ഡോളറിലേക്ക് താഴ്ന്നത് ആഗോള സാമ്പത്തിക വളർച്ചയെ ദുർബലപ്പെടുത്തി. രാജ്യാന്തരവിപണിയിൽ മിക്ക മേഖലകളിലും വളർച്ചാമുരടിപ്പാണ് അനുഭവപ്പെട്ടത്. ഇതിനിടയിലും ഇന്ത്യൻ ടെക്സ്റ്റൈൽ മേഖല 2015-16-ൽ ഒരു ശതമാനം വളർച്ച നേടി. ആഗോള ടെക്സ്റ്റൈൽ മേഖലയിലെ അഞ്ചു ശതമാനം വ്യാപാര ഇടിവുമായി നോക്കുമ്പോൾ ഇന്ത്യൻ പ്രകടനം വേറിട്ടു നിൽക്കുന്നുവെന്നു പറയാം.

## ടെക്സ്റ്റൈൽ വ്യാപാരം: ഇന്ത്യയും ലോകവും

ടെക്സ്റ്റൈൽ- വസ്ത്ര വ്യവസായം ഇന്ത്യൻ സമ്പദ്ഘടനയുടെ നട്ടെല്ലാണ്. ദേശീയ ജിഡിപിയുടെ നാലു ശതമാനത്തോളം സംഭാവന ഈ മേഖലയിൽനിന്നാണ്. രാജ്യത്തെ തൊഴിൽ സൃഷ്ടിയിൽ 21 ശതമാനവും വ്യാവസായികോത്പാദനത്തിന്റെ 14 ശതമാനവും ഈ മേഖലയുടെ സംഭാവനയാണ്. ഉത്പാദനത്തിന്റെ മൂന്നിലൊന്നും കയറ്റി അയയ്ക്കുകയാണ്. വിദേശനാണ്യ വരുമാനത്തിന്റെ 12 ശത

മാനം ഈ മേഖലയാണ് നേടുന്നത്. കഴിഞ്ഞ 15 വർഷക്കാലത്ത് മൂന്നു ലക്ഷം കോടി രൂപയുടെ നിക്ഷേപമാണ് ഈ മേഖല ആകർഷിച്ചത്. മാത്രവുമല്ല, പത്തു ദശലക്ഷം തൊഴിലും സൃഷ്ടിച്ചു. ഈ വ്യവസായത്തിന്റെ 65 ശതമാനത്തോളം പരുത്തി അടിസ്ഥാനമാക്കിയുള്ളതാണ്.

ടെക്സ്റ്റൈൽ, ക്ലോത്തിംഗ് എന്നിവയിലെ ആഗോള വ്യാപാരം 2015-ൽ ഏതാണ്ട് 74500 കോടി ഡോളറായിരുന്നുവെന്നാണ് അനുമാനിക്കുന്നത്. വരും വർഷങ്ങളിൽ പ്രതിവർഷം ആറു ശതമാനം വളർച്ചയും പ്രതീക്ഷിക്കുന്നു. 2020- ഓടെ ആഗോള ടെക്സ്റ്റൈൽ വ്യാപാരം 1,12,000 കോടി ഡോളറാകുമെന്നും പ്രതീക്ഷിക്കുന്നു. ഇതിൽ നല്ലൊരു പങ്കും വസ്ത്രങ്ങളുടെ സംഭാവനയായിരിക്കും. മെയ്ഡ് അപ്സ്, തുണിത്തരങ്ങൾ, നൂൽ തുടങ്ങിയവയാണ് തൊട്ടുപിന്നിലുള്ളവ. ടെക്സ്റ്റൈൽ, വസ്ത്ര മേഖല ലോകമൊട്ടാകെ 17 കോടിയിലധികം ജനങ്ങൾക്കു തൊഴിൽ നൽകുന്നുവെന്നാണ് കണക്ക്. ഇതിൽ നല്ലൊരു പങ്കും ഏഷ്യൻ രാജ്യങ്ങളിലാണ്.

2011-15 കാലയളവിൽ ടെക്സ്റ്റൈൽ, ക്ലോത്തിംഗ് മേഖലയുടെ വ്യാപാര മൂല്യത്തിൽ പ്രതിവർഷം 0.54 ശതമാനം വാർഷിക വളർച്ചയാണ് നേടിയിത്. 2008 -09-ലെ ആഗോളസാമ്പത്തിക മാന്ദ്യത്തിനുശേഷം ആഗോള വ്യാപാരത്തിന്റെ തിരിച്ചുവരവിനു ഏറ്റവും കൂടുതൽ സംഭാവന നൽകിയിട്ടുള്ളത് ഏഷ്യയാണ്. എങ്കിലും ആഗോള ഇറക്കുമതി ഡിമാണ്ടിൽ ഏഷ്യയുടെ പങ്ക് 2015-ൽ മിതമായിരുന്നു. ചൈനയുടേയും മറ്റ് ഏഷ്യൻ സമ്പദ്ഘടനകളുടേയും വളർച്ചാ മുരടിപ്പായിരുന്നു കാരണം.

ആഗോള വിപണിയിൽ മുൻനിരയിലുള്ള 10 ടെക്സറ്റൈൽ, ക്ലോത്തിംഗ് സപ്ലയർമാർ ലോക വിപണിയിലേക്ക് 2015 ജനുവരി- ഡിസംബർ കാലയളവിൽ കയറ്റി അയച്ചത് 52538 കോടി ഡോളറിന്റെ ചരക്കുകളാണ്. അതായത് ആഗോള വ്യാപാരത്തിന്റെ 70.53 ശതമാനം. 2015-ൽ ഇന്ത്യ 3722 കോടി ഡോളറിന്റെ ടെക്സ്റ്റൈൽ, ക്ലോത്തിംഗ് ഉത്പന്നങ്ങൾ കയറ്റി അയച്ചു. ഈ വിഭാഗത്തിൽ ഇന്ത്യയുടെ ഓഹരി 2015-ൽ അഞ്ചു ശതമാനമാണെന്ന് അനുമാനിക്കുന്നു. 2015 -ലെ കണക്കു പ്രകാരം ഏറ്റവും കൂടുതൽ ടെക്സ്റ്റൈൽ ഇറക്കുമതി ചെയ്തത് അമേരിക്ക ആണ്. അവർ 2901 കോടി ഡോളറിന്റെ ടെക്സ്റ്റൈൽസ് ഇറക്കുമതി ചെയ്തു.

ചൈനയ്ക്കു പിന്നിൽ ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ടെക്സ്റ്റൈൽ കയറ്റുമതിക്കാരാണ്. 2015 ജനുവരി - ഡിസംബർ കാലയളവിൽ ഇന്ത്യ 2005 കോടി ഡോളറിന്റെ ടെക്സ്റ്റൈൽ കയറ്റി അയച്ചു. ഈ ഇനത്തിൽ ആഗോള വ്യാപാരത്തിൽ ഇന്ത്യയുടെ ഓഹരി വിഹിതം 6.28 ശതമാനമാണ്. യൂറോപ്യൻ യൂണിയനിലേക്കുള്ള ഏറ്റവും വലിയ മൂന്നാമത്തെ ടെക്സ്റ്റൈൽ കയറ്റുമതിക്കാരാണ് ഇന്ത്യ. 2015-ൽ 288 കോടി ഡോളറിന്റെ കയറ്റുമതിയാണ് യൂറോപ്പിലേക്ക് ഇന്ത്യ നടത്തിയത്.

പല രാജ്യങ്ങളുടേയും ടെക്സ്റ്റൈൽ ഇറക്കുമതി 2015-ൽ ചുരുങ്ങുകയാണ് ചെയ്തത്. വിയറ്റ്നാം 1916 കോടി ഡോളറിന്റെ ടെക്സ്റ്റൈൽസ് ഇറക്കുമതി ചെയ്തു. മുൻവർഷത്തേക്കാൾ 5.47 ശതമാനം കൂടുതൽ. തൊട്ടുപിന്നിലുള്ള ബംഗ്ലാദേശ് 894 കോടി ഡോളറിന്റെ ഇറക്കുമതിയാണ് നടത്തിയത്.

ഈ കാലയളവിൽ ഇന്ത്യ 1864 കോടി ഡോളറിന്റെ ടെക്സ്റ്റൈൽ ഉത്പന്നങ്ങളും 1113 കോടി ഡോളറിന്റെ പരുത്തിയുത്പന്നങ്ങളും കയറ്റി അയച്ചു. പരുത്തി ഉത്പന്നങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നത് കോട്ടൺ മെയ്ഡ് അപ്പുകളാണ്. 46.09 ശതമാനം വിഹിതമാണ് ഇതിനുള്ളത്. പരുത്തിനൂൽ (34.05 ശതമാനം), പരുത്തി വസ്ത്രങ്ങൾ (19.86 ശതമാനം) തുടങ്ങിയവയാണ് തൊട്ടുപിന്നിൽ.

ഇന്ത്യൻ പരുത്തിത്തുണി വ്യവസായം കുറേ വർഷങ്ങളായി ആരോഗ്യകരമായ വളർച്ചാനിരക്ക് നിലനിർത്തിപ്പോരുന്നുണ്ട്. വ്യാവസായികോത്പാദനത്തിൽ 14 ശതമാനം വിഹിതമുള്ള പരുത്തിവ്യവസായത്തിന് ഇന്ത്യയുടെ ജിഡിപിയിൽ നാലു ശതമാനവും കയറ്റുമതി വരുമാനത്തിൽ 13 ശതമാനവും വിഹിതമുണ്ട്. ഈ മേഖല നേരിട്ട് 45 ദശലക്ഷം പേർക്കും പരോക്ഷമായി 60 ദശലക്ഷം പേർക്കും തൊഴിൽ നൽകുന്നു.

ആഗോള മാന്ദ്യം, പരുത്തിയുൾപ്പെടെ അസംസ്കൃതവസ്തുക്കളുടെ വിലയിൽ വന്ന വ്യതിയാനം,

ഉയർന്ന വൈദ്യുതി-ഇന്ധനച്ചെലവ്, ചരക്കു കടത്തുന്നതിനും കൈകാര്യം ചെയ്യുന്നതിനുള്ള ഉയർന്ന ചെലവ് തുടങ്ങി നിരവധി വെല്ലുവിളികളാണ് 2015 -16 വർഷത്തിൽ ടെക്സ്റ്റൈൽ വ്യവസായത്തിന് നേരിടേണ്ടി വന്നത്.

ബംഗ്ലാദേശ്, വിയറ്റ്നാം, കംബോഡിയ തുടങ്ങിയ രാജ്യങ്ങൾ "ഗാർമന്റിംഗ് ഹബ്ബായി" ഈ കാലയളവിൽ മാറുകയും ചെയ്തു. യൂറോപ്യൻ യൂണിയൻ, കാനഡ, ഓസ്ട്രേലിയ പോലുള്ള രാജ്യങ്ങൾ ഈ രാജ്യങ്ങൾക്കു മുൻഗണന നൽകിയത് അവരുടെ സ്ഥിരമായ വളർച്ചയ്ക്കു കാരണമായി. ഇവയ്ക്കു നൽകിയ താരിഫ് മുൻഗണന ഇന്ത്യയുടെ നിരവധി ടെക്സ്റ്റൈൽ, പരുത്തി ഇനങ്ങളുടെ വിപണി വിഹിതം നഷ്ടപ്പെടുത്തി.

## ഇന്ത്യൻ ടെക്സ്റ്റൈൽ വ്യവസായം: ചില അറിയപ്പെടാത്ത വസ്തുതകൾ

ഇന്ത്യൻ ടെക്സ്റ്റൈൽ വ്യവസായത്തിന്റെ പ്രത്യേകതകളിലൊന്നാണ് ഏറ്റവും കുറഞ്ഞ ഓവർഹെഡ് ചെലവുകൾ. മറ്റേതൊരു വ്യവസായത്തിലേയും ഇതേ വലുപ്പമുള്ള കമ്പനികളുടെ ഓവർഹെഡ്ഡിനെ അപേക്ഷിച്ച് വളരെ ചെറിയ ഓവർഹെഡാണ് ഇവയ്ക്കുള്ളത്. കഴിഞ്ഞ അഞ്ചു ദശകങ്ങളിലെ ഉത്പാദനത്തിന്റെയും ചെലവിന്റെയും ബഞ്ച്മാർക്കിംഗ് ഡേറ്റ ടെക്സ്റ്റൈൽ വ്യവസായത്തെ തുടർന്നും മത്സരക്ഷമമായി നിലനിൽക്കുവാൻ സഹായിക്കും. മിക്ക മില്ലുകളും 'ലീൻ മാനുഫാക്ചറിംഗ്' നടപ്പാക്കി മുന്നോട്ടു പോകുകയാണ്. നമ്മുടെ സ്പിന്നിംഗ് ആൻഡ് വീവിംഗ് വിഭാഗത്തിലെ മെഷീൻ സ്പീഡ്, ചൈനയുമായി താരതമ്യം ചെയ്യുമ്പോൾ 30 ശതമാനത്തിലധികം കൂടുതലാണ്. മറ്റു ടെക്സ്റ്റൈൽ ഉത്പാദക രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യയുടെ സ്പിന്നിംഗ്, വീവിംഗ്, പ്രോസസിംഗ് ചെലവുകൾ വളരെ മത്സരക്ഷമമായ നിലയിലേക്കു മെച്ചപ്പെട്ടിട്ടുണ്ട്. അതു നിലനിർത്തേണ്ടതുണ്ട്.

## ടെക്സ്റ്റൈൽ മേഖലയിലെ തൊഴിലവസരങ്ങൾ

രാജ്യത്തെ അയ്യായിരത്തിലധികം ടെക്സ്റ്റൈൽ കമ്പനികളുടെ കയറ്റുമതി വരുമാനം 50 കോടി രൂപയിൽ കൂടുതലാണ്. ഏറ്റവും കുറഞ്ഞ ചെലവിൽ ജോലി സൃഷ്ടിക്കുന്ന ഈ മേഖല ഏറ്റവും കൂടുതൽ സ്ത്രീകൾ ജോലി ചെയ്യുന്നതു കൂടിയാണിത്. മറ്റു ഉത്പന്നങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കയറ്റുമതിയിൽനിന്നു ലഭിക്കുന്ന ഓരോ രൂപയ്ക്കും ഏറ്റവും കൂടുതൽ തൊഴിൽ സൃഷ്ടിക്കുന്നതും ടെക്സ്റ്റൈൽ ഉത്പന്നങ്ങളാണ്. മാത്രവുമല്ല, ഏറ്റവും കൂടുതൽ അറ്റ വിദേശനാണ്യം (Net Foreign Exchange Earnings) നേടുന്നതും ഈ മേഖലയാണ്.

ടെക്സ്റ്റൈൽ മേഖല രാജ്യത്തു തൊഴിൽ സൃഷ്ടിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നുണ്ട്. ഒരോ 100 കോടി ഡോളറിനുള്ള ഉത്പാദനവും 25,000 പ്രത്യക്ഷ തൊഴിൽ സൃഷ്ടിക്കുന്നു. വിദേശനാണ്യം വഴിയുള്ള വരുമാനത്തിനു പുറമേയാണത്. തൊഴിൽ സൃഷ്ടിയിലുള്ള സംഭാവന കണക്കിലെടുക്കുമ്പോൾ ടെക്സ്റ്റൈൽസ്-അപ്പാരൽസ് വ്യവസായത്തിനു ഗവൺമെന്റിന്റെ 'മേക്ക് ഇൻ ഇന്ത്യ' പ്രചാരണ പരിപാടിയിൽ പ്രധാന പങ്കു വഹിക്കാനുണ്ടെന്ന് കേന്ദ്ര സ്കിൽ ഡെവലപ്മെന്റ് ആൻഡ് എന്റർപ്രണർഷിപ് മന്ത്രാലയത്തിന്റെ റിപ്പോർട്ടു ചൂണ്ടിക്കാട്ടുന്നു. 2022-ഓടെ ടെക്സ്റ്റൈൽസ് മേഖലയിലെ ആകെ തൊഴിൽ ലഭ്യത 2008-ലെ 33-35 ദശലക്ഷത്തിൽനിന്ന് 60-62 ദശലക്ഷമായി ഉയരുമെന്നും മന്ത്രാലയത്തിന്റെ റിപ്പോർട്ടു പറയുന്നു.

## ശക്തിയും അവസരങ്ങളും- ഒരു വിശകലനം

മറ്റു വിപണികളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യൻ ടെക്സ്റ്റൈൽ വ്യവസായത്തിന് നിരവധി ശക്തിഘടകങ്ങളുണ്ട്. അസംസ്കൃതവസ്തുക്കളുടെ കാര്യത്തിൽ, പ്രത്യേകിച്ച് പ്രകൃതിദത്ത നൂലുകളുടെ കാര്യത്തിൽ ഇന്ത്യ സ്വയം പര്യാപ്തമാണ്. ഇപ്പോൾ ലോകത്തിലെ ഏറ്റവും പ്രമുഖ പരുത്തിനൂൽ ഉത്പാദകരാണ് ഇന്ത്യ. കുറഞ്ഞ ചെലവിൽ മികച്ച മനുഷ്യശേഷി ലഭിക്കുന്നുവെന്നതും ഈ വ്യവസായത്തിന്റെ വളർച്ചയ്ക്കു വലിയ തോതിൽ സംഭാവന ചെയ്യുന്നുണ്ട്. ശക്തമായ സംരംഭക പ്രാവീണ്യമാണ് ഇന്ത്യൻ ടെക്സ്റ്റൈൽ വ്യവസായത്തിന്റെ നട്ടെല്ല് എന്നു പറയാം.

പരുത്തിനൂലിന്റെ ആഗോള വ്യാപാരത്തിൽ 29

ശതമാനത്തോളം ഇന്ത്യയുടെ പങ്കാണ്. പല വലുപ്പത്തിലുള്ള നിരവധി ഉത്പാദകയൂണിറ്റുകൾ ഉള്ളതിനാൽ ഇടപാടുകാരുടെ ചെറിയ ഓർഡർപോലും നിറവേറ്റുവാൻ ഇന്ത്യൻ ടെക്സ്റ്റൈൽ വ്യവസായത്തിനു കഴിയുന്നു.

ട്രാൻസ് പസിഫിക് പാർട്ണർഷിപ് (TTP), ട്രാൻസ് അറ്റ്ലാന്റിക് ട്രേഡ് ആൻഡ് ഇൻവെസ്റ്റ്മെന്റ് പാർട്ണർഷിപ് (TTIP), നോർത്ത് അമേരിക്ക ഫ്രീ ട്രേഡ് എഗ്രിമെന്റ് (NAFTA), സെൻട്രൽ അമേരിക്ക ഫ്രീ ട്രേഡ് എഗ്രിമെന്റ് (CAFTA) തുടങ്ങിയ വ്യാപാര ബ്ലോക്കുകളുടെ രൂപീകരണം ആഗോള വ്യാപാരത്തിൽ വലിയ മാറ്റങ്ങളാണ് കൊണ്ടുവന്നത്. ഇത് ഇന്ത്യൻ കയറ്റുമതിയിൽ വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാനിടയുണ്ട്. കൂടാതെ ധനകാര്യ പ്രശ്നങ്ങൾക്കു പുറത്തുള്ള പരിസ്ഥിതി, രാജ്യാന്തര തൊഴിൽ നിയമം തുടങ്ങിയവ സംബന്ധിച്ച പ്രശ്നങ്ങളിലെ കർശന നിബന്ധനകളുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ലെങ്കിൽ അത് ഇന്ത്യൻ ടെക്സ്റ്റൈൽ വ്യവസായത്തെ പ്രതികൂലമായി ബാധിക്കാനുള്ള സാധ്യതയും ഏറെയാണ്.

വെല്ലുവിളികൾ ഏറെയുണ്ടെങ്കിലും ഇന്ത്യൻ ടെക്സ്റ്റൈൽ വ്യവസായത്തിനു വളരുവാൻ വളരെയേറെ അവസരങ്ങളും ലഭ്യമാണ്. ഉയർന്ന മൂല്യമുള്ള പ്രീമിയം ഇനങ്ങൾ നിർമിക്കുക, നവീനവും സാങ്കേതികമായി മുൻനിരയിലുള്ളതുമായ ടെക്നിക്കൽ ടെക്സ്റ്റൈൽസ് വ്യാപകമാക്കുക തുടങ്ങിയവ അവയിൽ ചിലതാണ്. കരകൗശലം, കൈത്തറി തുടങ്ങി ആഗോള താൽപര്യമുള്ള മേഖലകളിൽ റീട്ടെയിൽ ഔട്ട്ലെറ്റുകൾ വർധിപ്പിക്കുന്നതും മികച്ച വ്യാപാര സാധ്യത തുറക്കും.

## ഉപസംഹാരം

രാജ്യത്തെ 20 ദശലക്ഷത്തിലധികം വരുന്ന കർഷകർ ഉത്പാദിപ്പിക്കുന്ന പരുത്തി അടിസ്ഥാനമാക്കിയുള്ള ടെക്സ്റ്റൈൽ-ക്ലോത്തിംഗ് വ്യവസായം 35 ദശലക്ഷം പേർക്കാണ് നേരിട്ടു തൊഴിൽ നൽകുന്നത്. ടെക്സ്റ്റൈൽ മേഖലയിലെ ഈ 20 ദശലക്ഷത്തിലധികം വരുന്ന തൊഴിലാളികളെ ശാക്തീകരിക്കേണ്ടത് ഏറ്റവും ആവശ്യമാണ്. 2023-ഓടെ രാജ്യത്തെ ടെക്സ്റ്റൈൽ വ്യപാരത്തിന്റെ വിപണി മൂല്യം ഇപ്പോഴത്തെ 10800 കോടി ഡോളറിൽനിന്നു 30000 കോടി ഡോളറായി വളർത്തുന്നതിനുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കാഴ്ചപ്പാട് സഫലീകരിക്കുവാൻ പരുത്തി ഉത്പാദനം ഇനിയും വർധിക്കേണ്ടിയിരിക്കുന്നു.

ഈ ലക്ഷ്യം നേടുന്നതിനായി സ്വീകരിക്കാവുന്ന ചില നിർദ്ദേശങ്ങൾ ചവുടെ:

1. ഗവേഷണം, രൂപകൽപ്പന, വിപണന ശേഷിയുടെ വികസനം തുടങ്ങിയവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുക.
2. ആഗോളതലത്തിലും രാജ്യത്തിനകത്തുമായി പ്രത്യേകം ഇന്ത്യൻ ടെക്സ്റ്റൈൽ, ഗാർമന്റ് ബ്രാൻഡുകൾ സൃഷ്ടിച്ചെടുക്കുക.
3. ഉയർന്ന താരിഫ് നിരക്ക് ക്രമേണ കുറച്ച്, കയറ്റുമതിക്കുള്ള വാതിൽ തുറന്നു നൽകി, അടുത്ത 3-5 വർഷക്കാലത്ത് ഈ മേഖലയിൽ കുറഞ്ഞത് 10 ദശലക്ഷം തൊഴിൽ അധികമായി സൃഷ്ടിക്കുക.
4. യൂറോപ്യൻ യൂണിയൻ രാജ്യങ്ങൾ, കാനഡ, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളുമായി ഇന്ത്യൻ എഫ്ടിഎ (FTA) യ്ക്കുള്ള ചർച്ചകൾക്കു വേഗം കൂട്ടുക.
5. യൂറോപ്യൻ യൂണിയൻ രാജ്യങ്ങൾ, അമേരിക്ക തുടങ്ങിയവയിലേക്കുള്ള കയറ്റുമതി വർധിപ്പിക്കണമെങ്കിൽ ഇന്ത്യ ഉത്പന്നങ്ങളുടെ വൈവിധ്യം വർധിപ്പിച്ചേ മതിയാകൂ. പ്രത്യേകിച്ചും ക്ലോത്തിംഗിൽ. അതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.
6. ഈ മേഖല നേരിട്ടുള്ള വിദേശനിക്ഷേപവും മറ്റു നിക്ഷേപങ്ങളും പ്രോത്സാഹിപ്പിക്കുക.
7. ഉത്പാദനത്തിന്റെ എല്ലാ തലത്തിലും രാജ്യാന്തര ഗുണനിലവാരം ഉറപ്പുവരുത്തുക.
8. പരിശീലനം, നൈപുണ്യവികസനം, മാനേജ്മെന്റ് ശേഷി വികസനം തുടങ്ങിയവയിലൂടെ ഈ മേഖലയിലെ ഉത്പാദനക്ഷമത ഉയർത്തണം.

*(കോട്ടൺ ടെക്സ്റ്റൈൽസ് എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ ചെയർമാനാണ് ലേഖകൻ)*



# ഖാദി: ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ പ്രതീകം

എ. അണ്ണാമലൈ

ഭൂമിയിലെ എല്ലാ ജീവികളോടുമുള്ള സമഭാവനാ മനോഭാവമാണ് ഖാദിയുടെ ആത്മാവ്. നമ്മുടെ സഹജീവികൾക്ക് ഉപദ്രവമായേക്കാവുന്ന എല്ലാം ത്യജിക്കലാണ് അത്. ഈ ചൈതന്യം നമ്മുടെ രാജ്യത്തെ ദശലക്ഷക്കണക്കിന് പൗരന്മാരിൽ സൃഷ്ടിക്കാൻ സാധിച്ചാൽ ഇന്ത്യ എത്ര മഹത്തരമായ രാഷ്ട്രമാകും എന്ന് മഹാത്മാഗാന്ധി സ്വപ്നം കണ്ടിരുന്നു. എല്ലാവരും ഖാദിയുടെ മഹത്വമറിയുകയും ഒരുമയുടെ ചൈതന്യം എല്ലാവരിലും നിറയുകയും വേണം എന്നാണ് ഗാന്ധിജി ആഗ്രഹിച്ചിരുന്നത്. ഖാദി എന്നാൽ ശരീരം മറയ്ക്കാനുള്ള ഒരു കഷണം തുണിയല്ല; മറിച്ച് നാം സ്വാംശീകരിക്കേണ്ടതും പിന്തുടരേണ്ടതുമായ ദർശനമാണ്.

1917-ൽ ചമ്പാരൻ സത്യഗ്രഹ കാലത്താണ് ഗാന്ധിജി ബീഹാറിലെ കർഷകരുടെ കഷ്ടസ്ഥിതിയിൽ ഇടപെടുന്നത്. ഭിൽവാര ഗ്രാമത്തിലെ ഒരു സ്ത്രീയുമായി അദ്ദേഹം സംസാരിക്കുകയുണ്ടായി. അപ്പോഴാണ് ഒരു യാഥാർത്ഥ്യം ഗാന്ധിജി മനസിലാക്കിയത്, ആ സ്ത്രീ അവൾ ഉടുത്തിരുന്ന സാരി മാറിയിട്ട് ദിവസങ്ങളായി എന്ന്. പകരം ഉടുക്കാൻ മറ്റൊന്ന് അവൾക്കില്ലായിരുന്നു. വസ്ത്രങ്ങൾക്ക് നീലനിറം നല്കുന്ന ചെടിയായിരുന്നു ചമ്പാരൺ സത്യാഗ്രഹത്തിലെ കേന്ദ്ര വിഷയം. ആ വസ്ത്രം തന്നെ കൃഷിക്കാർക്ക് വിലപിടിച്ച വസ്തുവായിരുന്നു.

ഒരു കാലത്ത് ഏറ്റവും കൂടുതൽ പരുത്തി കൃഷി ചെയ്തിരുന്ന രാജ്യമായിരുന്നു ഇന്ത്യ. എന്നാൽ അതേ ഉത്പ്പന്നമായ പഞ്ഞി നമ്മുടെ കൃഷിക്കാരിൽ നിന്ന് എടുത്തുമാറ്റപ്പെട്ടു. നാം ഉത്പാദിപ്പിക്കുന്ന പഞ്ഞി അസംസ്കൃത വസ്തുവായി ഇഗ്ലണ്ടിലേയ്ക്ക് കൊണ്ടുപോവുകയും അവിടെ മാഞ്ചസ്റ്ററിലും ലങ്കാഷെയറിലുമുള്ള മില്ലുകളിൽ നിന്ന് അവ തുണിത്തരങ്ങളാക്കി ഇന്ത്യയിലേയ്ക്ക് തിരികെ അയക്കുകയും ചെയ്തിരുന്നു.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ വിപണി ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ നിയന്ത്രണത്തിലായതിനു ശേഷമാണ് കാര്യങ്ങൾ കീഴ്മേൽ മറിഞ്ഞത്. സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഇംഗ്ലീഷ് ഭരണാധികാരികൾ ഇന്ത്യയിലെ ഗ്രാമീണ ജനങ്ങളുടെ തനതായ വസ്ത്ര സംസ്കാരത്തെ നശിപ്പിച്ചു കളയുകയായിരുന്നു.

## ഭൂതകാലത്തെ മഹത്തായ വസ്ത്ര വിജ്ഞാനം

നീലം മുക്കിയ ഇന്ത്യൻ നിർമ്മിതമായ ഇകത് എന്ന പരുത്തി വസ്ത്രം ഈജിപ്തിലെ ഫറവോന്റെ കല്ലറയിൽ നിന്നു കണ്ടെത്തിയിട്ടുണ്ട്. റോസ് നിറത്തിലുള്ള ഇതേ വസ്ത്രങ്ങളും തക്ലികളും മോഹൻജൊദാരോ മേഖലയിൽ നിന്ന് ചരിത്ര ഗവേഷകർ കുഴിച്ചെടുക്കുകയുമുണ്ടായി. ഗ്രീസിൽ നിന്നും റോമിൽ നിന്നുമുള്ള വ്യാപാരികളുടെ കുറിപ്പുകളിൽ ഇന്ത്യയിൽ നിർമ്മിച്ചിരുന്ന നേർമ്മയേറിയ വസ്ത്രങ്ങളെ കുറിച്ച് പരാമർശങ്ങളുണ്ട്. അജന്തയിലെയും എല്ലോറയിലെയും ഗുഹാ ചിത്രങ്ങളിൽ പുരാതന കാലത്ത് ഇന്ത്യയിൽ ഉപയോഗിച്ചിരുന്ന വിവിധ തരം വസ്ത്രങ്ങളുടെ ഡിസൈനുകളും ശൈലികളും കാണാം. ഇന്ത്യയിൽ ഓരോ പ്രദേശത്തും അവിടുത്തെ ജനങ്ങളുടെ തനതായ വസ്ത്ര നിർമ്മാണ ശൈലികളും, നെ

യ്ത്ത് രീതികളും, ചായം മുക്കലും, ചിത്രപ്പണികളും, ഡിസൈനുകളും നിലവിലുണ്ടായിരുന്നു. ഓരോ പ്രദേശത്തും നിർമ്മിച്ചിരുന്ന തുണിത്തരങ്ങൾ ഗുണമേന്മയിലും വ്യത്യസ്തമായിരുന്നു. സത്യത്തിൽ വസ്ത്രനിർമാണ കലയുടെയും, സാങ്കേതിക വിദ്യയുടെയും അഗ്രഗാമികൾ നമ്മളായിരുന്നു. ഇന്ത്യൻ നിർമ്മിത വസ്ത്രങ്ങൾ ഒരു കാലത്ത് പ്രൗഢിയുടെയും പ്രഭുത്വത്തിന്റെയും അടയാളങ്ങളായിരുന്നു. ചിത്രത്തുന്നലുകളുള്ള ഇന്ത്യൻ തുണിത്തരങ്ങളായിരുന്നു പണ്ട് വിദേശ രാജകൊട്ടാരങ്ങളിൽ ഉപയോഗിച്ചിരുന്നത്. നമ്മുടെ കരകൗശല വിദഗ്ധർ കൈകൾ കൊണ്ട് നിർമ്മിച്ച നൂലിൽ നെയ്ത ഖദർ വസ്ത്രങ്ങളായിരുന്നു, നമ്മുടെ ഭൂതകാലത്തെ സമ്പന്നമാക്കിയിരുന്നത്.

വ്യാവസായിക വിപ്ലവവും തുടർന്നു നടന്ന ഇംഗ്ലണ്ടിലെ യന്ത്രവത്കൃത തുണി നിർമ്മാണവും ഇന്ത്യൻ വസ്ത്ര മേഖലക്ക് കനത്ത പ്രഹരമായി. ബ്രിട്ടീഷ് ഭരണാധികാരികൾ അടിച്ചേൽപ്പിച്ച പുത്തൻ കൊളോണിയൽ നയങ്ങൾ ആധുനിക വ്യവസായ കീഴ്‌വഴക്കങ്ങൾക്കു പാതയൊരുക്കുകയും ചെയ്തു. ഇന്ത്യയിലെ കൃഷിക്കാർ ഉത്പാദിപ്പിച്ചിരുന്ന പരുത്തി മുഴുവൻ തുച്ഛമായ വിലയ്ക്ക് ഇംഗ്ലണ്ടിലേയ്ക്ക് കയറ്റി അയക്കുകയും അവ ഉപയോഗിച്ച് ബ്രിട്ടീഷ് തുണിമില്ലുകളിൽ നിർമ്മിക്കുന്ന വസ്ത്രങ്ങൾ വലിയ വില നല്കി വാങ്ങുവാൻ ഇന്ത്യക്കാർ നിർബന്ധിതരാവുകയും ചെയ്തിരുന്നു. അപ്പോൾ സംഭവിച്ചതോ, ഇന്ത്യയിലുണ്ടായിരുന്ന ലക്ഷോപലക്ഷം നൂൽ നൂൽപ്പുകാരും വ്സ്ത്ര നെയ്ത്തുകാരും തൊഴിൽ രഹിതരായി. അക്ഷരാർത്ഥത്തിൽ ആ ജീവിതങ്ങൾ തെരുവുകളിലേയ്ക്ക് വലിച്ചെറിയപ്പെട്ടു. ഇന്ത്യയുടെ അഭിമാനമായിരുന്ന, കൈകൾ കൊണ്ട് നൂറ്റിരുന്ന നൂൽ ഉപയോഗിച്ച് കൈത്തറികളിൽ നിർമ്മിച്ച തുണിത്തരങ്ങൾ അങ്ങനെ അകാല ചരമം പ്രാപിക്കാൻ നിർബന്ധിതമായി. പരമ്പരാഗത നെയ്ത്തു വിദഗ്ധർ തലമുറകളായി കൈമാറിപ്പോന്ന നമ്മുടെ സമ്പന്നമായ വസ്ത്ര നിർമ്മാണ കലയും സാങ്കേതിക വിദ്യയും അതോടൊപ്പം കാലയവനികയ്ക്കുള്ളിൽ മറഞ്ഞു എന്നതാണ് നിർഭാഗ്യകരമായ മറ്റൊരു യാഥാർത്ഥ്യം.

## ഖാദി പ്രസ്ഥാനം

ഗാന്ധിജി എഴുതിയിട്ടുണ്ട് - ലണ്ടനിൽ വച്ച് 1908 ലാണ് ഞാൻ ആദ്യമായി ചർക്ക കാണുന്നത്. ദക്ഷിണാഫ്രിക്കയിൽ നിന്നുള്ള ഒരു സംഘത്തെ നയിച്ച് എത്തിയതായിരുന്നു. അവിടെ ആത്മാർത്ഥയുള്ള നിരവധി ഇന്ത്യക്കാരെ കണ്ടുമുട്ടുകയുണ്ടായി. ഇന്ത്യയുടെ നിലവിലെ അവസ്ഥയെക്കുറിച്ച് ഞങ്ങൾ ദീർഘദീർഘം സംസാരിച്ചു. അന്ന് അവിടെവച്ച് എനിക്ക് ഒരു കാര്യം ബോധ്യപ്പെട്ടു, ചർക്കയിലൂടെ മാത്രമെ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കൂ. എല്ലാവരും നൂലുണ്ടാക്കണം. പക്ഷെ തറിയും ചർക്കയും തമ്മിലുള്ള വ്യത്യാസം അന്ന് എനിക്ക് അറിയില്ലായിരുന്നു. ഹിന്ദു സ്വരാജിൽ അതുകൊണ്ടാണ് ചർക്ക എന്ന അർത്ഥത്തിൽ തറി എന്ന പദം ഉപയോഗിച്ചത്.

ഗോഖലെ നിർദ്ദേശിച്ചതനുസരിച്ചാണ് ഇന്ത്യയിലെ ജനങ്ങളുടെ അവസ്ഥ നേരിട്ടു കണ്ടു മനസിലാക്കുന്നതിന് ഗാന്ധിജി രാജ്യത്തുടനീളം ഒറ്റയ്ക്ക് സഞ്ചരിച്ചത്. ഇന്ത്യൻ ഗ്രാമങ്ങളുടെ ദരിദ്ര മുഖം അദ്ദേഹം നേരിൽ കണ്ടു. കൃഷിക്കാർക്ക് വർഷത്തിൽ ആറു മാസവും ഒരു ജോലിയുമില്ല. ചമ്പാരനിലെ അനുഭവം കൂടിയായപ്പോൾ ഗാന്ധിജിയുടെ ഹൃദയം നുറുങ്ങി. കൃഷിക്കാർക്ക് അവരുടെ കഴിവുകൾ ഉപയോഗിച്ച് സ്വന്തമായി വരുമാനം കണ്ടെത്താനുള്ള ഏതെങ്കിലും ഉപതൊഴിലിനെക്കുറിച്ചായി പിന്നീട് ഗാന്ധിജിയുടെ ചിന്ത മുഴുവൻ. അപ്പോഴാണ് നൂൽ നൂൽപ്പും നെയ്ത്തും അദ്ദേഹത്തിന്റെ മനസിലേയ്ക്ക് കടന്നു വന്നത്. അഹമ്മദാബാദിലെ തുണി മില്ലുടമകളുടെ സഹോയത്തോടെ ഗാന്ധിജി ആശ്രമത്തിൽ നെയ്ത്ത് ആരംഭിച്ചു. പക്ഷെ ഇത് ഇന്ത്യയിലെ വൻ വ്യവസായികളെ മാത്രമെ സഹായിക്കുകയുള്ളൂ, കൃഷിക്കാർക്ക് പ്രയോജനമൊന്നും ലഭിക്കില്ല എന്ന് വൈകാതെ അദ്ദേഹം തിരിച്ചറിഞ്ഞു. രണ്ടാം ഗുജറാത്ത് വിദ്യാഭ്യാസ സമ്മേളനത്തിൽ ഗാന്ധിജി, വളരെ ഊർജസ്വലയായ ഒരു വനിതയെ കണ്ടുമുട്ടി. അവരാണ് ഗംഗാബെൻ മജൂംദാർ. പരമ്പരാഗത രീതിയിൽ വസ്ത്രനിർമ്മാണത്തിനുള്ള ഉപകരണങ്ങൾ കണ്ടെത്താൻ അദ്ദേഹം അവരെ ചുമതലപ്പെടുത്തി.

ഗംഗാബെൻ ഗുജറാത്തിലുടനീളം അലഞ്ഞിട്ടും ഒരു പ്രയോജനവും ഉണ്ടായില്ല. ഒടുവിൽ ബറോഡ ജില്ലയിലെ വിജയ്പൂരിൽ അവർ ചർക്ക കണ്ടെത്തി. അവിടെ മിക്ക വീടുകളിലും ചർക്ക ഉണ്ടായിരുന്നു. പക്ഷെ ഉപയോഗ ശൂന്യമായ ആ ഉപകരണം പലരും പല കഷണങ്ങളായി വലിച്ചെറിഞ്ഞു കളഞ്ഞ നിലയിലായിരുന്നു. നൂൽ വാങ്ങാനുള്ള പണം ആ

രെങ്കിലും നല്കാമെന്ന് ഏറ്റാൽ നെയ്ത്ത് പുനരാരംഭിക്കാം എന്ന് അവർ ഗംഗാബെന്നിന് വാഗ്ദാനം നല്കി. ഗംഗാബെൻ ആ സന്തോഷവാർത്ത ഗാന്ധിജിയെ അറിയിച്ചു.

കൈകൾ കൊണ്ട് നൂലുണ്ടാക്കാനും തുണി നെയ്യാനുമുള്ള സാമഗ്രികൾ വീണ്ടും കണ്ടെത്തിയതോടെ ഗംഗാബെൻ, മദൻലാൽ ഗാന്ധി തുടങ്ങി ആശ്രമത്തിലെ തന്റെ വിശ്വസ്തരായ ഏതാനും പേരെ ഗാന്ധിജി ആ ഉത്തരവാദിത്വം ഏല്പ്പിച്ചു. അങ്ങനെ ആശ്രമവാസികളിൽ ആദ്യമായി അവർ ഖദർ പരീക്ഷിച്ചു. തുടർന്നാണ് രാജ്യവ്യാപക പ്രസ്ഥാനമായി ഇതിനെ മാറ്റാൻ ഗാന്ധിജി തീരുമാനിച്ചത്. അദ്ദേഹം സ്വന്തമായി ഒരു തുണി നെയ്തെടുത്ത് സ്വന്തമായ പുതിയ പേരും നല്കി. അതാണ് ഖദർ. അങ്ങനെ താത്വികമായ അടിത്തറയിട്ട ശേഷം ഖദറിനെ കോൺഗ്രസിന്റെ പുതിയ കാര്യ പരിപാടിയായി പ്രഖ്യാപിക്കുകയും ചെയ്തു.

## സ്വദേശിയുടെ ചൈതന്യം

സ്വദേശി പ്രസ്ഥാനത്തിന്റെ മൂർത്തവും കേന്ദ്രീകൃവുമായ ഘടകം ഖദർ തന്നെയായിരുന്നു. ഖദർ ഇല്ലാത്ത സ്വദേശി ജീവനില്ലാത്ത ശരീരം പോലെയായിരുന്നു. സ്വദേശി പ്രസ്ഥാനത്തെ ഭാഷയുടെയോ ദേശത്തിന്റെയോ പശ്ചാത്തലത്തിൽ വ്യാഖ്യാനിക്കാൻ ആരെങ്കിലും ശ്രമിച്ചാൽ ഖദർ മാത്രമാണ് അതിലെ സത്ത. സ്വദേശി എന്നതിന്റെ അർത്ഥം ആ ഉത്പ്പന്നത്തിന്റെ നിർമ്മിതിക്കായി നടക്കുന്ന സാർവത്രികമായ പങ്കാളിത്തത്തിൽ കൂടിയാണ് പൂർണമാകുന്നത്. മില്ലിൽ നിർമ്മിക്കുന്ന വസ്ത്രത്തിന് സ്വദേശി എന്നു പറയാനാവില്ല. കാരണം അതിന്റെ നിർമ്മിതിയിൽ ഈ രാജ്യത്തെ ജനങ്ങളിൽ ന്യൂനപക്ഷം മാത്രമെ പങ്കാളികളാകുന്നുള്ളു. എന്നാൽ ഖദറിന്റെ ഉത് പാദനത്തിൽ ജനകോടികൾ ഭാഗഭാക്കുകളാകുന്നു.

സ്വദേശി പ്രസ്ഥാനം പുനരുദ്ധരിക്കുന്നതിനുള്ള തയാറെടുപ്പുകൾ പൂർത്തിയായതോടെ വിദേശ വസ്ത്രങ്ങൾ ബഹിഷ്കരിക്കുന്നതിന് ഗാന്ധിജി തന്റെ അനുയായികളോട് ആവശ്യപ്പെട്ടു. സ്വദേശി പ്രസ്ഥാനത്തിലൂടെ അദ്ദേഹം ദേശീയതയുടെ ആത്മാവിനെ ജ്വലിപ്പിക്കുകയും അതിന്റെ പ്രതീകമായി ഖാദിയെ അവരോധിക്കുകയും ചെയ്തു. ഖാദി പ്രസ്ഥാനത്തിലൂടെ, കൊളോണിയൽ ചൂഷണത്തിന്റെ അടിത്തറ ഇളക്കാനുള്ള അക്രമരാഹിത്യം എന്ന തന്റെ ആയുധത്തിനും അദ്ദേഹം മൂർച്ച കൂട്ടി. വികേന്ദ്രീകൃത മാതൃകയിൽ ഗ്രാമീണ സമ്പദ് വ്യവസ്ഥയെ പുനരുദ്ധരിക്കുന്ന കാര്യ പരിപാടിയുടെ ഭാഗമായി ഗാന്ധിജി ഖാദിയെ മുന്നോട്ടു വച്ചു. അങ്ങനെ അത് സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി മാറുകയും ചെയ്തു.

ആരംഭ ഘട്ടത്തിൽ സംഭവിച്ച ഒരു വലിയ തടസം ഖാദിയുടെ വെള്ള നിറമായിരുന്നു.സ്ത്രീകൾക്ക് ഉപയോഗിക്കാൻ തക്കവിധം നിറമുള്ള സാരികൾ നിർമ്മിക്കാൻ അവർക്ക് കഴിഞ്ഞില്ല. ശുദ്ധ വെള്ളവസ്ത്രം ഇന്ത്യൻ പാരമ്പര്യമനുസരിച്ച് വിധവകളുടെ വേഷമായിരുന്നു. അതിനാൽ ഒരു കുടുംബത്തിലെയും സ്ത്രീകൾ അതിനെ സ്വീകരിച്ചില്ല. ഇതു മനസിലാക്കിയതോടെ, വെളുപ്പ് ലാളിത്യത്തിന്റെയും പരിശുദ്ധിയുടെയും നിറമാണ് എന്ന വ്യഖ്യാനവുമായി ഗാന്ധിജി രംഗത്ത് എത്തി. സ്വന്തം പത്നി കസ്തൂർബയോട് വെള്ള സാരി ധരിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. ആശ്രമവാസികളായ മറ്റ് സ്ത്രീകളോടും വെള്ള സാരി ധരിച്ച് ജനങ്ങൾക്ക് മാതൃകയാകാൻ അദ്ദേഹം അഭ്യർത്ഥിച്ചു.

## ഖാദിയുടെ സാമ്പത്തിക ശാസ്ത്രം

ഖാദി പ്രസ്ഥാനം ഗ്രാമീണരുടെ പ്രത്യേകിച്ച് സ്ത്രീകളുടെ ശാക്തീകരണത്തിന് വഴിയൊരുക്കി. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ വൻതോതിൽ സ്ത്രീകൾ പങ്കെടുക്കാനുണ്ടായ പ്രധാന കാരണം തീർച്ചയായും ഖാദി പ്രസ്ഥാനമാണ്.

ഉത്പാദനത്തിന്റെ വികേന്ദ്രീകരണം വരുമാനത്തിന്റെ തുല്യ വിതരണം ഉറപ്പാക്കും. ഉത്പാദനത്തിനു ശേഷം സമ്പത്ത് തുല്യമായി വിഭജിക്കുക സാധ്യമല്ല. അക്കാര്യത്തിൽ ആരും യോജിക്കില്ല. എന്നാൽ ഉത്പാദനത്തിനു മുമ്പ് തുല്യ വിതരണത്തിനായി സമ്പത്ത് ഉണ്ടാക്കാം, അതാണ് ഖാദി. ഗ്രാമം ഒരു സൗരോർജ്ജ സംവിധാനമാണെങ്കിൽ അതിലെ സൂര്യനാണ് ഖാദി. ഖാദിയെ സഹായിക്കുന്ന വ്യവസായങ്ങൾ അവിടെ വിവിധ ഗ്രഹങ്ങളാണ്. നല്കുന്ന താപത്തിനു പകരം അവ അതിൽ നിന്നു വലിച്ചെടുക്കുന്നത് ഉപജീവനമാണ്. ഖാദിയെ കൂടാതെ മറ്റ് വ്യവസായങ്ങൾക്ക് വളർച്ച സാധ്യമല്ല. മറ്റു വ്യവസായങ്ങൾ പുനരുദ്ധിരിക്കാതെ ഖാദിക്കും മുന്നോട്ടുള്ള വളർച്ച അ

സാധ്യമത്രെ. കാരണം ഗ്രാമങ്ങൾക്ക് മിച്ചമുള്ള സമയം ലാഭകരമായി ഉപയോഗിക്കണമെങ്കിൽ ഗ്രാമ ജീവിതം എല്ലാ ബിന്ദുക്കളെയും സ്പർശിക്കണം.

കോൺഗ്രസിനകത്തെ സമ്മർദ്ദവും ഗാന്ധി മനസിലാക്കിയിരുന്നു. അതിനാൽ കോൺഗ്രസിലെ സംഘടനാ സംവിധാനത്തിന്റെ പിന്തുണയിൽ നിന്ന് ഖാദിയെ മോചിപ്പിക്കാൻ അദ്ദേഹം തീരുമാനിച്ചു. അങ്ങനെയാണ് 1925 ൽ ഓൾ ഇന്ത്യ സ്പിന്നേഴ്സ് അസോസിയേഷന് അദ്ദേഹം രൂപം നല്കിയത്. ഈ സംഘടന ഇന്ത്യയിൽ എല്ലായിടത്തും എത്തുകയും പുതിയ അനേകം അനുയായികൾ ഇതിൽ അംഗങ്ങളായി ചേരുകയും രാജ്യത്തുടനീളം സംഘടനയുടെ അടിത്തറ വ്യാപിക്കുകയും ചെയ്തു.

## ചർക്ക: സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെ പ്രതീകം

ചർക്ക ഇന്ത്യൻ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെ പ്രതീകവും ഖാദി ദേശീയതയുടെ വ്യക്തിത്വവുമായി മാറി. കോളനി വാഴ്ച്ചയിൽ നിന്ന് ജനങ്ങളിലേയ്ക്കുള്ള അധികാര മാറ്റത്തിനും രാജ്യം സാക്ഷിയായി. പോലീസുകാരെ കണ്ടാൽ ഭയപ്പെട്ടിരുന്ന രാജ്യത്തെ സാധാരണ ജനങ്ങൾക്ക് മുന്നിൽ ഗാന്ധിജി അക്രമരഹിത നയം അവതരിപ്പിച്ചതോടെ, ഖദർധാരികളെ കണ്ടാൽ പോലീസ് ഭയന്ന് ഓടുന്ന അവസ്ഥയായി. തികച്ചും സാമ്പത്തികമായ ഒരു പ്രവർത്തനം അങ്ങനെ ശക്തിയേറിയ രാഷ്ട്രീയ ആയുധമായി മാറി.

ഗാന്ധിയുടെ 'രാഷ്ട്രത്തെ വസ്ത്രം ധരിപ്പിക്കുമ്പോൾ' എന്ന പുസ്തകത്തിൽ ലിസാ ത്രിവേദി ചൂണ്ടിക്കാണിക്കുന്നതു പോലെ, കൊളോണിയൽ അധീശത്വത്തിൽ നിന്ന് ഇന്ത്യയിലെ ജനകോടികളെ ഖാദി ദേശീയ പൗരന്മാരാക്കി മാറ്റി. കൊളോണിയൽ സംസ്കാരത്തെയും പരമ്പരാഗത ചട്ടങ്ങളെയും പുതിയ വസ്ത്രം വെല്ലുവിളിച്ചു. ഖാദി വസ്ത്രം സ്ഥിരമാക്കിയവർ സാർവത്രികമായ തൊഴിലിന്റെയും സ്വയം പര്യാപ്തതയുടെയും ഗുണഫലങ്ങൾ അനുഭവിച്ചു. കൊളോണിയൽ ഇന്ത്യയിലെ ഓരോ അംഗത്തെയും സ്വന്തം സമൂഹത്തിലെ അംഗമായി കാണാൻ ഖാദി ജനങ്ങളെ പ്രേരിപ്പിച്ചു.

നഗരവാസികൾക്ക് പരിഷ്കൃത വസ്ത്രങ്ങൾ നല്കുക വഴി, കുറെ കരകൗശല തൊഴിലാളികൾക്ക് ജോലി സാധ്യതകൾ നല്കുക എന്നതല്ല, മറിച്ച് കൃഷിക്ക് ബദലായി സമ്പൂർണ വ്യവസായ മേഖല കെട്ടിപ്പടുക്കുക എന്നതാണ് ഖാദിയുടെ ദൗത്യം. ഈ ദൗത്യം ഇനിയും പൂർത്തീകരിച്ചിട്ടില്ല. ഗ്രാമീണർ അവരുടെ ആവശ്യത്തിന് റോട്ടിയും മറ്റ് ഭക്ഷണവും തയാറാക്കുന്ന പോലെ സ്വന്തം ആവശ്യത്തിനുള്ള ഖദർ വസ്ത്രങ്ങൾ ഓരോരുത്തരും വീട്ടിൽ നിർമ്മിക്കണം - ഗാന്ധിജി പറഞ്ഞു.

## മുന്നിലുള്ള വെല്ലുവിളികൾ

ഇന്ന് ഖാദിക്കു മുന്നിലുള്ള ഏറ്റവും വലിയ വെല്ലുവിളി, അത് എങ്ങനെ ആളുകൾക്ക് താങ്ങാവുന്ന വിലയിൽ ലഭ്യമാക്കാം എന്നതും മാന്യമായ തൊഴിൽ, അതിന്റെ വികേന്ദ്രീകരണം, അക്രമരാഹിത്യം, ലാളിത്യം തുടങ്ങിയ അടിസ്ഥാന പ്രമാണങ്ങളിൽ നിന്നു വ്യതിചലിക്കാതെ എങ്ങനെ അതിനെ കൂടുതൽ ആകർഷകമാക്കാം എന്നതുമാണ്. സ്വാതന്ത്ര്യ സമരം, സ്വദേശി പ്രസ്ഥാനം എന്നിവ പോലുള്ള ശക്തമായ സ്വാധീനത്തിന്റെ അഭാവത്തിലും ഖാദി ഇപ്പോഴും സ്വന്തം ആത്മബലത്തിൽ നില്ക്കുന്നത് അതിന് ശക്തമായ താത്വിക അടിത്തറയുള്ളതുകൊണ്ടാണ്.

പരുത്തി പരിസ്ഥിതി സൗഹൃദമാണ്, നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യവുമാണ്. മില്ലിൽ നിർമ്മിക്കുന്നതുൾപ്പെടെയുള്ള എല്ലാ പരുത്തി വസ്ത്രങ്ങൾക്കും ഇത് ബാധകമാണ്. വികേന്ദ്രീകൃത ഉത്പാദനം വരുമാനത്തിന്റെ വികന്ദ്രീകരണത്തിനു സഹായകമാണ്. അതുവഴി പൊതുസമൂഹത്തിന്റെ ക്രയ ശേഷി വർധിപ്പിക്കാനും നമുക്ക് സാധിക്കും.

സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമായ വികസനമാണ് നാം ആഗ്രഹിക്കുന്നതെങ്കിൽ ഖാദിയാവണം നമ്മുടെ എല്ലാ വികസന പ്രവർത്തനങ്ങളുടെയും അടിസ്ഥാനം. ഖാദി പ്രസ്ഥാനം ജനങ്ങളുടെ സ്വന്തം പ്രസ്ഥാനമായി മാറണം. ഖാദിയെ ദേശീയ വസ്ത്രമാക്കണം. ഖാദിയെ നമ്മുടെ വസ്ത്ര ആവശ്യങ്ങൾക്കുപയോഗിക്കാനുള്ള അനുകൂല അന്തരീക്ഷം നാം സൃഷ്ടിക്കണം. ഖാദി ഉപയോഗിക്കുക വഴി മനുഷ്യരാശിയുടെ അതിപുരാതനമായ ഒരു സാങ്കേതിക വിദ്യയെ കാത്തു സൂക്ഷിക്കുകയും അതോടൊപ്പം ഉദാത്തമായൊരു സംസ്കാരത്തെ സംരക്ഷിക്കുകയുമാണ് നാം ചെയ്യുന്നത്.

*(ന്യൂഡൽഹിയിലെ ദേശീയ ഗാന്ധി മ്യൂസിയത്തിൽ ഡയറക്ടറാണ് ലേഖകൻ)*

# ഇന്ത്യയിലെ സിൽക്ക് വ്യവസായം

ബി എസ് അംഗാഡി, കെ കെ ഷെട്ടി, എച്ച് നാഗേഷ് പ്രഭു



തുണിത്തരങ്ങളുടെ രാജ്ഞിയാണ് സിൽക്ക്. കാലത്തെ അതിജീവിക്കുന്ന തുണിത്തരം മാത്രമല്ല, ലോകത്ത് എല്ലാവരും ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നതും കൂടിയാണിത്. ഐശ്വര്യം നിറയുന്ന തിളക്കവും മൃദുലതയും ഭാരക്കുറവും സമശീതോഷ്ണ ഗുണഗണങ്ങളും ഈടും സർവോപരി സൗന്ദര്യമൂല്യവും സിൽക്കിനെ ഏവരുടേയും പ്രിയപ്പെട്ടതാക്കുന്നു. സിന്തറ്റിക്കും അല്ലാത്തതുമായ എല്ലാത്തരം നൂലുകളുടെ കടന്നുകയറ്റത്തിനിടയിലും അതുല്യ സ്ഥാനമാണ് സിൽക്കിനുള്ളത്.

വാണിജ്യാടിസ്ഥാനത്തിൽ പ്രധാനമായും അഞ്ചിനം പ്രകൃതിദത്ത സിൽക്കുകളാണ് വ്യാപാരം ചെയ്യപ്പെടുന്നത്. മൾബറി, ഓക് ടസാർ, ഇറി, മുഗ, ട്രോപ്പിക്കൽ ടസാർ എന്നിവയാണിവ. ഇതിൽ മൾബറിച്ചെടിയുടെ ഇലകൾ ഭക്ഷണമാക്കി ബോംബിക്സ് മോറി എന്ന പട്ടുനൂൽ പുഴുക്കൾ ഉത്പാദിപ്പിക്കുന്ന സിൽക്കാണ് മൾബറി സിൽക്ക്. മൾബറിയിൽനിന്നല്ലാതെ മറ്റു ചെടികളുടെ ഇല ഭക്ഷണമാക്കി മറ്റ് പുഴുക്കൾ ഉത്പാദിപ്പിക്കുന്ന സിൽക്കിനെ പൊതുവായി 'വന്യ സിൽക്ക്' എന്നു വിളിക്കുന്നു.

സിൽക്ക് ലഭിക്കുന്നതിനായി വൻതോതിൽ പട്ടുനൂൽ പുഴുക്കളെ വളർത്തുന്നതിനെയാണ് സെറികൾച്ചർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. വളരെയധികം തൊഴിൽ ശക്തി ആവശ്യമുള്ള മേഖലയാണ് പട്ടുനൂൽ പുഴു വളർത്തൽ. കൃഷിക്കും സംസ്കരണത്തിനും ധാരാളം മനുഷ്യശേഷി വേണം. ഒരു പക്ഷേ, ടെക്സ്റ്റൈൽ മേഖലയുടെ ഏറ്റവും തൊഴിൽ ശക്തി വേണ്ട ഉപവിഭാഗമാണ് സെറികൾച്ചർ.

പട്ടുനൂൽ കൃഷിയുടെ കാർഷിക, കാർഷികേതര മേഖലകളിൽ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നു പരിശോധിക്കാം.

- പട്ടുനൂൽ പുഴുവിന്റെ ഭക്ഷണത്തിനുള്ള ചെടികൾ നട്ടുപിടിപ്പിക്കണം.
- കൊക്കൂൺ ഉത്പാദനത്തിനു പട്ടുനൂൽപ്പുഴുക്കളെ വളർത്തണം.
- സിൽക്കു നൂലുകൾ ശേഖരിക്കുന്നതിനായി കൊക്കൂൺ ശേഖരിക്കണം.
- ശേഖരിച്ച കൊക്കൂണുകൾ പ്രോസസ് ചെയ്ത് നൂലുകളാക്കണം; ചായം പിടിപ്പിക്കണം; നെയ്യണം; പ്രിന്റിംഗ് നടത്തണം; ഫിനിഷിംഗ് ജോലികൾ പൂർത്തിയാക്കണം.

ഐക്യരാഷ്ട്ര സഭ തയാറാക്കിയിട്ടുള്ള 17 സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ട അഞ്ചു ലക്ഷ്യങ്ങളുമായി ഒത്തുപോകുന്നതാണ് സിൽക്ക് തുണി വ്യവസായം. ദാരിദ്ര്യനിർമാർജനം, സ്ത്രീശാക്തീകരണം, സുസ്ഥിര സാമ്പത്തിക വളർച്ച, ഉത്പാദനക്ഷമമായ തൊഴിൽ സൃഷ്ടിക്കൽ, വനങ്ങളുടെ

പുനരുജ്ജീവനം, ഹരിതകവചം വർധിപ്പിച്ച് ഭൂമിയുടെ നഷ്ടപ്പെട്ടുപോയ ഫലപുഷ്ടി വീണ്ടെടുക്കൽ തുടങ്ങിയ ലക്ഷ്യങ്ങൾ ഇതിലുൾപ്പെടുന്നു.

ഈ വ്യവസായത്തിന്റെ മറ്റ് പ്രധാനപ്പെട്ട സവിശേഷതകൾ:

- ഉയർന്ന തോതിൽ തൊഴിൽ സൃഷ്ടിക്കുന്ന മേഖലയാണിത്. ഒരു കിലോഗ്രാം സിൽക്ക് ഉത്പാദിപ്പിക്കുന്നതിന് 11.03 മനുഷ്യദിനം വേണം.
- സ്ത്രീകളുടേയും (60 ശതമാനത്തിലധികം) കുടുംബാംഗങ്ങളുടേയും ഉയർന്ന പങ്കാളിത്തം കുടുംബത്തിലേക്കു കൂടുതൽ വരുമാനം കൊണ്ടുവരുന്നു.
- ഇതിൽനിന്നുണ്ടാകുന്ന വരുമാനത്തിൽ 60 ശതമാനവും കർഷകരിലേക്കുതന്നെ (പ്രാഥമിക ഉത്പാദകർ) തിരിച്ചുവരുന്നു.
- സമ്പന്നരായ ഉപഭോക്താക്കളിൽനിന്നു പാവപ്പെട്ടവരിലേക്ക് (കർഷകർ, നെയ്ത്തുകാർ, റീലർമാർ തുടങ്ങിയവർ) വരുമാനം നീങ്ങുന്നു.
- പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾ ജൈവവൈവിധ്യം സംരംക്ഷിക്കാൻ സഹായിക്കുന്നു. വനം മേഖലകളിൽ പ്രകൃതിദത്ത, വനജന്യ ഭക്ഷണച്ചെടികൾ വളർത്താൻ സാധിക്കുന്നു.
- സിൽക്കിന്റെ ഉപോത്പന്നങ്ങളായ സെറിസിൻ, പ്യൂപ്പ തുടങ്ങിയവ അധിക വരുമാനത്തിനു വഴിയൊരുക്കുന്നു.

## നിലവിലുള്ള സ്ഥിതി

ഇന്ത്യൻ തുണി വ്യവസായത്തിന്റെ അവിഭാജ്യ ഭാഗമാണ് സിൽക്ക് വ്യവസായം. ചൈനയ്ക്കു പിന്നിൽ ലോകത്തിൽ രണ്ടാം സ്ഥാനത്താണ് ഇന്ത്യൻ സിൽക്ക് വ്യവസായം. ആഗോള ഉത്പാദനത്തിന്റെ 14 ശതമാനത്തോളം ഇന്ത്യൻ സംഭാവനയാണ്.

ഇന്ത്യൻ സിൽക്ക് വ്യവസായത്തിന്റെ കരുത്ത് ഇവയാണ്:

- ലോകത്തിലെ ഏറ്റവും വലിയ സിൽക്ക് ഉപഭോക്താക്കളാണ് ഇന്ത്യ.
- വാണിജ്യാടിസ്ഥാനത്തിൽ അഞ്ചു സിൽക്കിനങ്ങളും ഉത്പാദിപ്പിക്കുന്ന ഏകരാജ്യം.
- സ്വർണവർണത്തിലുള്ള 'മുഗ' സിൽക്കിന്റെ ഉത്പാദന കുത്തക ഇന്ത്യക്കാണ്.
- വർഷം മുഴുവനും പട്ടുനൂൽ കൃഷി നടത്താൻ യോജിച്ച കാലാവസ്ഥയാണ് ദക്ഷിണേന്ത്യയിലുള്ളത്.
- സെറികൾച്ചർ കൃഷി വികസനത്തിനു യോജിച്ച സ്ഥലം ആവശ്യത്തിനു ലഭ്യമാണ്.
- ഉന്നതവിദ്യാഭ്യാസവും പരിചയവുമുള്ള ശാസ്ത്രജ്ഞന്മാരും സാങ്കേതികവിദഗ്ധരുമുള്ള ലോകോത്തര ഗവേഷണ വികസന കേന്ദ്രങ്ങൾ നമുക്കുണ്ട്.
- പരിശീലനം ലഭിച്ച ഉയർന്ന നൈപുണ്യമുള്ള മനുഷ്യവിഭവശേഷിയുടെ ലഭ്യത.

രാജ്യത്തിന്റെ സിൽക്ക് ഉത്പാദനം 2011-12-ലെ 23,060 ടണ്ണിൽനിന്നു 2015-16-ൽ 28,472 ടണ്ണായി ഉയർന്നിരിക്കുകയാണ്. വാർഷിക വളർച്ച 5.4 ശതമാനം. ബിവോൾട്ടൈൻ സിൽക്കിന്റെ ഉത്പാദനം 28 ശതമാനം വാർഷിക വളർച്ചയാണ് നേടിയത്. അതേപോലെ വന്യ സിൽക്ക് ഉത്പാദനം ഈ കാലയളവിൽ 13.8 ശതമാനം വാർഷിക വളർച്ച നേടി.

## അസംസ്കൃത സിൽക്കിന്റെ ഇറക്കുമതി

അസംസ്കൃത സിൽക്കിന്റെ ഇറക്കുമതി 2011-12-ലെ 5683 ടണ്ണിൽനിന്നു 2015-16-ൽ 3.529 ടണ്ണിലേക്കു കുറയ്ക്കുവാൻ സാധിച്ചു. ഇറക്കുമതിക്കു പകരം ബിവോൾട്ടൈൻ സിൽക്കിന്റെ ഉത്പാദനം കഴിഞ്ഞ അഞ്ചു വർഷംകൊണ്ടു വർധിപ്പിക്കുവാൻ സാധിച്ചതാണ് കാരണം. 2019-ഓടെ ബിവോൾട്ടൈൻ സിൽക്കിന്റെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത നേടുവാനും ഇറക്കുമതി ഇല്ലാതാക്കുവാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## കയറ്റുമതി

ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ സിൽക്ക് ഉത്പാദകരാണെങ്കിലും ആഗോള സിൽക്ക് വ്യാപാരത്തിൽ ഇന്ത്യൻ സിൽക്കിന്റെ കയറ്റുമതി മികച്ച അവസ്ഥയിലല്ല. പത്തു ശതമാനത്തിൽ

| സിൽക്ക് ഉത്പന്നങ്ങളുടെ കയറ്റുമതിയും അതിന്റെ മൂല്യവും | | | | | |
|---|---|---|---|---|---|
| ഇനം | കയറ്റുമതി മൂല്യം (കോടി രൂപയിൽ) | | | | |
| | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 |
| സിൽക്ക് നൂൽ | 19.68 | 21.96 | 36.25 | 25.40 | 30.32 |
| സിൽക്ക് തുണി | 1497.97 | 1410.31 | 1455.63 | 1465.63 | 1280.60 |
| റെഡിമേഡ് ഗാർമന്റ് | 765.83 | 787.15 | 874.0 | 1214.01 | 1078.39 |
| സിൽക്ക് കാർപ്പറ്റ് | 20.08 | 21.44 | 15.71 | 15.97 | 16.88 |
| സിൽക്ക് വേസ്റ്റ് | 49.77 | 62.97 | 99.30 | 109.12 | 89.80 |
| **ആകെ** | **2353.33** | **2303.53** | **2480.89** | **2829.94** | |

*(അവലംബം: എഫ്ടിഎസ്ഐ, എംഎസ്എഫ്ടിഐ, ഡിജിസിഐഎസ്, കൊൽക്കൊത്ത)*

താഴെയാണ് ഇന്ത്യൻ വിഹിതം. ഇതിനുള്ള കാരണങ്ങളിലൊന്ന് ഇന്ത്യയിലെ ആഭ്യന്തര ഡിമാണ്ട് ആണ്. ഇന്ത്യ ഉത്പാദിപ്പിക്കുന്ന സിൽക്ക് ഉത്പന്നങ്ങളിൽ 85 ശതമാനവും ആഭ്യന്തര വിപണിയിൽ വിൽക്കുകയാണ്.

പ്രകൃതിദത്ത സിൽക്ക് നൂൽ, സിൽക്ക് തുണിത്തരങ്ങൾ, റെഡിമേഡ് ഗാർമന്റ്, സിൽക്ക് കാർപ്പറ്റ്, ഉൾപ്പെടെ മൂല്യം വർധിപ്പിച്ചതും അല്ലാത്തതുമായ എല്ലാത്തരം സിൽക്ക് ഉത്പന്നങ്ങളുമായി ശേഷിച്ച 15 ശതമാനം ഇന്ത്യ കയറ്റി അയയ്ക്കുന്നു. യുഎസ്എ, യൂറോപ്യൻ രാജ്യങ്ങൾ തുടങ്ങി പരമ്പരാഗത രാജ്യങ്ങളിലേക്കാണ് ഇന്ത്യൻ സിൽക്ക് ഉത്പന്നങ്ങൾ കയറ്റി അയയ്ക്കുന്നത്. ചെറിയൊരു ഭാഗം ഏഷ്യൻ രാജ്യങ്ങളിലേക്കും കയറ്റി അയയ്ക്കുന്നു. ആഗോള മാന്ദ്യവും പശ്ചാത്യ രാജ്യങ്ങളിലെ ഡിമാണ്ട് കുറവും മൂലം സിൽക്കു ഉത്പന്നങ്ങളിൽനിന്നുള്ള കയറ്റുമതി വരുമാനം ഏതാനും വർഷങ്ങളായി കുറഞ്ഞുവരികയാണ്. 2015-16-ലെ കയറ്റുമതി വരുമാനം 2,495.99 കോടി രൂപയാണ്.

കേന്ദ്ര സിൽക്ക് ബോർഡിന്റെയും സംസ്ഥാനങ്ങളുടേയും  ഗവേഷണ, വികസന യത്നങ്ങൾ സിൽക്കിന്റെ ഗുണമേന്മയും ഉത്പാദനക്ഷമതയും വർധിപ്പിച്ചിട്ടുണ്ട്. മൾബറി സിൽക്ക് ഉത്പാദനക്ഷമത ഹെക്ടറിന് 1997-ലെ 46 കിലോഗ്രാമിൽനിന്നു 2015-16-ൽ 101 കിലോഗ്രാമായി വർധിച്ചിട്ടുണ്ട്. മെച്ചപ്പെട്ട പട്ടുനൂൽപ്പുഴ ചെടികൾ, മികച്ച പട്ടുനൂൽപ്പുഴുക്കൾ, മെച്ചപ്പെട്ട ശാസ്ത്രീയ കൃഷിരീതികൾ, കൊക്കൂൺ ശേഖരിച്ചശേഷമുള്ള മികച്ച ഉത്പാദന രീതികൾ തുടങ്ങിയവയെല്ലാം ഉത്പാദനക്ഷമത വർധിപ്പിക്കുന്നതിൽ പങ്കുവഹിച്ചിട്ടുണ്ട്. ഇന്ത്യൻ സിൽക്ക് വ്യവസായത്തിൽ 12 ലക്ഷം പേരാണ് പ്രവർത്തിക്കുന്നത്. ഏതാണ്ട് 82.8 ലക്ഷത്തോളം പേർക്ക് ഈ മേഖല തൊഴിൽ നൽകുന്നു.

## ഇന്ത്യൻ സിൽക്കിന്റെ മത്സരക്ഷമത

അടുത്ത കാലത്ത് ആഗോള സെറികൾച്ചർ മേഖലയിൽ വൻ മാറ്റങ്ങളാണ് സംഭവിച്ചിട്ടുള്ളത്. പല രാജ്യങ്ങളിലും സിൽക്ക് ഉത്പാദനം കുറയുന്നതായാണ് കാണുന്നത്. വേഗത്തിലുള്ള വ്യവസായവത്കരണം ഉത്പാദനച്ചെലവു വർധിപ്പിക്കുകയും കർഷകത്തൊഴിലാളികൾ മറ്റു വ്യവസായ, സേവന മേഖലകളിലേക്കു നീങ്ങുകയും ചെയ്തതാണ് സിൽക്ക് ഉത്പാദനം കുറയുവാൻ കാരണം. റഷ്യ, ദക്ഷിണകൊറിയ, ബ്രസീൽ, തായ്‌ലൻഡ് തുടങ്ങിയ രാജ്യങ്ങൾ അവയുടെ സിൽക്ക് ഉത്പാദനം രാജ്യാന്തര വിലയ്ക്കനുസരിച്ച് മെച്ചപ്പെടുത്തുന്നതിനു ബുദ്ധിമുട്ടുകയാണ്.

മറ്റേതൊരു സിൽക്ക് ഉത്പാദനരാജ്യവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യയ്ക്ക് ഒട്ടേറെ അനുകൂല സാഹചര്യങ്ങൾ നിലനിൽക്കുന്നുണ്ട്.സെറികൾച്ചറിൽ ഇന്ത്യയ്ക്ക് വൻ സാധ്യത നിലനിൽക്കുന്നുവെന്നാണ് രാജ്യാന്തര സിൽക്ക് ഉത്പാദന ട്രെൻഡ് നൽകുന്ന സൂചന. ജപ്പാനിലെ സിൽക്ക്

| സിൽക്ക് ഉത്പാദനം: ചൈന-ഇന്ത്യ താരതമ്യം | | |
|---|---|---|
| **ഇനം** | **ചൈന** | **ഇന്ത്യ** |
| കാലാവസ്ഥ | സമശീതോഷ്ണം | ട്രോപ്പിക്കൽ/ സബ് ട്രോപ്പിക്കൽ/ സമശീതോഷ്ണം |
| ഉത്പാദന സംവിധാനം | സംഘടിതവും വലിയ തോതിലുമുള്ള കൃഷി | അസംഘടിത, ചെറുകിട മേഖല |
| സമ്പദ്ഘടന | ഗവൺമെന്റ് നിയന്ത്രണം | കമ്പോളാധിഷ്ഠിതം |
| മൾബറി വിസ്തീർണം | 8.22 ലക്ഷം ഹെക്ടർ | 2.10 ലക്ഷം ഹെക്ടർ |
| വളർത്തുന്ന ഇനം | ബിവോൾട്ടൈൻ ഇനം | 78% ക്രോസ് ബ്രീഡ്, 22% ബിവോൾട്ടൈൻ ഇനം |
| ബിവോൾട്ടൈൻ സിൽക്ക് | 6 എ വരെ | 3 എ വരെ |
| ഉപഭോഗം | കയറ്റുമതി 80 %; ആഭ്യന്തര ഉപഭോഗം 20 % | കയറ്റുമതി 15 %; ആഭ്യന്തര ഉപഭോഗം 85 %; 11 % ഇറക്കുമതി |
| കയറ്റുമതി വരുമാനം (2015-16) | 306.895 കോടി ഡോളർ | 38.953 കോടി ഡോളർ |

ഉത്പാദനം പൂർണമായും താഴേയ്ക്കാണ്. പാരമ്പര്യേതര മേഖലയിലേക്ക് ഉത്പാദനാടിത്തറ മാറ്റുന്നതിനും അതുവഴി ഉത്പാദന നിലവാരം നിലനിർത്തുന്നതിനും ചൈന ശ്രമിക്കുന്നുണ്ട്.

ചൈനയേക്കാൾ ഇന്ത്യയ്ക്ക് കൂടുതൽ കൃഷിയോഗ്യമായ ഭൂമിയുണ്ടെന്നതാണ് ഏറ്റവും വലിയ അനുകൂലാവസ്ഥ. മാത്രവുമല്ല, പ്രധാനപ്പെട്ട സിൽക്ക് ഉത്പാദനകേന്ദ്രങ്ങളായ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ വർഷം മുഴുവനും കൊക്കൂൺ ഉത്പാദനം സാധിക്കുന്ന അനുകൂല കാലാവസ്ഥയുമുണ്ട്. അതുകൊണ്ടുതന്നെ ഇന്ത്യയ്ക്ക് സിൽക് ഉത്പാദനം വർധിപ്പിക്കുവാനുള്ള വലിയ സാഹചര്യം നിൽനിൽക്കുന്നുണ്ട്. അതുവഴി സിൽക്കു കയറ്റുമതിയിൽ വർധനയും സ്വന്തം സിൽക്ക് ബ്രാൻഡ് ആഗോള വിപണിയിൽ എത്തിക്കുവാനുള്ള സാധ്യതയും വളരെയേറെയാണ്.

രാജ്യത്തൊട്ടാകെ സിൽക്ക് ഉത്പാദനം വർധിപ്പിക്കുന്നതിനും ഉത്തരവാദിത്വമുള്ള സെൻട്രൽ സിൽക്ക് ബോർഡ് 2020- ഓടെ 8500 ടൺ ബിവോൾട്ടൈൻ അസംസ്കൃത സിൽക്ക് ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതോടെ ഇന്ത്യ സിൽക്ക് ഇറക്കുമതി മുക്ത രാജ്യമായി മാറും.

മാത്രവുമല്ല ഇന്ത്യയെ ലോക സിൽക്ക് വിപണിയുടെ നേതൃസ്ഥാനത്തെത്തിക്കുവാനും സിൽക്ക്

| വർഷം | സിൽക്ക് ഉത്പാദനം |
|---|---|
| 2015-16 | 28,472 ടൺ |
| 2016-17 | 32,000 ടൺ |
| 2019-20 | 38,530 ടൺ |
| 2023-24 | 48.800 ടൺ |
| 2029-30 | 60,000 ടൺ |

ബോർഡ് ലക്ഷ്യമിടുന്നു. 2030- ഓടെ ഇന്ത്യയിലെ മൊത്തം സിൽക്ക് ഉത്പാദനം 60,000 ടണ്ണിലേക്ക് ഉയർത്തുവാൻ ലക്ഷ്യമിടുന്നതിനൊപ്പം ഇറക്കുമതിക്കു പകരമുള്ള ബിവോൾട്ടൈൻ അസംസ്കൃത സിൽക്കിന്റെ ഉത്പാദനം 20,000 ടണ്ണിലേക്ക് ഉയർത്തുവാനും ലക്ഷ്യമിടുന്നു.

## മുന്നിലെ വെല്ലുവിളികൾ

1. **പാരമ്പര്യ സെറികൾച്ചർ മേഖലയിലെ നഗരവത്കരണം**

രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് അനുസൃതമായി പാരമ്പര്യ കൃഷിമേഖലകളിൽ വ്യവസായവത്കരണവും നഗരവത്കരണവും ദ്രുതഗതിയിൽ നടപ്പായി വരികയാണ്. ഇതോടൊപ്പമാണ് ഭൂമിയുടേയും തൊഴിൽ ശക്തിയുടേയും ചെലവു വർധന സെറികൾച്ചർ വികസനത്തിനു തടസമായി മാറുകയും ചെയ്യുന്നത്.

ഈ സാഹചര്യത്തിൽ ഭൂമിയും തൊഴിൽ ശക്തിയും ധാരാളമായി ലഭ്യമായ മധ്യപ്രദേശ്, മഹാരാഷ്ട്ര തുടങ്ങിയ പാരമ്പര്യേതര മേഖലകളിലേക്കു ഉത്പാദനം മാറ്റുന്നത് അസംസ്കൃത സിൽക്ക് ഉത്പാദനം ഒരു പരിധിവരെ വർധിപ്പിക്കുവാൻ ഇടയാക്കും. ഈ മേഖലകളിൽ സെറികൾച്ചർ വികസിപ്പിക്കുന്നതിനാവശ്യ പ്രകൃതിദത്ത അന്തരീക്ഷവും സാമൂഹ്യ അടിത്തറയും നിലനിൽക്കുന്നുണ്ട്.

**2. ഇറക്കുമതിക്കു പകരമുള്ള ബിവോൾട്ടൈൻ സിൽക്കിന്റെ ഉത്പാദനം വർധിപ്പിക്കൽ**

ബിവോൾട്ടൈൻ ഇനം കൊണ്ടു പവർ ലൂമിന് യോജിച്ച അസംസ്കൃത സിൽക്ക് ഉത്പാദിപ്പിക്കുവാൻ സാധിക്കും. എന്നാൽ നമ്മുടെ ആഭ്യന്തര ഡിമാണ്ട് നിറവേറ്റുവാൻ ആവശ്യമായ ബിവോൾട്ടൈൻ സിൽക്ക് ഉത്പാദിപ്പിക്കുവാൻ പോലും നമുക്കു സാധിക്കുന്നില്ല. പവർലൂമുകളുടെ ആവശ്യം നിറവേറ്റുവാൻ ഇതു നാം ഇറക്കുമതി ചെയ്യുകയാണ്.

ബിവോൾട്ടൈൻ സെറിക്കൾച്ചർ സാങ്കേതികാധിഷ്ഠിതം മാത്രമല്ല, മൂലധനാധിഷ്ഠിതവുംകൂടിയാണ്. ഈ വെല്ലുവിളിയുടെ അന്തരീക്ഷത്തിൽ ബിവോൾട്ടൈൻ സീഡ് ഉത്പാദനം വർധിപ്പിക്കുവാനും അടിസ്ഥാനസൗകര്യം ഉണ്ടാക്കുന്നതിൽ കർഷകരെ ശക്തിപ്പെടുത്തുവാനും ആധുനിക പോസ്റ്റ് കൊക്കൂൺ സൗകര്യങ്ങൾ ഒരുക്കുവാനും വ്യവസായത്തെ ശാക്തീകരിക്കുവാനും കൂടുതൽ നിക്ഷേപം നടത്തുവാനും നാം തയാറാകണം.

**3. വാണിജ്യാടിസ്ഥാനത്തിലുള്ളതും ആശ്രയിക്കാവുന്നതുമായ ബിവോൾട്ടൈൻ വിത്തുകളുടെ ഉത്പാദനവും വിതരണവും**

ഗുണമേന്മയുള്ള അസംസ്കൃത സിൽക്ക് ഉത്പാദിപ്പിക്കുന്നതിനുള്ള ഏറ്റവും അടിസ്ഥാനപരമായ സംഗതി പട്ടുനൂൽപ്പുഴു വിത്താണ്. ഇറക്കുമതി ചെയ്യുന്ന ബിവോൾട്ടൈൻ അസംസ്കൃത സിൽക്കിന്റെ രാജ്യത്തെ ഉത്പാദനം വർധിപ്പിക്കുവാൻ നാം ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വാണിജ്യാടിസ്ഥാനത്തിലുള്ളതും മികച്ചതുമായ ബിവോൾട്ടൈൻ വിത്തുകളുടെ ഉത്പാദനവും ആനുപാതികമായി ഉയർത്തേണ്ടിയിരിക്കുന്നു. വാണിജ്യടിസ്ഥാനത്തിൽ



വൻതോതിൽ ബിവോൾട്ടൈൻ വിത്ത് ഉത്പാദിപ്പിക്കുവാൻ സ്വകാര്യമേഖലയിലെ വിത്തുത്പാദകരേയും ഇതിലേക്ക് ആകർഷിക്കേണ്ടതുണ്ട്.

ബിവോൾട്ടൈൻ പട്ടുനൂൽപ്പുഴു വിത്ത് ഉത്പാദിപ്പിക്കുവാനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുവാൻ വൻ നിക്ഷേപം ആവശ്യമുണ്ട്. കോൾഡ് സ്റ്റോറേജ് പ്ലാന്റ്, ചെറിയ പ്രദേശത്തെ അന്തരീക്ഷ മാറ്റത്തിനുള്ള അത്യാധുനിക ഉപകരണങ്ങൾ, സീഡ് കൊക്കൂൺ, തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കുവാൻ വലിയ നിക്ഷേപം വേണം. പാരമ്പര്യ മൾട്ടിബിവോൾട്ടൈൻ സീഡിൽനിന്നു ബിവോൾട്ടൈൻ സീഡിലേക്കു ഉത്പാദനം മാറ്റുവാൻ സ്വകാര്യമേഖലയിലുള്ളവർക്കു ധനകാര്യ പിന്തുണയും സാങ്കേതിവിദ്യയും നൽകേണ്ടതുണ്ട്. യാതൊരു ന്യൂനതയുമില്ലാത്ത പട്ടുനൂൽപ്പുഴു വിത്തുകൾ രാജ്യത്തെ പുതിയ ഉയരങ്ങളിൽ എത്തിക്കും.

**4. ഭൂഗർഭ ജലവിതാനത്തിന്റെ താഴ്ച**

രാജ്യത്തെ ചിലമേഖലകളിൽ സെറികൾച്ചർ പൂർണമായും മഴയെ ആശ്രയിച്ചാണ് നടത്തുന്നത്. ജലസേചനത്തിനു വെള്ളം ലഭിക്കുകയെന്നത് വലിയ ആശങ്കയായിട്ടുണ്ട്. ഭുഗർഭജലവിതാനം താഴുന്നത് ഈ വ്യവസായത്തിനു വലിയ ഭീഷണി തന്നെയാണ്. ഈ പ്രശ്നത്തെ നേരിടാൻ മഴവെള്ളക്കൊയ്ത്തിനും ജലസംരംക്ഷണത്തിനും ശക്തമായ ഊന്നൽ നൽകണം. ഭുഗർഭജലസ്രോതസിന്റെ അമിത ഉപഭോഗം നിയന്ത്രിക്കുന്നതിനായി തുള്ളിനന സംവിധാനം നിർബന്ധമാക്കണം. വളരെ ലളിതമായി വേണം കർഷകരിൽ സാങ്കേതിക വിദ്യ എത്തിക്കേ

ണ്ടത്. 'ഒരോ തുള്ളിക്കും കൂടുതൽ വിളവ്' എന്ന രീതിയിൽ വളരെ സ്വീകര്യമായ സമീപനമാവണം സെറികൾച്ചറിൽ പ്രോത്സാഹിപ്പിക്കേണ്ടത്.

**5. പരിവർത്തന ദൗത്യം**

ഗുണമേന്മയുള്ള, വാണിജ്യാടിസ്ഥാനത്തിലുള്ള കൊക്കൂൺ, മെച്ചപ്പെട്ട യന്ത്രസാമഗ്രികളുടെ ഉപയോഗം, ഏറ്റവും പുതിയ റീലിംഗ് സാങ്കേതികവിദ്യയുടെ പ്രയോഗം തുടങ്ങിയ വഴി രാജ്യാന്തര തലത്തിൽ ഏറ്റവും മത്സരക്ഷമമായ അസംസ്കൃത സിൽക്കിന്റെ ഉത്പാദനം രജ്യത്ത് ഉറപ്പുവരുത്തുവാൻ സാധിക്കും. റീലിംഗ് സാങ്കേതികവിദ്യ, യന്ത്രസാമഗ്രികൾ തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിലൂടെ ഗ്രേഡഡ് സിൽക്ക് ഉത്പാദിപ്പിക്കുവാൻ സൗകര്യങ്ങൾ ഒരുക്കുകയാണ് ഈ സമയത്തെ ആവശ്യം. മൾബറി കൊക്കൂണിൽനിന്നു സിൽക്ക് ഉത്പാദിപ്പിക്കുവാൻ സെൻട്രൽ സിൽക്ക് ബോർഡ് ഇതിനകം തന്നെ സ്വദേശീയ ഓട്ടോമാറ്റിക് റീലിംഗ് മെഷീൻ ' മേക്ക് ഇൻ ഇന്ത്യ' യുടെ ഭാഗമായി വികസിപ്പിച്ചെടുത്തിട്ടുണ്ട്. യുദ്ധകാലാടിസ്ഥാനത്തിൽ ഇതിനു പ്രചാരണം നൽകേണ്ടിയിരിക്കുന്നു. കൂടാതെ വനജന്യ സിൽക്ക് നൂൽക്കുന്നതിനുള്ള ഉപകരണങ്ങളും നവീകരിക്കേണ്ടത് ഏറ്റവും ആവശ്യമാണ്.

**6. ജെനറ്റിക് ബേസിന്റെ നവീകരണവും ഉയർന്ന ഉത്പാദന ഇനങ്ങളുടെ വികസനവും**

ഉയർന്ന ഉത്പാദനക്ഷമതയുള്ളതും രോഗങ്ങളെ ചെറുക്കുന്നതും മാറിവരുന്ന കാലാവസ്ഥാ സാഹചര്യത്തിനനുസൃതവുമായ വിത്തിനങ്ങൾ സൃഷ്ടിക്കുവാൻ ഇന്ത്യയിലിപ്പോൾ വളരെ നേരിയ ജെനറ്റിക് ബേസ് ആണുള്ളത്. അതുകൊണ്ടുതന്നെ ജനറ്റിക് വിഭവങ്ങൾ കൈമാറ്റം ചെയ്യുന്നതിനും മികച്ച ഇനങ്ങളുടെ വികസനത്തിനും രാജ്യാന്തര സഹകരണം ആവശ്യമാണ്. സെൻട്രൽ സിൽക്ക് ബോർഡ് ജപ്പാൻ ബൾഗേറിയ, ഉസ്ബെക്കിസ്ഥാൻ, റൊമേനിയ, ചൈന തുടങ്ങിയ രാജ്യങ്ങളുമായി ഇക്കാര്യങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കുന്നുണ്ട്.

**7. ആഗോള ബ്രാൻഡ് അംഗീകാരം**

ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ സിൽക്ക് ഉത്പാദകരാണെങ്കിലും രാജ്യത്തിന് ഇതുവരെയും രാജ്യാന്തര സിൽക്ക് വ്യാപാരത്തിന്റെ മുൻനിരയിലെത്താൻ സാധിച്ചിട്ടില്ല. ചൈനയെപ്പോലെ രാജ്യാന്തര അംഗീകാരവും ലഭിച്ചിട്ടില്ല. ബ്രാൻഡിന്റെ അഭാവമാണ് മുഖ്യകാരണം. ചൈനയ്ക്കും തായ്‌ലൻഡിനും ഈ അംഗീകാരമുണ്ട്. രാജ്യാന്തര വിപണിയിൽ ഇന്ത്യൻ സിൽക്കിന്റെ പ്രതിച്ഛായ മെച്ചപ്പെടുത്തുന്നതിന് സാമാന്യമായ സിൽക്ക് പ്രമോഷൻ പ്രചാരണ പരിപാടിയേ പരിഹാരമുള്ളു. വളരെ പ്രൊഫഷണലായി ഇന്ത്യയിൽ രാജ്യാന്തര സിൽക്ക് എക്സ്പോ സംഘടിപ്പിക്കുക, രാജ്യാന്തര എക്സ്പോകളിൽ ഇന്ത്യൻ കയറ്റുമതിക്കാരെ പങ്കെടുപ്പിക്കുക, ഇന്ത്യൻ സിൽക്കിന്റെ പുതിയ ഫാഷൻ ഉത്പന്നങ്ങൾ പുറത്തിറക്കുക, മാധ്യമങ്ങൾ വഴി പരസ്യ പ്രചാരണം നടത്തുക തുടങ്ങിയവയെല്ലാം ഈ ബ്രാൻഡിങ്ങിന്റെ ഭാഗമായി നടത്തണം.

**8. വനജന്യ സിൽക്കിന് ഊന്നൽ**

രാജ്യത്തെ മൊത്തം സിൽക്ക് ഉത്പാദനത്തിന്റെ 25 ശതമാനത്തിൽ താഴെയാണ് വനജന്യ സിൽക്കിന്റെ ഉത്പാദനം. ഇത്തരം സിൽക്ക് ചെടികൾ വളരെ കുറഞ്ഞ സ്ഥലത്തേയുള്ളുവെന്നതും അവ വളർത്തിയെടുക്കുവാൻ കൂടുതൽ സമയം വേണമെന്നതും പട്ടുനൂൽപ്പുഴു വിത്തുത്പാദനത്തിലെ ആവശ്യവും ലഭ്യതയും തമ്മിലുള്ള വിടവുമാണ് വനജന്യ സിൽക്കിന്റെ ഉത്പാദനം കുറഞ്ഞു നിൽക്കുവാൻ കാരണം.

ജെസ്റ്റേഷൻ സമയം കുറയ്ക്കുന്നതും ഉയർന്ന വേരോട്ടമുള്ളതും പെട്ടെന്നു വളരുന്നതുമായ ഇനങ്ങൾ കണ്ടെത്തണം. കൂടാതെ കുള്ളൻ ഇനത്തിലും കുറ്റിച്ചെടി ഇനത്തിൽ പെടുന്നതും കൂടുതൽ ഇലകളുള്ളതുമായ ഇനങ്ങൾ വികസിപ്പിച്ചെടുക്കുകയും വേണം. പട്ടുനൂൽപ്പുഴു വിത്ത് ഉത്പാദന സംവിധാനം ശക്തിപ്പെടുത്തുകയും മൾബറി പട്ടുനൂൽപ്പുഴുവിന്റെ വിത്തു ഗവേഷണത്തിനു തുല്യമായ വിധത്തിൽ വനജന്യ വിത്തു ഗവേഷണത്തിനും ഊന്നൽ നൽകണം. ഇത് ഇപ്പോഴത്തെ വനജന്യ സിൽക്കിന്റെ ലഭ്യതക്കുറവും സമയത്തുള്ള ലഭ്യതയും സംബന്ധിച്ച പ്രശ്നങ്ങൾക്കു പരിഹാരം നൽകും.

**9. പട്ടുനൂൽപ്പുഴു വളർത്തലിന്റെ കമ്പനിവത്കരണം**

ചൈനയിൽനിന്നു വ്യത്യസ്തമായി ചെറുകിട കർഷകരേയും ചെറുകിട റീലർമാരേയും ആശ്രയിച്ചാണ് ഇന്ത്യൻ പട്ടുനൂൽപ്പുഴു കൃഷി നിലനിൽക്കുന്നത്. ചൈനയിൽ ചെറിയ ഉത്പാദകരുണ്ടെങ്കിലും വലിയ ഉത്പാദകരെ ആശ്രയിച്ചാണ് പട്ടുനൂൽകൃഷി നീങ്ങുന്നത്. ചെറുകിട കർഷകരെ പിന്തുണയ്ക്കുന്നതിനൊപ്പം നാം യന്ത്രവത്കൃതമായ വൻ കൃഷിക്കു കൂടി തയാറാകണം. ഇതിനാവശ്യമായ പിന്തുണയും നൽകണം.

**10. ജനസംഖ്യയും പുതിയ പ്രതീക്ഷയും**

മറ്റു രാജ്യങ്ങളിൽനിന്നു വ്യത്യസ്തമായി, ജനസംഖ്യയിൽ 60 ശതമാനത്തിലധികം യുവാക്കളുള്ള ( 35 വയസിൽ താഴെ പ്രായം) രാജ്യമായി സമീപഭാവിയിൽ മാറുന്ന ലോകത്തെ ഒരേയൊരു രാജ്യമാണ് ഇന്ത്യ. സിൽക്ക് വ്യവസായത്തിന് ഇത് അധിക അനുകൂലാവസരമാണ് ഒരുക്കുന്നത്. ഈ വ്യവസായത്തിൽ സ്ത്രീകളുടെ പങ്കും കൂടുതൽ വ്യക്തമാണ്. ഇതിന്റെ ഫലമായി അവരുടെ സാമ്പത്തിക ശാക്തീകരണത്തിനു വേഗം കൂടുകയും ചെയ്യുന്നു.

**11. വായ്പാ സഹായത്താന്റെ അപര്യാപ്തത**

ആവശ്യമുള്ള കർഷകർക്കും റീലർമാർക്കും നെയ്ത്തുകാർക്കും മറ്റും മതിയായ വായ്പ ലഭ്യമാക്കുന്നത് ഗുണമേന്മയും ഉത്പാദനക്ഷതയും മെച്ചപ്പെടുത്തുന്നതിനു സഹായിക്കും. കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും എന്ന വിഭാഗത്തിൽ പട്ടുനൂൽപ്പുഴു വളർത്തലിനേയും ഉൾപ്പെടുത്തണം. ചെറുകിട, ഇടത്തരം സ്ഥാപനങ്ങൾക്കുള്ള മാനദണ്ഡം പാലിക്കുന്ന റീലിംഗ് സെക്ടറിന് മുൻഗണന നൽകി വായ്പയ്ക്ക് അർഹരാക്കണം. ബാങ്കിംഗ് അവബോധ പരിപാടി വഴി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് ( ജെഎൽജി) ബാങ്കു വായ്പ ലഭ്യമാക്കുവാൻ സെൻട്രൽ സിൽക്ക് ബോർഡ് ആവശ്യമായ പിന്തുണ നൽകിയാൽ ഈ മേഖലയിലേക്കുള്ള വായ്പാ സഹായം ഒരു പരിധിവരെ മെച്ചപ്പെടും.

**12. പട്ടുനൂൽപ്പുഴു കൃഷി വികസനത്തിന് ഐടിയും റിമോട്ട് സെൻസിംഗ് ആപ്ലിക്കേഷനും**

രാജ്യത്തു പട്ടുനൂൽപ്പുഴു കൃഷി വികസിപ്പിക്കുന്നതിനു നിലവിലുള്ളതും സാധ്യതയുള്ളതുമായ വിവിധ സംസ്ഥാനങ്ങളിലെ മേഖലകളെ ഐഎസ്ആർഒയുടെ റിമോട്ട് സെൻസിംഗ് ഉപഗ്രഹ സഹായത്തോടെയുള്ള ചിത്രങ്ങൾ ഉപയോഗിച്ചു മാപ്പ് ചെയ്യണം. കർഷകർ, റീലർമാർ, നെയ്ത്തുകാർ തുടങ്ങിയവർക്ക് ആവശ്യമായ കൃത്യമായ വിവരങ്ങൾ ആപ്പ് ഡോട്ട് നെറ്റ്, കിയോസ്ക് തുടങ്ങിയ ഐടി സങ്കേതങ്ങൾ വഴി ലഭ്യമാക്കണം. ഇത് അവരുടെ ശാക്തീകരണത്തിനു വഴി തെളിക്കും.



നോർത്ത് ഈസ്റ്റേൺ സ്പേസ് ആപ്ളിക്കേഷൻ സെന്ററുമായി ചേർന്ന് സെൻട്രൽ സിൽക്ക് ബോർഡ് SILKS (സെറികൾച്ചർ ഇൻഫോമേഷൻ ലിങ്കേജ് നോളഡ്ജ് സിസ്റ്റം) പോർട്ടൽ പന്ത്രണ്ടാം പദ്ധതിയിൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി രാജ്യത്തൊട്ടാകെ പട്ടുനൂൽപ്പുഴു കൃഷി വികസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പോർട്ടൽ വികസിപ്പിച്ചിട്ടുള്ളത്.

**13. പട്ടുനൂൽപ്പുഴു കൃഷിയുടെ യന്ത്രവത്കരണം**

മൾബറി കൃഷി, പട്ടുനൂൽപ്പുഴു വളർത്തൽ, വിത്ത് ഉത്പാദനം, കൊക്കൂൺ ശേഖരിക്കൽ തുടങ്ങിയവ യന്ത്രവത്കരിക്കാനുള്ള ശ്രമം നടക്കുകയാണ്. ഇത് ഉത്പാദന സാധ്യത വർധിപ്പിക്കുമെന്നു മാത്രമല്ല, സമയം, തൊഴിൽ ശക്തി തുടങ്ങിയവ ലാഭിക്കുവാനും സഹായിക്കും. ഇത് വൻതോതിലുള്ള കൃഷിക്ക് വലിയ അനുഗ്രഹമായിരിക്കും.

**14. വിലയിലെ അനിശ്ചിതാവസ്ഥ**

കൃഷിക്കാർക്കും റീലർമാർക്കും അവരുടെ അസംസ്കൃത സിൽക്ക്, കൊക്കൂൺ തുടങ്ങിയവയ്ക്ക് സ്ഥിരതയുള്ളതും ലാഭകരവുമായ വില ഉറപ്പാക്കണം. ഇത് ഈ മേഖലയിലേക്കു കൂടുതൽ

നിക്ഷേപം കൊണ്ടുവരും. കൂടുതൽ ഉത്പാദനവും ഉറപ്പാക്കും.

വിപണന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള ചില നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുകയാണ്:

- ഗവൺമെന്റ് വിപണികളിൽ ഇ- ഓക്ഷൻ നടപ്പിലാക്കുക.
- വില സ്ഥിരതാ ഫണ്ട് രൂപീകരിക്കുക.
- കൊക്കൂൺ ബാങ്ക് സ്ഥാപിക്കുക.
- യാൺ ബാങ്ക് സ്ഥാപിക്കുക.

**15. കാലാവസ്ഥാനുസൃത സെറികൾച്ചർ**

കാലാവസ്ഥയ്ക്ക് അനുസൃതമായുള്ള പട്ടുനൂൽപ്പുഴുകൃഷി സാങ്കേതിക വിദ്യ ഉരുത്തിരിയുന്നത് ഉത്പാദനക്ഷമത വർധിപ്പിക്കുന്നതിന് ഇടയാക്കും. ഇതിൽതന്നെ ഊന്നൽ നൽകേണ്ടത്, മോശമായ സാഹചര്യത്തിലും നിലനിൽക്കാൻ കഴിവുള്ള ചെടി ഇനങ്ങളും ഹാർഡ് ബിവോൾട്ടൈൻ വിത്തുകളും കണ്ടെത്തി വികസിപ്പിക്കുക എന്നതിനാണ്.

**16. ഉപോത്പന്ന ഉപയോഗം**

സിൽക്ക് വേം പ്യൂപ്പ, സെറിസിൻ, സിൽക്ക് വേസ്റ്റ് തുടങ്ങിയ ഉപോത്പന്നങ്ങൾ അധിക വരുമാനത്തിനു ഫലപ്രദമായി ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു.

**17. സിൽക്കിന്റെ ടെക്സ്റ്റൈൽ ഇതര ഉപയോഗം**

സിൽക്ക് നൂലുപയോഗിച്ചു തുണിത്തരങ്ങൾ നിർമ്മിക്കുന്നതിനു പുറമേ വളരെയധികം ഉപോത്പന്നങ്ങൾ നിർമ്മിക്കുവാൻ സാധിക്കും. ഇവ ജാഗ്രതയോടെയും ശ്രദ്ധയോടെയും ഉപയോഗിച്ചാൽ സെറികൾച്ചൽ ഉത്പന്നങ്ങളുടെ മൂല്യം വർധിപ്പിക്കുവാനും ലാഭക്ഷമത ഉയർത്താനും സാധിക്കും. ബയോമെഡിക്കൽ സയൻസിന്റെ വളർച്ച സിൽക്ക് അടിസ്ഥാനമാക്കിയുള്ള നിരവധി ഉത്പന്നങ്ങൾക്കു സാധ്യത വർധിച്ചിട്ടുണ്ട്. സ്പോഞ്ച്, സ്കാഫോൾഡ്, ജെൽ, നാനോ പാർട്ടിക്കിൾ, നാനോ ഫൈബ്രിൽ തുടങ്ങിയ നിരവധി ജൈവ ഉത്പന്നങ്ങൾ നിർമിക്കുവാൻ സിൽക്ക് ഉപയോഗപ്പെടുത്താനാകും.

**ഉപസംഹാരം**

ആഗോള, ആഭ്യന്തര വിപണികളിൽ സിൽക്ക് ഉത്പന്നങ്ങളുടെ ആവശ്യകത വർധിക്കുകയാണ്. ഇതോടൊപ്പം താഴെത്തട്ടിൽ തൊഴിലും ഗ്രാമീണ, അർധ നഗരങ്ങളിൽ സാമ്പത്തിക ഭദ്രതയും ലഭ്യമാക്കുന്നു. സമൂഹ്യമായി പിന്നോക്കം നിൽക്കുന്നവരും സമൂഹത്തിലെ വരുമാനം കുറഞ്ഞ വിഭാഗത്തിൽപ്പെട്ടവരും ഈ വ്യവസായത്തിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. പ്രത്യേകിച്ച് സ്ത്രീകൾക്ക് ഇതിൽ വലിയ പങ്കാണുള്ളത്. ഇതിനെല്ലാം പുറമേ കയറ്റുമതി വരുമാനത്തിലും സിൽക്ക് വ്യവസായം നല്ല പങ്കു വഹിക്കുന്നുണ്ട്. ഇവയെല്ലാം കണക്കിലെടുക്കുമ്പോൾ വിവേകത്തോടെയുള്ള നിക്ഷേപവും ദീർഘകാല ആസൂത്രണവും വഴി കൂടുതൽ വികസനം അർഹിക്കുന്ന മേഖലയാണ് സിൽക്ക് വ്യവസായം.

*(ലേഖകർ യഥാക്രമം കേന്ദ്ര സിൽക്ക് ബോർഡ് ഡയറക്ടർ, ജോയിന്റ് സെക്രട്ടറി, മെമ്പർ സെക്രട്ടറി എന്നിവരാണ്)*

*വിജ്ഞാനപാത*

## കരകൗശല വികസനത്തിനായി USTTAD പദ്ധതി

പരമ്പരാഗത കരകൗശല തൊഴിലാളികളുടെ നൈപുണ്യ വികസനത്തിനായി 2015 മെയ് 14ന് USTTAD (Upgrading the Skills and Training in Traditional Arts/Crafts for Development) പദ്ധതിക്ക് കേന്ദ്ര ന്യൂനപക്ഷ/പാർലമെന്ററികാര്യ സഹമന്ത്രി ശ്രീ. മുക്തർ അബ്ബാസ് നഖ്‌വി വാരാണാസിയിൽ തുടക്കം കുറിച്ചു. കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിനാണ് പദ്ധതി നടത്തിപ്പ് ചുമതല. നെയ്ത്തുകാർ, കൈതൊഴിൽ വിദഗ്ധർ, കരകൗശല തൊഴിലാളികൾ തുടങ്ങിയവരുടെ നൈപുണ്യ വികസനത്തിലൂടെ അവർ നിർമ്മിക്കുന്ന ഉത്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്തുവാൻ പദ്ധതി ലക്ഷ്യമിടുന്നു.



# ഇന്ത്യൻ വസ്ത്ര വ്യവസായ രംഗത്തെ പുതിയ പ്രവണതകൾ

അദിഥി ദാസ് റാവത്

വ്യാവസായിക വിപ്ലവത്തിനു മുന്നേതന്നെ വസ്ത്രവ്യാപാരത്തിൽ ഇന്ത്യ ലോക പ്രശസ്തമായിരുന്നു. മുഗൾ ഭരണകാലത്ത് രാജ്യം സന്ദർശിച്ച ഇബൻ ബത്തുത്തയെപ്പോലുള്ള നിരവധി വിദേശ സഞ്ചാരികൾ ഇന്ത്യൻ വിപണിയിൽ ലഭിച്ചിരുന്ന മനോഹരങ്ങളായ തുണിത്തരങ്ങളെ കുറിച്ചുള്ള വിവരണങ്ങൾ നല്കുന്നുണ്ട്. പൗരാണിക കാലത്ത് ഇന്ത്യൻ തുണിത്തരങ്ങൾ ചൈനയിലും ഇന്തോനേഷ്യയിലും റോമാസാമ്രാജ്യത്തിലും വൻതോതിൽ വിറ്റഴിച്ചിരുന്നു. റോമിൽ നിന്ന് കപ്പൽ മാർഗം എത്തിയിരുന്ന വ്യാപാരികളുടെ വരവ് നിലച്ചതോടെ അറബികളും തുടർന്ന് പോർച്ചുഗീസുകാരും ഒടുവിൽ 15-ാം നൂറ്റാണ്ടിന്റെ അവസാന പാദത്തോടെ വാസ്കോഡി ഗാമയും ഇന്ത്യയിലെത്തി. ഇതിനിടെ 16-ാം നൂറ്റാണ്ടിൽ ലാഭകരമായ ഈ വ്യാപാര ബന്ധത്തിന്റെ ഭാഗമായി യൂറോപ്യൻ കമ്പനികൾ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ അവരുടെ അടിസ്ഥാനം ഉറപ്പിക്കുകയും ചെയ്തു കഴിഞ്ഞിരുന്നു. ഒരു കാലത്ത് ലോകത്തിൽ ഏറ്റവും കൂടുതൽ വസ്ത്രങ്ങൾ കയറ്റുമതി ചെയ്തിരുന്നത് ഇന്ത്യയായിരുന്നു. 18, 19 നൂറ്റാണ്ടുകൾ ഇന്ത്യൻ തുണി വ്യാപാരത്തിന്റെ സുവർണ കാലമായിരുന്നു.

മുഗൾ ഭരണകാലത്ത് ഇന്ത്യയിലേയ്ക്കുള്ള പ്രധാന ഇറക്കുമതി ഉത്പന്നങ്ങൾ സ്വർണ്ണക്കട്ടി,അസംസ്കൃത പട്ട്, കുതിരകൾ, ആനക്കൊമ്പ്, രത്നങ്ങൾ, വെൽവെറ്റ്, ചിത്രകമ്പളങ്ങൾ എന്നിവയായിരുന്നു. കയറ്റുമതി പ്രധാനമായും വിവിധയിനം തുണിത്തരങ്ങൾ, നീലം, സുഗന്ധവ്യഞ്ജനങ്ങൾ, തുടങ്ങിയവയായിരുന്നു. സുരക്ഷാ കാരണങ്ങളാൽ കരമാർഗമുള്ള യാത്രകൾക്ക് നിയന്ത്രണം ഉണ്ടായിരുന്നു. കടൽ പാതകളും നദികളുമായിരുന്നു വ്യാപാര ആവശ്യങ്ങൾക്ക് അന്ന് ഏറ്റവുമധികം ഉപകരിച്ചിരുന്നത്. നൂറ്റാണ്ടുകളായി ദക്ഷിണപൂർവേഷ്യയിൽ നിന്ന് ഇന്ത്യൻ മഹാസമുദ്ര പാതകളിലൂടെ ധാരാളമായി വ്യാപാരികൾ എത്തിയിരുന്നത് ഇന്ത്യൻ തുണിത്തരങ്ങളുടെ വ്യാപാരത്തിനായിരുന്നു.

വിദേശികൾ ഇന്ത്യൻ തുണിത്തരങ്ങൾ കൂടുതലായി വാങ്ങാൻ താല്പര്യം കാണിച്ചിരുന്നത്, അവയ്ക്ക് താരതമ്യേന വില കുറവായിരുന്നു എന്നതുകൊണ്ടു മാത്രമല്ല അവയുടെ മനോഹാരിത കൊണ്ടു കൂടി ആയിരുന്നു. വിദേശവിപണികളിലെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ഇന്ത്യയിലെ കലാകാരന്മാർ തുണികളിൽ പുതുമയാർന്ന ഡിസൈനുകൾ നല്കിയിരുന്നു. ഡിസൈനുകളിൽ പുത്തൻ തരംഗങ്ങൾ തന്നെ അവർ പരീക്ഷിച്ചിരുന്നു. ഇന്ത്യയിലെ നെയ്ത്തുകാരും, തുണികൾക്ക് ചായം മുക്കുന്നവരും സാങ്കേതിക വിദഗ്ധരായിരുന്നു. ഡിമാന്റുകൾ മാറുന്നതനുസരിച്ച് അവർ സാങ്കേതിക വിദ്യകളും മാറ്റുമായിരുന്നു. ഇന്ത്യൻ തുണികളുടെ പൊതുജന സ്വീകാര്യത തിട്ടപ്പെടുത്തുന്നതിന് അക്കാലത്തെ ഇംഗ്ലീഷ് ലെക്സിക്കണിൽ അവയ്ക്ക് നല്കിയിരുന്ന കാലിക്കോ, പജമ, മസ്ലിൻ, ഗിംങ് ഹാം, ഷാൾ, ദുങ്കരി, ചിന്റ്സ്, കാക്കി തുടങ്ങിയ പേരുകൾ മാത്രം പരിശോധിച്ചാൽ മതിയാവും.

## ആഗോള വസ്ത്ര വ്യാപാര മേഖലയിലെ പ്രവണതകൾ

കൊളോണിയൽ ഭരണകാലത്ത് ഇന്ത്യയിലേയ്ക്ക് യന്ത്രനിർമിതവും വിലകുറഞ്ഞതുമായ വസ്ത്രങ്ങളുടെ വൻ തോതിലുള്ള ഇറക്കുമതി ഉണ്ടായി. ഇത് ഇന്ത്യയിലെ ഗാർഹികാടിസ്ഥാനത്തിലുള്ള നൂൽനൂൽപ്പിനെ തകർക്കുകയും നെയ്ത്തുകാരെ അസംഘടിതമാക്കുകയും ചെയ്തു. അടുത്തകാലത്ത് ആഗോളവത്ക്കരണത്തിന്റെ ഭാഗമായുള്ള മാറ്റങ്ങൾ സമഗ്രമായ ആഗോള വിതരണ ശൃംഖകളിൽ നിന്ന് വെല്ലുവിളികളുടെ ഒരു കാലഘട്ടത്തിലേയ്ക്ക് നമ്മെ തള്ളിവിടുകയുണ്ടായി. പരിവർത്തന വിധേയമായ ഇന്ത്യൻ കൈത്തറിമേഖല വിലപിടിപ്പുള്ള ഉത്പ്പന്നങ്ങളും മത്സരമില്ലാത്ത വിപണിയുമായി മുന്നോട്ട് നീങ്ങുകയാണ്.

അടുത്ത കാലത്തായി ആഗോള വ്യാപാര മേഖല മാന്ദ്യത്തിലേയ്ക്കു കൂപ്പുകുത്തിയതോടെ, വികസിത രാജ്യങ്ങളിലെ ഉത്പാദനം അസന്തുലിതവും, വികസ്വര രാജ്യങ്ങളിലെ വളർച്ചാ നിരക്ക് പരിമിതമായും രേഖപ്പെടുത്തപ്പെട്ടു. ലോകവ്യാപാര മേഖലയിലെ വളർച്ചാ നിരക്ക് 2.8 ശതമാനം രേഖപ്പെടുത്തി, 2015 ലേതുപോലെ മാറ്റമില്ലാതെ മാന്ദ്യത്തിൽ തുടരും എന്നാണ് സാമ്പത്തിക വിദഗ്ധരുടെ നിഗമനം. വികസിത രാജ്യങ്ങളിലെ ഇറക്കുമതി ഈ വർഷവും പരിമിതമായിരിക്കും. അതേ സമയം ഏഷ്യയിലെ വികസ്വര രാജ്യങ്ങളിൽ ഇറക്കുമതി ഉത്പന്നങ്ങളുടെ ആവശ്യം ഉയരും എന്നാണ് ലോകവ്യാപാര സംഘടനയുടെ നിരീക്ഷണം. ആഗോള വ്യാപാര വളർച്ച 2017 ൽ 3.6 ശതമാനമായി ഉയരും എന്ന് ലോക വ്യാപാര സംഘടനയുടെ സാമ്പത്തിക വിദഗ്ധർ പ്രതീക്ഷിക്കുന്നു.

ആഗോള വ്യാപാര കാലാവസ്ഥ ഇന്ന് സ്വാഭാവിക വെല്ലുവിളികളെ നേരിടുകയാണ്. പരമ്പരാഗത വിപണികളായ അമേരിക്ക, യൂറോപ്പ് എന്നിവ നമ്മുടെ തുണികയറ്റുമതിയുടെ ശക്തികേന്ദ്രങ്ങളായി തുടരുമ്പോഴും അടുത്ത ഏതാനും വർഷങ്ങളായി ഇന്ത്യയുടെ വ്യാപാര ദിശ സാവകാശം പുത്തൻ വിപണികളിലേയ്ക്ക് തിരിഞ്ഞിരിക്കുന്നു. ചില വൻ സമ്പദ് വ്യവസ്ഥകൾ കനത്ത വെല്ലുവിളികളുടെ മധ്യത്തിലാണ്. 2016 ൽ മെച്ചപ്പെട്ട സാമ്പത്തിക വളർച്ചയിലേയ്ക്ക് രാജ്യങ്ങൾ തിരികെ എത്തുമെന്ന പ്രവചിച്ചിരുന്നെങ്കിലും ഉയർന്നു വരുന്ന സമ്പദ് വ്യവസ്ഥകളായ ബ്രസീൽ, ഇന്ത്യ, ഇന്തോനേഷ്യ, മെക്സിക്കോ, റഷ്യൻ ഫെഡറേഷൻ, സൗത്ത് ആഫ്രിക്ക, ടർക്കി എന്നിവ ദുർബലമായ വളർച്ച തുടരാനാണ് സാധ്യത.

ഈ പശ്ചാത്തലത്തിൽ ചൈനയുടെ സാമ്പത്തിക തളർച്ച വളരെ നിർണായകമാണ്. കാരണം ഉയർന്നു വരുന്ന ഇതര സമ്പദ് വ്യവസ്ഥകളെയും, ചെറിയ വികസ്വര രാജ്യങ്ങളെയും, സാമ്പത്തിക സംക്രമണം നടക്കുന്ന സമ്പദ് വ്യവസ്ഥകളെയും അത് പ്രതികൂലമായി ബാധിക്കും. മാത്രവുമല്ല, വികസിത രാജ്യങ്ങൾ, പ്രത്യേകിച്ച് യൂറോപ്യൻ മേഖല നേടിയിരിക്കുന്ന അതിലോലമായ വളർച്ചയെ അത് താറുമാറാക്കുകയും ചെയ്യും.

ചരിത്രപരമായി സ്ത്രീകൾക്കും വിദഗ്ധ അവിദഗ്ധ തൊഴിലാളികൾക്കും ധാരാളം തൊഴിലവസരങ്ങൾ നല്കുന്നതിനാൽ തുണി വ്യവസായത്തിന്റെ വികാസം വ്യവസായവത്ക്കരണത്തിലേയ്ക്കുള്ള ചവിട്ടുപടിയാണ്. ഉർന്ന വൈദഗ്ധ്യം ആവശ്യമുള്ള നിർ

മ്മാണ മേഖലയിലേയ്ക്കും അതിവേഗം വികസിക്കുന്ന സേവന മേഖലയിലേയ്ക്കും മാറിക്കൊണ്ടിരിക്കുന്ന ചൈനയിൽ  തുണിവ്യവസായ മേഖല ചുരുങ്ങിയാൽ അത് ആഗോള വസ്ത്രവ്യാപാരത്തിൽ പുതിയ കാലഘട്ടത്തിന് തുടക്കം കുറിക്കും.

## ആഗോള വസ്ത്ര കയറ്റുമതി മേഖല

നിലവിലുള്ള ആഗോള വസ്ത്രവിപണി 1,100 ദശലക്ഷം അമേരിക്കൻ ഡോളറിന്റേതാണ്. ഇതിന്റെ വ്യാപാരമൂല്യം 750 ദശലക്ഷം ഡോളറിനു മുകളിലാണ്. യൂറോപ്യൻ യൂണിയനാണ് ഏറ്റവും വലിയ ഉപഭോക്തൃവിപണി. പ്രതിവർഷം ഏകദേശം 350 ദശലക്ഷം ഡോളറാണ് വ്യാപാരം. ആഗോള വസ്ത്ര വിപണിയുടെ പ്രതിവർഷ വളർച്ചാ നിരക്ക് പ്രവചിക്കപ്പെട്ടിരിക്കുന്നത് 5 ശതമാനമാണ്. ഇതുപ്രകാരം 2025 ൽ എത്തുമ്പോൾ വിപണി 2100 ദശലക്ഷം ഡോളർ മറികടക്കും.

ചൈനയാണ് ലോകത്തിലെ ഏറ്റവും വലിയ തുണിത്തര കയറ്റുമതി രാജ്യം. ഏകദേശം 35-39 ശതമാനമാണ് ലോക തുണിത്തര കയറ്റുമതിയിലെ ചൈനയുടെ വിഹിതം. യൂറോപ്യൻ യൂണിയൻ, ബംഗ്ലാദേശ്, ഹോങ്കോങ്, വിയറ്റ്നാം, ഇന്ത്യ, ടർക്കി, ഇന്തോനേഷ്യ, അമേരിക്ക, കമ്പോഡിയ എന്നിവ അവർക്കു പിന്നിലും. ലോകത്തിൽ ഏറ്റവും കൂടുതൽ തുണിത്തരങ്ങൾ ഇറക്കുമതി ചെയ്യുന്നത് യൂറോപ്യൻ യൂണിയനാണ്. ഏകദേശം 35-38 ശതമാനം വരും ഇത്. അമേരിക്ക 18 ശതമാനവും ജപ്പാൻ 6 ശതമാനവും തുണികൾ ഇറക്കുമതി ചെയ്യുന്നു. അവയ്ക്കു പിന്നിൽ ഹോങ്കോങ്, കാനഡ, റഷ്യ, ദക്ഷിണ കൊറിയ, ഓസ്ട്രേലിയ, സ്വിറ്റ്സർലണ്ട്, ചൈന എന്നിവരാണ്. ആഗോളാടിസ്ഥാനത്തിൽ നോക്കുമ്പോൾ ഈ ഏഴു രാജ്യങ്ങളുടെ വസ്ത്ര ഇറക്കുമതി നാമമാത്രമാണ്.

കഴിഞ്ഞ അഞ്ചു വർഷത്തിലധികമായി ലോക രാജ്യങ്ങളിലേയ്ക്ക് വസ്ത്രങ്ങളും തുണിത്തരങ്ങളും ഏറ്റവും കൂടുതൽ വിതരണം ചെയ്യുന്നത് ചൈനയാണ്. തുണിമില്ലുകളുടെ നവീകരണത്തിനും നിർമ്മാണത്തിനുമായി കനത്ത മൂലധനനിക്ഷേപം നടത്താൻ ചൈനയ്ക്ക് സാധിച്ചു. ഏറ്റവുമധികം നെയ്ത്ത് യന്ത്രങ്ങൾ ഇറക്കുമതി ചെയ്യുന്ന രാജ്യവും ചൈന തന്നെ. അതിനാൽ നമ്മുടെ തുണിത്തരങ്ങളുടെ ആഗോളവിപണി കൂടുതൽ വ്യാപകമാക്കേണ്ടതുണ്ട്. പക്ഷെ ആഗോള വിപണിയുടെ തിരച്ചടികൾ മറികടക്കാൻ ആഭ്യന്തരവിപണിയിലെ ആവശ്യം ഉയർത്തുകയും വേണം.

## ഇന്ത്യയുടെ തുണിത്തര കയറ്റുമതി

ലോക വ്യാപാര സംഘടനയുടെ 2015 ലെ അന്താരാഷ്ട്ര വ്യാപാര സ്ഥിതിവിവര കണക്കു പ്രകാരം ലോകത്തിലെ തുണികയറ്റുമതിയിൽ മൂന്നാം സ്ഥാനത്ത് നില്ക്കുന്നത് ഇന്ത്യയാണ്. 2014 ലെ ഇന്ത്യയുടെ ആഗോള കയറ്റുമതി വിഹിതം 5.8 ശതമാനമാണ്. 2014 ൽ ആകെ നടന്ന 41 ദശലക്ഷം ഡോളറിന്റെ കയറ്റുമതിയിൽ ഇന്ത്യയിൽ നിന്ന് 18.3 ദശലക്ഷം ഡോളറിന്റെ തുണിത്തരങ്ങൾ ലോകവിപണിയിലെത്തി. റെഡിമെയ്ഡ് വസ്ത്രങ്ങളുടെ കയറ്റുമതിയിൽ 3.7 ശതമാനവുമായി ലോകത്ത് നാം ആറാം സ്ഥാനത്ത് നില്ക്കുന്നു. 2014 ൽ നടന്ന 483 ദശലക്ഷം ഡോളറിന്റെ ആഗോള വ്യാപാരത്തിൽ 41 ദശലക്ഷം ഡോളറിന്റെ മൊത്തം കയറ്റുമതിയിൽ ഇന്ത്യയുടെ വിഹിതം 18 ദശലക്ഷം ഡോളറിന്റെ ഉത്പന്നങ്ങളായിരുന്നു.

കയറ്റുമതിയിൽ നിന്ന് ഇന്ത്യൻ വസ്ത്ര വ്യവസായം നേടുന്ന ആദായം മേഖലയുടെ  മൂല്യവും കരുത്തും വർധിപ്പിക്കുന്നു. ആഗോള കമ്പോള അന്തരീക്ഷം ദുർബലമായിരുന്നിട്ടും, കുത്തനെ ഉയർന്ന ഊർജ്ജ-ഗതാഗത-വേതന ചെലവുകൾ ആഭ്യന്തര വെല്ലുവിളികൾ ഉയർത്തിയിട്ടും, 2015-16 ൽ ഇതര മേഖലകളിലെ കയറ്റുമതിയുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യയുടെ കയറ്റുമതിയിൽ 14 ശതമാനം വിഹിതവുമായി തുണിവ്യവസായം മുന്നിലാണ്.

## പുതിയ വ്യവസായ കേന്ദ്രങ്ങൾ

താരതമ്യേന കുറഞ്ഞ വേതന ചെലവുകളായിരുന്നു തുണിവ്യവസായ മേഖലയിൽ ഇന്ത്യയ്ക്കുണ്ടായിരുന്ന മേൽക്കൈ. എന്നാൽ വേതന നിരക്കിൽ മാത്രമല്ല, തൊഴിലാളികളുടെ വൈദഗ്ധ്യം പോലുള്ള മേഖലകളിലും നാം ബംഗ്ലാദേശ്, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് കനത്ത മത്സരം നേരിടുന്നു. ബംഗ്ലാദേശിലെ കയറ്റുമതി കേന്ദ്രീകൃത വ്യവസായ മേഖല ആ രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാ

ദനത്തിന്റെ നാലിൽ ഒന്ന് നേടിക്കൊണ്ട് ആഗോള ഉത്പാദന കേന്ദ്രമായി വളർച്ച തുടരുകയാണ്. ബംഗ്ലാദേശ് മാത്രമല്ല, വിയറ്റ്നാം, കമ്പോഡിയ, എത്യോപ്യ, മ്യാൻമർ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും റെഡിമെയ്ഡ് വ്യാപാര മേഖലയിൽ ഇന്ത്യക്ക് കനത്ത മത്സരം നേരിടേണ്ടി വരുന്നു. മ്യാൻമറിലെ വസ്ത്രവ്യവസായ രംഗം വരും വർഷങ്ങളിൽ വൻ വളർച്ച നേടുമെന്നാണ് പ്രവചനം. 2020 ആകുമ്പോഴേയ്ക്കും മ്യാൻമറിൽ വസ്ത്രനിർമാണ വ്യവസായത്തിൽ മാത്രം 1.5 ദശലക്ഷം പുതിയ തൊഴിലവസരങ്ങൾ ഉണ്ടാകും എന്നാണ് കണക്കുകൂട്ടൽ. 2015 മധ്യത്തിൽ ഇത് 230,000 ആയിരുന്നു.നാഷണൽ എക്സ്പോർട്ട് സ്ട്രാറ്റജി 2015-19 എന്ന പേരിൽ മ്യാൻമർ ഗവൺമെന്റ് പ്രസിദ്ധീകരിച്ചിരിക്കുന്ന രേഖയിൽ തുണി-വസ്ത്ര നിർമ്മാണ വ്യവസായത്തിൽ വൻ മുന്നേറ്റം നടത്തുമെന്നാണ് പ്രഖ്യാപിച്ചിരിക്കുന്നത്. ഉത്പാദനം വർധിപ്പിക്കാനും വസ്ത്രങ്ങളുടെ കട്ടിങ്, നിർമ്മിതി, പായ്ക്കിങ് എന്നിവയിൽ കർശനമായ ഗുണമേന്മാ മാനദണ്ഡങ്ങൾ പാലിച്ച് കഴിയുന്നത്ര കൂടുതൽ വിദേശ വിപണികൾ പിടിച്ചടക്കാനുമാണ് നിർമ്മാതാക്കൾക്ക് നിർദ്ദേശം നല്കിയിരിക്കുന്നത്. ന്യായമായ നികുതി ഇളവും നല്കുന്നുണ്ട്.

അസംസ്കൃത വസ്തുക്കൾ, കുറഞ്ഞ കൂലി നിരക്ക്, തുച്ഛമായ ഊർജ്ജ നിരക്ക് തുടങ്ങി തുണി വ്യവസായത്തിൽ ആരുമായും മത്സരിക്കാനുള്ള എല്ലാ ഘടകങ്ങളും എത്യോപ്യയ്ക്ക് ഉണ്ട്. പഞ്ഞിയുടെ പ്രാദേശിക ഉത്പാദനമാണ് വസ്ത്രവ്യവസായത്തിൽ എത്യോപ്യയുടെ കുത്തനെയുള്ള വളർച്ചയുടെ അടിസ്ഥാനം. പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന പഞ്ഞിയെ ആശ്രയിക്കുന്ന വസ്ത്ര മേഖലയിലെ ഉടുപ്പ് നിർമ്മാണ ഫാക്ടറികളുമായി ഇതിനെ ബന്ധിപ്പിച്ചാൽ മാത്രം മതി. തുണി വ്യവസായത്തിൽ വിദേശ നിക്ഷേപകരെ ആകർഷിച്ചുകൊണ്ട് വസ്ത്ര നിർമ്മാണ മേഖല ആധുനികവത്ക്കരിക്കാൻ എത്യോപ്യ രംഗത്തിറങ്ങിയിരിക്കുകയാണ്. ആഫ്രിക്കൻ ഗ്രോത്ത് ആൻഡ് ഓപ്പർച്യൂണിറ്റീസ് ആക്ട്, കോമൺ മാർക്കറ്റ് ഓഫ് ഈസ്റ്റേൺ ആന്റ് സതേൺ ആഫ്രിക്ക എന്നിവ വഴി പല രാജ്യങ്ങളുമായും നിരവധി വ്യാപാര കരാറുകൾ ഒപ്പു വച്ചുകൊണ്ട് കയറ്റുമതിയിൽ അവർ പുതിയ അവസരങ്ങൾ തേടുന്നു. യൂറോപ്യൻ യൂണിയനെ ലക്ഷ്യമാക്കി ലെസർ ഡവലപ്ഡ് ബെനഫിഷ്യറി കൺട്രീസ് രൂപം നല്കിയിരിക്കുന്ന 'ആയുധങ്ങൾ ഒഴികെ എന്തും' എന്ന പരിപാടിയിൽ എത്യോപ്യയും പങ്കാളിയാണ്.

ലോകബാങ്ക് രേഖ പ്രകാരം ബംഗ്ലാദേശ്, കമ്പോഡിയ, എത്യോപ്യ, മ്യാൻമർ, വിയറ്റ്നാം എന്നീ രാജ്യങ്ങളുടെ 2015 ലെ മൊത്ത ആഭ്യന്തര ഉത്പാദന നിരക്ക് യഥാക്രമം 6.6%, 7%, 9.6%, 7%, 6.7% എന്നിങ്ങനെയാണ്. ഈ രാജ്യങ്ങളാണ് പുതിയ ഉത്പ്പന്ന നിർമ്മാതാക്കളും അവയുടെ പുതിയ കയറ്റുമതി ഹബ്ബുകളും. ഇവർ പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും പുതിയ മൂലധന നിക്ഷേപം ആകർഷിക്കുകയും, ഉത്പാദനം വർധിപ്പിക്കുകയും ചൈനയിൽ നിന്ന് അകന്നു പോവുകയും ചെയ്യുന്നു. ചുരുക്കത്തിൽ ആസന്ന ഭാവിയിൽ ഉപഭോക്തൃ ഉത്പന്നങ്ങളുടെ വ്യവസായം ഈ ദക്ഷിണ പൂർവ ഏഷ്യൻ രാജ്യങ്ങളിൽ വൻ വളർച്ച നേടും.

ടെക്സ്റ്റൈൽ ഇന്റലിജന്റ്സ് ലിമിറ്റഡിന്റെ 2016 ലെ റിപ്പോർട്ട് പ്രകാരം, 2000-ൽ ആഫ്രിക്കൻ ഗ്രോത്ത് ആൻഡ് ഓപ്പർച്യൂണിറ്റി ആക്ട് നിലവിൽ വന്നതിനു ശേഷം വസ്ത്ര ഉത്പ്പന്ന കയറ്റുമതിയിൽ വൻ വളർച്ചയാണ് ആഫ്രിക്ക നേടിയിരിക്കുന്നത്. സബ്-സഹാറാ രാജ്യങ്ങളിലെ വ്യാപാരികൾക്ക് അമേരിക്കൻ വിപണിയിലേയ്ക്ക് നികുതി ഇല്ലാതെ ഉത്പ്പന്നങ്ങൾ കയറ്റി അയക്കാനുള്ള അവസരങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ട്, വസ്ത്രനിർമ്മാണ വ്യവസായം വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ നിയമം രൂപകല്പന ചെയ്തിരിക്കുന്നത്. ഈ നിയമം പ്രാബല്യത്തിൽ വന്നതു മുതൽ നിരവധി സബ് -സഹാറാ രാജ്യങ്ങളിലെ വസ്ത്ര കയറ്റുമതി വർധിച്ചു. മേഖലയിലെ വസ്ത്ര നിർമ്മാണവും ഉയർന്നു. അതോടെ ഈ വ്യവസായത്തിന് ആവശ്യമുള്ള വസ്തുക്കളുടെ ഇറക്കുമതിയും വർധിച്ചു. നൂൽ നൂൽപ്പ്, നെയ്ത്ത്, ചായം മുക്കൽ, മിനുക്കു ജോലികൾ എന്നിവ വഴി സബ് സഹാറ രാജ്യങ്ങളിലെ വിതരണ ശൃംഖല വികസനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യവും ഈ നിയമത്തിനുണ്ട്. ഒപ്പം അമേരിക്കൻ വിപണി ലഭ്യത ലക്ഷ്യമാക്കി, ഈ ഉത്പ്പന്നങ്ങൾ പ്രാദേശികമായോ അല്ലെങ്കിൽ അമേരിക്കയിലോ ഉത്പാദിപ്പിച്ച വസ്തുക്കൾ മാത്രം ഉപയോഗിച്ച് നിർമ്മിച്ച

വയാണ് എന്ന് നിയമം ഉറപ്പാക്കുകയും ചെയ്യുന്നു.

നൈജീരിയയും എത്യോപ്യയും ചെയ്യുന്നപോലെ സ്വന്തം വിഭവങ്ങൾ ഉപയോഗിക്കാനുള്ള ഒരു നയം സ്വീകരിച്ചാൽ വസ്ത്ര നിർമ്മാണ മേഖലയിൽ ആഫ്രിക്കയ്ക്ക് വൻ സാധ്യതകളാണുള്ളത്. ആഫ്രിക്കയുടെ മൊത്ത ആഭ്യന്തര ഉത്പാദനത്തെ പ്രതിനിധീകരിക്കുന്ന 11 രാജ്യങ്ങളിൽ 15 ദശലക്ഷം ഇടത്തരം കുടുംബങ്ങളുണ്ട്. 2030 ആകുമ്പോൾ ഇവയുടെ സംഖ്യ 42 ദശലക്ഷമായി ഉയരും. ആഫ്രിക്ക നേരിടുന്ന വെല്ലുവിളികൾ ആഭ്യന്തര സുരക്ഷിതത്വവും, രാഷ്ട്രീയ അസ്ഥിരതയും, ആരോഗ്യ പ്രശ്നങ്ങളുമാണ്. കൂടാതെ അടിസ്ഥാന സൗകര്യങ്ങൾ, ശുദ്ധജലം, വൈദ്യുതി എന്നിവയുടെ അപര്യാപ്തതയും ഉണ്ട്.

## ഇന്ത്യൻ തുണിത്തരങ്ങളുടെ പുതിയ വിപണികൾ

ലോക സമ്പദ് വ്യവസ്ഥയിലെ മാറുന്ന സാഹചര്യങ്ങൾക്കനുസൃതമായി വിപണികൾ മാറിയാൽ മാത്രമേ വസ്ത്ര ഉത്പ്പന്നങ്ങളുടെ കയറ്റുമതിയിൽ സ്ഥായിയായ വളർച്ച ഉറപ്പാക്കാൻ നമുക്ക് സാധിക്കുകയുള്ളു എന്നത് സുപ്രധാന കാര്യമാണ്. ഇതിനായി നമ്മുടെ തുണിത്തരങ്ങൾക്ക് പ്രതീക്ഷ നല്കുന്ന വിപണികളും രാജ്യങ്ങളും മേഖലകളും ഏതെന്ന് നാം കണ്ടെത്തണം. മനുഷ്യ നിർമ്മിത തുണിത്തരങ്ങൾക്കാണ് അന്താരാഷ്ട്ര വിപണിയിൽ ഏറ്റവും അധികം ഡിമാന്റ്. ഇവിടെ അസ്ഥിരതയുടെ ഒരു ഘടകം ഉണ്ട്. കാരണം ഇതിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ വിലയിലും വേതന നിരക്കിലും മറ്റും അടിക്കടി ഉണ്ടാകുന്ന വ്യതിയാനങ്ങൾ ചെറുകിട ഉത്പാദക യൂണിറ്റുകളെ ബാധിക്കുന്നു. മാത്രവുമല്ല വിദേശവിപണികളിൽ മത്സരസ്വഭാവത്തോടെ നിലനില്ക്കണമെങ്കിൽ ഉപഭോക്താവിന്റെ പ്രായമനുസരിച്ച് അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഫാഷൻ പ്രവണതകളും താല്പര്യങ്ങളും സ്വീകരിക്കുകയും ചെയ്യണം.

വടക്കേ അമേരിക്ക, യൂറോപ്പ് തുടങ്ങി നാം പരമ്പരാഗതമായി വികസിപ്പിച്ച വിപണികളിൽ ഇന്ത്യൻ കയറ്റുമതി ഉത്പ്പന്നങ്ങൾക്ക് ഡിമാന്റ് കുറഞ്ഞു വരികയാണ്. മാത്രവുമല്ല നമുക്കു മുന്നിൽ ചില വെല്ലുവിളികൾ ഉയരാനുള്ള സാധ്യതയും ഉണ്ട്. ഉയർന്ന വളർച്ചാ നിരക്ക് രേഖപ്പെടുത്തുമെന്നു കരുതുന്ന, വികസിച്ചു വരുന്ന ഏതാനും നവസമ്പദ് വ്യവസ്ഥകളുടെ കുതിച്ചു കയറ്റം ഭാവിയിൽ ഈ മേഖലയിൽ നാം പ്രതീക്ഷിക്കുന്നു. അതിനാൽ ലാറ്റിൻ അമേരിക്ക, ആസിയാൻ, യൂറേഷ്യ, ടർക്കി, കാനഡ, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങൾ നമ്മുടെ വിപണി വൈവിധ്യവത്ക്കരണത്തിന്റെ ശ്രദ്ധാകേന്ദ്രങ്ങളാകേണ്ടതുണ്ട്.

പശ്ചിമേഷ്യയും വടക്കെ ആഫ്രിക്കൻ മേഖലയും വളർച്ച പ്രാപിക്കുന്ന മേഖലകളാണ്. ഈ മേഖലയിൽ ഇസ്രയേലുമായി ഒരു വ്യാപാര ഉടമ്പടിക്കായി ഇന്ത്യ ശ്രമിച്ചിരുന്നു. ഇസ്രയേലിന്റെ വസ്ത്ര വ്യവസായം ഇറക്കുമതി ചെയ്യുന്ന നൂലിനെയും തുണിത്തരങ്ങളെയും ആശ്രയിച്ചാണ്. ഈ മേഖലയിൽ 2015 ലെ ഇസ്രയേലിന്റെ ഇറക്കുമതി 5% (1.5 ദശലക്ഷം ഡോളർ മൂല്യം) ആണ്. ഇതിൽ ഇന്ത്യയുടെ വിഹിതം വെറും 1% മാത്രം. ഗാർഹിക തുണിത്തരങ്ങളായി ഇന്ത്യയിൽ നിന്ന് 2015 ൽ ഇസ്രയേൽ ഇറക്കുമതി ചെയ്തത് 6% (0.2 ദശലക്ഷം ഡോളർ മൂല്യം) ആണ്.

ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ ഏറ്റവും കൂടുതൽ തുണി വ്യവസായം ഈജിപ്തിലാണ്. അവരുടെ സമ്പദ് വ്യവസ്ഥയുടെ പ്രധാന ഘടകമാണ് തുണി വ്യവസായം. ഇതിനുള്ള നൂലുകളും തുണിത്തരങ്ങളും മറ്റും ഈജിപ്ത് ഇറക്കുമതി ചെയ്യുകയാണ്. 2015 ൽ ഈജിപ്ത് നടത്തിയ 17 ശതമാനം (0.2 ദശലക്ഷം ഡോളർ മൂല്യം) ഇറക്കുമതിയിൽ ഇന്ത്യയുടെ വിഹിതം 1 % മാത്രമായിരുന്നു. ഉത്പാദനത്തിന്റെ എല്ലാ ഘട്ടത്തിലും പാറ്റേൺ നിർമ്മാണം, നിവർത്തൽ, കട്ടിങ്, തുന്നൽ, പായ്ക്കിങ് എന്നിവയിലെല്ലാം ആത്യാധുനിക സാങ്കേതിക വിദ്യയാണ് ഈജിപിത് ഉപയോഗിക്കുന്നത്. തിരശ്ചീന വ്യവസായ മാതൃകയാണ് ഇവിടെ അനുവർത്തിക്കുന്നത്. അതായത് നൂലുകളിൽ നിന്ന് ഉടുപ്പുകൾ, ഗാർഹിക വസ്ത്രങ്ങൾ തുടങ്ങിയവ.

വസ്ത്രനിർമ്മാണ വ്യവസായത്തിന്റെ സമ്പദ് വ്യവസ്ഥ മുഖ്യമായും പഞ്ഞിയെ അടിസ്ഥാനമാക്കിയാണ്. അടുത്ത കാലത്തായി മനുഷ്യ നിർമ്മിതമായ തുണിത്തരങ്ങൾക്ക് ആവശ്യം ഉയർന്നു കാണു

ന്നു. അതിന്റെ ഇറക്കുമതിയും വർധിച്ചിട്ടുണ്ട്. ഈജിപ്തിൽ ഇത് കഴിഞ്ഞ അഞ്ചു വർഷമായി 3 ശതമാനം നിരക്കിൽ വർധിക്കുകയാണ്. ഇന്ത്യയിൽ നിന്നാണ് പ്രധാന ഇറക്കുമതി. ഈജിപ്തിന്റെ 2015 ലെ മൊത്ത ആഭ്യന്തര ഉത്പാദന നിരക്ക് 4.2 % ആണ്. ഇവിടെ കൂടുതൽ നിക്ഷേപം തുടരുന്നു.

ഇന്ത്യയുടെ മനുഷ്യനിർമ്മിത തുണിത്തരങ്ങളുടെ മറ്റൊരു വലിയ വിപണി ടർക്കിയാണ്. ടർക്കിയുടെ മൊത്ത ആഭ്യന്തര ഉത്പാദന നിരക്കിൽ വ്യവസായ വിഹിതം 58 ശതമാനമാണ്. 2015 ൽ ടർക്കി 2.9 ദശലക്ഷം ഡോളറിന്റെ തുണിത്തരങ്ങൾ ഇറക്കുമതി ചെയ്തു. ഇത് വിപരീത ദിശയിലുള്ള വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതിനാൽ ടർക്കിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ഉചിതമായിരിക്കും. ഈ വിപണിയിൽ ഇന്ത്യയുടെ വിഹിതം 2-3 ശതമാനമാണ്.

വ്യാപാരം, നിക്ഷേപം തുടങ്ങിയ മേഖലകൾക്കുപരി കഴിഞ്ഞ എത്രയോ വർഷങ്ങളായി ലാറ്റിനമേരിക്കയുമായി ഇന്ത്യയ്ക്കുള്ള ബന്ധം ഊർജ്ജം, വിജ്ഞാനം, ജി -20, ബ്രിക്സ്, ഐബിഎസ്എ തുടങ്ങി വിവിധ മേഖകളിൽ നിലനിൽക്കുന്ന സഹകരണത്തിന്റെതാണ്. ചിലിയുമായി നമുക്ക് വ്യാപാര കരാർ ഉണ്ട്. മെക്സിക്കോ, പെറു, ചിലി എന്നിവയാണ് വസ്ത്ര വ്യാപാര മേഖലയിൽ നമ്മുടെ പ്രധാന പങ്കാളികൾ. മെക്സിക്കോയും ചിലിയും ആണ് ഇന്ത്യയിൽ നിന്ന് ഏറ്റവും കൂടുതൽ തുണിയും വസ്ത്രങ്ങളും ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങൾ. 2015 ൽ ഇന്ത്യയിൽ നിന്ന് മെക്സിക്കോ, ചിലി, പെറു എന്നീ രാജ്യങ്ങൾ യഥാക്രമം 4.1, 3.1, 0.7 ദശലക്ഷം ഡോളറിന്റെ വീതം തുണിയും വസ്ത്രങ്ങളും ഇറക്കുമതി ചെയ്യുകയുണ്ടായി. ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലെ പ്രദേശിക വ്യവസായങ്ങളുടെ മത്സര ക്ഷമത കുറയുകയാണ്. മാത്രവുമല്ല, ഇവ ചൈനയോടുള്ള ആശ്രയത്വം കുറച്ചു കൊണ്ടുവരികയുമാണ്. ഇന്ത്യയുടെ ഈ വിപണികളിലെ വിഹിതം നല്കുന്നത് വളർച്ചയുടെ സൂചനയാണ്.

## മറ്റ് വിപണികൾ - ഓഷ്യാനയും കാനഡയും

പരമ്പരാഗത വിപണികളിലേയ്ക്ക് മൂല്യവർധിത ഉത്പ്പന്നങ്ങളുടെ കയറ്റുമതിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോഴും കാനഡയിലേയ്ക്കുള്ള നമ്മുടെ തുണിത്തരങ്ങളുടെ കയറ്റുമതി കുറഞ്ഞതായാണ് കണക്ക്. ഏറ്റവും ഒടുവിൽ ലഭിച്ച രേഖകൾ പ്രകാരം സാങ്കേതിക വസ്ത്ര കയറ്റുമതി വളർച്ചയിലാണ്. 2015 ൽ 8.6 ദശലക്ഷം ഡോളർ രേഖപ്പെടുത്തിയ വ്യവസായം 2017 ൽ 9.3 ദശലക്ഷം ഡോളർ വളർച്ച പ്രതീക്ഷിക്കുന്നു.സാങ്കേതിക വിദ്യയ്ക്കനുസരിച്ച് എപ്പോഴും മാറിക്കൊണ്ടിരിക്കുന്ന ഒരു മേഖലയാണ് സാങ്കേതിക വസ്ത്ര വ്യവസായം. അതനുസരിച്ച് കയറ്റുമതിയിലും വ്യതിയാനങ്ങൾ ഉണ്ടാകും. വ്യവസായങ്ങൾ കൂടുതലുള്ള വടക്കെ അമേരിക്കയാണ് സാങ്കേതിക വസ്ത്രങ്ങൾ ഏറ്റവുമധികം ഇറക്കുമതി ചെയ്യുന്നത്. കാനഡയിലേയ്ക്ക് സാങ്കേതിക വസ്ത്രങ്ങൾ കയറ്റി അയക്കുന്നിനെ കുറിച്ച് ഇന്ത്യക്ക് ചിന്തിക്കാവുന്നതാണ്. അവരുമായി നമുക്ക് സാമ്പത്തിക പങ്കാളിത്ത കരാർ ഉള്ളതാണ്.

ഇന്ത്യൻ വസ്ത്ര നിർമ്മാണ മേഖലയിൽ വേഗത്തിൽ വളരുന്ന മേഖലയാണ് സാങ്കേതിക വസ്ത്ര നിർമ്മാണം. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ ഉപയോഗിക്കുന്ന സാങ്കേതിക വസ്ത്രങ്ങളുടെ 9 ശതമാനവും നിർമ്മിക്കുന്നത് ഇന്ത്യയിലാണ്. 2013 ൽ നാം 11.6 ദശലക്ഷം ഡോളറിന്റെ സാങ്കേതിക വസ്ത്രങ്ങൾ നിർമ്മിച്ചു. 2017 ൽ ഇത് 26 ദശലക്ഷമായി ഉയരുമെന്നാണ് ടോപ് മാർക്കറ്റ് റിപ്പോർട്ട് 2016 ചൂണ്ടിക്കാണിക്കുന്നത്.

ഓസ്ട്രേലിയയിൽ തുണി, വസ്ത്രങ്ങൾ, പാദരക്ഷകൾ എന്നിവ വളരെ വൈവിധ്യവത്ക്കരിക്കപ്പെട്ടിരിക്കുന്നു. വസ്ത്രങ്ങൾ, കാർപെറ്റ്, പാദരക്ഷകൾ, വാഹനങ്ങളിലും മറ്റും ഉപയോഗിക്കാവുന്ന സാങ്കേതിക വസ്ത്രങ്ങൾ എന്നിവ ഉൾപ്പെടുന്ന ഓട്രേലിയയുടെ ഈ വിപണി 2025 ഓടെ 45 ദശലക്ഷം ഡോളറിന്റെ വ്യവസായമാകും. വളർച്ചാ നിരക്ക് 5 %. ഓസ്ട്രേലിയയുമായി ചർച്ചകളിലൂടെ ഇന്ത്യക്കും ഈ വിപണി അവസരങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.

*(കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രാലയത്തിൽ വാണിജ്യകാര്യ ഉപദേശകനാണ് ലേഖകൻ)*




# ഖാദിയും തൊഴിലവസരങ്ങളും

**പി.എൻ.അജയകുമാർ**

ഖാദി എന്ന വാക്കിനും ഖാദി പ്രസ്ഥാനത്തിനും ഇന്ത്യയിൽ പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഖാദി എന്നാൽ ഓരോ ഭാരതീയന്റേയും സ്വകാര്യ അഭിമാനമാണ്. കൈകൊണ്ട് നൂൽ നൂറ്റ് കൈത്തറിയിൽ കൈ കൊണ്ടു നെയ്തെടുക്കുന്ന വസ്ത്രത്തെയാണ് ഖാദി എന്ന് വിളിക്കുന്നത്.

സ്വാതന്ത്ര്യസമരത്തിൽ മഹാത്മജിയുടെ സമരായുധമായിരുന്നു ഖാദി. വിദേശ വസ്ത്രങ്ങൾ ബഹിഷ്ക്കരിക്കാൻ ആഹ്വാനം ചെയ്ത മഹാത്മജി ബ്രിട്ടീഷുകാരുടെ സാമ്പത്തികാധികാരത്തെ വെല്ലുവിളിച്ച് ഭാരതീയർക്ക് പകരം നിർദ്ദേശിച്ചത് ഖാദിയായിരുന്നു. ഗാന്ധിജിയുടെ ആഹ്വാനം ദേശീയ സ്വാതന്ത്ര്യ സമര നേതാക്കളേയും സാധാരണക്കാരെയും ഖാദി പ്രസ്ഥാനത്തിന്റെ ഭാഗമാക്കി. ഖാദി സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി വളർന്നു. ഇന്ന് ഇന്ത്യൻ ദേശീയതയുടെ ഉജ്ജ്വല പ്രതീകമാണ് ഖാദി.

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഖാദിയുടെ മഹത്വവും പ്രസക്തിയും നഷ്ടപ്പെടാതിരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഭാരത സർക്കാർ 1956 ൽ ഖാദിഗ്രാമവ്യവസായ കമ്മീഷൻ രൂപീകരിച്ചു. അതോടൊപ്പം സംസ്ഥാനങ്ങളിൽ ബോർഡുകളും രൂപീകരിക്കപ്പെട്ടു. 1957 ൽ കേരള നിയമസഭ ആക്ട് 9 പ്രകാരം കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് രൂപീകൃതമായി.

ഖാദി ഗ്രാമവ്യവസായ മേഖലയെ പ്രോൽസാഹിപ്പിക്കുക, പരിപോഷിപ്പിക്കുക, കേന്ദ്ര ഖാദി കമ്മീഷനിൽ നിന്നും ലഭ്യമാകുന്ന ഫണ്ട് വിനിയോഗിച്ച് സംസ്ഥാനത്ത് ഖാദി ഗ്രാമവ്യവസായ വികസന പദ്ധതികൾ നടപ്പിലാക്കുക, അതുവഴി ഗ്രാമീണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക മുതലായവയാണ് ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ പ്രധാന ലക്ഷ്യങ്ങൾ.

2016 ജൂലൈ 31 ലെ കണക്കനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് 12000ത്തോളം തൊഴിലാളികൾ ഖാദി മേഖലയിലും ഒരു ലക്ഷത്തോളം പേർ ഗ്രാമവ്യവസായ മേഖലയിലും ജോലി ചെയ്യുന്നു. കഴിഞ്ഞ അര നൂറ്റാണ്ടുകാലമായി സാധാരണക്കാർക്കായി പ്രത്യേകിച്ചും ഗ്രാമീണ മേഖലയിൽ നിരവധി പദ്ധതികൾ ഖാദി ബോർഡ് നടപ്പാക്കിയിട്ടുണ്ട്. ഈ മേഖലയിൽ കാലാനുസൃതമായ പരിഷ്ക്കാരങ്ങൾ യഥാസമയത്ത് നടപ്പിലാക്കുന്നതിൽ ഖാദി ബോർഡ് എപ്പോഴും പ്രതിജ്ഞാബദ്ധമായി നിലകൊള്ളുന്നു.

എല്ലാ ജില്ലകളിലും നിരവധി നൂൽ നൂൽപ്പു കേന്ദ്രങ്ങളും നെയ്ത്തു കേന്ദ്രങ്ങളും സജീവമായി

## പട്ടു വസ്ത്ര നിർമ്മാണം

ഖാദി പട്ടുസാരികൾ എന്നും ജനങ്ങൾക്ക് പ്രിയങ്കരങ്ങളാണ്. അണുമാത്രപോലും മായം ചേരാത്ത ശുദ്ധമായ പട്ടുനൂലിൽ നെയ്തെടുക്കുന്ന ഖാദി പട്ടു വസ്ത്രങ്ങൾ, പ്രത്യേകിച്ച് സാരികൾക്ക് വിപണിയിൽ താരതമ്യം ചെയ്യാനാകാത്ത വിധം ഡിമാന്റുണ്ട്. കേരളത്തിൽ ഖാദി ബോർഡിന്റെ നിയന്ത്രണത്തിൽ മൂന്ന് പട്ടു നെയ്ത്ത് യൂണിറ്റുകൾ സജീവമായി പ്രവർത്തിച്ചു വരുന്നു. കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, പാലക്കാട് ജില്ലയിലെ ചിതലി, തിരുവനന്തപുരത്ത് പൂഴിക്കുന്ന് എന്നിവിടങ്ങളിലാണ് അവ സ്ഥിതി ചെയ്യുന്നത്. വിവിധ നിറത്തിലും തരത്തിലും ഗുണത്തിലുമുള്ള സിൽക്ക് വസ്ത്രങ്ങൾ ഇവിടെ നെയ്തു വരുന്നു. മൂന്നു യൂണിറ്റുകളിലായി 60 തിലധികം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.

പാലക്കാട് ജില്ലയിലെ സെറികൾച്ചർ സഹകരണസംഘങ്ങളിൽ നിന്നും ബാംഗ്ളൂരിലെ ഖാദി കമ്മീഷന്റെ അംഗീകൃത സെറികൾച്ചർ സംഘങ്ങളിൽ നിന്നും പട്ടുനൂൽ വാങ്ങിയാണ് ഇവിടങ്ങളിൽ സിൽക്ക് നെയ്ത്ത് നടത്തുന്നത്. മേൽ യൂണിറ്റുകളിൽ ഉല്പാദിപ്പിക്കുന്ന പട്ടുസാരികൾ പയ്യന്നൂർ പട്ട്, ചിതലി പട്ട്, അനന്തപുരി സിൽക്ക് എന്നീ പേരുകളിൽ അറിയപ്പെടുന്നു.

പ്രവർത്തിക്കുന്നു. ബോർഡ് നടപ്പിലാക്കിയ 'ചർക്കാ ഗ്രാമം' പദ്ധതി ഈ മേഖലയിലെ ശ്രദ്ധേയമായ ചുവടുവെയ്പായിരുന്നു. കോട്ടൺ ഖാദിക്കു പുറമേ പയ്യന്നൂർ, തിരുവനന്തപുരം,പാലക്കാട് എന്നിവിടങ്ങളിൽ സിൽക്ക് നെയ്ത്തു കേന്ദ്രങ്ങളും സജീവമായി പ്രവർത്തിക്കുന്നു. ഖാദി പട്ടുസാരികൾക്ക് പകരം വെക്കാനില്ലാത്ത തരം ജനപ്രീതിയാണുള്ളത് .

### വൻ തൊഴിലവസരങ്ങളുമായി ഖാദി

പ്രതിവർഷം 56 കോടിയോളം രൂപയുടെ ഖാദി തുണിത്തരങ്ങൾ സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്നു. ഖാദി തൊഴിലാളികൾക്ക് മിനിമം വേതനവും ക്ഷേമനിധിയും പെൻഷനും നടപ്പിലാക്കിയ ഏക സംസ്ഥാനം കേരളമാണ്.

നൂൽ നൂൽപ്പ്, നെയ്ത്ത് രംഗങ്ങളിൽ ആധുനിക വൽക്കരണം നടപ്പിലാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. അതുപോലെ തന്നെ സൗരോർജ്ജമുപയോഗിച്ചു പ്രവർത്തിക്കുന്ന സോളാർ ചർക്കകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചു വരികയാണ്. അതുവഴി നൂൽനൂൽപ്പ് ആയാസരഹിതമാക്കുന്നതിനും ഉൽപ്പാദനത്തിൽ ഭീമമായ വർദ്ധനവുണ്ടാക്കുന്നതിനും സാധിക്കും.

ഖാദിയെ പോലെ തന്നെ അനേകം പേർക്ക് തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതാണ് ഗ്രാമവ്യവസായങ്ങൾ. ഗ്രാമ വ്യവസായങ്ങളുടെ വികസനത്തിന് ഖാദി കമ്മീഷന്റെ സഹായത്തോടെ

**കേരള ഖാദി-ഗ്രാമവ്യവസായ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഖാദി യൂണിറ്റുകളുടെ വിവരങ്ങൾ**

| | യൂണിറ്റുകളുടെ എണ്ണം | | | തൊഴിലാളികൾ | | | |
|---|---|---|---|---|---|---|---|
| | നൂൽപ് | നെയ്ത്ത് | ആകെ | നൂൽപ്പ് | നെയ്ത്ത് | മറ്റുള്ളവർ | ആകെ |
| ബോർഡിന്റെ യൂണിറ്റുകൾ | 244 | 173 | 417 | 3236 | 1729 | 794 | 5759 |
| അംഗീകാരമുള്ള ഇതര സ്ഥാപനങ്ങൾ | 178 | 117 | 295 | 3601 | 2538 | 861 | 7000 |
| ആകെ | 422 | 290 | 712 | 6837 | 4267 | 1655 | 12759 |

| ഖാദി ഉല്പാദനം (2015-16) | | | |
|---|---|---|---|
| നൂൽ | | നെയ്ത്ത് തുണി ചതുരശ്ര മീറ്റർ (ലക്ഷത്തിൽ) | |
| അളവ് (കിഴി എണ്ണം ലക്ഷത്തിൽ) | വില (ലക്ഷത്തിൽ) | അളവ് (ചതുരശ്രമീറ്റർ ലക്ഷത്തിൽ) | വില (ലക്ഷത്തിൽ) |
| 197.69 | 1879 | 33.44 | 5135.09 |

നിരവധി പദ്ധതികൾ ബോർഡ് നടപ്പാക്കിയിട്ടുണ്ട്. 30000 ത്തിലേറെ വ്യവസായ യൂണിറ്റുകൾക്ക് ബോർഡ് ഇതിനകം ധനസഹായം നൽകിയിട്ടുണ്ട്. ഈ വ്യവസായ യൂണിറ്റുകളിലായി ഒരു ലക്ഷത്തിലേറെ പേർ പണിയെടുക്കുന്നതായി കണക്കാക്കുന്നു.

കേരള ഖാദിഗ്രാമവ്യവസായ ബോർഡ് ഇപ്പോൾ നടപ്പാക്കിവരുന്ന പ്രധാന വ്യവസായ വായ്പാപദ്ധതികളാണ്, പ്രധാനമന്ത്രിയുടെ പ്രത്യേക തൊഴിൽ ദായക പദ്ധതിയായ പിഎംഇജിപി (PMEGP) യും എന്റെ ഗ്രാമം വായ്പാ പദ്ധതിയും.

ഗ്രാമീണ വ്യവസായ വികസന പദ്ധതികളായ ആർഇജിപി (REGP) യും പിഎംആർവൈ (PMRY) യും സംയോജിപ്പിച്ച് കേന്ദ്ര എംഎസ്സ്എംഇ (MSME) വകുപ്പ് ആവിഷ്ക്കരിച്ച് ഖാദി കമ്മീഷനും ഖാദി ബോർഡുകളും വ്യവസായ വാണിജ്യ വകുപ്പും സംയുക്തമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിയായ പിഎംഇജിപി (PMEGP). ഗ്രാമീണ വ്യവസായ വൽക്കരണത്തിന് വിപുലമായ ധനസഹായം നൽകി പ്രോൽസാഹിപ്പിക്കുക, വ്യവസായ സംരംഭകർക്ക് ആവശ്യവും ഉചിതവുമായ പരിശീലനം നൽകുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. 25 ലക്ഷം രൂപവരെ പരമാവധി പദ്ധതിച്ചെലവു വരുന്ന വ്യവസായസംരംഭങ്ങൾക്ക് ഈ പദ്ധതി പ്രകാരം അപേക്ഷിക്കാം. പൊതു വിഭാഗത്തിൽപ്പെട്ട സംരംഭകർക്ക് മൊത്തം പദ്ധതിച്ചെലവിന്റെ 25 ശതമാനവും പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നോക്ക വിഭാഗക്കാർ, വനിതകൾ, ന്യൂനപക്ഷം, വിമുക്തഭടർ, വികലാംഗർ മുതലായ പ്രത്യേക വിഭാഗക്കാർക്ക് 35 ശതമാനവും സബ്സിഡി ലഭ്യമാക്കുന്നു. അപേക്ഷ സമർപ്പണം മുതൽ സബ്സിഡി വിതരണം വരെ പൂർണ്ണമായും ഓൺലൈനിലൂടെ നടപ്പാക്കുന്ന പ്രസ്തുത പദ്ധതി ഇപ്പോൾ വളരെ വിജയകരമായി നടപ്പിലാക്കി വരുന്നു.

സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം വിനിയോഗിച്ച് വിജയകരമായി നടപ്പിലാക്കി വരുന്ന മറ്റൊരു തൊഴിൽ ദായക പദ്ധതിയാണ് 'എന്റെ ഗ്രാമം' പദ്ധതി. ഈ പദ്ധതി പ്രകാരം പരമാവധി 5 ലക്ഷം രൂപ വരെയുള്ള പുതിയ ഗ്രാമസംരംഭങ്ങൾക്ക് അപേക്ഷിക്കാം. പൊതു വീഭാഗത്തിൽപ്പെട്ടവർക്ക് മൊത്തം പദ്ധതിച്ചെലവിന്റെ 25 ശതമാനവും പ്രത്യേക വിഭാഗങ്ങൾക്ക് 30 ശതമാനവും പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്ക് 40 ശതമാനവും സബ്സിഡി ലഭിക്കുന്ന ഈ പദ്ധതി പ്രകാരം വ്യവസായം ആരംഭിക്കുന്നതിന് നിരവധി സംരംഭകർ മുന്നോട്ടു വന്നു കൊണ്ടിരിക്കുന്നു.

ഖാദി കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള നെഗറ്റീവ് ലിസ്റ്റിൽ പെടാത്ത ഏതു ഗ്രാമവ്യവസായ സംരംഭത്തിനും മേൽ പ്രസ്താവിച്ച രണ്ടു പദ്ധതികൾ പ്രകാരം അപേക്ഷ നൽകാം.

മത്സ്യം, മാംസം, ലഹരി പദാർത്ഥങ്ങൾ, ജന്തുക്കളെ വളർത്തൽ മുതലായവയാണ് പ്രസ്തുത നെഗറ്റീവ് ലിസ്റ്റിൽ പെടുന്ന പ്രധാന വ്യവസായങ്ങൾ. ഇവയൊന്നുമല്ലാത്തതും മൂലധന നിക്ഷേപത്തിന്റെ ഓരോ ലക്ഷം രൂപയ്ക്കും ഒരു തൊഴിലവസരം വീതം സൃഷ്ടിക്കപ്പെടുന്നതുമായ ഏതു വ്യവസായത്തിനും ധനസഹായം ലഭിക്കുന്നതാണ്. പക്ഷേ വ്യവസായങ്ങൾ ആരംഭിക്കുന്നത് പഞ്ചായത്ത് പ്രദേശങ്ങളിലായിരിക്കണം. മാത്രമല്ല, തുടങ്ങാൻ പോകുന്ന സംരംഭം തികച്ചും പുതിയതായിരിക്കണം. അതായത് നിലവിലുള്ള യൂണിറ്റുകൾക്ക് സബ്സിഡി ലഭിക്കുന്നതല്ല.

| വകുപ്പുതല ഗ്രാമവ്യവസായ യൂണിറ്റുകൾ (ഒറ്റ നോട്ടത്തിൽ) | | |
|---|---|---|
| ഗ്രാമവ്യവസായം | എണ്ണം | ജില്ലകൾ |
| റെഡി മെയ്ഡ് വസ്ത്ര നിർമ്മാണം | 5 | കണ്ണൂർ, പാലക്കാട്, ആലപ്പുഴ, കോട്ടയം, കൊല്ലം |
| തേൻ സംസ്ക്കരണം | 6 | കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, എറണാകുളം, പത്തനംതിട്ട |
| എണ്ണയാട്ട് വ്യവസായം | 4 | കണ്ണൂർ, കോഴിക്കോട്, പത്തനംതിട്ട, തിരുവനന്തപുരം |
| കിടക്ക നിർമ്മാണം | 2 | പയ്യന്നൂർ, മലപ്പുറം |
| കൈക്കടലാസ് | 4 | കണ്ണൂർ, തൃശൂർ, എറണാകുളം, പത്തനംതിട്ട |
| സോപ്പ് നിർമ്മാണം | 1 | പത്തനംതിട്ട |
| നോട്ട് ബുക്ക് നിർമ്മാണം | 2 | എറണാകുളം, തിരുവനന്തപുരം |

മേൽ പ്രസ്താവിച്ച പ്രധാന മന്ത്രിയുടെ തൊഴിൽ ദായക പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷ നൽകുന്നതിനും ഖാദി ബോർഡിന്റെ ജില്ലാ ഓഫീസുകളുമായോ അല്ലെങ്കിൽ www.kviconline.gov.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടാവുന്നതാണ്.

എന്റെ ഗ്രാമം പദ്ധതിയുടെ കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും ഖാദി ബോർഡിന്റെ ജില്ലാ ഓഫീസുകളുമായോ തിരുവനന്തപുരത്ത് വഞ്ചിയൂരുള്ള ആസ്ഥാന ഓഫീസുമായോ ബന്ധപ്പെടാവുന്നതാണ്.

കേരളത്തിലങ്ങോളമിങ്ങോളം ബോർഡിന്റെ നേരിട്ടുള്ളതും അല്ലാത്തുമായ 500 ലധികം വില്പന ശാലകൾ പ്രവർത്തിക്കുന്നുണ്ട്. ബോർഡിന്റെ പദ്ധതികൾ പ്രകാരം ഉത്പ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഈ വില്പനശാലകളിൽ വില്ക്കുന്നതിനും സൗകര്യങ്ങൾ ലഭ്യമാണ്.

*(സംസ്ഥാന ഖാദി ബോർഡിൽ ഇൻഫർമേഷൻ ഓഫീസറാണ് ലേഖകൻ)*

**വിജ്ഞാനപാത**

## കുടുംബാസൂത്രണത്തിനായി മിഷൻ പരിവാർ വികാസ്

കുടുംബാസൂത്രണത്തിനുള്ള ചുവടുവയ്പ്പിന്റെ ഭാഗമായി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം മിഷൻ പരിവാർ വികാസ് പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. രാജ്യത്തെ ജനസംഖ്യാ വർദ്ധനവ് കൂടുതലുള്ള 144 ജില്ലകളെയാണ് പദ്ധതി ലക്ഷ്യമിടുന്നത്. യു.പി, ബീഹാർ, രാജസ്ഥാൻ, മദ്ധ്യപ്രദേശ്, ഛത്തീസ്ഗഡ്, ജാർഖണ്ഡ്, ആസാം തുടങ്ങിയവയാണ് പ്രത്യേകം ശ്രദ്ധ അർഹിക്കുന്ന സംസ്ഥാനങ്ങൾ. രാജ്യത്തെ 30 ശതമാനത്തോളം മാതൃമരണങ്ങളും അൻപത് ശതമാനത്തോളം ശിശുമരണങ്ങളും ഈ സംസ്ഥാനങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്ന അവസരത്തിലാണ് ഈ പദ്ധതി നടപ്പിൽ വരുത്തുവാൻ കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്.

## ചർക്കി ദാദ്രി: ഹരിയാനയുടെ 22-ാമത് ജില്ല

ഹരിയാനയിലെ ബിവാനി ജില്ലയുടെ ഭാഗമായിരുന്ന ചർക്കി ദാദ്രിയെ പുതിയ ജില്ലയായി മുഖ്യമന്ത്രി മനോഹർലാൽ ഖട്ടർ പ്രഖ്യാപിച്ചു. പുതിയ ജില്ലയ്ക്ക് രണ്ട് നിയമസഭാ മണ്ഡലങ്ങളാണുള്ളത്. ചർക്കി, ദാദ്രി എന്നിങ്ങനെ രണ്ട് ഗ്രാമങ്ങളെ ഒരുമിപ്പിച്ചാണ് പുതിയ ജില്ല. എൻ.എച്ച്.-148 ഈ ജില്ലയിൽ കൂടി കടന്നുപോകുന്നു.



# കേരളത്തിന്റെ തനിമ കാക്കുന്ന കൈത്തറി മേഖല

**അനിൽകുമാർ പി.വൈ.**

വസ്ത്രധാരണവും വേഷവും ഒരു വ്യക്തി വ്യാപരിക്കുന്ന സാമൂഹിക പരിസരത്തിലും വ്യക്തിത്വത്തിലും അധിഷ്ഠിതമാണ്. മാറിയ ജീവിതക്രമത്തിലും ഫാഷൻ തരംഗത്തിലും കേരളത്തനിമയുടെ ഗരിമ ഒരുപക്ഷേ ഇപ്പോഴും കൈത്തറി വസ്ത്രങ്ങൾ തന്നെയാണ്. പാരമ്പര്യത്തിന്റെ പ്രൗഢി വിളിച്ചോതുന്ന നമ്മുടെ വസ്ത്രധാരണ ശീലങ്ങൾക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഒരു കാലത്ത് ഇന്ത്യൻ ദേശീയതയുടെ പ്രതീകമായിരുന്നു ഖാദിയും കൈത്തറിയും. പരമ്പരാഗത-നവീന ഫാഷൻ സങ്കൽപ്പങ്ങൾ സമന്വയിപ്പിച്ചുകൊണ്ട് ടെക്സ്റ്റൈൽ രംഗത്ത് അനന്ത സാധ്യതകളാണ് രാജ്യം കാണുന്നത്. ഇന്ത്യൻ പരുത്തിക്ക് അന്താരാഷ്ട്ര തലത്തിൽ വൻപിച്ച ഡിമന്റാണ്. പരുത്തി വസ്ത്ര നിർമ്മാണത്തിലധിഷ്ഠിതമായ വാണിജ്യമേഖല വിപുലപ്പെടുത്തുവാനുള്ള ശ്രമം കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നും ടെക്സ്റ്റൈൽസ് മന്ത്രാലയം സ്വീകരിച്ചു വരുന്നതും ഇതിന്റെ പ്രാധാന്യം മുന്നിൽക്കണ്ടാണ്.

## കേരളവും കൈത്തറിയും

കൈത്തറി നെയ്ത്ത്, കരകൗശല നിർമ്മാണം, കയർപിരി എന്നിവ കേരളത്തിന്റെ പൈതൃകവുമായി ബന്ധപ്പെട്ട തൊഴിൽ മേഖലകളാണ്. ഒരുകാലത്ത് നെയ്ത്ത്, ജീവിതത്തിന്റെ ഭാഗവും താളവുമായിരുന്നു. പരമ്പരാഗതമായി സിദ്ധിച്ച തൊഴിലെന്ന നിലയിൽ സമൂഹത്തിലെ ചില വിഭാഗങ്ങളുടെ കുലത്തൊഴിൽ കൂടിയായിരുന്നു നെയ്ത്ത്. സ്വന്തം ആവശ്യത്തിനും അടുത്തുള്ളവർക്കും വസ്ത്രങ്ങൾ നെയ്ത് കൊടുത്തിരുന്ന കാലത്തു നിന്നും ഗതാഗത സൗകര്യം വർദ്ധിച്ചപ്പോൾ വിദൂര സ്ഥലങ്ങളിലേക്കും നാടുകളിലേക്കും വരെ നമ്മുടെ കൈത്തറി വിപണനം ചെയ്യപ്പെട്ടു. 15-ാം നൂറ്റാണ്ടിൽ വിപണി തേടിയെത്തിയ ഫ്രഞ്ച്, പോർട്ടുഗീസ്, ബ്രിട്ടീഷ് വിദേശികൾ സുഗന്ധവ്യഞ്ജനവും, കരകൗശല വസ്തുക്കൾക്കുമൊപ്പം കൈത്തറി തുണികളും അവരുടെ നാട്ടിലേക്ക് വലിയ അളവിൽ കൊണ്ടുപോകാൻ തുടങ്ങിയതോടെ കൈത്തറിയുടെ വിപണന സാധ്യതകൾ രാജ്യാതിർത്തികൾ കടന്ന് വിദേശ രാജ്യങ്ങളിലേക്കും വ്യാപിച്ചു.

1829-ൽ ജർമ്മനി തുടക്കമിട്ട 'ബാസൽ മിഷന്റെ' ആവിർഭാവത്തോടെ വീട്ടിനുള്ളിലും പരിസരത്തുമായുള്ള കൈത്തറി ഉൽപ്പാദനം ഫാക്ടറികളിലേക്ക് പറിച്ച് നടപ്പെട്ടു. ഫ്രഞ്ചുകാർ, നെയ്ത്തുകാർക്ക് സാങ്കേതികതയിലൂന്നിയ പരിശീലനം നൽകി പുതിയ ഡിസൈനുകളിൽ വസ്ത്രങ്ങളുടെ ഉൽപ്പാദനം ആരംഭിച്ചു. 19-ാം നൂറ്റാണ്ടിലെ വ്യവസായ വിപ്ലവത്തോടെ കേരളത്തിലും ആവശ്യക്കാർക്ക് പുത്തൻ ഫാഷനിൽ വസ്ത്രങ്ങൾ നെയ്ത് നൽകിത്തുടങ്ങി.

ബ്രിട്ടീഷുകാരായിരുന്നു ഇതിനു തുടക്കം കുറിച്ചത്. 20-ാം നൂറ്റാണ്ടിന്റെ ആദ്യ കാലങ്ങളിൽ ശ്രീനാരായണ പ്രസ്ഥാനം കൈത്തറി മേഖലയെ സ്വാധീനിച്ചിരുന്നു. ചെത്ത് തൊഴിലിൽ നിന്നും നെയ്ത്തിലേക്കുള്ള മാറ്റത്തിലൂടെ കൈത്തറി മേഖല ശ്രദ്ധേയ തൊഴിൽമേഖലയായി മാറി. അങ്ങനെയാണ് കേരളത്തിൽ ഗുണമേന്മയിലും കലാവിരുതിലും അധിഷ്ഠിതമായ നവീനവും വ്യത്യസ്തവുമായ ഫാഷനുകളിൽ കൈത്തറി വസ്ത്രങ്ങൾ നെയ്തു തുടങ്ങുന്നത്. പ്രകൃതിയുടെ നിറക്കൂട്ടിൽ (കോടി നിറം - ബ്ലീച്ച് ചെയ്യാത്ത നൂലിൽ നെയ്ത) നിർമ്മിച്ച 'കേരള കസവു സാരി' ഇന്ത്യൻ സ്ത്രീത്വത്തിന്റെയും കുലീനതയുടെയും പ്രതീകമായി. സ്വർണ്ണനിറത്തോടെയുള്ള ബോർഡർ, (കര) കോടി നിറം എന്നിവ കൂടിചേർന്ന വസ്ത്രത്തിന് വിദേശരാജ്യങ്ങളിലും സ്വീകാര്യത ലഭിക്കുകയുണ്ടായി.

കേരളത്തിൽ 14 ജില്ലകളിലുമായി കൈത്തറി വ്യവസായം വ്യാപിച്ചിട്ടുണ്ട്. എന്നാൽ ഈ വ്യവസായം ചില സ്ഥലങ്ങളിൽ കൂടുതൽ കേന്ദ്രീകരിച്ചു വരുന്നു. കേരളത്തിന്റെ തെക്കൻ ജില്ലകളിലെ പ്രധാന ഉത്പന്നങ്ങൾ ഗുണമേൻമയുള്ള സാരി, സെറ്റ്മുണ്ട്, മുണ്ട് (ധോത്തി) ആണെങ്കിൽ മലബാർ ഭാഗത്ത് കിടക്കവിരി, ടൗവ്വൽ എന്നിവയും പൊതുവായി തോർത്ത്, ലുങ്കി എന്നിവയും നിർമ്മിക്കുന്നു. ഏകദേശം രണ്ടു ലക്ഷത്തോളം നെയ്ത്തുകാരുടെ ജീവനോപാധിയാണിത്. ഇതിൽ 75% ഉം കൈത്തറി സഹകരണ സംഘവുമായി ചേർന്നു പ്രവർത്തിക്കുന്നു. അഞ്ചുലക്ഷം കുടുംബങ്ങൾ കൈത്തറി വ്യവസായത്തെ ആശ്രയിക്കുന്നു.

## ബാലരാമപുരം: കൈത്തറിയുടെ ഈറ്റില്ലം

നെയ്ത്തുകാരുടേയും, സഹകരണ സംഘങ്ങളുടേയും എണ്ണത്തിൽ തിരുവനന്തപുരം ജില്ലയാണ് മുന്നിൽ. ഇവിടെ 44,700 നെയ്ത്തുകാരും 349 സഹകരണസംഘങ്ങളും പ്രവർത്തിക്കുന്നതായിട്ടാണ് സർക്കാർ ഏജൻസികൾ നൽകുന്ന കണക്കുകൾ. എന്നാൽ പുതിയ തലമുറ അധികമായി ഈ രംഗത്തേക്ക് കടന്നുവരുന്നില്ല എന്നത് യാഥാർത്ഥ്യമാണ്.

തിരുവനന്തപുരം-നാഗർകോവിൽ അന്തർ സംസ്ഥാന പാത (NH 66) യിലാണ് ബാലരാമപുരം. ഊടിലും മാറ്റിലും ഗുണത്തിലും മറ്റേതു കൈത്തറി വസ്ത്രങ്ങളേക്കാൾ മെച്ചപ്പെട്ടതാണെന്ന് ബാലരാമപുരം കൈത്തറിയെ പൊതുവേ വിശേഷിപ്പിക്കുന്നു. തമിഴ്നാട്ടിലെ തിരുനെൽവേലിയുടെ സമീപ പ്രദേശമായ വള്ളിയൂരിൽ നിന്നും ദിവാൻ ഉമ്മണിത്തമ്പി കണ്ടെത്തിയവരാണ് ബാലരാമപുരത്തിന്റെ പെരുമ ഇന്നും കാത്തുസൂക്ഷിക്കുന്നവർ. ആദ്യകാലത്ത് ബാലരാമവർമ്മ രാജാവിന് കൈത്തറി നെയ്തു നൽകാൻ വേണ്ടിയായിരുന്നു അവർ ഇവിടെ താമസിച്ചത്. ചെട്ടിയാർ, ചലിയാർ, വാണിയന്മാർ, മുക്കുവർ, മുസ്ലീങ്ങൾ എന്നീ അഞ്ചു സമുദായങ്ങളാണ് പരമ്പരാഗതമായി നെയ്ത്തിലേർപ്പെട്ട വിഭാഗങ്ങൾ. ഈ സമുദായങ്ങൾക്ക് ബാലരാമപുരത്ത് അവരുടെ സമുദായത്തിന്റെ പേരിൽ തന്നെ തെരുവുകളും നൽകി. ഇതാണ് ഇന്നും അറിയപ്പെടുന്ന ചാലിയാർ, വാണിയാർ, ചെട്ടിയാർ, ആർ.സി. തെരുവുകൾ.

തിരുവനന്തപുരത്തു നിന്നും നെയ്യാറ്റിൻകരയിലേക്കുള്ള വഴിയിലെ കാടു വെട്ടിത്തെളിച്ചാണ് ഇവർക്ക് താമസസ്ഥലം ഒരുക്കിയതെന്നും ബാലരാമവർമ്മ രാജാവിന്റെ ഓർമ്മയ്ക്കായാണ് ബാലരാമ

**കൈത്തറി നെയ്ത്ത് (ഒറ്റനോട്ടത്തിൽ)**

| ജില്ല | സഹകരണ സംഘങ്ങൾ | നെയ്ത്തുകാർ |
|---|---|---|
| 1. കാസർഗോഡ് | 11 | 3,401 |
| 2. കണ്ണൂർ | 73 | 13,667 |
| 3. വയനാട് | 4 | 136 |
| 4. കോഴിക്കോട് | 41 | 9,111 |
| 5. മലപ്പുറം | 13 | 2,774 |
| 6. പാലക്കാട് | 45 | 11,236 |
| 7. തൃശൂർ | 30 | 6,052 |
| 8. എറണാകുളം | 30 | 8,494 |
| 9. ഇടുക്കി | 11 | 414 |
| 10. കോട്ടയം | 16 | 1,853 |
| 11. ആലപ്പുഴ | 25 | 2,309 |
| 12. പത്തനംതിട്ട | 7 | 281 |
| 13. കൊല്ലം | 80 | 10,271 |
| 14. തിരുവനന്തപുരം | 349 | 44,700 |
| **ആകെ** | **735** | **1,14,699** |

പുരം എന്ന സ്ഥലനാമം ലഭിച്ചതെന്നും പറയപ്പെടുന്നു.

സ്വർണ്ണ വർണ സാരി നെയ്തെടുക്കുന്നതാണ് ഇവിടത്തെ പ്രത്യേകത. അന്താരാഷ്ട്ര തലത്തിൽ തന്നെ ഫാഷൻഷോയ്ക്ക് വേണ്ടി ഇവിടെ നിന്നും വസ്ത്രങ്ങൾ ഡിസൈൻ ചെയ്ത് പോകുന്നുണ്ട്. മ്യൂറൽ പെയിന്റിംഗ്, ഫാബ്രിക് പെയിന്റിംഗ് എന്നിവയിലും സാരികൾ നിർമ്മിക്കുന്നു. ചൂടുകാലാവസ്ഥക്കിണങ്ങിയ വസ്ത്രം എന്ന നിലയിലും ബാലരാമപുരം കൈത്തറി പേരു കേട്ടതാണ്.

## ചേന്ദമംഗലം കൈത്തറി

ബാലരാമപുരം കൈത്തറി സ്വർണവർണ്ണ കരയാണെങ്കിൽ എറണാകുളം ജില്ലയിലെ ചേന്ദമംഗലത്തെ പ്രത്യേകത മുണ്ട്, സെറ്റുമുണ്ട്, സാരി എന്നിവയുടെ കരകൾ വ്യത്യസ്ത നിറങ്ങളോടെ നെയ്യുന്നുവെന്നതാണ്. കൊച്ചി രാജകുടുംബവും പാലിയം കുടുംബവുമായി ബന്ധപ്പെട്ടാണ് ചേന്ദമംഗലം പ്രശസ്തമായത്.

## കുത്താംപള്ളി കൈത്തറി

കേരളത്തിനു പുറത്ത് കേരളത്തിന്റെ കൈത്തറിയായി പൊതുവേ വിശേഷിപ്പിക്കപ്പെടുന്നവയാണ് തൃശൂർ ജില്ലയിലെ കുത്താംപള്ളി കൈത്തറി വസ്ത്രങ്ങൾ. ജക്കാർഡ് യന്ത്രത്തിൽ ഡിസൈൻ ചെയ്ത് നെയ്തെടുക്കുന്ന സാരികളാണിവിടത്തെ ഒരു പ്രത്യേകത. കസവുകരക്കു പകരം വെള്ളനിറത്തിൽ കര നെയ്തെടുക്കുന്ന മുണ്ടും സാരിയും ഏറെ പ്രത്യേകതയുള്ളതാണ്. കുത്താംപള്ളിയിലേക്ക് മൈസൂറിൽ നിന്നും വന്ന ദേവങ്ക ചെട്ടിയാർ വിഭാഗത്തിലുള്ളവരാണ് പരമ്പരാഗതമായ നെയ്തിരുന്നത്. ഇതും കൊച്ചി രാജാവിന്റെ പ്രത്യേക താൽപര്യത്തിൽ ഇവിടെ എത്തിയവരാണ്.

## കാസർഗോഡ് കൈത്തറി

കർണ്ണാടകത്തിലെ മംഗലാപുരവുമായി ബന്ധപ്പെട്ട കൈത്തറി വസ്ത്രമാണ് കാസർഗോഡിന്റെ ഖ്യാതി വിളിച്ചറിയിക്കുന്നത്. മൈസൂറിലെ പത്മശാലീയ വിഭാഗത്തിൽ പെട്ടവരാണ് ഇവിടെ നെയ്ത്തിൽ ഏർപ്പെട്ടിരുന്നത്. കോടി, വെള്ള നിറത്തിൽ നിന്നു വ്യത്യസ്തമായി, നിറചായങ്ങൾ ഉപയോഗിച്ച് തുണികൾ പ്രകൃതിദത്ത ചായം മുക്കി വ്യത്യസ്ത നിറത്തോടു കൂടി നിർമ്മിച്ചെടുക്കുന്നവയാണ് ഇവിടത്തെ വസ്ത്രങ്ങൾ.

## ഭൗമ സൂചികാ ടാഗും കൈത്തറിയും (Geographical Indication Tag)

പരമ്പരാഗതവും, പൈതൃകപരവുമായ ഉൽപന്നങ്ങൾ അന്യംനിന്നു പോകാതിരിക്കാനും അതിന്റെ പ്രസക്തി നിലനിറുത്താനുമായി കേന്ദ്രസർക്കാർ പ്രചരണം നൽകിവരുന്ന ഉൽപന്നങ്ങൾക്ക് നൽകുന്ന അംഗീകാരമാണ് ഭൗമ സൂചിക, ടാഗ്. ഗുണമേന്മയുള്ളതും ഒരു പ്രത്യേക സ്ഥലത്തു മാത്രം ഉൽപാദിപ്പിക്കുന്നതുമായ ഉൽപന്നങ്ങൾ Geographical Indications of Goods (Registration and Protection) Act 1999 പരിധിയിൽ പെടുത്തിയിട്ടുണ്ട്.

2015 വരെ 236 ഉൽപന്നങ്ങൾ ബൗദ്ധിക സ്വത്തവകാശ (Intellectual Proerty right) പ്രകാരവും ഭൗമ സൂചിക പ്രകാരവും കണ്ടെത്തിയിട്ടുള്ളതിൽ 50 എണ്ണം കൈത്തറി ഉൽപന്നങ്ങളാണെന്നുള്ളത് കൈത്തറി മേഖലക്കു തന്നെ അംഗീകാരമാണ്. ജമ്മു കാശ്മീരിലെ കാശ്മീർ പഷമിനഷാൾ മുതൽ കേരളത്തിന്റെ തെക്കേ അറ്റത്തെ ബാലരാമപുരം കൈത്തറി വരെ നീളുന്നതാണ് ഈ 50 ഉൽപ്പന്നങ്ങൾ.

*(സ്വതന്ത്ര മാധ്യമ പ്രവർത്തകനാണ് ലേഖകൻ)*

*വിജ്ഞാനപാത*

## സൂപ്പർ കമ്പ്യൂട്ടർ പരം–ഇഷാൻ (PARAM-ISHAN)

വടക്കു കിഴക്കൻ ഇന്ത്യയിലെ ഏറ്റവും വേഗതയേറിയ സൂപ്പർ കമ്പ്യൂട്ടർ പരം-ഇഷാൻ (PARAM-ISHAN) കേന്ദ്ര മാനവ വിഭവശേഷി മന്ത്രി പ്രകാശ് ജാവദേക്കർ ഗുവഹാത്തി ഐഐടി കാമ്പസിൽ ഉദ്ഘാടനം ചെയ്തു. ഐഐടി ഗുവഹാത്തിയും സി-ഡാക്കും സംയുക്തമായാണ് പരം-ഇഷാൻ നിർമ്മിച്ചത്.



# കേരളത്തിലെ വസ്ത്ര വ്യവസായം: തൊഴിൽ സാധ്യതകളും സ്ത്രീ പ്രാതിനിധ്യവും

**അയോണ നെൽസൺ, ഡോ. ബിജു ടി.**

ഭാരതം എന്നും പുകൾപെറ്റ വസ്ത്രങ്ങളുടെ കലവറയായി അറിയപ്പെട്ടിരുന്നു. കൈത്തറിയും ബനാറസും, കാഞ്ചീപുരവും എല്ലാം ഈ നാടിന്റെ പ്രശസ്തിയെ കടൽകടത്തി. ആധുനിക കാലഘട്ടത്തിൽ വിദേശ വ്യാപാരത്തിലൂടെ ഈ വസ്ത്ര വ്യവസായ മേഖല രാജ്യത്തെ മൊത്തം കയറ്റുമതിയുടെ പതിനാല് ശതമാനവുമായി മുന്നിലാണ്. 2014-15 സാമ്പത്തിക വർഷത്തിൽ മാത്രം 41.4 ബില്യൺ അമേരിക്കൻ ഡോളറിന്റെ വിദേശനാണ്യം ഈ വ്യവസായം രാജ്യത്തിനു നേടി തന്നു. തൊഴിലാളി കേന്ദ്രീകൃതമായ ഒരു വ്യവസായമെന്ന നിലയിലും വസ്ത്ര വ്യവസായ മേഖല ഇന്ത്യയിൽ ഏറെ പ്രസക്തമാകുന്നു. 45 മില്യൺ തൊഴിലാളികൾക്ക് പ്രത്യക്ഷമായും 60 മില്യണിലധികം പേർക്ക് പരോക്ഷമായും തൊഴിൽ പ്രദാനം ചെയ്യുന്നു എന്നത് ഈ മേഖലയുടെ പ്രസക്തി വർദ്ധിപ്പിക്കുന്നു. കാർഷികമേഖല കഴിഞ്ഞാൽ ഏറ്റവും അധികം തൊഴിൽ പ്രദാനം ചെയ്യുന്നതും വസ്ത്ര വ്യവസായ മേഖലയാണ്. മാത്രവുമല്ല ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ ശരാശരി 5% ഈ വ്യവസായത്തിന്റെ സംഭാവനയാണ്. മറ്റേതൊരു വ്യവസായത്തിൽ നിന്നും വ്യത്യസ്തമായി സംഘടിത അസംഘടിത മേഖലകളിലായി വ്യാപിച്ച് കിടക്കുന്ന ഒരു സംവിധാനമാണ് വസ്ത്ര വ്യവസായ രംഗത്തിനുള്ളത്. ഈ സംവിധാനത്തെയും അതിന്റെ ഘടനയെയും നോക്കി കാണുന്നതോടൊപ്പം, ഈ വ്യവസായത്തിലും ഇതിന്റെ തുടർച്ചയായി നിലനിൽക്കുന്ന വസ്ത്ര വ്യാപാര രംഗത്തും പ്രമുഖ സ്ഥാനം വഹിക്കുന്ന സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾ കൂടി വിലയിരുത്തുകയാണ് ഈ ലേഖനത്തിൽ.

## കേരളത്തിലെ വസ്ത്ര വ്യവസായ, വാണിജ്യ രംഗം

മേൽ സൂചിപ്പിച്ചപോലെ സംഘടിത അസംഘടിത മേഖലകളിലായി വ്യാപിച്ച് കിടക്കുന്ന വസ്ത്ര വ്യവസായ രംഗം സുപ്രധാനമായും കൈത്തറി, കരകൗശലം, ഖാദി, പട്ടുനൂൽ, നെയ്ത് വസ്ത്ര നിർമ്മാണം തുടങ്ങി വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം ഈ വ്യവസായം കൈത്തറി, നെയ്തുമിൽ, മേഖലകളിൽ മാത്രമായി ചുരുങ്ങുന്നു. നൂൽനൂൽപ്പ്, നെയ്ത് എന്നീ മേഖലകളിൽ പൊതു-സ്വകാര്യ-സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുമ്പോഴും ഉല്പാദനവും വിപണനവും സുപ്രധാനമായും കൈത്തറിയിലും ഖാദിയിലും ഒതുങ്ങി നിൽക്കുന്നു. കേരളത്തിന്റെ ശരാശരി കൈത്തറി ഉല്പാദനം 2011-2012 മുതൽ 2014-2015 വരെ പ്രതിവർഷം 36.65 മില്യൺ സ്ക്വയർ മീറ്ററാണ്. ശരാശരി 12.61% വർദ്ധനവ് ഉല്പാദനത്തിൽ പ്രകടമാണ്. എന്നിരുന്നാലും രാജ്യത്തിന്റെ ആകെ ഉല്പാദനത്തിന്റെ 0.473 ശതമാനം മാത്രമാണ് കേരളത്തിന്റെ സംഭാവന. ഈ മേഖല ഒരു കാലഘട്ടത്തിൽ കേരളത്തിൽ ഒരു പരമ്പരാഗത വ്യവസായത്തിനപ്പുറം ഒരു സംസ്കാരമായിരുന്നു. ലക്ഷക്കണക്കിന് വരുന്ന അസംഘടിത തൊഴിലാളികളുടെ ആശ്രയമായ ഈ

വ്യവസായം ഒരു കാലഘട്ടത്തിൽ കയർ വ്യവസായം കഴിഞ്ഞാൽ ഏറ്റവും അധികം പേർ പ്രവർത്തിച്ചിരുന്ന മേഖലയായിരുന്നു. 1990-ൽ അഞ്ചുലക്ഷത്തിലേറെ പേർ പ്രവർത്തിച്ച ഈ വ്യവസായത്തിൽ 2015 ആകുമ്പോൾ ഏകദേശം 1.75 ലക്ഷം പേർ മാത്രമാണ് പ്രവർത്തിക്കുന്നത് എന്നത് ആശങ്കാജനകമാണ്. ഖാദി മേഖലയിലും ആശാവഹമല്ല കാര്യങ്ങൾ. രാജ്യത്തെ മൊത്തം ഉല്പാദനത്തിന്റെ 0.54 ശതമാനവും മൊത്തം വിപണനത്തിന്റെ 0.55 ശതമാനവും മൊത്തം തൊഴിലിന്റെ 0.83 ശതമാനവും മാത്രമാണ് ഈ മേഖലയുടെ സംഭാവന. സംസ്ഥാനത്തെ ഈ രണ്ട് മേഖലകളിലും പ്രവർത്തിക്കുന്ന തൊഴിലാളികളുടെ 74 ശതമാനവും സ്ത്രീകളാണ് എന്നതാണ് മറ്റൊരു പ്രത്യേകത.

എന്നാൽ കേരളത്തിലെ വസ്ത്ര വ്യവസായ വാണിജ്യ മേഖലയുടെ മൊത്തം സ്ഥിതി ഇതല്ല എന്ന് വിലയിരുത്തിയാൽ മനസ്സിലാക്കാനാവും. കൈത്തറി, ഖാദി ഉല്പാദന മേഖലകൾക്കപ്പുറം റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ മേഖലയിൽ അനേകം പേർ പ്രവർത്തിക്കുന്നതായി കാണാനാകും. രാജ്യത്തെ തന്നെ ആദ്യ അപ്പാരൽ പാർക്കായ കിൻഫ്ര ഇതിന് മകുടോദാഹരണമാണ്. ഇവിടെയും അസംഘടിത മേഖലയിലാണ് അനേകം പേർ പ്രവർത്തിക്കുന്നത് എന്നത് പലപ്പോഴും വ്യക്തമായ കണക്കുകൾ ലഭ്യമാക്കുന്നതിന് തടസ്സമാകുന്നുണ്ട്.

## വസ്ത്ര നിർമ്മാണം - കുടുംബശ്രീ സംരംഭങ്ങൾ

ലോകത്തിന് മികച്ച മാതൃകയായി, സ്ത്രീ ശാക്തീകരണ രംഗത്ത് കേരളം ഉയർത്തിക്കാട്ടുന്ന കുടുംബശ്രീയുടെ വിവിധ പരിപാടികളിലൊന്നായ മൈക്രോ സംരംഭ പദ്ധതികളിലൂടെ വസ്ത്ര നിർമ്മാണ രംഗത്തേക്ക് കടന്നുവന്ന സ്ത്രീകൾ ഒട്ടനവധിയാണ്. വ്യക്തിഗത-ഗ്രൂപ്പ് സംരംഭങ്ങൾ എന്ന നിലയിൽ അനേകം സ്ത്രീകൾ ഇന്ന് വസ്ത്ര നിർമ്മാണ മേഖലയിൽ പ്രവർത്തിച്ചു വരുന്നു. മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്ന യൂണിറ്റുകൾക്ക് വൻകിട യൂണിറ്റുകളുടെ പ്രയോജനങ്ങൾ ലഭ്യമാകത്തക്കവണ്ണം അവയുടെ ക്ലസ്റ്റർ യൂണിറ്റുകളും, കൺസോർഷ്യങ്ങളുമായി രൂപപ്പെടുത്തിവരുന്നു.

സംരംഭകത്വ വികസന രംഗത്തേക്ക് കടന്നുവരുന്ന സ്ത്രീകൾക്ക് വേണ്ട നൈപുണ്യ വികസന പരിശീലനം സൗജന്യമായി നൽകി അവരെ വ്യക്തിഗതമോ അഞ്ചോ അതിലധികമോ അംഗങ്ങൾ ചേരുന്ന ഗ്രൂപ്പോ ആയി മാറി സംരംഭങ്ങൾ ആരംഭിക്കുന്നതിന് സബ്സിഡിയുൾപ്പെടെ ആനുകൂല്യങ്ങൾ നൽകി പിന്തുണയേകുന്നു. ചെറുകിട സംരംഭകർ എന്ന നിലയിൽ അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി വിപണന മേളകളും, മറ്റ് പിന്തുണാ സംവിധാനങ്ങളും കുടുംബശ്രീ ഒരുക്കുന്നു. വ്യത്യസ്ത മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കുടുംബശ്രീ അവസരമൊരുക്കുമ്പോഴും വസ്ത്ര നിർമ്മാണ മേഖലയിലേക്ക് കടന്നുവരാനാണ് ഏറെ സ്ത്രീകളും താല്പര്യം പ്രകടിപ്പിക്കുന്നത്. തദ്ദേശ സർക്കാരുകളുടെ സഹായത്തോടെ വിജയിച്ച യൂണിറ്റുകളെ ഏകോപിപ്പിച്ച് അപ്പാരൽ യൂണിറ്റുകളാക്കി തുടർ പരിശീലനങ്ങളും, ആധുനിക സാങ്കേതിക വിദ്യകളും അഭ്യസിപ്പിച്ചുവരുന്നു. ഇത്തരത്തിൽ വിവിധ ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന അപ്പാരൽ യൂണിറ്റുകളുടെ വിവരങ്ങൾ പട്ടകി (1)ൽ ചേർത്തിരിക്കുന്നു.

## വസ്ത്ര വാണിജ്യരംഗം

ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ കേരളത്തിൽ തഴച്ചുവളരുന്ന ഒരു മേഖലയാണ് വസ്ത്ര വാണിജ്യ മേഖല. ആയിരകണക്കിന് തൊഴിലാളികൾ പ്രവർത്തിക്കുന്ന വൻകിട വിപണന കേന്ദ്രങ്ങൾ മുതൽ 2 മുതൽ 5 വരെ തൊഴിലാളികൾ പ്രവർത്തിക്കുന്ന ചെറിയ സ്ഥാപനങ്ങൾ വരെ ഇതിൽപ്പെടുന്നു. അതു കൂടാതെ വീടുകൾ തോറും കയറിയിറങ്ങി വിപണനം ചെയ്യുന്നവരും, ഓൺലൈൻ വ്യാപാരികളും വരെ ഇതിന്റെ ഭാഗമാണ്. വസ്ത്ര വാണിജ്യരംഗത്ത് പ്രവർത്തിച്ചുവരുന്ന തൊഴിലാളികളുടെ എണ്ണവും അതിനാൽ തന്നെ ദിനം പ്രതി വർദ്ധിച്ചുവരുന്നു. ചുരുക്കത്തിൽ വസ്ത്ര വ്യവസായ വാണിജ്യമേഖലകൾ സൃഷ്ടിക്കുന്ന തൊഴിൽ സാധ്യതകൾ വളരെയധികം ശ്രദ്ധിക്കപ്പെടേണ്ട മേഖലയാണിത് എന്നതിലേക്ക് വിരൽചൂണ്ടുന്നു.

## വസ്ത്ര വാണിജ്യ രംഗത്തെ സ്ത്രീ തൊഴിലാളികൾ

കേരളത്തിൽ വസ്ത്ര വ്യവസായ രംഗത്തെ ആകെ തൊഴിലാളികളുടെ 74 ശതമാനവും, വസ്ത്ര വാണിജ്യ രംഗത്തെ ആകെ തൊഴിലാളികളുടെ 80

പട്ടിക 1

**കുടുംബശ്രീ അപ്പാരൽ പാർക്കുകൾ**

| നമ്പർ | ജില്ല | യൂണിറ്റിന്റെ പേര് | പ്രവർത്തി-ക്കുന്നവർ | വിറ്റുവരവ് 2014-15 |
|---|---|---|---|---|
| 1 | കൊല്ലം | കാദംബരി-നെടുമ്പൻ | 32 | 10,00,000 |
| 2 | കണ്ണൂർ | ആറളം | 39 | 2,15,621 |
| 3 | കണ്ണൂർ | കൊട്ടിയട്ടൂർഡ | 12 | 5,25,326 |
| 4 | കണ്ണൂർ | ഈഴം | 30 | 11,60,240 |
| 5 | കണ്ണൂർ | ചെമ്പിലോട് | 30 | 2,10,450 |
| 6 | കണ്ണൂർ | തളിപ്പറമ്പ് | 26 | 2015-ൽ ആരംഭിച്ചു |
| 7 | കണ്ണൂർ | മയ്യിൽ | 41 | ലഭ്യമല്ല |
| 8 | കണ്ണൂർ | ചോക്കിൽ | 22 | ലഭ്യമല്ല |
| 9 | കണ്ണൂർ | പിണറായി | 13 | ലഭ്യമല്ല |
| 10 | കാസർകോഡ് | കാദംബരി - ബേഡഡക്ക | 19 | 8,01,832 |
| 11 | കോഴിക്കോട് | കാദംബരി - കുറുവത്തൂർ | 6 | 2,88,000 |
| 12 | കോഴിക്കോട് | കാദംബരി - വടകര | 30 | 12,60,000 |
| 13 | കോഴിക്കോട് | കാദംബരി - പയ്യോളി | 6 | 2,52,000 |
| 14 | കോഴിക്കോട് | കാദംബരി - മരട് | 9 | 1,08,000 |
| 15 | കോഴിക്കോട് | കാദംബരി - മുക്കം | 13 | 4,68,000 |
| 16 | കോഴിക്കോട് | കാദംബരി - കാവിലുംപാറ | 20 | 5,06,069 |
| 17 | ഇ ുടക്കി | ധനലക്ഷ്മി | 5 | 1,50,000 |
| 18 | ഇടുക്കി | സംഗമം | 6 | 5,40,000 |
| 19. | ഇടുക്കി | തേജസ് | 10 | 2,00,000 |

അവലംബം: കുടുംബശ്രീ സംസ്ഥാന മിഷൻ

ശതമാനത്തിലേറെയും സ്ത്രീ തൊഴിലാളികളാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. സമൂഹത്തിൽ വളരെ പിന്നോക്കം നിൽക്കുന്നവരും, ഉപജീവനത്തിന് മറ്റ് മാർഗ്ഗങ്ങളില്ലാത്തവരുമായ സാധാരണക്കാരായ സ്ത്രീകൾ വരുമാനത്തിനായി ആശ്രയിക്കുന്ന മേഖല എന്ന നിലയിൽ എത്രത്തോളം തൊഴിൽ സൗഹൃദമാണ് ഇവരുടെ തൊഴിലിടങ്ങൾ എന്നതും, സ്ത്രീകളുടെ അടിസ്ഥാന അവകാശങ്ങൾ ലംഘിക്കപ്പെടുന്നുണ്ടോ എന്നതും വിലയിരുത്തേണ്ടത് അനിവാര്യമാണ്. 2013-14ൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ കേരള സർക്കാരിനോട് ഈ വിഷയത്തിൽ വിശദീകരണം ചോദിച്ചതും, കേരളത്തിലെ ഒരു പ്രമുഖ വ്യാപാര സ്ഥാപനത്തിലെ സ്ത്രീതൊഴിലാളികൾ സംഘടിതമായി നടത്തിയ സമരവും മുൻനിർത്തി കേരളത്തിലെ 3 ജില്ലകളിലായി 150 പേരിൽ നിന്നും ശേഖരിച്ച വിവരങ്ങൾ മനുഷ്യാവകാശ ലംഘനങ്ങളിലേക്ക് വിരൽചൂണ്ടുന്നവയാണ്.

## കണ്ടെത്തലുകളും നിർദ്ദേശങ്ങളും

കേരളത്തിലെ വസ്ത്ര വ്യാപാര കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നവരിൽ മൂന്നിൽ രണ്ടു ഭാഗവും 25 വയസ്സിൽ താഴെ മാത്രം പ്രായമുള്ളവരാണ്. അതിൽ തന്നെ 10 ശതമാനത്തോളം 18 വയസ്സിൽ താഴെയുള്ളവരാണ് എന്നതും 72 ശതമാനം പേരും അവിവാഹിതരും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത മാത്രമുള്ളവരുമാണെന്നതും, 56 ശതമാനം പേരും അഞ്ചോ

അതിലധികമോ അംഗങ്ങളുള്ള കുടുംബങ്ങളിലെ അംഗങ്ങളാണ് എന്നതും ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥയിലേക്ക് വിരൽചൂണ്ടുന്നു.

ഏകദേശം 75 ശതമാനത്തോളം ജീവനക്കാരും അവർക്ക് ലഭിക്കുന്ന പ്രതിഫലത്തിൽ അസംതൃപ്തരാണ്. ശരാശരി 5000/- മുതൽ 7000/- രൂപ വരെ മാത്രമാണ് പ്രതിമാസം നൽകുന്നത്. ഇതേ സമയം പുരുഷന്മാർക്ക് ഇതിലേറെ പ്രതിഫലം നൽകുന്നതായും കാണുന്നു. നിലവിലെ നിയമങ്ങൾക്കനുസൃതമായി 8 മണിക്കൂർ പ്രതിദിനം പ്രവർത്തിച്ചാൽ മതിയെന്നിരിക്കേ 10 മുതൽ 12 മണിക്കൂർ വരെ പ്രവർത്തിക്കാൻ ഇവർ നിർബന്ധിതരാകുന്നു. മാത്രമല്ല പലപ്പോഴും അടിസ്ഥാന സൗകര്യങ്ങൾ പോലും നിഷേധിക്കപ്പെടുകയും, പ്രവൃത്തി സമയത്ത് ഇരിക്കുവാനോ, ടോയ്‌ലറ്റിൽ പോകുന്നതിനോ പോലും അനുവദിക്കാത്തതായും തൊഴിലാളികൾക്ക് അർഹതപ്പെട്ട വാർഷിക ഇൻക്രിമെന്റ്, ബോണസ് എന്നിവ നിഷേധിക്കപ്പെടുന്നതായും വിലയിരുത്തപ്പെടുന്നു. വളരെ ചെറുപ്പത്തിലേ തന്നെ മുട്ടുവേദന, പുറം വേദന എന്നിങ്ങനെ വിവിധ ആരോഗ്യ പ്രശ്നങ്ങൾക്ക് ഇവർ അടിപ്പെടുന്നു. ഈ സാഹചര്യത്തിൽ വേണ്ട രീതിയിലുള്ള തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നതിനും, തുല്യനീതി ഉറപ്പാക്കുന്നതിനും ഗവണ്മെന്റ് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടത് അനിവാര്യമാണ്.

ലക്ഷക്കണക്കിന് സ്ത്രീ തൊഴിലാളികൾക്ക് ഉപജീവനമാർഗം പ്രദാനം ചെയ്യുന്ന കേരളത്തിലെ വസ്ത്ര വ്യാപാര മേഖലയിൽ വിവിധ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളിൽ നിന്നും സമാഹരിച്ച വിവരങ്ങൾ രണ്ടുതലത്തിലുള്ള വിലയിരുത്തലിന് വിധേയമാക്കിയതിന്റെ കണ്ടെത്തലുകൾ ചുവടെ നൽകുന്നു. ആദ്യതലത്തിൽ തൊഴിലാളികളുടെ പ്രായം, കുടുംബത്തിലെ അംഗങ്ങളുടെ എണ്ണം, തൊഴിലാളികളുടെ വിദ്യാഭ്യാസ യോഗ്യത, വിവാഹിതയോ-അവിവാഹിതയോ എന്ന വസ്തുത തുടങ്ങിയവ വിലയിരുത്തിയിരിക്കുന്നു. കാരണം, വസ്ത്ര വാണിജ്യ രംഗത്തേക്ക് കടന്നുവരുന്ന ബഹുഭൂരിപക്ഷം സ്ത്രീതൊഴിലാളികളും സാമ്പത്തിക പിന്നോ

**പട്ടിക 2**

**കുടുംബശ്രീ അപ്പാരൽ പാർക്കുകൾ**

| വിവരമേഖല | വിഭാഗം | ശതമാനം |
|---|---|---|
| വൈവാഹികനില | അവിവാഹിത | 82.00 |
| | വിവാഹിത | 18.00 |
| വിദ്യാഭ്യാസനില | എസ്.എസ്.എൽ.സിക്ക് താഴെ | 42.00 |
| | എസ്.എസ്.എൽ.സി | 18.00 |
| | പ്ലസ് ടു | 12.00 |
| | ബിരുദം - അതിന് മുകളിൽ | 28.00 |
| പ്രായം | 18-ൽ താഴെ | 10.00 |
| | 18 - 25 | 58.00 |
| | 25 - 30 | 20.00 |
| | 30-ന് മുകളിൽ | 12.00 |
| കുടുംബാംഗങ്ങളുടെ എണ്ണം | 4-ൽ താഴെ | 16.00 |
| | 4 - 6 | 28.00 |
| | 6-ന് മുകളിൽ | 56.00 |

അവലംബം: സർവ്വേ



ക്കാവസ്ഥയിലുള്ള അംഗങ്ങൾ കൂടുതലുള്ള കുടുംബങ്ങളിൽ നിന്നുള്ളവരും, കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത മാത്രമുള്ളവരുമെന്നുള്ള പൊതുധാരണയിലെ വാസ്തവവും അതിനപ്പുറം കുറഞ്ഞ പ്രായത്തിലുള്ളവർക്കും, അവിവാഹിതർക്കും മാത്രം ജോലി ലഭിക്കുന്ന ഒരു മേഖല എന്ന വിലയിരുത്തലും എത്രത്തോളം വാസ്തവമെന്ന മനസ്സിലാക്കലിനും വേണ്ടി ആയതിനെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പട്ടിക 2-ൽ സൂചിപ്പിച്ചിരിക്കുന്നു.

ദരിദ്ര-പിന്നോക്കാവസ്ഥയിലുള്ള സ്ത്രീ തൊഴിലാളികൾ ചൂഷണത്തിന് വിധേയരാകാതെ സംരക്ഷിക്കേണ്ടത് സർക്കാരിന്റെയും, കേരളത്തിലെ വളർന്നുവരുന്ന വസ്ത്ര വാണിജ്യരംഗത്തെ വ്യവസായികളുടെ സാമൂഹിക പ്രതിബന്ധതയുടെയും ഭാഗമാണ്. ലിംഗവ്യത്യാസം കൂടാതെ തുല്യകൂലി ഉറപ്പുവരുത്തുന്നതിനും, അർഹമായ ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിനും, ചൂഷണങ്ങൾ തടയുന്നതിനും മതിയാവോളം നിയമങ്ങൾ നമുക്കുണ്ട്. മിനിമം കൂലി നോട്ടിഫിക്കേഷൻ നിയമം 2009 പ്രകാരം 8 മണിക്കൂർ ജോലിക്ക് 7415/- രൂപ പ്രതിമാസം ഉറപ്പുനൽകുന്നുണ്ട്. എട്ടു മണിക്കൂറിലധികം പ്രവൃത്തിക്ക് സാധാരണ നിരക്കിന്റെ ഇരട്ടിയും ഉറപ്പ് നൽകുന്നു. ഇത്തരം വസ്തുതകളുടെ അടിസ്ഥാനത്തിൽ രണ്ടാമത്തെ തലത്തിൽ ലഭ്യമാകുന്ന കൂലി, അടിസ്ഥാന ആവശ്യങ്ങൾ, തൊഴിൽ സമയം, ഇടവേളകൾ, മറ്റ് തൊഴിൽ ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച തൊഴിലാളികളുടെ അഭിപ്രായം ക്രോഡീകരിച്ചത് പട്ടിക 3-ൽ ചേർക്കുന്നു.

### സംഗ്രഹം

അനേകർക്ക് തൊഴിലും, വിദേശ നാണ്യവും നേടിത്തരുന്ന വസ്ത്ര വ്യവസായത്തേയും, വാണിജ്യത്തേയും പ്രോത്സാഹിപ്പിക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനും വേണ്ട പദ്ധതികളും, പരിപാടികളും

**പട്ടിക 3**

**തൊഴിൽ മേഖലയിലെ സാഹചര്യം**
**(സ്ത്രീ തൊഴിലാളികളിൽ നടത്തിയ സർവ്വേഫലം)**

| നമ്പർ | അഭിപ്രായം | തൊഴിലാളികളുടെ എണ്ണം | | | | |
|---|---|---|---|---|---|---|
| | | പൂർണ്ണ തൃപ്തി യുണ്ട് | തൃപ്തി കരം | അഭിപ്രായ മില്ല | തൃപ്തി യില്ല | ഒട്ടും തൃപ്തി യില്ല |
| 1 | ശമ്പളം/കൂലി | 3(2) | 30(20) | 24(15) | 75(50) | 18(12) |
| 2 | ജോലി സമയം | 0(0) | 12(8) | 27(18) | 61(54) | 30(20) |
| 3 | അടിസ്ഥാന സൗകര്യങ്ങൾ | 18(12) | 27(18) | 30(20) | 48(32) | 27(18) |
| 4 | ഇടവേള | 6(4) | 15(10) | 39(26) | 21(14) | 69(46) |
| 5 | മറ്റ് തൊഴിൽ ആനുകൂല്യങ്ങൾ | | | | | |

(ബ്രാക്കറ്റിൽ സൂചിപ്പിച്ചിട്ടുള്ളത് ശതമാനം)

കേരളത്തിന് അനിവാര്യമാണ്. അതോടൊപ്പം തന്നെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ തൊഴിലാളികളുടെയും പ്രത്യേകിച്ച് സ്ത്രീകളുടെ അവകാശ സംരക്ഷണം ഉറപ്പ് വരുത്തേണ്ടതും നമ്മുടേ കടമയാണ്. കൈത്തറി, ഖാദി മേഖലകളുടെ പുനരുദ്ധാരണത്തിനുള്ള പദ്ധതികളുടെ ആക്കം കൂട്ടുന്നതിനോടൊപ്പം തന്നെ ഉത്പാദന മേഖലയിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ മേഖലയിൽ ഏറെ ശ്രദ്ധയോടു കൂടി പ്രൊഫഷണൽ സമീപനമുൾക്കൊണ്ടുള്ള വികസനമുണ്ടാക്കണം. കുടുംബശ്രീ സംരംഭകരുൾപ്പെടെയുള്ളവരെ കൂട്ടിയോജിപ്പിച്ച് ഉയർന്ന സാങ്കേതിക ജ്ഞാനം പ്രദാനം ചെയ്ത് ചൂഷണങ്ങളൊഴിവാക്കി സ്റ്റാർട്ട്അപ് സംരംഭങ്ങളിലേക്ക് ഈ മേഖലയെ കൊണ്ടെത്തിച്ചാൽ ഈ മേഖലയിലെ വളർച്ചയ്ക്ക് വഴിതെളിക്കാനും സ്ത്രീ തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് തടയാനുമാകും. വസ്ത്ര വാണിജ്യ മേഖലയിൽ സ്വകാര്യ മേഖലയിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം തന്നെ നിലവിലുള്ള നിയമങ്ങൾ, സംരംഭകരെയും തൊഴിലാളികളെയും ഉൾപ്പെടുത്തി സംഘടിപ്പിക്കുന്ന വർക്ക്ഷോപ്പുകളിൽ ലഭിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റങ്ങൾ വരുത്തുകയും, സമയബന്ധിതമായി സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്ന ഘട്ടത്തിൽ തന്നെ തൊഴിലുടമകളെ അറിയിക്കുകയും വേണം. സർക്കാർ, സർക്കാരിതര മാധ്യമങ്ങളിലൂടെ ഈ മേഖലയിലെ തൊഴിലാളികളെ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നതോടൊപ്പം, ഓരോ സ്ഥാപനത്തിലും ഉണ്ടാകുന്ന പരാതികളിൽ സമയബന്ധിതമായി ഇടപെട്ട് പരിഹാരങ്ങൾ നിർദ്ദേശിക്കാനാകുന്ന വിധത്തിലുള്ള പരാതി പരിഹാര സംവിധാനവുമുണ്ടാക്കണം. ശമ്പള വിതരണം പൂർണ്ണമായും ബാങ്ക് അക്കൗണ്ട് വഴിയാക്കി മാറ്റുകയും, നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നു എന്നുറപ്പ് വരുത്താൻ ക്ഷേമനിധി ബോർഡുകൾ ആരംഭിക്കുകയുമാകാം. ഇതിലൂടെ വസ്ത്ര വ്യവസായ വാണിജ്യ മേഖലയുടെ വളർച്ച ഉറപ്പാക്കുകയും അതോടൊപ്പം തന്നെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ തൊഴിലാളികളുടെയും പ്രത്യേകിച്ച് സ്ത്രീകളുടെ അവകാശ സംരക്ഷണം ഉറപ്പു വരുത്തേണ്ടതും നമ്മുടെ കടമയാണ്.

*(ലേഖകർ യഥാക്രമം കൊല്ലം എഫ്.എം.എൻ ഓട്ടോണമസ് കോളേജിൽ സാമ്പത്തിക വിഭാഗം ലക്ചററും, ചവറ ബേബിജോൺ മെമ്മോറിയൽ ഗവണ്മെന്റ് കോളേജിൽ അസി. പ്രൊഫസറുമാണ്)*

**വിജ്ഞാനപാത**

## PSLV-C 35 വിജയകരമായി വിക്ഷേപിച്ചു

8 ഉപഗ്രഹങ്ങളെ രണ്ട് വ്യത്യസ്ത ഭ്രമണപഥത്തിൽ എത്തിക്കുക എന്ന ശ്രമകരമായ ദൗത്യം PSLV-C35 സെപ്റ്റംബർ 26ന് വിജയകരമായി പൂർത്തിയാക്കി. PSLV യുടെ ചരിത്രത്തിലെ ഏറ്റവും ദൈർഘ്യമേറിയതായിരുന്നു ഈ വിക്ഷേപണ ദൗത്യം. SCATSAT-1, NLS-19, PRATHAM, PISAT, ALSAT-B, ALSAT-2B, PathFinder-1 എന്നീ ഉപഗ്രഹങ്ങളെയാണ് PSLV-C35 ഭ്രമണപഥത്തിൽ എത്തിച്ചത്. രണ്ട് PRATHAM ഉപഗ്രഹങ്ങളും PISAT ഉം യഥാക്രമം IIT ബോംബെയിലേയും PES സർവകലാശാലയിലേയും വിദ്യാർത്ഥികൾ നിർമ്മിച്ചവയാണ്. ALSAT-1B, ALSAT-2B, ALSAT-IN എന്നിവ അൾജീരിയയുടേയും, NLS-19 കാനഡയുടേയും, Pathfidner അമേരിക്കയുടേയും ഉപഗ്രഹങ്ങളാണ്. ഈ വിക്ഷേപണത്തോടുകൂടി PSLV റോക്കറ്റ് ഉപയോഗിച്ച് വിക്ഷേപിച്ച ഉപഗ്രഹങ്ങളുടെ സംഖ്യ 121 ആയി. ഇതിൽ 42 ഇന്ത്യൻ ഉപഗ്രഹങ്ങളും 79 വിദേശ ഉപഗ്രഹങ്ങളും ഉൾപ്പെടുന്നു. കാലാവസ്ഥാ നിരീക്ഷണത്തിനായുള്ള SCATSAT-1 ഭൂമിയിൽ നിന്ന് 730 കി.മീ. ഉയരത്തിലുള്ള ഭ്രമണപഥത്തിലാണ് നിലകൊള്ളുന്നത്. SCATSAT-1 ന്റെ പ്രവർത്തനക്ഷമത 5 വർഷമാണ് എന്ന് കണക്കാക്കുന്നു.

## യുദ്ധ് അഭ്യാസ്– 2016 ഉത്തരാഖണ്ഡിൽ അരങ്ങേറി

ഇന്ത്യ-അമേരിക്ക സംയുക്ത സൈനിക അഭ്യാസമായ യുദ്ധ് അഭ്യാസ് 2016 ഉത്തരാഖണ്ഡിലെ റാണിഖേതിൽ നടന്നു. 2004ൽ തുടങ്ങിയ സൈനിക സംയുക്ത അഭ്യാസത്തിന്റെ 12-ാമത് പതിപ്പാണ് ഇത്തവണ നടന്നത്.

# ഐ.എഫ്.ടി.കെ: ഫാഷൻ ഡിസൈനിംഗ് പഠനത്തിനായി ഒരു സർക്കാർ സംരംഭം

**അഡ്വ. പി.കെ. ശങ്കരൻകുട്ടി**

ഇന്ത്യയ്ക്കകത്തും പുറത്തും മികച്ച കരിയർ സാധ്യതയുള്ള ഫാഷൻ ടെക്നോളജി മേഖലയിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ തുടങ്ങിയ സ്ഥാപനമാണ് IFTK (Institute of Fashion Technology Kerala). ഇന്ത്യയിലെ തന്നെ ഈ മേഖലയിൽ മികച്ച സർക്കാർ സ്ഥാപനമായി അംഗീകാരം നേടിയ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (NIFT) യുടെ പൂർണ സഹകരണവും സാങ്കേതിക സഹായവും IFTKയ്ക്കുണ്ട്.

iftk Institute of Fashion Technology Kerala Government of Kerala

കൊല്ലം ജില്ലയിലെ കുണ്ടറയിൽ കേരള സർക്കാർ സ്ഥാപനമായ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ കേരളയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരള (IFTK) കേരള സർവകലാശാലയുടെ അംഗീകാരത്തോടെ എട്ട് സെമസ്റ്ററിൽ 4 വർഷം നീണ്ടുനിൽക്കുന്ന ബാച്ചിലർ ഓഫ് ഡിസൈൻ (B-Des) കോഴ്സുകൾ നടത്തുന്നുണ്ട്. കേരളത്തിൽ ഫാഷൻ ഡിസൈനിംഗിൽ പ്രൊഫഷണൽ ഡിഗ്രി കോഴ്സ് നടത്തുന്ന ഏക സ്ഥാപനമാണ് ഐ.എഫ്.ടി.കെ. 2010 മുതൽ പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനത്തിൽ തുടക്കത്തിൽ ഡിപ്ലോമ ഇൻ ഫാഷൻ ടെക്നോളജിയും പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ ഇൻ ഫാഷൻ ടെക്നോളജിയും മാത്രമാണുണ്ടായിരുന്നത്. 2015 മുതൽ ആ രണ്ടു കോഴ്സുകളും നിറുത്തലാക്കുകയും പകരം പ്രൊഫഷണൽ ഡിഗ്രി കോഴ്സ് ആരംഭിക്കുകയും ചെയ്തു.

ഈ കോഴ്സിലേക്ക് പ്രവേശനത്തിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത പ്ലസ്ടു പരീക്ഷാ വിജയമാണ്. പൊതു വിജ്ഞാനവും സർഗ വൈഭവശേഷിയും അളക്കുന്ന എൻട്രൻസ് പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും കോഴ്സുകളിലേക്കുള്ള പ്രവേശനം.

പഠനത്തിന്റെ ഭാഗമായി വർക്ക്ഷോപ്പ് അസെസ്മെന്റ്, ഓൺ ദി ജോബ് ട്രെയിനിംഗ്, ഗ്രൂപ്പ് ഡിസ്കഷൻ, സെമിനാർ, ഫാഷൻ ടെക്നോളജി മേഖലയിലെ വിവിധ സ്ഥാപനങ്ങൾ സന്ദർശിക്കൽ, ദൃശ്യ മേഖലയുടേയും ഐ.റ്റി. മേഖലയുടേയും സാധ്യതകൾ പ്രയോജനപ്പെടുത്തൽ തുടങ്ങിയവ ഉൾപ്പെടുത്തിയിരിക്കുന്നു. ദേശീയ തലത്തിലും ആഗോളതലത്തിലുമുള്ള ഫാഷൻ ടെക്നോളജി മേഖലയിലെ ആധുനിക മാറ്റങ്ങളും പഠനപ്രക്രിയയുടെ ഭാഗമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. വസ്ത്രനിർമാണ മേഖലയിലെ പുതിയ ഡിസൈനുകൾ, ഫാഷനുകൾ തുടങ്ങിയവയ്ക്ക് പ്രാധാന്യം നല്കുന്ന ഈ കോഴ്സിലൂടെ തൊഴിൽ രംഗത്തെ ആധുനിക ആവശ്യങ്ങൾക്കനുസരിച്ച് ഉദ്യോഗദായർക്ക് അനുയോജ്യരായ വിദഗ്ധരെ സംഭാവന ചെയ്യാൻ ഈ കോഴ്സിനു കഴിയും. വേതനം ലഭിക്കുന്ന ജോലികൾ കൂടാതെ സ്വന്തമായി തൊഴിൽ സ്ഥാപനങ്ങൾ നടത്താനും, ഫ്രീലാൻസായി പ്രവർത്തിക്കാനും ഈ മേഖലയിലെ തൊഴിലാളികളുടെ കൺസൾട്ടന്റായി പ്രവർത്തിക്കാനും ഈ പ്രൊഫഷണൽ കോഴ്സ് പാസ്സാകുന്നവർ യോഗ്യത നേടും. തൊഴിൽ പരിചയം സുഗമമാക്കാൻ മികച്ച അധ്യാപകരെ കൂടാതെ ആധുനിക സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ള മികച്ച ലബോറട്ടറിയാണ് ഇവിടെയുള്ളത്. സ്ഥാപനത്തിലെ പ്ലേസ്മെന്റ് സെല്ലിൽ പേര് രജിസ്റ്റർ ചെയ്യുന്ന എല്ലാവർക്കും കേരളത്തിനകത്തും പുറത്തും തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നത് ഐ.എഫ്.ടി.കെ.യുടെ ഒരു പ്രത്യേകതയാണ്.

പ്രവേശന പരീക്ഷയുടെ ഘടനയടക്കം കൂടുതൽ വിവരങ്ങൾ www.iftk.ac.in എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

*(എംപ്ലോയ്മെന്റ് വകുപ്പിലെ മുൻ ഡപ്യൂട്ടി ഡയറക്ടറും കരിയർ ജേണലിസ്റ്റുമാണ് ലേഖകൻ)*

## കൈത്തറി സ്റ്റാൾ അനുവദിക്കുന്നതിനായി ഓൺ ലൈൻ സംവിധാനം



കേന്ദ്ര ടെക്സ്റ്റയിൽസ് മന്ത്രാലയത്തിന് കീഴിൽ കൈത്തറി സ്റ്റാൾ അനുവദിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ അടുത്തകാലത്ത് ആരംഭിക്കുകയുണ്ടായി. കൈത്തറി സ്റ്റാളുകളുടെ വിതരണം സംഘടിതമാക്കുന്നതിനും സംവിധാനം കൂടുതൽ നെയ്ത്ത് തൊഴിലാളി സൗഹൃദമാക്കുന്നതിനുമാണ് ഈ ഉദ്യമം. കൈത്തറി വികസന കമ്മീഷണറുടെ മേൽനോട്ടത്തിൽ ഏകദേശം 340 ൽ പരം വിപണന മേളകളാണ് എല്ലാ വർഷവും നടത്തി വരുന്നത്. പ്രസ്തുത വിപണന മേളകളുടെ നടത്തിപ്പ് കൂടുതൽ സുതാര്യമാക്കുന്നതിനും നടപടിക്രമങ്ങളുടെ ലഘൂകരണത്തിനും നെയ്ത്തുകാർക്കും സംഘടനകൾക്കും സ്വയം നിർണയം നടത്തി കൈത്തറി ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിനും ഈ പോർട്ടൽ സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രധാന പത്ര മാധ്യമങ്ങളിലൂടെ അപേക്ഷ ക്ഷണിച്ചതിന് ശേഷം നെയ്ത്തുകാർക്കും സംഘടനകൾക്കും ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർചെയ്യാവുന്നതാണ് . രജിസ്റ്റർ ചെയ്ത അപേക്ഷകർക്ക് ലോഗിൻ ഐഡിയും പാസ് വേഡും ലഭിക്കുകയും തുടർന്ന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാനും കഴിയുന്നു. അപേക്ഷകൻ ഉൾപ്പെടുന്ന നെയ്ത്ത് സർവ്വീസ് കേന്ദ്രത്തിലേക്ക് അപേക്ഷ അയക്കപ്പെടുകയും ഒരു നിശ്ചിത സമയ പരിധിക്കുള്ളിൽ അപേക്ഷകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു. പരിഗണനാർഹമല്ലാത്ത അപേക്ഷകരെ ആയതിന്റെ കാരണസഹിതം അറിയിക്കുകയും പരിഗണനാർഹമായ അപേക്ഷകൾ കേന്ദ്രീകൃത സംവിധാനത്തിലൂടെ സംയോജിപ്പിച്ച് കമ്പ്യൂട്ടർ മുഖേന നറുക്കെടുക്കുകയും ചെയ്യുന്നു. തുടർന്ന് തിരഞ്ഞെടുക്കപ്പെട്ട അപേക്ഷകരുടെ പട്ടിക തയ്യാറാക്കുന്നു. സ്റ്റാളുകൾ അനുവദിക്കപ്പെട്ട അപേക്ഷകർക്ക് സ്റ്റാൾ നമ്പർ അടക്കം എസ് എം എസ് ആയോ ഇ മെയിൽ ആയോ അറിയിപ്പ് നൽകുന്നു. അപേക്ഷകന് പോർട്ടലിൽ നിന്ന് അനുമതിപത്രത്തിന്റെ പകർപ്പ് എടുത്ത് സംഘാടകരെ സമീപിച്ച് സ്റ്റാളുകൾ സ്വീകരിക്കാവുന്നതാണ്. http://handloomstall.gov.in/HEMS/pages/hems_home. എന്ന വെബ്സൈറ്റിൽ ഈ സംവിധാനം ലഭ്യമാണ് .

## പ്രകൃതിവാതക ഉപഭോഗം പ്രോത്സാഹിപ്പിക്കുവാനായി 'ഗ്യാസ് ഫോർ ഇന്ത്യ' പ്രചരണം



രാജ്യത്ത് പ്രകൃതി വാതക ഉപഭോഗം പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ അടുത്ത കാലത്ത് ആരംഭിച്ച പദ്ധതിയാണ് ഗ്യാസ് ഫോർ ഇന്ത്യ പ്രചാരണം. ഈ മേഖലയിൽ പ്രവർത്തിക്കുന്ന പൊതു സ്വകാര്യ കമ്പനികൾ ഇതിനായി കൈകോർക്കുകയുണ്ടായി. ഇന്ധനമെന്ന നിലയിൽ പ്രകൃതിവാതകത്തിന്റെ ദേശീയവും, സാമൂഹികവും, സാമ്പത്തികവും പാരിസ്ഥിതികവുമായ നേട്ടങ്ങൾ ബഹുമുഖ മാധ്യമങ്ങളിലൂടെയും പരിപാടികളിലൂടെയും പ്രചരിപ്പിക്കുന്നതാണ് ഈ പദ്ധതി. ഗ്യാസ് 4 ഇന്ത്യ പ്രചാരണം ട്വിറ്റർ, ഫേസ്ബുക്ക്, യൂട്യൂബ് തുടങ്ങിയ നവമാധ്യമങ്ങളിലൂടെയും ഔദ്യോഗിക വെബ്സൈറ്റിനോടൊപ്പവും ചർച്ചകൾ, ശില്പശാലകൾ, സാംസ്കാരിക പരിപാടികൾ, എന്നിവയിലൂടെയും ഉപഭോക്താക്കളുമായി നേരിട്ടു ബന്ധപ്പെടുന്നു. രാജ്യത്തിന്റെ ഊർജ്ജശേഖരത്തിൽ പ്രകൃതി വാതകത്തിന്റെ വിഹിതം നിലവിലുള്ള 6.5 ശതമാനത്തിൽ നിന്ന് ഉയർത്തുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് പവർഗ്രിഡ് നിർമ്മാണത്തിനുള്ള ദർഘാസ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്. കൽക്കരിഖനി പ്രദേശങ്ങളിലെ മീഥൈൻ ഉപയോഗപ്പെടുത്തി കൃത്രിമ വാതകം വികസിപ്പിക്കുന്നതിന് പുറമെ ജൈവ സി എൻ ജി, ജൈവ എൽ എൻ ജി എന്നിവ വികസിപ്പിക്കുന്നതിനും സർക്കാർ നടപടി തുടങ്ങിയിട്ടുണ്ട്. പുതിയ മൂന്ന് എൽ എൻ ജി ടെർമിനലുകളും വരുന്നുണ്ട്. ന്യായവിലയ്ക്ക് തടസമില്ലാതെ വാതകം ലഭ്യമാക്കുന്നതിനായി വിദേശരാജ്യങ്ങളുമായി ദീർഘകാല കരാറുകളിലും ഏർപ്പെട്ടിട്ടുണ്ട്.



"മലയാളിയുടെ കരവിരുതിൽ നെയ്തെടുത്ത
മലയാളത്തിൻറെ സ്വന്തം
കൈത്തറി ഉൽപ്പന്നങ്ങൾ "
HanteX
ഇഴപിരിയാത്ത ആത്മബന്ധം
P.B. No:64, Oottukuzhi, Thiruvananthapuram,
Pin: 695 001, Kerala, India, Ph: 0471 23335205
website: www.hantexkerala.org
വസത്രങ്ങൾ ഇപ്പോൾ
amazon
GOD'S OWN SHOPPEE
ലഭ്യമാണ്
#MRC2016

**Yojana (Malayalam) October, 2016 Price Rs.30/- RNI No.22588/72 Postal Regn.KL/TV(S)/29/2015-17**
Licensed to post without pre-payment : KL/TV(S)/WPP/172/2015-17
Published on 1st October 2016


# CENTRE FOR CONTINUING EDUCATION KERALA

Charachira, Kowdiar.PO, Thiruvananthapuram, Kerala
Pin-695003. Phone / Fax: 0471-2313065, 2311654
Email: directorccek@gmail.com, Web: www.ccek.org

## INSTITUTIONS UNDER CENTRE FOR CONTINUING EDUCATION KERALA

## COLLEGE OF ENGINEERING, MUNNAR

Approved by AICTE and Affiliated to CUSAT
Phone : 04865 - 232106, 232989, 230606
email : mail@cemunnar.ac.in, web : www.cemunnar.ac.in

## KERALA STATE CIVIL SERVICE ACADEMY

**THIRUVANANTHAPURAM**
Charachira, Kowdiar PO.
Thiruvananthapuram
Phone: 0471-2313065, 2311654
e-mail: directorccek@gmail.com
web: ccek.org

**PALAKKAD**
Ayyapuram, Palakkad H.O. (P.O.)
Palakkad – 678001
Phone : 0491-2576100
e-mail : kscsaplkd@gmail.com
web:www.ccek.org

**KOZHIKODE**
West Hill UP School Campus,
West Hill P.O., Kozhikode-673005
Phone : 0495 - 2386400
Email : kscsakzkd@gmail.com
Web : www.ccek.org

**KONNI PATHANAMTHITTA**
Rajiv Gandhi Indoor Stadium
Pramadam, Konni,
Pin - 689691
web : www.ccek.org

**CHENGANNUR**
1st Floor, Premier Studio Building,
Chengannur, Pin-689121
web : www.ccek.org

**ALOOR**
SNV Higher Secondary School Building, Aloor, Thrissur
email : directorccek@gmail.com
web : www.ccek.org

**MUVATTUPUZHA**
Government Model Higher Secondary School Compound
e-mail : directorccek@gmail.com
web : www.ccek.org

**INSTITUTE OF CAREER STUDIES AND RESEARCH PONNANI**
Eswaramangalam PO., Ponnani, Malappuram District
Phone : 0494 - 2665489
e-mail : icsrgovt@gmail.com web : www.ccek.org

### Courses Offered

Coaching for Civil Services Prelims Examination - Regular, Weekend & Evening Batches
Limited number of scholarship are available for deserving students.
Coaching for Civil Services Mains Examination, Interview Coaching
Two Year Civil Service Course - for 2nd year UG, 1st year PG and Professional College students
Civil Service Foundation Course for +1, +2 and College Going Students
Talent Development Course for High School Students

## INSTITUTE OF FASHION TECHNOLOGY KERALA

[Affiliated to University of Kerala and established in technical collaboration with NIFT]
Vellimon West PO., Kollam, Kerala - 691511
Phone No : 0474 - 2547775, 2548798, 2549787
Email : iftk.govt@gmail.com, Web : www.iftk.ac.in


ഇന്ത്യാ ഗവണ്മെന്റിന്റെ പബ്ലിക്കേഷൻസ് ഡിവിഷനുവേണ്ടി **അഡീഷണൽ ഡയറക്ടർ ജനറൽ ഡോ. സാധനാ റാവുത്**
എസ്.ബി. പ്രസ്സ് (പ്രൈവറ്റ്) ലിമിറ്റഡിൽ അച്ചടിച്ച് തിരുവനന്തപുരത്തെ ഗവ. പ്രസ്സ് റോഡിലുള്ള യോജന ഓഫീസിൽ നിന്ന് പ്രസാധനം ചെയ്യുന്നത്.
**ചീഫ് എഡിറ്റർ – ദീപിക കച്ചൽ, സീനിയർ എഡിറ്റർ – ധന്യ സനൽ കെ.**